രണ്ടാം വാർഷികപ്പതിപ്പ് / യുവജന സ്പെഷ്യൽ

# സ്വസ്തി

ത്രൈമാസിക

2019 ജനുവരി

പുസ്തകം 3 ലക്കം 1

യോഗക്ഷേമസഭ കോഴിക്കോട് ജില്ലാ കമ്മിറ്റി പ്രസിദ്ധീകരണം

## നമ്പൂതിരി യൂത്ത്: പ്രശ്നവും പരിഹാരവും

**10** നമ്പൂതിരിമാർ പങ്കെടുക്കുന്ന കവർസ്റ്റോറി

- ഇ.എം.എസ്സിന്റെ സഹോദരപുത്രൻ ഇ.എം.വി. നമ്പൂതിരിപ്പാട്
- പ്രമുഖ എഴുത്തുകാരി കെ.ബി.ശ്രീദേവി
- യോഗക്ഷേമസഭ ജനറൽ സെക്രട്ടറി അഴിയിടം വിജയൻ നമ്പൂതിരി

## ഇല്ലത്തെ നമ്പൂതിരിക്കു കിട്ടാത്ത ജോലി അടിച്ചുതളിക്കാരിയുടെ മക്കൾക്ക് കിട്ടുന്നത് എന്തുകൊണ്ട്?

**ചോദ്യം**

ചോദിക്കുന്നത്
വി.ടി. ഭട്ടതിരിപ്പാടിന്റെ മകൻ
**വി.ടി.വാസുദേവൻ**

**ഉത്തരം**

നൽകുന്നത്
അന്തർജ്ജനങ്ങൾക്കിടയിലെ
ഒരേ ഒരു ഐ.എ.എസ്സുകാരി
**ഉദാഹരണം ഗായത്രി**




- അറിയേണ്ട നമ്പൂതിരി
അമേരിക്കയിൽ ശ്രീകൃഷ്ണ വിഗ്രഹവുമായി

- ഇല്ലപ്പെരുമ
പാക്കം/പാഴിയോട്

**10** കുട്ടികൾ എഴുതുന്നു കുട്ടിക്കൂട്ടത്തിൽ

- ന്യൂ ജനറേഷനിൽ വേദപഠനവും ഉൾപ്പെടും വേദസ് ജാതവേദൻ
- നിബ് ഓഫ് ദ പെൻ ഡി. ചിറ്റേഴത്ത്
- ജീവിതത്തിൻ താളപ്പകിട്ടിൽ തീർത്ഥരാജ് പി.കെ
- ടോട്ടോച്ചാൻെറ സ്കൂൾ ആര്യ എൻ.
- അതിൽപ്പിന്നെ അമ്മയുടെ കൈ വിടാറില്ല ആര്യ കൃഷ്ണ.പി
- എങ്ങോട്ടാണ് ഈ യാത്ര പി.സാവിത്രി
- അച്ഛൻ പത്മം ഇടുന്നതിലും കെമിസ്ട്രി നീരജ എം. ആർ
- എനിക്ക് ഇഷ്ടപ്പെട്ട ഒരു മാല നന്ദ.ആർ
- പുഴയ്ക്ക് പെയിൻറടിച്ച കുട്ടി മഹിത
- ആ ഇന്റർവ്യൂ എന്നെ കലാമണ്ഡലത്തിലെത്തിച്ചു പി.എം.ശ്രീഭദ്ര

**നമുക്കിടയിലെ പ്രതിഭകൾ**

# മേധാവിജയം കലകളി





**ആ**ലപ്പുഴയിൽ നടന്ന സംസ്ഥാന സ്കൂൾ കലാമേളയിൽ കഥകളി, ഓട്ടൻതുള്ളൽ, ഒപ്പന എന്നീ ഇനങ്ങളിൽ എ ഗ്രേഡ് നേടിയ മേധാമാധവി ചേവായൂർ പ്രസന്റേഷൻ ഹയർ സെക്കന്ററി സ്കൂളിലെ എട്ടാം ക്ലാസ് വിദ്യാർത്ഥിനിയാണ്. ജില്ലാ തലത്തിൽ ഏറ്റവും കൂടുതൽ ഇനത്തിൽ പങ്കെടുത്തവളാണ്.ചെറുപ്പം മുതൽ ക്ഷേത്ര കലകളോടാണ് കൂടുതൽ താല്പര്യം. നഴ്സറി മുതൽ സംഗീതം അഭ്യസിച്ചു .ഒരു പാട് വേദികളിൽ ഇതിനകം കച്ചേരികൾ അവതരിപ്പിച്ചു .ചെമ്പൈ സംഗീതോത്സവത്തിൽ സ്ഥിരമായി പങ്കെടുക്കാറുണ്ട്. യശ:ശരീരനായ ശ്രീ കലാമണ്ഡലം ഗീതാനന്ദന്റെ അവസാനത്തെ ശിഷ്യയാണ്. പിന്നീട് കലാമണ്ഡലം തുള്ളൽ വിഭാഗം ഹെഡ് ശ്രീ മോഹന കൃഷ്ണന്റെ കീഴൽ ഓട്ടൻതുള്ളൽ പരിശീലിക്കുകയും നിരവധി വേദികളിൽ തുള്ളൽ അവതരിപ്പിക്കുകയും ചെയ്തു വരുന്നു. ചെറുപ്പം മുതലേ കഥകളിയോട് വളരെ അധികം താല്പര്യം ഉള്ളതിനാൽ ആ കല വേഗം സ്വായത്തമാക്കാൻ സാധിച്ചു.കലാമണ്ഡലം നാരായണൻ കുട്ടി ആശാന്റെ കീഴിലുള്ള പഠനം കഥകളിയിൽ കൂടുതൽ മികവ് തെളിയിക്കാൻ കഴിഞ്ഞു. കലോത്സവം എന്നതിലുപരി കൂടുതൽ വേദികളിൽ പ്രഗത്ഭരായ കലാകാരന്മാരുടെ കൂടെ അവതരിപ്പിക്കാൻ സാധിച്ചു.ഗുരുവിന്റെ കൂടെ പ്രഹ്ലാദചരിതം അവതരിപ്പിക്കാൻ കഴിഞ്ഞത് ഭാഗ്യമായി കരുതുന്നു. വിദ്യാരംഗം കലാ സാഹിത്യ വേദിയുടെ കവിതാ രചനാ ക്യാമ്പിൽ സംസ്ഥാന തലത്തിൽ പങ്കെടുത്തിട്ടുണ്ട്. ഡി.സി എല്ലിന്റെ കവിതാ രചന മത്സരത്തിലും സംസ്ഥാന തലത്തിൽ സമ്മാനത്തിനർഹമായിട്ടുണ്ട്. 2014ൽ രേവതി പട്ടത്താനസദസ്സിൽ പദ്യം ചൊല്ലാൻ ഭാഗ്യമുണ്ടായി.

സംഗീതത്തിൽ ഷീബ പ്രദീപ് ആണ് ഗുരു. റിസോഴ്സ് സി.ഡികളിൽ മലയാള കവിതകൾ ചൊല്ലിയിട്ടുണ്ട്. ആമി എന്ന പെൺകുട്ടി പോലുള്ള ഡോക്യുമെന്ററി ഫിലിമുകൾക്ക് ശബ്ദം നൽകുകയും ചില ആൽബങ്ങളിൽ അഭിനയിക്കുകയും ചെയ്തു.

കോഴിക്കോട് ജില്ലയിൽ പാതിരിശ്ശേരി ഇല്ലത്ത് മിഥുൻ നാരായണൻനമ്പൂതിരിപ്പാട്, അപർണ്ണ ദമ്പതികളുടെ മകൾ. ശ്രീധാ ദേവകി കുഞ്ഞനിയത്തി.




പുസ്തകം 3    ലക്കം 1

2019 ജനുവരി

**Email: swasthitrimonthly@gmail.com**

യോഗക്ഷേമസഭ കോഴിക്കോട് ജില്ലാ കമ്മിറ്റി പ്രസിദ്ധീകരണം

യുഗാബ്ദം 5120 പൗഷം
കൊല്ലവർഷം 1194 മകരം

ശ്വേതവരാഹകല്പം-
വൈവസ്വത മന്വന്തരം 7
ഹേമന്ത ഋതു



**ടീം സ്വസ്തി**

ചീഫ് എഡിറ്റർ:
കൊയ്ത്തോടി ചെറുമുക്കു പരമേശ്വരൻ 8089441634
അസോസിയേറ്റ് എഡിറ്റർ:
പാനാട് പദ്മനാഭൻ നമ്പൂതിരി 9400992823
മാനേജിംഗ് എഡിറ്റർ: ഉമശ്രീ കിഴക്കുമ്പാട്, 9496164912

അംഗങ്ങൾ: ഡോ. വീട്ടിക്കാട്ട് പരമേശ്വരൻ നമ്പൂതിരി,
വി.ഇ. നാരായണൻ നമ്പൂതിരി,
വിനോദ് മങ്ങത്തായ, രവി മങ്ങത്തായ

മാനേജിംഗ് കമ്മിറ്റി

പ്രിന്റർ ആന്റ് പബ്ലിഷർ
പാലാഞ്ചേരി നാരായണൻ നമ്പൂതിരി
**സർക്കുലേഷൻ മാനേജർ**
താമരക്കുളം ദിവാകരൻ നമ്പൂതിരി 9447337337
മാനേജർ (പരസ്യം):
ജയൻ പഴങ്ങോട്ടുപൊറ്റ 9745137987
അംഗങ്ങൾ: നാറണിയാട് ദാമോദരൻ നമ്പൂതിരി
കിഴക്കുമ്പാട് ഉണ്ണികൃഷ്ണൻ നമ്പൂതിരിപ്പാട്

ജില്ലാ പ്രസിഡന്റ്: മധു അരീക്കര
ജില്ലാ സെക്രട്ടറി
മുല്ലപ്പള്ളി കൃഷ്ണൻ നമ്പൂതിരി

ഡിസൈനിംഗ്
റീഡിഫൈൻ ഗ്രാഫിക്സ്, കോയൻകോ ബസാർ, കോഴിക്കോട് -673001,
മൊബൈൽ: 9847941277, 9847907630

മുഖചിത്രം വര: കൃഷ്ണൻ പാതിരിശ്ശേരി


# സ്വസ്തി

## യുവത്വം: നിലപാടും കാഴ്ചപ്പാടും

**64** ഗ്രാമങ്ങളിലായി കേരളത്തിൽ നമ്പൂതിരിമാരുടെ ആദ്ധ്യാത്മികവും ബൌദ്ധികവുമായ അജയ്യതയും രാജാക്കന്മാരെപ്പോലും ധിഷണാശക്തിയാൽ തങ്ങളുടെ വരുതിയിലാക്കിയ വസ്തുതകളും ചരിത്രത്തിന്റെ ഭാഗമാണ്. അങ്ങനെയായിരുന്ന ബ്രാഹ്മണസമൂഹം ഒന്നുമല്ലാതായിത്തീന്ന കാഴ്ചയും മുന്നിലുണ്ട്.

ശങ്കരാചാര്യസ്വാമികളും കാക്കശ്ശേരി ഭട്ടതിരിയും ജനിച്ച സമൂഹം. വി.ടി.ഭട്ടതിരിപ്പാടും എം. ആർ ബി യും പരിഷ്ക്കരിച്ച സമൂഹം. ചെറുശ്ശേരി, വെൺമണി തുടങ്ങി അക്കിത്തം കക്കാട്, പാലൂർ തുടങ്ങിയ കവികളെ സമ്മാനിച്ച സമൂഹം. ഇ എം എസിനെ പോലെയുള്ള രാഷ്ട്രീയാചാര്യനെ സൃഷ്ടിച്ച സമൂഹം. പക്ഷേ, ഇന്നോ? നമ്മൾ മടിയന്മാരായോ? സ്വപ്നങ്ങളില്ലാത്തവരായോ?

മുൻ രാഷ്ട്രപതി എ.പി.ജെ അബ്ദുൾ കലാം പറഞ്ഞ പോലെ നമ്മൾ സ്വപ്നം കാണാൻ പഠിക്കണം. ഉറക്കത്തിലെ സ്വപ്നമല്ല, ഉറക്കം കെടുത്തുന്ന സ്വപ്നം. അങ്ങനെ സ്വപ്നം കാണണമെങ്കിൽ അതിന് വേണ്ട പ്രചോദനം ഉണ്ടാവണം. സ്വസ്തി ഈ ലക്കം ചർച്ച ചെയ്യുന്നത് നമ്പൂതിരി യുവത്വത്തെക്കുറിച്ചാണ്. ന്യൂജെൻ എന്ന ജനുസ്സിൽ പെടുന്ന നമ്പൂതിരിമാരെപ്പറ്റിയാണ്. പഴം ജെനിൽ ജനിച്ചവർക്ക് അത്രക്കൊന്നും ഹിതകരമല്ല ഇക്കൂട്ടർ. കാരണം പഴയവരുടെ ഇഷ്ടമല്ല പുതിയവരുടേത്. ഭക്ഷണത്തിലായാലും വസ്ത്രത്തിലായാലും ദിനചര്യയിലായാലും. രാവിലെ അഞ്ചു മണിക്ക് എണീറ്റ് കുളിയും തേവാരവും കഴിച്ച് സമയത്തിന് കാപ്പി കഴിക്കാനെത്തുന്നതാണ് പഴയവരുടെ ഇഷ്ടം.

എന്നാൽ മനുഷ്യവർഗ്ഗത്തിലെ സമപ്രായക്കാരായ മറ്റു യുവാക്കളിൽ നിന്ന് ഒരു 'ഡിഫറൻസും' ഇല്ലാത്തവർ. പേരിനു പിറകെ ജാതിയുടെ 'സഫിക്സോ' മുന്നിൽ ഇല്ലപ്പേരിൻറെ 'പ്രീഫിക്സോ' ഇല്ലാത്തവർ. ദേഹത്ത് പൂണൂലെന്ന 'ടാഗ്' ഇല്ലാത്തവർ. നെറ്റിയിൽ ചന്ദനമോ ഭസ്മമോ കൊണ്ട് 'ഐക്കൺ' പ്രദർശിപ്പിക്കാത്തവർ .24 മണിക്കൂറിലെ അഞ്ച് മിനുട്ട് പോലും നമ്പൂതിരിക്ക് വേണ്ടി 'സ്പെൻഡ്' ചെയ്യാത്തവർ. ന്യൂജെനിൽ അവരാണ് കൂടുതലും.

എന്നാൽ, അപൂർവം ചിലർ അല്ലാതെയുമുണ്ട്. ഇതിൽ ഒന്നു തെറ്റെന്നോ മറ്റേത് ശരിയെന്നോ പറയുന്നതിലും ശഠിക്കുന്നതിലും കാര്യമില്ല. വസ്തുതയെ വസ്തുതയായി മാത്രം കണ്ടാൽ മതി. നമ്പൂതിരിക്ക് വരേണ്ട മാറ്റത്തെപ്പറ്റി എന്താണ് പുതിയ തലമുറയുടെ നിലപാട് . വന്നു കഴിഞ്ഞ മാറ്റത്തെപ്പറ്റി എന്താണ് പഴയ തലമുറയുടെ കാഴ്ചപ്പാട് .

വിവിധ തുറകളിലുള്ളവർ ഈ ചർച്ചയിൽ പങ്കെടുക്കുന്നു. പുതുതലമുറയിൽ നിന്ന് ഐ.എ.എസ് നേടിയ ഗായത്രി മുതൽ പഴയ തലമുറയിലെ വി.ടി ഭട്ടതിരിപ്പാടിന്റെ മകൻ വി.ടി വാസുദേവൻ വരെയുള്ളവർ . വായിക്കാം ഈ ലക്കത്തിൽ.

രണ്ടാം വാർഷികപ്പതിപ്പായി പുറത്തിറക്കുന്ന ഈ യുവജന സ്പെഷ്യലും സ്വസ്തിയെ പ്രോത്സാഹിപ്പിക്കുന്ന വായനക്കാർക്ക് ഇഷ്ടമാവുമെന്ന് കരുതുന്നു .മൂന്നാം വർഷത്തിലേക്കുള്ള പ്രയാണത്തിലും വായനക്കാരും പരസ്യക്കാരും കൂടെയുണ്ടാവുമെന്ന പ്രതീക്ഷയോടെ. ഏവർക്കും മകരസംക്രാന്തി പുതുവത്സരാശംസകൾ.

**-പത്രാധിപർ**


Swasthi Trimonthly | Yogakshema Sabha Office | Near Kovoor Vishnu temple | Chevayur P.O | Kozhikode -673017
Printed at Premier Printers | Annie Hall Road | Calicut-2 | For private circulation only

Contact: City 8089441634 | Perumanna 9495892653 | Kakkodi 9447484904 | Narikkuni 9446160817 | Uchakkavu 0495 2208095 |
Chathamangalam 9447337337 | Mukkom 9447468956 | Kanniparamba 9495611629 | Thamarasseri 9747950225 | Koyilandy 9846698489 |
Vatakara 9446779191 | Balusseri 8281984397 | Feroke 9447332611 | Areacode 9539926654 | Chevayur 7293751990 | Ramallur 9847564517 |



## സന്ദേശം

ചിക്കാഗോ പ്രസംഗങ്ങളുടെ 125-ാം വാർഷികം ആഘോഷിക്കുന്ന ഈ വേളയിൽ യോഗക്ഷേമസഭ കോഴിക്കോട് ജില്ലാ കമ്മിറ്റി പ്രസിദ്ധീകരിക്കുന്ന 'സ്വസ്തി' ത്രൈമാസികയുടെ 2019 ജനുവരി പതിപ്പ് സ്വാമിജിയുടെയും ഈ പുതിയ തലമുറയിലെ യുവജനങ്ങളുടെയും പേരിൽ സമർപ്പിക്കുന്നത് വളരെ അർത്ഥവത്താണ്.

മനുഷ്യ മനസ്സുകളിലെ ദുർബലതകൾ നീക്കി അന്തർലീനമായ ദിവ്യത പ്രകാശിപ്പിക്കുന്നതാണ് നമ്മുടെ ജീവിതലക്ഷ്യം. ഈ സന്ദേശത്തെ ശ്രദ്ധിച്ചു പഠിച്ച് ആർഷ സംസ്കാരത്തിന്റെ പൈതൃകത്തിൽ ഊന്നിക്കൊണ്ടുവേണം പുതിയ തലമുറ നവോത്ഥാനത്തിലേക്ക് ശ്രമിക്കേണ്ടത്. യോഗക്ഷേമസഭയുടെ എല്ലാ പ്രവർതത്നത്തിനും സ്വസ്തി ത്രൈമാസികക്കും സഭയിലെ എല്ലാ പ്രവർത്തകർക്കും കുടുംബാംഗങ്ങൾക്കും വിവേകാനന്ദ സ്വാമികളുടെ അനുഗ്രഹങ്ങൾ ഉണ്ടായിരിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

സ്നേഹാദരവോടെ
**സ്വാമി വീതസംഗാനന്ദ**
(ശ്രീരാമകൃഷ്ണാശ്രമം, മീഞ്ചന്ത)

Swami Vitasanganande



# ആരൊക്കെ /എന്തൊക്കെ



3 **വി.ടി.വാസുദേവൻ**
നമ്പൂതിരിക്ക് ജോലി കിട്ടാത്തത് എന്തുകൊണ്ട്?


7 **ഗായത്രി**
എങ്ങനെ ഐ.എ.എസുകാരിയായി



11 **മനു വിഷ്ണു മംഗലപ്പിള്ളി**
സിവിൽ സർവീസിന്റെ പ്രിലിമിനറിപ്പടിയിൽ


13 **കെ.എം. രൂപ**
സിനിമാരംഗത്തെ നമ്പൂരീം ആത്തേമ്മാരും


14 **കെ.ബി.ശ്രീദേവി**
യുമായി ഉമശ്രീ കിഴക്കുമ്പാട് സംസാരിക്കുന്നു


17 **ഇ.എം.വി.നമ്പൂതിരിപ്പാട്**
എന്താവണം നമ്പൂതിരിയുടെ രാഷ്ട്രീയം


20 **അഴിയിടം വിജയൻ നമ്പൂതിരി**
രക്ഷപ്പെടാൻ ഒറ്റ വഴിയേയുള്ളൂ


24 **വൈത്തല എടക്കാട്ട് കൃഷ്ണൻ നമ്പൂതിരി**
സഹസ്രാവൃത്തിയുള്ള സ്ക്വാഡ്രൻ ലീഡർ


26 **കാട്ടുമാടം കൃഷ്ണകുമാർ നമ്പൂതിരിപ്പാടു**
മായി അഭിമുഖം ജയൻ പഴങ്ങോട്ടുപൊറ്റ


28 **പുടയൂർ ജയനാരായണൻ**
സ്റ്റൈലിൽ ന്യൂജെൻ ചിട്ടയിൽ പഴംജെൻ


32 **ഇല്ലപ്പെരുമ** / വിനോദ് മങ്ങത്തായ
പാക്കം/പാഴിയോട്


38 **വിജയ് മോഹനെപ്പറ്റി**
അറിയേണ്ട നമ്പൂതിരിയിൽ


40 **കെ.പി.പുരുഷോത്തമൻ നമ്പൂതിരി**
ശ്രാദ്ധത്തലേന്ന് കവിത


41 **ഉമ . കെ.ആർ**
ആദ്യം കണ്ടത് ചാത്തൂനെ

കൂടാതെ വായനക്കാരുടെ കത്തുകൾ, അനുമോദനങ്ങൾ, ആദരാഞ്ജലികൾ, സഭാവാർത്തകൾ തുടങ്ങി സ്ഥിരം പംക്തികളും



HARI P V (MANIKKUTTAN)
Poyil illam
Nadukil, Omassery
Mob: 9947101063 , 8086143999
email : hari.narayanan212@gmail.com

Illam Catering







ചരിത്രത്തിൻെറ നാൾ വഴികളിൽ വിസ്മരിക്കപ്പെടുകയും തെറ്റിദ്ധരിക്കപ്പെടുകയും ചെയ്ത അനേകം പേർ ഭൂമുഖത്തുണ്ട്. അവരിൽ ഒരാളാണ് വി.ടി.ഭട്ടതിരിപ്പാടെന്ന് പറയാൻ മകനായ എനിക്ക് മടിയില്ല.



കവർ സ്റ്റോറി

**പദ്മനാഭൻ നമ്പൂതിരി**



# ഇല്ലത്തെ നമ്പൂതിരിക്ക് കിട്ടാതെ പോവുന്ന ജോലി അടിച്ചു തളിക്കാരിയുടെ മക്കൾക്ക് കിട്ടുന്നു

# അതെന്തുകൊണ്ട്?



വി.ടി.ഭട്ടതിരിപ്പാടിൻെറ മകൻ
**വി.ടി.വാസുദേവൻ**
ചോദിക്കുന്നു:

നമ്പൂതിരിയെ മനുഷ്യനാക്കിയ സാമൂഹ്യപരിഷ്കർത്താവായിരുന്നു രാമൻ വി.ടി.ഭട്ടതിരിപ്പാട്. അദ്ദേഹത്തിൻെറ മകൻ വി.ടി.വാസുദേവൻ പുതിയ കാലത്തെ നമ്പൂതിരിയെപ്പറ്റിയും നമ്പൂരിത്തത്തെപ്പറ്റിയും മാറ്റേണ്ട പ്രവണതകളെപ്പറ്റിയും ഉണ്ടാവേണ്ട നിലപാടുകളെപ്പറ്റിയും സ്വസ്തിയുമായി ഉള്ളുതുറക്കുന്നു.

ഒരുപാടുണ്ടായിരുന്നു ആചാരങ്ങളും അനാചാരങ്ങളും ദുരാചാരങ്ങളും. അതിൽ പലതും ഇല്ലാതായി . ചിലത് പരിഷ്കരിച്ചു . വേറെ ചിലത് പുതിയ രൂപത്തിൽ തലപൊക്കാൻ തുടങ്ങി.ഇതിൻെറയെല്ലാം പശ്ചാത്തലത്തിലായിരുന്നു വി.ടിയുടെ മകനോട് സ്വസ്തിയുടെ ചോദ്യം.

? ഇപ്പോഴത്തെ നമ്പൂതിരി യൂത്ത് പ്രഥമ പരിഗണന നൽകേണ്ട വിഷയം എന്താണ്

> ഒറ്റവാക്കിൽ മറുപടി പറയാൻ പ്രയാസമാണ്. അതിനു മുന്നോടിയായി ചിലത് പറയേണ്ടതുണ്ട്.

? പറയൂ.

> മനുഷ്യവർഗ്ഗത്തിന് എന്തെങ്കിലും സംഭാവന ചെയ്താൽ നല്ലതാണ്. നമ്പൂരിത്തത്തേക്കാൾ വലുത് മനുഷ്യത്വമാണ്. വി ടി പഠിപ്പിച്ച ഈ ആശയത്തിന് ഇള

**1**

- മനുഷ്യനാവുക എന്നത് പ്രയാസമാണ്.
- അച്ഛൻെറ കലത്തിൽ അരി വെക്കാൻ എനിക്ക് ഉദ്ദേശ്യമില്ല.
- പഠിച്ചു പഠിച്ചു തോറ്റു, തോറ്റു തുന്നം പാടേണ്ടി വന്നിട്ടും വാദിച്ചുകൊണ്ടിരിക്കുന്ന ജാതി മതരാഷ്ട്രീയ സംഘടനകളാണ് നമ്മെ വരിഞ്ഞു മുറുക്കുന്നത്. ഇതനുഭവിച്ചു മടുത്തു.



**ആധുനികവിദ്യാഭ്യാസം നേടിയ തലമുറ എന്താണ് ചെയ്യുന്നത്. അവർ വീഡിയോയുടെ മുന്നിൽ ഉപനയനം നടത്തുന്നു. ഉള്ളിലുള്ള തല്ല പുറത്തു കാണിക്കുന്നത്. ഉപനയനമല്ല ലക്ഷ്യം , വീഡിയോ എടുപ്പാണ്.**



ക്കം തട്ടി വരുന്നു.

? നമ്പൂരിത്തം തിരിച്ചു വരുന്നു എന്നാണോ

> നമ്പൂരിത്തമല്ല ഹിപ്പോക്രസിയാണ് തിരിച്ചു വരുന്നത്.

? വിശദീകരിച്ചാൽ

> പഴയ വിപ്ളവകാരി പൂണൂൽ വലിച്ചെറിഞ്ഞു. അയാളുടെ മകൻ ആയപ്പോഴേക്കും പൂണൂൽ അരേല് കെട്ടാൻ തുടങ്ങി. മൂന്നാം തലമുറ ആയപ്പോഴേക്കും ഷർട്ടിൻെറ മുകളിൽ പൂണൂൽ ധരിച്ച് അത് ആളുകളെ കാണിക്കാൻ തുടങ്ങി.

? പ്രകടനപരത കൂടി അല്ലേ

> ഇപ്പോൾ ആധുനികവിദ്യാഭ്യാസം നേടിയ തലമുറ എന്താണ് ചെയ്യുന്നത്. അവർ വീഡിയോയുടെ മുന്നിൽ ഉപനയനം നടത്തുന്നു. ഉള്ളിലുള്ളതല്ല പുറത്തു കാണിക്കുന്നത്. ഉപനയനമല്ല ലക്ഷ്യം , വീഡിയോ എടുപ്പാണ്.

? അപ്പോൾ ഉപനയനം വേണ്ട എന്നാണോ

> വേദത്തിലേക്കാണ് ഉപനയിക്കേണ്ടത്.അതായത് വിദ്യാഭ്യാസത്തിലേക്ക്, അറിവിലേക്ക്. അങ്ങനെ ചെയ്യുന്ന ആരുണ്ട് ഇപ്പോൾ.

? അങ്ങേക്ക് ഉപനയനം ഉണ്ടായിട്ടുണ്ടോ

> ഇല്ല. എൻെറ മക്കൾക്കും പേരക്കുട്ടികൾക്കും ഉണ്ടായിട്ടില്ല. പൂണൂലും കുടുമയുമെല്ലാം നമ്പൂരിത്തത്തിൻെറ ഉപാംഗങ്ങൾ മാത്രമാണ്. അതുമാത്രമല്ല നമ്പൂരിത്തം. നേരത്തെ പറഞ്ഞ മനുഷ്യത്വത്തിനു മുകളിലല്ല അതിൻെറ സ്ഥാനം.

? മനുഷ്യത്വത്തിലേക്ക് നയിക്കുകയല്ലേ വി ടി യും മറ്റും ചെയ്തത്.

> അതേ. സ്വാതന്ത്ര്യം ,യോഗക്ഷേമം എന്നെല്ലാം പറഞ്ഞാൽ എല്ലാ മനുഷ്യരുടെയും സ്വാസ്ഥ്യം, യോഗക്ഷേമം എന്നാണ്. ആൺ പെൺ വ്യത്യാസമില്ലാതെ എല്ലാവർക്കും സ്വാതന്ത്ര്യം ഉണ്ടാവുക എന്നാണ് അർത്ഥമാക്കേണ്ടത്. അക്കാലത്ത് കീഴാളരേക്കാൾ ദയനീയമായിരുന്നു നമ്പൂതിരി സ്ത്രീയുടെ അവസ്ഥ. ഇന്ന് മദാമ്മയുടെ വേഷം കെട്ടി അമേരിക്കയിൽ പോയി കാറോടിക്കുന്ന നമ്പൂതിരി സ്ത്രീകളുണ്ട്. വൃദ്ധവിവാഹം , സപത്നീ മത്സരം ഇതൊക്കെ പഴങ്കഥയായി മാറി.

? അപ്പോൾ പുരോഗതിയുണ്ട്

**? നമ്പൂരിത്തം തിരിച്ചു വരുന്നു എന്നാണോ**
**> നമ്പൂരിത്തമല്ല ഹിപ്പോക്രസിയാണ് തിരിച്ചു വരുന്നത്.**

> കുടുമയുള്ള കുഞ്ഞിക്കുട്ടൻ തമ്പുരാന്മാരേയും മയിൽപ്പീലി പോലെ ശിഖയുള്ള ചോമാതിരിമാരേയും കണ്ടാണ് പഴയ തലമുറയിലെ നമ്പൂതിരി വളർന്നത്. പുരുഷൻെറ കുടുമയും സ്ത്രീയുടെ നീട്ടി വളർത്തിയ കാതും മുറിക്കുന്നത് അന്ന് ധിക്കാരമായിരുന്നു.  ആചാരപ്രമാണമായ കേരളത്തിലെ സാമൂഹ്യഘടനതന്നെ തകർക്കേണ്ടി വരുമെന്ന് ദീർഘദർശനം ചെയ്തവരാണ് കുറൂർ ഉണ്ണി നമ്പൂതിരിപ്പാടു മുതലുള്ള യോഗക്ഷേമ സഭാനേതാക്കൾ.അത്യാചാരങ്ങൾക്കും അനാചാരങ്ങൾക്കും എതിരെ അവർ നടത്തിയ ആ വിപ്ളവങ്ങൾ നിസ്സാരവും സമുദായത്തിന് നാശകരവുമായിരുന്നു എന്ന മട്ടിലാണ് പുതിയ തലമുറയുടെ വിലയിരുത്തൽ.

? ഒന്നു കൂടി വ്യക്തമാക്കിയാൽ.

> മുറുക്കിത്തുപ്പി ചമ്രം പടിഞ്ഞിരിക്കുന്ന ബ്രഹ്മചര്യത്തിലേക്കാണ് എല്ലാവരുടേയും

**എൻെറ മക്കൾക്കും പേരക്കുട്ടികൾക്കും ഉപനയനം ഉണ്ടായിട്ടില്ല. പൂണൂലും കുടുമയുമെല്ലാം നമ്പൂരിത്തത്തിൻെറ ഉപാംഗങ്ങൾ മാത്രമാണ്. അതുമാത്രമല്ല നമ്പൂരിത്തം. നേരത്തെ പറഞ്ഞ മനുഷ്യത്വത്തിനു മുകളിലല്ല അതിൻെറ സ്ഥാനം.**

നോട്ടം. സ്വാർത്ഥതയുടെ പുറംതോട് പൊട്ടിച്ച് പുറത്തു വരുന്നവർക്കേ മനുഷ്യസ്നേഹത്തിലും മനുഷ്യനന്മയിലും വിശ്വസിക്കാൻ കഴിയുകയുള്ളൂ. അവർക്കു മാത്രമേ ധാർമ്മികമായ ധീരത ഉണ്ടാവുകയുള്ളൂ. ധാർമ്മികധീരത ഉൾക്കൊണ്ട തലമുറയ്ക്കേ ക്രിയാത്മക പരിവർത്തനത്തിൻെറ പാത വെട്ടിത്തെളിക്കാനാവൂ.

? ഇപ്പോഴത്തെ പുതു തലമുറയിൽ ഇതൊന്നും ഇല്ലെന്നാണോ

> ദൈനംദിന ജീവിതത്തിലും ആലോചനകളിലും സർഗ്ഗാത്മകമായി ഇടപെടുന്ന എത്ര യുവാക്കൾ നമ്പൂതിരി സമുദായത്തിലുണ്ടാവും?  സഹജീവികളുടെ സമുന്നതിക്ക് വേണ്ടി പ്രവർത്തിക്കൽ സംസ്കാരത്തിൻെറ ഭാഗമല്ലേ ? ആത്മീയ മൂലധനത്തിൻെറ സൂക്ഷിപ്പുകാരാണ് എന്ന കപടനാട്യം എന്തുകൊണ്ട് നിർത്തിക്കൂടാ? ഭൗതിക രംഗത്ത് സ്ത്രീകളോടും ഇതര സമുദായക്കാരോടും നാം കാട്ടിയ അനീതിക്ക് പകരം വീട്ടാനാണ് മറ്റു സമുദായങ്ങൾ ഇപ്പോൾ സംഘടിക്കുന്നത്. കേരളീയ ജന്മിത്വത്തിൻെറ മുഖത്തു നിന്ന് ദിവ്യതയുടെ പാഴ്മറ വലിച്ചു നീക്കുക തന്നെ വേണം. കാലത്തിൻെറ വഴികൾ നടന്നു തേഞ്ഞതാണ്. പുതു വഴികൾ വെട്ടി അവയിലൂടെ സാഹസികവും ക്ളേശകരവുമായി നടന്നു നീങ്ങിയാലേ സ്വന്തം പരിശ്രമത്തിനനുസരിച്ച് വളരുന്നതിനുള്ള വിഘ്നങ്ങൾ ഇല്ലാതാവുകയുള്ളൂ.

? അന്നത്തെ കാലത്തെ പ്രശ്നങ്ങൾ അല്ലല്ലോ ഇപ്പോൾ .

> പക്ഷേ,ഇപ്പോഴും മന്ത്രാനുഷ്ഠാനങ്ങൾ ഉപജീവനത്തിനായി കൊണ്ടു നടക്കുന്നവരില്ലേ നമുക്കിടയിൽ. ശാസ്ത്രീയമായി വേദം പഠിച്ചവരും അതിനനുസരിച്ച് ജീവിക്കുന്നവരും എത്രപേരുണ്ട്. പ്രാജാപത്യം കൃച്ഛ്റം എന്നാണ് വേളിക്രിയയിൽ വധൂപിതാവ് വരനോട് പറയുന്നത്. സുപ്രജകൾക്ക് വേണ്ടിയുള്ള ദാമ്പത്യം ക്ളേശകരമെന്നാണ് അതിൻെറ അർത്ഥം. ഏതാണ്ട് ആണിയഴിഞ്ഞ കത്രികപോലെയാണ് നമ്മുടെ കുടുംബജീവിതം. അതിലേക്ക് പുതുതലമുറയിലെ പെൺകുട്ടികളെ കിട്ടുന്നില്ല. മറക്കുടയും ഘോഷയുമെല്ലാം എന്നേ ഉപേക്ഷിച്ച അന്തർജനങ്ങളുടെ മൂന്നാം തലമുറയാണ് ഇവർ. അവരെ ഒന്നിലും ഒതുക്കി നിർത്താൻ പറ്റില്ല. ഒരു വൃദ്ധന് വേളി കഴിച്ചു കൊടുക്കാൻ നിശ്ചയിച്ചതായിരുന്നു എൻെറ അമ്മയെ.

? ഇപ്പോൾ ആ സാഹചര്യമൊന്നും ഇ



**കുമാരനാശാന്റെ പത്നി ഭാനുമതിയമ്മ യും അമ്മയോടൊപ്പം അവിടെ കഴിഞ്ഞിട്ടുണ്ട്. എന്റെ അമ്മ ആദ്യം ബ്ലൗസ് ധരിക്കുന്നതും അക്കാലത്താണ്.**



ല്ലല്ലൊ.

> ആ പശ്ചാത്തലമെല്ലാം മനസ്സിലാക്കിയാലേ തിരുത്തലുകൾക്ക് അർത്ഥമുണ്ടാവൂ. അച്ഛനെ ഒരിക്കൽ കാര്യസ്ഥനായ ഒരാൾ ഒരു ഭവനത്തിലേക്ക് കൂട്ടിക്കൊണ്ടുപോയി. ഒരു നമ്പ്യാർഭവനം. അവിടത്തെ മുകളിലെ മുറിയിലേക്ക് കൂട്ടി. അവിടെ പുല്പായ വിരിച്ചിരിക്കുന്നു. ആരിൽ നിന്നോ ഗർഭവതിയായ ഒരു സ്ത്രീയായിരുന്നു ആ മുറിയിൽ . അവർക്ക് ഒരു സംബന്ധക്കാരനെ ഏർപ്പാടാക്കാൻ നല്ലൊരു സംഖ്യ കൈപ്പറ്റിയിട്ടുണ്ടായിരുന്നു ആ കാര്യസ്ഥൻ. തന്നെ ഒരു മൃഗമായിട്ടാണല്ലൊ കണക്കാക്കുന്നത് എന്ന് തിരിച്ചറിഞ്ഞ അച്ഛൻ അവിടെ നിന്ന് ഇറങ്ങി. സംബന്ധബ്രോക്കർ എന്ന ഒരു കുറിപ്പിൽ ഞാനിത് എഴുതിയിട്ടുണ്ട്. പഴയത് ഇങ്ങനെ പലതുമുണ്ടായിരുന്നു.

? വി. ടിയുടെ ആത്മകഥയിൽ ഇത് വന്നിട്ടുണ്ടോ

> ഇല്ല, ഞാനിത് പറയുന്നത് മറ്റൊന്ന് സൂചിപ്പിക്കാനാണ്. കുടുംബം ട്രസ്റ്റ് പോലെ സൂക്ഷിച്ചു നമ്പൂതിരി. അതുകൊണ്ടാണല്ലൊ അപ്ഫൻമാർ വേളി കഴിക്കാതിരുന്നത്. എന്നാൽ കുടുംബത്തിലെ വ്യക്തികളെ വളർത്തിയില്ല. ചരിത്രത്തിൻെറ നാൾവഴികളിൽ വിസ്മരിക്കപ്പെടുകയും തെറ്റിദ്ധരിക്കപ്പെടുകയും ചെയ്ത അനേകം പേർ ഭൂമുഖത്തുണ്ട്. അവരിൽ ഒരാളാണ് വി.ടി.ഭട്ടതിരിപ്പാടെന്ന് പറയാൻ മകനായ എനിക്ക് മടിയില്ല. അച്ഛൻെറ കലത്തിൽ അരി വെക്കാൻ എനിക്ക് ഉദ്ദേശ്യവുമില്ല.

? അങ്ങയുടെ ഭവനം ഇല്ലമോ മനയോ മഠമോ അല്ല. അതെന്തേ അങ്ങനെ

> വി.ടി.യുടെ വീട് അതാണ് എൻെറ വീടിനു പേർ. കന്നഡയിൽ മനെയെന്നാൽ വീട് എന്നല്ലേ അർത്ഥം. മനയായാലും ഇല്ലമായാലും വീട് തന്നെ. അച്ഛന്റെ നേതൃത്വത്തിൽ രസികസദനം എന്ന് പേരിട്ടൊരു വീടുണ്ടായിരുന്നു തൃത്താലയ്ക്കടുത്ത്. ഭ്രഷ്ടനായിരുന്ന കാലത്ത് അച്ഛൻ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചത് അവിടെ നിന്നാണ്. കസ്തൂർബ വന്നിട്ടുണ്ട് അവിടെ. കുമാരനാശാന്റെ പത്നി ഭാനുമതിയമ്മയും അമ്മയോടൊപ്പം അവിടെ കഴിഞ്ഞിട്ടുണ്ട്. എൻെറ അമ്മ ആദ്യം ബ്ളൗസ് ധരിക്കുന്നതും അക്കാലത്താണ്. ആ ബ്രഹ്മാലയം എല്ലാവർക്കുമായി തുറന്നിട്ടു. പന്തിഭോജനങ്ങളുണ്ടായി. മന്നത്ത് പദ്മനാഭൻ വന്നിട്ടുണ്ട് അവിടെ. ആഴ്വാഞ്ചേരി തമ്പ്രാക്കൾ തൊട്ട് ഈരാറ്റിങ്ങൽ കുഞ്ഞൻ വരെ ഒരുമിച്ച് ഉണ്ട് കഴിഞ്ഞിട്ടുണ്ട് അവിടെ .

? അക്കാലത്ത് അതെല്ലാം വലിയ വിപ്ളവമായിരുന്നല്ലൊ

> എല്ലാവരും ഒന്നിച്ച് താമസിക്കുന്ന ഒരു കോളനി പോലും അച്ഛൻ തുടങ്ങി.

ഉദ്ബുദ്ധകേരളം കോളനി. (1935–37) പത്രം, പുസ്തകപ്രകാശനം, അച്ചടി, കൃഷി, നെയ്ത്ത്...അതെല്ലാം ആ കോളനിയിൽ വച്ചുണ്ടായി..ഭ്രഷ്ടരായ കുടുംബങ്ങളും മറ്റു സമുദായക്കാരും ചേർന്ന്. ചാതുർവർണ്ണ്യത്തിനെതിരെയായിരുന്നു ഉദ്ബുദ്ധകേരളം പാക്ഷികം. നാലപ്പാട്, ഉള്ളൂർ, വള്ളത്തോൾ തുടങ്ങിയവരെല്ലാം അതിലെഴുതിയിരുന്നു. പക്ഷേ, ആ കോളനി നീണ്ടുനിന്നില്ല. ഐക്യകേരളപ്പിറവിക്കും വളരെ മുമ്പായിരുന്നു അച്ഛന്റെ ഈ സ്വപ്ന പദ്ധതിയെന്നോർക്കണം. നവകേരള ചരിത്രകാരന്മാരാരും ഈ പരിശ്രമങ്ങളെ പിന്നീടു പരാമർശിച്ചിട്ടില്ല.

? ഈ അനുഭവങ്ങളെല്ലാം എഴുതിയിട്ടുണ്ടോ

> എഴുതുന്നുണ്ട്. വി ടി യുടെ ജീവിതം ഒരു തുറന്ന പുസ്തകം എന്ന പേരിൽ ഒരു പുസ്തകത്തിൻെറ പണിപ്പുരയിലാണ് ഇപ്പോൾ.

? അച്ഛൻെറ ശ്രാദ്ധം

> ഫെബ്രുവരി 12 ആണ് ചരമദിനം.

? രാഷ്ട്രീയം

> കോൺഗ്രസിൻെറ അദ്ധ്യാപക യൂണിയനിൽ ഉണ്ടായിരുന്നു. സ്വകാര്യ സ്കൂൾ നിയമനം പി.എസ് സിക്ക് വിടണമെന്ന ആവശ്യം ആ യൂണിയൻ അംഗീകരിക്കാത്തതിനാൽ രാജി വച്ചു. ഒരു രാഷ്ട്രീയ പാർട്ടിയിലുമില്ല.ഒരു മുന്നണിയിലുമില്ല. വോട്ടു ചെയ്യുന്നത് വ്യക്തികളെ പരിഗണിച്ചാണ്.

? അച്ഛൻ വിപ്ളവകാരിയും അപ്ഫൻ ശാന്തിക്കാരനും

> അതേ, തിരുവിതാംകൂർ ദേവസ്വം ബോർ

## അത്രിനെപ്പറ്റി അച്ഛൻ പറഞ്ഞത്

**അ**ത്രിൻ എന്ന നകാരാന്ത പദം വേദത്തിലുണ്ട്. വിശ്വമത്രിണാ ദദഹ എന്നാണ് പ്രയോഗം. അത്രികളെയെല്ലാം ദഹിപ്പിക്കണം എന്നർത്ഥം. യാതൊരു ജോലിയും ചെയ്യാതെ ഭക്ഷണം കഴിച്ചു ജീവിക്കുന്നവരാണ് അത്രികൾ. മനുഷ്യജീവിതത്തിൻെറ പരമമായ ഉദ്ദേശ്യം ആത്മവികാസമാണെന്നു മറന്നു പോയവർ. മനുഷ്യനായല്ലാതെ ജാതിയുടെയും മതത്തിൻെറയും ഭാഗമായി വളർന്നവർ. മറ്റൊന്നിലും വലിപ്പമില്ലാത്തതു കൊണ്ട് സ്വന്തം ജാതിയിൽ അഭിരമിക്കുന്നവർ. പുതിയ കാലം വന്ന് വിദ്യാഭ്യാസം സാർവത്രികമായപ്പോൾ പോലും കോന്തലക്കലെ അന്ധതയുടെ കെട്ട് അഴിക്കാൻ തയ്യാറാകുന്നില്ല എന്ന് തുറന്നു പറഞ്ഞ ഒരാളാണ് അച്ഛൻ. അഗ്നിപരീക്ഷകളേയും എതിർപ്പുകളേയും നേരിട്ടു ജീവിതം മാറ്റി മറിച്ചു അച്ഛൻ. അദ്ദേഹത്തിൻെറ കൂടെ ജീവിച്ച ഓരോ നിമിഷവുംആവേശകരമായിരുന്നു എന്ന് ഇപ്പോൾ തിരിച്ചറിയുന്നു.



*നാലപ്പാട്, ഉള്ളൂർ, വള്ളത്തോൾ*



പരശുരാമന്റെ കാലത്തെ ആചാരമല്ലല്ലോ ശങ്കരാചാര്യരുടെ കാലത്ത്. ശങ്കരാചാര്യരുടെ കാലത്തെ ആചാരമല്ലല്ലോ അതിനു ശേഷമുള്ള കാലത്ത്.



*എം.ആർ.ബി.*



ഡിൽ ശാന്തിക്കാരനായിരുന്നു അഫ്ഫൻ. നമ്പൂതിരിക്ക് ഇപ്പോൾ എന്തു ജോലിയും ചെയ്യാമെന്നായി. ചുമട് എടുക്കുന്നവരും സോഫ്റ്റ് വെയർ എഞ്ചിനീയർമാരുമുണ്ട്.

? അമ്മ

> സന്താനഗോപാലത്തിലെ അമ്മയെ പോലെയായിരുന്നു എൻെറ അമ്മ.

? എന്താവണം യുവാക്കളുടെ ലക്ഷ്യം

> അവനവനോട് പോരാടുക എന്നതാവണം നമ്മുടെ ലക്ഷ്യം. ഇല്ലത്തെ നമ്പൂതിരിക്ക് കിട്ടാതെ പോവുന്ന ജോലി അടിച്ചുതളിക്കാരിയുടെ മക്കൾക്ക് കിട്ടുന്നു. അതെന്തുകൊണ്ടെന്ന് ചിന്തിക്കണം.

? വിദ്യാഭ്യാസത്തിൽ ശ്രദ്ധിക്കാത്തതുകൊണ്ടല്ലേ

> പൂജചെയ്യുന്നവരുണ്ട് നമുക്കിടയിൽ .എന്നാൽ പൂജ എത്രത്തോളം പഠിക്കുന്നുണ്ട് അവർ. നമ്പൂതിരിമാരേക്കാൾ പൂജ പഠിക്കുന്നത് മറ്റുള്ളവരാണ്. ജ്യോതിഷം കൈകാര്യം ചെയ്യുന്നവരുണ്ട്. അവരിൽ പലരും ശാസ്ത്രജ്ഞരല്ല, സൂത്രജ്ഞരാണ്.

? ശബരിമലയിലെ സ്ത്രീപ്രവേശനം

> പുരുഷനില്ലാത്ത എന്തു പവിത്രതയാണ് സ്ത്രീക്കുള്ളത്. പരശുരാമന്റെ കാലത്തെ ആചാരമല്ലല്ലോ ശങ്കരാചാര്യരുടെ കാലത്ത്. ശങ്കരാചാര്യരുടെ കാലത്തെ ആചാരമല്ലല്ലോ അതിനു ശേഷമുള്ള കാലത്ത്. ഋതുമതിയായ കന്യകയെ ആദ്യമായി വിവാഹം ചെയ്തത് അഗ്നിഹോത്രിയാണ്. തിരണ്ട കന്യകയ്ക്ക് കല്യാണമാവാം എന്ന് വിധിച്ചതും അഗ്നിഹോത്രിയാണ്. സ്ത്രീകൾക്കിടയിൽ ഒരു റഫറണ്ടം നടത്തിയാൽ അവരുടെ ഹിതമറിയാം.

?ഏറ്റവും ബുദ്ധിമുട്ടുള്ള ഒരു കാര്യം

> മനുഷ്യനാവുക എന്നത് വളരെ പ്രയാസമാണ്.

? എത്രത്തോളം മനുഷ്യനാവാൻ പറ്റി

> ആരുടെ മനോരാജ്യമാണ് പൂർണ്ണമായി നിറവേറിയിട്ടുള്ളത്. അച്ഛൻ പറയാറുണ്ടായിരുന്നു കുളത്തിൽ ഒരു കല്ലിട്ടാൽ ഒരോളമുണ്ടാവും. പിന്നെയും കല്ലിടേണ്ടി വരും അടുത്ത ഓളമുണ്ടാവാൻ. സാമൂഹ്യ പരിവർത്തനത്തിന് അവസാനമില്ല.

വിളിക്കാം വി.ടി.വാസുദേവനെ

9447837902

വി.ടി. വാസുദേവന്റെ ചോദ്യത്തിന് ഉത്തരം നൽകുകയാണ് ഗായത്രി ഐ.എ.എസ്. വായിക്കുക അടുത്ത പേജിൽ.


# അക്ഷരശ്ലോകാവലി

## (ശ്ലോകസമാഹാരം)




അക്ഷരമാലാക്രമത്തിൽ അണിയിച്ചൊരുക്കിയ ഗ്രന്ഥം. ശ്ലോകരചനയും അവതരണവുമായി ബന്ധപ്പെടുന്നവർക്ക് ഉപകാരപ്രദം. ധാരാളം ക്ഷേത്രശ്ലോകങ്ങളും സരസശ്ലോകങ്ങളും ഭക്ഷണശ്ലോകങ്ങളും ഉണ്ട്.
300 ഓളം പേജുകൾ. വില 250 രൂപ.



വി.എൽ.ശാരദ അന്തർജ്ജനം
മലമേൽ ഇല്ലം
കിടങ്ങൂർ പി.ഒ. 686572
കോട്ടയം ജില്ല
കോപ്പികൾക്ക് ബന്ധപ്പെടാൻ:
9400196322, 0482 2257474



2

2010 സെപ്തംമ്പർ ഒന്നിന് തുടങ്ങിയ ഐ എ എസ് പഠനം 2013 മേയിൽ 37ാം റാങ്കോടെ ലക്ഷ്യം നേടിയതിനെപ്പറ്റി



# ഉദാഹരണം ഗായത്രി

## നേടാം രണ്ടര വർഷം കൊണ്ടും ഐ.എ.എസ്



താമരക്കുളം
ദിവാകരൻ നമ്പൂതിരി

ഒരു ശാന്തിക്കാരന്റെ മകൾ. ഹൈസ്കൂളിൽ ഒരു സാധാരണ പെൺകുട്ടി. എസ്. എസ്. എൽ.സിക്ക് 572 മാർക്കോടെ 17ാം റാങ്ക്. പ്ലസ് ടുവിന് ഡിസ്റ്റിംഗ്ഷൻ, ബി.ടെക്കിന് കോളേജ് ടോപ്പർ.അതോടെ കാമ്പസ് പ്ലേസ്മെന്റ് വഴി ഒരു നല്ല ജോലിയും . പിന്നെ വേണ്ടത് വേളിയാണ്. 22 വയസ്സായപ്പോഴേക്കും അതും കഴിഞ്ഞു. ഭർത്താവിനൊപ്പം 6 വർഷം അബുദാബിയിൽ. അവിടെയും കിട്ടി ഒരു ജോലി .പിന്നെ, രണ്ടു കൊല്ലമായപ്പോഴേക്കും ഒരു കുഞ്ഞും പിറന്നു.

ഇനിയെന്ത് സംഭവിക്കും.?

ഭർത്താവിന് നല്ലൊരു ജോലിയുണ്ട്. രണ്ടാളും കൂടി ജോലിക്കു പോയാൽ കുട്ടിയെ നോക്കാൻ ആളുണ്ടാവില്ല. അതിനാൽ കുട്ടിയെ നോക്കി കുടുംബിനിയാവുക . ഇതാണ് സാധാരണ ഓപ്ഷൻ. കുക്കറി ഷോകൾ, പനീർ മസാല....അതെല്ലാം പരീക്ഷിച്ച് ഭർത്താവിനെ കഷ്ടപ്പെടുത്തുക. കാര്യങ്ങൾ സ്വസ്ഥമായി .

എന്നാൽ അങ്ങനെ സ്വസ്ഥമാവാൻ നിശ്ചയിച്ചില്ല ഗായത്രി.

ഇനി ഈ കുറിപ്പിലുള്ളതൊന്നും സാധാരണ കാര്യമല്ല. മറ്റു പെൺകുട്ടികൾ ( ആൺകുട്ടികളും ) മനസ്സിരുത്തി പഠിക്കേണ്ടതാണ്.

തിരുവനന്തപുരം തിരുമല പി.ടി.പി നഗറിലെ തൈക്കൂട്ടത്തുമനയിൽ 1985ൽ ജനനം.അച്ഛൻ കൃഷ്ണൻ പോറ്റി. അമ്മ ഭവാനി ടീച്ചർ. അവരുടെ മകൾ ചരിത്രത്തിന്റെ ഭാഗമായത് ഐ.എ.എസ് എന്ന മൂന്നക്ഷരം പേരിന് പിറകിൽ ചേർത്താണ്. അന്തർജന സമൂഹത്തിൽ






**യു.എ.ഇയിൽ കോച്ചിംഗ് ഉണ്ടായിരുന്നില്ല. ഇന്റർവ്യൂവിന്റെ കോച്ചിംഗിനായി തിരുവനന്തപുരം സിവിൽ സർവീസ് അക്കാദമിയിൽ ഒരു ചെറിയ കാലയളവ് മാത്രം.**



നിന്ന് ആദ്യത്തെ ഐ.എ.എസ് കാരി ! ഉദാഹരണത്തിന് ഇനി സുജാത വേണ്ട, നമുക്ക് ഗായത്രിയുണ്ട് !!

''അന്ന് അബുദാബിയിലായിരുന്നു . തികച്ചും യാദൃച്ഛികമായാണ് ഐ.എ.എസ് മോഹം തുടങ്ങിയത്. 2011 മുതൽ സിവിൽ സർവീസ് പ്രിലിമിനറിയുടെ പാറ്റേൺ മാറും എന്ന ഒരു ന്യൂസ് കണ്ടു. പുതുതായി ആപ്റ്റിറ്റ്യൂഡ് ടെസ്റ്റിന് ഒരു പേപ്പർ.ലോജിക്കൽ റീസണിംഗ്, ക്വാണ്ടിറ്റേറ്റീവ് ആപ്റ്റിറ്റ്യൂഡ്, ഇംഗ്ളീഷ്, ഡിസിഷൻ മേയ്ക്കിംഗ് തുടങ്ങിയ വിഷയങ്ങൾ. എല്ലാം എനിക്ക് ഇഷ്ടമുള്ളവ. എന്തുകൊണ്ട് എനിക്കും ട്രൈ ചെയ്തു കൂടാ . 2010 ആഗസ്റ്റിൽ മകന്റെ ചോറൂണിന് മഞ്ചേരിയിലെത്തിയപ്പോൾ ഐ.എ.എസിന് പഠിക്കാനുള്ള മോഹം ബന്ധുക്കളുമായി പങ്ക് വച്ചു.

എല്ലാവരും പ്രോത്സാഹിപ്പിച്ചു . ആദ്യത്തെ അന്വേഷണങ്ങളെല്ലാം നെറ്റിൽ കൂടി. കാര്യങ്ങൾ മനസ്സിലാക്കി. ഐ.എ.എസ് കോച്ചിംഗ് സെന്ററുകളിൽ ഫോണിൽ ബന്ധപ്പെട്ട് സംശയങ്ങൾ തീർത്തു. അങ്ങിനെ ഒരു രൂപരേഖയുണ്ടാക്കി.'

? മകൻ ജനിച്ചതിൽ പിന്നെയാണല്ലോ ഐ.എ.എസ് പഠനം . ചെറിയ കുട്ടിയേയും കൊണ്ട് എങ്ങനെ മാനേജ് ചെയ്തു

> ഓരോ ദിവസത്തേയും പ്ലാനിംഗ്. അതിന്റെ കടുകിട തെറ്റാതെയുള്ള എക്സിക്യൂഷൻ. എന്തു തന്നെ സംഭവിച്ചാലും ലക്ഷ്യം നേടും വരെ വിശ്രമമില്ലാത്ത പ്രവർത്തനം. അങ്ങിനെയൊരു മനോനില ഉണ്ടാക്കിയെടുക്കണമായിരുന്നു. ദിവസവും അഞ്ചെട്ട് മണിക്കൂർ പഠനത്തിനായി നീക്കിവെച്ചു.

**അർജുൻ ഉറങ്ങുന്ന സമയം ഞാൻ പഠിക്കാനിരുന്നു. മോനെ കാലിൽ കിടത്തിക്കൊണ്ട് വായിക്കുമായിരുന്നു ( ഓമനത്തിങ്കൾ കിടാവോ എന്ന താരാട്ട് പാടുന്ന അമ്മയുടെ സ്ഥാനത്ത് ഐ.എ.എസിന് പഠിക്കുന്ന വിദ്യാർത്ഥി! )**

അർജുൻ ഉറങ്ങുന്ന സമയം ഞാൻ പഠിക്കാനിരുന്നു. മോനെ കാലിൽ കിടത്തിക്കൊണ്ട് വായിക്കുമായിരുന്നു ( ഓമനത്തിങ്കൾ കിടാവോ എന്ന താരാട്ട് പാടുന്ന അമ്മയുടെ സ്ഥാനത്ത് ഐ.എ.എസിന് പഠിക്കുന്ന വിദ്യാർത്ഥി! )

യു.എ.ഇയിൽ ആയിരുന്നപ്പോൾ ജോലി കഴിഞ്ഞ് വന്നാൽ രവിയേട്ടൻ മോന്റെ കാര്യങ്ങൾ നോക്കിയിരുന്നു. നാട്ടിലുള്ളപ്പോൾ അമ്മയും. ആ ഡെഡിക്കേഷൻ തന്നെയായിരുന്നു എന്റെ ബലം.

യു.എ.ഇയിൽ ഹിന്ദു, ഫ്രണ്ട് ലൈൻ തുടങ്ങി വെബ്സൈറ്റുകളിലായിരുന്നു പത്രവായന. യു.എ.ഇയിൽ കോച്ചിംഗ് ഉണ്ടായിരുന്നില്ല. ഇന്റർവ്യൂവിന്റെ കോച്ചിംഗിനായി തിരുവനന്തപുരം സിവിൽ സർവീസ് അക്കാദമിയിൽ ഒരു ചെറിയ കാലയളവ് മാത്രം.

? എത്ര കാലമെടുത്തു

> 2010 സെപ്തംബർ ഒന്നിനാണ് തുടങ്ങിയത്. ജൂൺ 2011 ൽ പ്രിലിമിനറി എഴുതി, ഒക്ടോബർ / നവംബറിൽ മെയിൻ . 2012 ആദ്യം റിസൾട്ട് വന്നതിനു ശേഷമാണ് സിവിൽ സർവീസ് അക്കാദമിയിൽ ഇൻറർവ്യൂ കോച്ചിംഗിന്





## ഗായത്രിയുടെ അമ്മ പറയുന്നു

'വളരെ ചെറുപ്പം മുതലേ നല്ല വായനാശീലമാണ് അമ്മിണിക്ക്. സ്കൂളിൽ എനിക്ക് ലൈബ്രറിയുടെ ചാർജ് ഉണ്ടായിരുന്നു. യു.പി.ക്ലാസുകളിൽ പഠിക്കുമ്പോഴേ ധാരാളം വായിക്കും. ആ ഗ്രാഫ് കുത്തനെ ഉയർന്നു . എപ്പോൾ നോക്കിയാലും അവളുടെ കയ്യിൽ പുസ്തകമുണ്ടാകും.



പോയത്. 2012 ഏപ്രിലിൽ ഇന്റർവ്യൂ .433 റാങ്കിൽ ഡിഫൻസ് എക്കൗണ്ട് സർവീസിൽ നിയമനം. ജോയിൻ ചെയ്യുന്നത് നീട്ടി വെച്ച് അടുത്ത വർഷത്തേക്കുള്ള പഠനം .( ഇതും മാതൃകയാണ്. ഉയർന്ന റാങ്ക് നേടി ഐ.എ.എസ് തന്നെ കരസ്ഥമാക്കുകയെന്നതായിരുന്നു ലക്ഷ്യം )

? ഒരിക്കൽക്കൂടി പരീക്ഷ.

> അതേ,വീണ്ടും മേയ് 2012ൽ പ്രിലിമിനറി . ഒക്ടോബറിൽ മെയിൻ. 2013 ഏപ്രിലിൽ ഇൻറർവ്യൂ .മേയിൽ റിസൾട്ട്. 37 മത്തെ റാങ്ക്! തമിഴ്നാട് കാഡറിൽ പോസ്റ്റിംഗ്. രണ്ടാമത്തെ പ്രാവശ്യം കോച്ചിംഗിനേ പോയില്ല.

?എന്തായിരുന്നു ഓപ്ഷണൽ ?

>രണ്ടു ഓപ്ഷണലാണ് വേണ്ടിയിരുന്നത്. ഒന്ന് പബ്ലിക് അഡ്മിനിസ്ട്രേഷൻ. രണ്ടാമത്തേത് മലയാളവും. ആദ്യത്തേത് കരിയറിൽ ഗുണം ചെയ്യാൻ. രണ്ടാമത്തേത് വായനയിലും സാഹിത്യത്തിലുമുള്ള എന്റെ താൽപര്യം കാരണവും.

? ട്രെയിനിംഗിനെപ്പറ്റി?

>മുസ്സോറിയിലെ ലാൽ ബഹദൂർ ശാസ്ത്രി അക്കാഡമി ഓഫ് അഡ്മിനിസ്ടേഷനിൽ രണ്ടു വർഷത്തെ ട്രെയിനിംഗ്. അതിൽ ഒരു വർഷം അസിസ്റ്റൻറ് കലക്ടറായി കോയമ്പത്തൂരിൽ . ഈ സമയത്ത് അക്കാഡമിയും ജില്ലാ കലക്ടറും നമ്മുടെ പ്രവർത്തനങ്ങളെ വിലയിരുത്തിക്കൊണ്ടിരിക്കും. പരീക്ഷയിലെ സ്കോറും ട്രെയിനിംഗ് സ്കോറും ചേർത്താണ് ആ ബാച്ചിലെ സീനിയോറിറ്റി ലിസ്റ്റ് ഉണ്ടാക്കുന്നത്. ട്രെയിനിംഗ് പൂർത്തിയായപ്പോൾ എന്റെ റാങ്ക് 12 ആയി ഉയർന്നു.

? ആദ്യം 433 .പിന്നെ 37 . അതിനെ പിന്നെ 12 ആക്കി ഉയർത്തി. ആരോടാണ് നന്ദി ?

> ഞാൻ തികഞ്ഞ ഈശ്വരവിശ്വാസിയാണ്. ഗുരുവായൂരപ്പൻറ്റേയുംശ്രീ പത്മനാഭസ്വാമിയുടേയും, ആറ്റുകാലമ്മയുടേയും ഉദിയന്നൂർ ദേവിയുടേയും നിറഞ്ഞ ഭക്തയാണ്. അച്ഛൻ പൂജാരി. അമ്മയുടെ ഇല്ലം ഗുരുവായൂർ കോട്ടപ്പടിയിലെ മഴുവഞ്ചേരി മനയാണ്. അമ്മ എല്ലാ മാസവും ഗുരുവായൂർ തൊഴും. ആറ്റുകാൽ പൊങ്കാലയിടും. അമ്പലങ്ങളിൽ തൊഴുന്നത് ആത്മവിശ്വാസം തരുന്നു.

ഈശ്വരൻ, അച്ഛനമ്മമാർ, രവിയേട്ടൻ, രവിയേട്ടന്റെ അച്ഛനമ്മമാർ, എന്നെ സഹായിച്ച എല്ലാവർക്കും ഞാൻ കടപ്പെട്ടിരിക്കുന്നു. പഠിക്കുമ്പോഴും മുസ്സോറിയിൽ ട്രെയിനിംഗിനു പോയപ്പോഴും എന്റെ അഭാവത്തിൽ മാനേജ് ചെയ്ത കുഞ്ഞു അർജുൻ ,അവനോടുള്ള കടപ്പാടല്ലേ ഏറ്റവും വലുത്? അവനെ വിട്ട് ട്രെനിംഗിന് പോകേണ്ടി വന്നപ്പോൾ കരഞ്ഞു പോയി.

? ഇഷ്ടപ്പെട്ട പുസ്തകം?

> ബിൽ ബ്രൈസന്റെ എ ഷോർട്ട് ഹിസ്റ്ററി ഓഫ് നിയർലി എവരിതിംഗ് വല്ലാതെ ആകർഷിച്ചു.

? മാതൃകയാക്കാവുന്ന ആൾ?

> വിവിധ കാര്യങ്ങളിൽ പലരുമുണ്ട് . സ്വപ്ന സാക്ഷാത്കാരത്തി



## സബ് കലക്ടർ ചാലഞ്ച്

**പൊ**ള്ളാച്ചി സബ് കലകറായിട്ട് 3 വർഷമായി. കൈയേറിയ 100 ഏക്കറോളം ഗവ. ഭൂമി തിരിച്ചുപിടിച്ചു. കോയമ്പത്തൂർ പൊള്ളാച്ചി ഹൈവേ വീതി കൂട്ടാൻ കുറെ മരങ്ങൾ മുറിക്കണമെന്നു വന്നു. എന്നാൽ എതിർപ്പുമായി പരിസ്ഥിതിവാദികൾ . ഒരു വഴി കണ്ടെത്തി. മരങ്ങൾ പിഴുതുമാറ്റി കുഴിച്ചിടുക. അത് ഭാരിച്ച ഒരേർപ്പാടായിരുന്നു. ഫണ്ടുകൾ സമാഹരിച്ചു. പല സ്ഥലങ്ങളിലായി 35 മരങ്ങൾ ട്രാൻസ്പ്ളാന്റ് ചെയ്തു. അവ ഇപ്പോഴും പച്ചപിടിച്ചു നിൽക്കുന്നു.എതിർത്തവരെക്കൂടി ട്രാൻസ് പ്ളാന്റ് പ്രസ്ഥാനത്തിൽ പങ്കാളികളാക്കാൻ കഴിഞ്ഞു . ഇത് പിന്നീട് ഇന്ത്യയിൽ പലയിടത്തും മോഡലായി പരീക്ഷിച്ച് വിജയം കണ്ടു.

തമിഴ്നാട് ഇലക്ഷൻ പൊള്ളാച്ചി നിയോജക മണ്ഡലത്തിൽ റിട്ടേണിംഗ് ഓഫീസറായിരുന്നു. ഓരോ വില്ലേജിലും ചെറുപ്പക്കാരുടെ വിജിലൻസ് കമ്മിറ്റി ഉണ്ടാക്കി. പരമാവധി പേരെ വോട്ടു ചെയ്യിക്കുക, കള്ളവോട്ടു തടയുക ഇതായിരുന്നു ലക്ഷ്യം.ഇലക്ഷൻ കമ്മീഷൻ ഓഫ് ഇന്ത്യ അഭിനന്ദിച്ചെന്നു മാത്രമല്ല, പൊള്ളാച്ചി മോഡൽ എന്ന പേരിൽ ഇന്ത്യയൊട്ടാകെ ഇത്തരം വിജിലൻസ് കമ്മിറ്റികൾ രൂപീകരിക്കാൻ ആവശ്യപ്പെടുകയും ചെയ്തു.

**പഠിക്കുമ്പോഴും മുസ്സോറിയിൽ ട്രെയിനിംഗിനു പോയപ്പോഴും എന്റെ അഭാവത്തിൽ മാനേജ് ചെയ്ത കുഞ്ഞു അർജുൻ, അവനോടുള്ള കടപ്പാടല്ലേ ഏറ്റവും വലുത്? അവനെ വിട്ട് ട്രെയ്നിംഗിന് പോകേണ്ടി വന്നപ്പോൾ കരഞ്ഞു പോയി.**





ഗായത്രി ഭരതനാട്യത്തിന്റെ അരങ്ങിൽ

**ഇലക്ഷൻ കമ്മീഷൻ ഓഫ് ഇന്ത്യയും അഭിനന്ദിച്ചു. മാത്രമല്ല, പൊള്ളാച്ചി മോഡൽ എന്ന പേരിൽ ഇന്ത്യയൊട്ടാകെ ഇത്തരം വിജിലൻസ് കമ്മിറ്റികൾ രൂപീകരിക്കാൻ ആവശ്യപ്പെടുകയും ചെയ്തു.**



നായി വെല്ലുവിളികൾ ഏറ്റെടുത്ത പലരും സ്വാധീനിച്ചിട്ടുണ്ട്. സ്വന്തം വിശ്വാസങ്ങൾക്കായി സമുദായത്തിൽ പട നയിക്കുകയും കാര്യങ്ങൾ നേടിയെടുക്കുകയും ചെയ്ത വി.ടി. ഭട്ടതിരിപ്പാട് തികച്ചും ആരാധ്യൻ തന്നെ.

? നമ്പൂതിരിമാരുടെ പ്രഥമ പരിഗണന എന്തായിരിക്കണം?

> മനുഷ്യൻ എന്ന നിലയിൽ ഉയർന്ന മൂല്യങ്ങൾ കാത്തു സൂക്ഷിക്കുക. നമ്പൂതിരി സമുദായത്തിന് അധ്യയനത്തിന്റെയും നൻമകളുടെയും മഹത്തായ പാരമ്പര്യമുണ്ട്. അതുൾക്കൊണ്ട് പ്രവർത്തിക്കുക.

? ആത്മവിശ്വാസം വളർത്താൻ?

> നമ്മിലെ നന്മകളെ കണ്ടെത്തുക, തിരിച്ചറിയുക. കൊച്ചു കൊച്ചു വിജയങ്ങളിൽ പോലും അഭിമാനം കൊള്ളുക. വാക്കിലോ മനസ്സിലോ പോലും നമ്മെപ്പറ്റി മോശമായതൊന്നും വേണ്ട. വിമർശനങ്ങൾ അവശ്യം വേണ്ട മാറ്റങ്ങൾക്കായി ഉപയോഗപ്പെടുത്താം.എന്നാൽ മനസ്സിന്റെ ഉള്ളിലേക്ക് കടത്തരുത്. പോസിറ്റീവ് ആയി മാത്രം ചിന്തിക്കുക. സ്വന്തം ഇമേജ് നമ്മൾ തന്നെ സൃഷ്ടിക്കുന്നതാണ്. നമ്മെ മറ്റുള്ളവരുമായി താരതമ്യം ചെയ്യരുത്. ലക്ഷ്യത്തെ കൊച്ചു കൊച്ചു ഭാഗങ്ങളാക്കുക. ഓരോന്നായി നേടിയെടുക്കുക. അച്ചടക്കം ആത്മവിശ്വാസം വളർത്തും .

? നമ്പൂതിരിപ്പെൺകുട്ടികളോട്

> നന്നായി പഠിക്കുക. സ്വന്തം കാലിൽ നിൽക്കുക. വിവാഹം, കുട്ടികൾ എന്നിവയുടെ പേരിൽ സ്വപ്നങ്ങളെ നിരാകരിക്കേണ്ട. ഈശ്വരനിലും നമ്മളിലും വിശ്വാസമുണ്ടെങ്കിൽ നേടാൻ കഴിയാത്തതൊന്നുമില്ല. ചെയ്യുന്നതെല്ലാം എക്സലന്റ് ആയി ചെയ്യുക. വിജയം ഉറപ്പ്.

? സബ് കലക്ടറായിരിക്കെയാണ് ഭരതനാട്യം അരങ്ങേറ്റം. തിരക്കിനിടയിൽ എവിടന്ന് സമയം?

> സ്കൂളിലും കോളേജിലുമെല്ലാം ഡാൻസിൽ പങ്കെടുക്കാറുണ്ടായിരുന്നു. തിരുവാതിരക്കളിയിലും . പക്ഷേ പൊള്ളാച്ചിയിൽ വന്ന ശേഷമാണ് ഭരതനാട്യം പഠിച്ചത്. അരങ്ങേറ്റം ചിദംബരത്തും. രണ്ടു വർഷം മുൻപ് എം.എ പബ്ലിക് അഡ്മിനിസ്ടേഷൻ എഴുതിയെടുത്തു. ഇനി എം.ഫില്ലിന് എൻറോൾ ചെയ്യണം.

അർജുന് ഇപ്പോൾ 8 വയസ്സായി. ഈശ്വര വിശ്വാസിയായും, ലോകത്തെപ്പറ്റി ക്യൂരിയോസിറ്റി ഉള്ളവനായും, തെറ്റിനെപ്പറ്റിയും ശരിയെപ്പറ്റിയും അവബോധമുള്ളവനായും വളർത്താനാണ് എൻറ ശ്രമം. എന്റെ അനിയൻ ഗണേഷ് കൃഷ്ണൻ ചാർട്ടേഡ് അക്കൗണ്ടൻറാണ് . ചെന്നൈയിൽ ബാർക്ക്ലേയ് ബാങ്കിൽ അസിസ്റ്റൻറ് വൈസ് പ്രസിഡണ്ടായി ജോലി നോക്കുന്നു.

ഗായത്രിയുടെ മാർഗ്ഗം പിന്തുടരുന്ന വേറെയും യുവാക്കളുണ്ട്. സിവിൽ സർവീസിന് തയ്യാറെടുക്കുന്ന മനു വിഷ്ണുവിനെ അറിയുക. അടുത്ത പേജിൽ.



ഭർത്താവിനും കുഞ്ഞിനുമൊപ്പം

ബി.ടെക് തിരുവനന്തപുരത്തെ മാർ ബസേലിയസ് കോളേജിൽ. ഒരു വർഷം എൻവെസ്റ്റ്നെറ്റ് എന്ന കമ്പനിയിൽ ജോലി. 2007 ൽ മലപ്പുറം ജില്ലയിലെ മഞ്ചേരി കണ്ണാഞ്ചേരി പന്നിക്കാട്ട് ഇല്ലത്തെ ചാർട്ടേഡ് എക്കൗണ്ടൻറ് രവികുമാറുമായുള്ള വിവാഹം. ഇലക്ട്രിസിറ്റി ബോർഡിൽ നിന്ന് റിട്ടയർ ചെയ്ത കുമാരൻ മൂസദിന്റേയും നേമത്തില്ലത്ത് ഗിരിജ അന്തർജനത്തിൻറേയും മകനാണ് രവികുമാർ. ദുബായിലെ മിനിസ്ട്രി ഓഫ് ഫിനാൻസിൽ സീനിയർ ഫിനാൻസ് കൺസൾട്ടന്റ് ആയി ജോലി നോക്കുന്നു. ഭർത്താവിന്റെ കൂടെ അബുദാബിയിൽ 3 വർഷം. ആ സമയത്താണ് എം.ബി.എ എഴുതിയെടുത്തത്. 2010 ൽ മകൻ അർജുന്റെ ജനനം.



**ശാന്തി, ക്ഷേത്രം എന്നീ കാര്യങ്ങൾക്ക് പുറത്തേക്കും ചർച്ചയും ഇടപെടലും വേണം.ശാന്തിക്കാരനെ മോശക്കാരനായി കാണുന്ന ഗ്രൂപ്പുണ്ട്. എന്നാൽ അവൻ ഒരു എന്റർപ്രണർ ആവട്ടെ.അതിനൊട്ട് ധൈര്യവുമില്ല.**





**27കാരനായ മനുവിന്റെ മനസ്സിൽ കാമ്പസ് പ്ളേസ്മെന്റോ വേളിയോ അല്ല. സിവിൽ സർവീസാണ്.**

**3**

# സിവിൽ സർവീസിന്റെ പ്രിലിമിനറിപ്പടിയിൽ

**ശാന്തിക്കാരനാവുന്നതും സ്കൂൾ മാഷ് ആവുന്നതും മാത്രമല്ല , അതിനു പുറത്തും ചില ലോകമുണ്ടെന്ന് മനു പറയുന്നു. പത്തേക്കർ സ്ഥലമുള്ള നമ്പൂതിരി അത് വിറ്റ് ബാങ്കിലിട്ട് പലിശ വാങ്ങി ജീവിക്കും. അതിൽ ഒരു എസ്റ്റേറ്റ് കെട്ടിപ്പടുക്കുന്നത് സ്വപ്നം കാണുന്നില്ല.**

നമ്പൂതിരി യൂത്ത് ശ്രദ്ധിക്കേണ്ടത് എന്ത് ?

നല്ല വിദ്യാഭ്യാസം. പിന്നെ ബ്രാഹ്മണ്യം ഒരു ഭാരമായി തോന്നാതിരിക്കുക. അവനവനെ കാണുന്ന രീതിയിലാണ് ആദ്യം മാറ്റം വേണ്ടത്. ഒരു തരം അപകർഷതാ ബോധത്തോടെയാണ് നമ്പൂതിരി യുവാക്കൾ കഴിയുന്നത്. അക്കാര്യത്തിലാണ് മാറ്റം വേണ്ടത്.

നമ്മുടെ ഏറ്റവും വലിയ പ്രശ്നം ത്രിശങ്കുസ്വർഗ്ഗത്തിലെ അവസ്ഥയാണ്.

പഴമയോടും നമ്പൂരിത്തത്തോടും പരമപുച്ഛം ഫാഷനായി കൊണ്ടു നടക്കുക. ഇതിനിടെ എങ്ങനെയെങ്കിലും ഒരു ബിടെക്ക് ഒപ്പിച്ചെടുക്കുക.എന്തെങ്കിലും തരികിട ജോലി ഒപ്പിക്കുക. വേളി കഴിക്കുക.അതോടെ ചെയ്യേണ്ടതെല്ലാം ചെയ്തു എന്ന തോന്നലിലാണ് യൂത്ത് കഴിയുന്നത്. ഇതാണ് ഇക്കാലത്തെ ഏറ്റവും വലിയ പ്രതിസന്ധി.

പറയുന്നത് തൃശൂരിലെ മംഗലപ്പിള്ളി ഇല്ലത്ത് മനു വിഷ്ണു. 27കാരനായ മനുവിന്റെ മനസ്സിൽ കാമ്പസ് പ്ളേസ്മെന്റോ വേളിയോ അല്ല. സിവിൽ സർവീസാണ്. പൂനെ യൂനിവേഴ്സിറ്റിയിൽ നിന്ന് കൊമ്മേഴ്സിൽ ബിരുദം കഴിഞ്ഞ മനു തിരുവനന്തപുരം എഡ്യുസോണിലായിരുന്നു രണ്ടു വർഷം. അവിടത്തെ ഏറ്റവും മികച്ച സിവിൽസർവീസ് പരിശീലനക്കളരിയിൽ. ഇപ്പോൾ മാസ്റ്റർ ബിരുദത്തിനും പഠിക്കുന്നു. അടുത്ത പ്രിലിമിനറിയിൽ കടന്നു കൂടുന്നതിനെപ്പറ്റിയാണ് എല്ലാ ചിന്തകളും.ഒരു ക്ളബിലും മെമ്പറല്ല, ഒരു പാർട്ടിയോടും അനുഭാവവുമില്ല. മദ്യവും മാംസവും കഴിച്ചിട്ടുമില്ല. അതൊന്നുമല്ല പുരോഗതിയുടെ വഴിയെന്നും കരുതുന്നു.

ശാന്തിക്കാരനാവുന്നതും സ്കൂൾ മാഷ് ആവുന്നതും മാത്രമല്ല , അതിനു പുറത്തും ചില ലോകമുണ്ടെന്ന് മനു പറയുന്നു. പത്തേക്കർ സ്ഥലമുള്ള നമ്പൂതിരി അത് വിറ്റ് ബാങ്കിലിട്ട് പലിശ വാങ്ങി ജീവിക്കും. അതിൽ ഒരു എസ്റ്റേറ്റ് കെട്ടിപ്പടുക്കുന്നത് സ്വപ്നം കാണുന്നില്ല.ഇപ്പോൾ ശബരിമലയാണ് ചർച്ച ചെയ്യുന്നത്. ശാന്തി, ക്ഷേത്രം എന്നീ കാര്യങ്ങൾക്ക് പുറത്തേക്കും ചർച്ചയും ഇടപെടലും വേണം.ശാന്തിക്കാരനെ മോശക്കാരനായി കാണുന്ന ഗ്രൂപ്പുണ്ട്. എന്നാൽ അവൻ ഒരു എന്റർപ്രണർ ആവട്ടെ.അതിനൊട്ട് ധൈര്യവുമില്ല.

എന്റർപ്രണർ ആവാൻ നമുക്കിടയിൽ നിന്ന് ആരും വരുന്നില്ല. ആരെങ്കിലും വച്ചു നീട്ടുന്ന പതിനായിരം രൂപയുടെ ജോലി ചെയ്ത് അതിൽ തളച്ചിടുകയാണ് യുവാ



**പുരോഹിതവൃത്തി ചെയ്യുന്നവർ ആവിഷയ ത്തിൽ അവരുടെ അറിവും, വൈദഗ്ദ്ധ്യവും പതിന്മടങ്ങ് വർദ്ധിപ്പിക്കാൻ ശ്രമിക്കുക.**



ക്കൾ. പൂണൂല് പൊട്ടിച്ചും കുടുമ മുറിച്ചും കുളിയും സന്ധ്യാവന്ദനവും ഉപേക്ഷിച്ചും പരിഷ്കരിക്കാൻ ശ്രമിച്ചു. എന്നാൽ സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്ന് അകന്നു കഴിയുകയാണ് ഇന്നും .വിദ്യാഭ്യാസം, സ്വയം സംരംഭകത്വം, സാമൂഹ്യസേവനം . സമൂഹ ഇടപെടൽ തുടങ്ങിയ മേഖലകളിൽ ഇനിയും ഗുണപരമായ മാറ്റം വേണ്ടതുണ്ട്.

നമ്പൂതിരി യൂത്ത് ഇപ്പോഴും കംഫർട്ട് സോണിലാണ് കഴിയുന്നത്. അതുകൊണ്ട് ഒരു വലിയ കുഴപ്പമുണ്ട്. ബ്രാഹ്മണ്യം ഒരു ഭാരമായി അവന് തോന്നുന്നു.

പരിവർത്തനത്തിന്റെ അനിവാര്യത മനു ബോദ്ധ്യപ്പെടുത്തുന്നു.അതിവേഗം മാറിക്കൊണ്ടിരിക്കുന്ന ലോകത്ത് നമ്പൂതിരിയുടെ സ്ഥാനമെന്ത് ? ആർട്ടിഫിഷ്യൽ ഇന്റലിജൻസും, ഡ്രൈവറില്ലാവാഹനങ്ങളും, റോബോട്ടുകളും വരെ ലോകം വാഴാൻ തുടങ്ങുന്ന ഇക്കാലത്ത്, അസ്തിത്വം വരെ കയ്യാലപ്പുറത്തായ നമ്പൂതിരി, എവിടെ നിൽക്കണം ?. അവന്റെ കാഴ്ചപ്പാടിൽ കാര്യമായ മാറ്റങ്ങൾ വരുന്നതോടൊപ്പം, അസ്മാദികൾ എന്ന മുദ്ര നിലനിർത്തണോ എന്നും ആലോചിക്കേണ്ടിയിരിക്കുന്നു.

ഇങ്ങനെയൊക്കെ പറയുമ്പോഴും ഇന്നു വരെ നോൺ വെജ് കഴിക്കാത്ത ആളാണ് മനു. സത്വഗുണം ഒരു ചര്യയാക്കണമെന്നും പറയുന്നു.സാമുദായികതയാകെ അട്ടിമറിക്കുന്ന വിപ്ളവമല്ല അറിവുകൊണ്ട് ആദരവ് പിടിച്ചുപറ്റുന്ന നമ്പൂതിരി ആവുകയാണ് വേണ്ടതെന്നും മനു കരുതുന്നു.

നമ്പൂതിരി/നമ്പൂതിരിത്ത്വം എന്നാൽ എന്താണ് ? പൊതുവിൽ നമ്പൂതിരിയെ ഇങ്ങനെ നാലായി തിരിക്കാം :1) എല്ലാ ചര്യകളും, കർമ്മങ്ങളും മറ്റും അതേ പോലെ നിലനിർത്തുന്ന, അന്യം നിൽക്കാറായ ഒരു ചെറിയ ശതമാനം;

2) തൊഴിൽ സംസ്ക്കാരം ഇതുമായി ബന്ധപ്പെട്ടതു കൊണ്ട്, ഇതെല്ലാം എന്തിനോ വേണ്ടി നടത്തിക്കൊണ്ട് പോകുന്ന ഒരു വിഭാഗം.

3) മറ്റുള്ളവരെ ബോധിപ്പിക്കാൻ വേണ്ടി മാത്രം ഇതെല്ലാം ചെയ്യുന്ന, ഒപ്പം തന്നെ, ഇവയിലൊന്നും വിശ്വാസമില്ലാത്ത മഹാഭൂരിപക്ഷം.

4) മറ്റു തൊഴിൽ മേഖലയിൽ പ്രവേശിച്ചതു കൊണ്ട്, ഇതിനെയെല്ലാം പുച്ഛത്തോടെ നോക്കിക്കാണുന്ന മറ്റൊരു കൂട്ടർ.

ഇതിനെല്ലാം നടുവിൽ ദിശയറിയാതെ വഴിമാറിപ്പോകുന്നത് യുവാക്കളും പിൻതലമുറയുമാണ്. ശരിക്കും പറഞ്ഞാൽ ത്രിശങ്കു സ്വർഗ്ഗത്തിലാണ് യൂത്ത്. പഴയ കാര്യങ്ങളോട് പരമ പുച്ഛം എന്നാൽ പുതിയത് മുഴുവൻ ഉൾക്കൊള്ളാനാവുന്നുമില്ല. പ്രായത്തിന്റേതായ സംഘർഷങ്ങളും, വെല്ലുവിളികളും നേരിടുന്നതിനോടൊപ്പം, സവർണ്ണരായതിന്റെ പേരിൽ നേരിടുന്ന ആശങ്കകൾ നിരവധിയാണ്. നമ്പൂതിരി എന്ന് അറിയപ്പെടണോ എന്ന് തന്നെ അവർക്ക് സംശയമുണ്ട്.

'എനിക്ക് പൗരോഹിത്യത്തിന്റെ അപ്പക്കഷ്ണം വേണ്ട, സ്വന്തം കാലിൽ നിൽക്കാനുള്ള കെല്പുണ്ട്, മനുഷ്യനായി അറിയപ്പെട്ടാൽ മതി', എന്ന് വാദിക്കുന്നവരുണ്ടാകാം. നിവൃത്തിയില്ലാത്തത് കൊണ്ട് പൗരോഹിത്യം അടിച്ചേൽപ്പിക്കപ്പെട്ടവർ ഉണ്ടാകാം.

ഇതിനെല്ലാം പുറമേ നമ്പൂതിരിപക്ഷം ഇരട്ട വ്യക്തിത്വങ്ങളുടെയും കേന്ദ്രമാണ്. ഒരേ സമയം രാഷ്ട്രീയ പുരോഗമനവാദിയും, അതേ സമയം രഹസ്യമായിട്ടെങ്കിലും സ്വസമുദായസ്നേഹിയും. അണുകുടുംബങ്ങളായി വിഘടിച്ചു നിൽക്കുന്ന നമ്മൾ, ഒറ്റയാനായി, എവിടെയും ഇല്ലാതെ നിൽക്കുന്ന കാഴ്ചയാണ് കാണുന്നത്.

ലോകത്ത് നടക്കുന്ന പല മാറ്റങ്ങളും നമുക്ക് അന്യമാണ്. മറ്റു തൊഴിൽ മേഖലകളിലേക്കും, സാധ്യതകളിലേക്കും കടക്കാൻ ഇന്നും വിമുഖത. സ്റ്റാർട്ടപ്പ് വിപ്ലവങ്ങളും മറ്റും ശക്തി പ്രാപിക്കുന്നത് നമ്മൾ അറിഞ്ഞ മട്ടില്ല.

മേൽപ്പറഞ്ഞവയിൽ ചിലതിലെങ്കിലും മാറ്റം വന്നാൽ അത് വലിയൊരു തുടക്കമാണ്. ഇതിനൊക്കെ പുറമേ നമ്പൂതിരി യുവത അടിസ്ഥാനപരമായി ചെയ്യേണ്ട ചില കാര്യങ്ങളുണ്ട്.

നമ്പൂതിരി ആയതിൽ ലജ്ജിക്കേണ്ടതില്ല; അഭിമാനിച്ചില്ലെങ്കിലും.

അടിസ്ഥാനപരമായ നിത്യക്രിയകൾ, പുണ്യാഹം എന്നിവ, അറിഞ്ഞിരിക്കുക.

സ്വസമുദായത്തിലും പുറത്തും പരസ്പരബന്ധങ്ങൾ ശക്തിപ്പെടുത്തുക;

പുരോഹിതവൃത്തി ചെയ്യുന്നവർ ആവിഷയത്തിൽ അവരുടെ അറിവും, വൈദഗ്ദ്ധ്യവും പതിന്മടങ്ങ് വർദ്ധിപ്പിക്കാൻ ശ്രമിക്കുക. അവർക്ക് ക്രമേണ ഒരു ഉപദേഷ്ടാവ്, ആത്മീയാചാര്യൻ എന്നീ നിലകളിലേക്ക് ഉയരാൻ കഴിയണം. ഇതൊരു സമുദായനാമം എന്നതിനുമപ്പുറം ഒരു അയുഷ്ക്കാലവും കടന്നുള്ള ഔന്നത്യത്തിലേക്കുള്ള ചവിട്ടുപടിയായി നാം കാണുക, അതിനനുസരിച്ച് അനുവർത്തിക്കുക...

നം പൂരയിതിഃ നമ്പൂതിരിഃ

വിളിക്കാം മനുവിനെ

അനുഗ്രഹിക്കാം സിവിൽ സർവീസിനായി. 7559950659

നമ്പൂതിരിമാർക്കും പറ്റുന്ന മേഖലയാണ് സിനിമ. അറിയുക സിനിമാമേഖലയിലെ നമ്പൂരിയേയും ആത്തേമ്മാരെയും. അടുത്ത പേജിൽ.

**ഇന്നു വരെ നോൺ വെജ് കഴിക്കാത്ത ആളാണ് മനു. സത്വഗുണം ഒരു ചര്യയാക്കണമെന്നും പറയുന്നു. സാമുദായികതയാകെ അട്ടിമറിക്കുന്ന വിപ്ളവമല്ല അറിവുകൊണ്ട് ആദരവ് പിടിച്ചുപറ്റുന്ന നമ്പൂതിരി ആവുകയാണ് വേണ്ടതെന്നും മനു കരുതുന്നു**







# സിനിമാരംഗത്തെ നമ്പൂരീം ആത്തേമ്മാരും

4



**കെ.എം. രൂപ**

മലർവാടി ആർട്സ് ക്ലബിലൂടെയും തട്ടത്തിൻ മറയത്തിലൂടെയും പ്രേക്ഷകർക്ക് പരിചിതനായ ദീപക് പറമ്പോൽ നായകനായെത്തുന്ന ഓർമയിലൊരു ശിശിരം എന്ന സിനിമയുടെ വർക്കിലാണ് ഇവരിപ്പോൾ. വിവേക് ചിത്രത്തിന്റെ സംവിധായകനും അമൃത സഹസംവിധായികയുമാണ്.

പി.എം. ആര്യന്റെയും ഭാവനയുടെയും മകനാണ്. ഏട്ടൻ ശ്യാം ആര്യൻ. മനയത്താട്ട് മരുമകനാണ്. കൂറ്റനാടാണ് തറവാടെങ്കിലും വിവേക് വളർന്നത് ചെന്നൈയിലാണ്. ഇപ്പോൾ എറണാകുളത്താണ് താമസം. മദ്രാസ് യൂണിവേഴ്സിറ്റിയിൽ വിഷ്വൽ കമ്യൂണിക്കേഷനും പിന്നീട് അഡ്വർടൈസ്മെന്റ് കോഴ്സും പാസായി. മലയാളം പഠിച്ചെടുക്കണമെന്ന വാശിക്ക് ഡിഗ്രിയ്ക്കു പഠിക്കുമ്പോൾ സെക്കൻഡ് ലാംഗ്വേജായി എടുത്തു. ഉപനയനവും സമാവർത്തനവുമെല്ലാം വിധിയാംവണ്ണം നടത്തിയിട്ടുണ്ട്. അത്യാവശ്യം പൂജാദികർമങ്ങൾ അച്ഛൻ പഠിപ്പിച്ചിട്ടുമുണ്ട്. പിന്നീട് സിനിമയുടെ തിരക്കിലായതിനാൽ സ്ഥിരമായി ചെയ്യാൻ സമയം കിട്ടാറില്ലെന്നും വിവേക് പറയുന്നു. കോഴ്സു കഴിഞ്ഞു രണ്ടു ഹ്രസ്വചിത്രങ്ങളെടുത്തു. അതിൽ മയ്യം എന്ന തമിഴ് ചിത്രത്തിന് രണ്ടു അന്താരാഷ്ട്ര അവാർഡുകൾ ലഭിച്ചു. ഈ രണ്ടു ചിത്രങ്ങളും ചെയ്യാൻ കുടുംബാംഗമായ അശ്വിൻ ആര്യനുമുണ്ടായിരുന്നു. അതിനു ശേഷമാണ് ജിത്തു ജോസഫിന്റെ കൂടെ മെമ്മറീസ്, ദൃശ്യം എന്നീ സിനിമകളിൽ സഹസംവിധായകനായി പ്രവർത്തിക്കാനായത്. ഏതാനും പരസ്യചിത്രങ്ങളും ചെയ്തിട്ടുണ്ട്.

അമൃതയുടെ ഇല്ലം മഞ്ചേരി കരിക്കാട് പാലശേരിയാണ്. ഇവിടെ ധാരാളം കലാകാരൻമാരുണ്ട്. ജയനാരായണന്റെയും ലതയുടെയും മകളാണ്. അരവിന്ദ് അനിയനാണ്. എടപ്പാൾ മാറഞ്ചേരി മുല്ലപ്പള്ളി മരുമകളാണ്. ശ്രീപതി എൻജിനിയറിങ് കോളേജിൽനിന്ന് സിവിൽ എൻജിനിയറിങ്ങിനു ശേഷം നിയോ ഫിലിം സ്കൂളിൽനിന്ന് ഫിലിം മേക്കിങ് പഠിച്ചു. ഉമാ കുമരപുരം എന്ന സിനിമാറ്റോഗ്രാഫറുടെ കൂടെ പ്രവർത്തിച്ച അമൃത അവരുടെ ഫീച്ചർ സിനിമകളുടെ ഭാഗമായിരുന്നു.

ഒരേ രംഗത്തുനിന്നുള്ളവരായതുകൊണ്ട് ഒന്നിച്ചു പ്രവർത്തിക്കുമ്പോൾ അതിന്റേതായ സ്വാതന്ത്ര്യവും ഉത്സാഹവുമുണ്ടെന്ന് വിവേകും അമൃതയും പറയുന്നു. അമൃതയുടെ കസിൻ സാന്ദ്ര പരമേശ്വരനെഴുതിയ മുടിയേറ്റിനെ അടിസ്ഥാനമാക്കിയുള്ള സംഗീത അൽബം 'മോക്ഷ'യിലാണ് ഇരുവരും ഒന്നിച്ചുപ്രവർത്തിച്ചത്. അപ്പോഴേക്കും വേളി കഴിഞ്ഞിരുന്നു. രണ്ടുപേരുടെയും ഇല്ലക്കാർ തീരുമാനിച്ചുറപ്പിച്ച വിവാഹമാണെന്ന് വിവേക് പറയുന്നു. ഒരേ മേഖലയിൽ നിന്നുള്ളവരെന്നു കേൾക്കുമ്പോൾ ആദ്യം വരുന്ന ചോദ്യം പ്രണയവിവാഹമാണോയെന്നാണ്. ഇപ്പോൾ ഇരുവരും ഓർമയിലൊരു ശിശിരത്തിന്റെ ഷൂട്ടിങ്ങിന്റെ തിരക്കിലാണ്.

പഴയതുപോലെയല്ല, ഇന്നിപ്പോൾ ഒരുപാട് നമ്പൂതിരിമാരുണ്ട് സിനിമാരംഗത്തെന്ന് വിവേകും അമൃതയും പറയുന്നു. തങ്ങളുടെ സിനിമയിലെ പാട്ടുകൾ രചിച്ചത് മറ്റൊരു നമ്പൂതിരിയാണ്, ബി.കെ. ഹരിനാരായണൻ. താത്പര്യവും കഠിനാധ്വാനവുമുണ്ടെങ്കിൽ ഈ രംഗത്ത് വിജയം കൈവരിക്കാം. എട്ടുവർഷത്തെ അധ്വാനത്തിനുശേഷമാണ് സംവിധായകന്റെ കുപ്പായമണിയുന്നതെന്ന് വിവേക്. സിനിമയാണ് എന്നും ഇരുവരുടെയും സ്വപ്നം. പൂർവികപരമ്പരമുതൽ പൂജിച്ചുപോരുന്ന ഗുരുവായൂരപ്പൻ എല്ലാ ആഗ്രഹങ്ങൾക്കും വഴികാട്ടിയായി നിൽക്കുമെന്ന് ഇവർ ഉറച്ചുവിശ്വസിക്കുന്നു, അതുതന്നെയാണ് ഇരുവർക്കും മുന്നോട്ടുള്ള യാത്രയ്ക്കുള്ള കരുത്തും.

ആത്തേമ്മാരായി ഒതുങ്ങേണ്ട,പക്ഷേ... പെൺകുട്ടികൾ ചെയ്യേണ്ടതും അരുതാത്തതും. കെ.ബി.ശ്രീദേവി ചൂണ്ടിക്കാട്ടുന്നു. അടുത്ത പേജിൽ.



കോളേജിൽ പോകാൻ ഒരുപാട് വാശി പിടിച്ചെങ്കിലും അന്നത്തെ ഓർത്തഡക്സ് ചിന്താഗതി കാരണം വാശി വിജയിച്ചില്ല.

5





### കെ.ബി.ശ്രീദേവി പറയുന്നു പെൺകുട്ടികളോട്

# ചെയ്യേണ്ടതും അരുതാത്തതും



**ഉമശ്രീ**

ഇരുപത് വയസ്സിലേക്ക് തിരിച്ചെത്താൻ ഒരവസരം കൂടി ലഭിച്ചാൽ കെ.ബി. ശ്രീദേവിയെന്ന എഴുത്തുകാരി ആഗ്രഹിക്കുന്നത് എന്തായിരിക്കും? ഇങ്ങനെയൊരു ചോദ്യത്തിന് മറ്റൊരു അർത്ഥം കൂടിയുണ്ട്. ഇപ്പോഴത്തെ ഇരുപതുകാരികൾ എന്തു ചെയ്യണം എന്നുകൂടി.

" ഡോക്ടറാവണം എന്നായിരുന്നു കുട്ടിക്കാലത്തേ ഉള്ള മോഹം. ആറാം ക്ലാസിലാണ് സ്ക്കൂളിൽ ചേർന്നത്.ഒൻപതാം വയസ്സിൽ . അച്ഛന്റെ ഉത്സാഹത്തിൽ നിലവിൽ വന്ന ഇന്നത്തെ വണ്ടൂർ വി.എം.സി ഹയർ സെക്കണ്ടറി സ്ക്കൂളിലെ ആദ്യ ബാച്ചായിരുന്നു അത്. അങ്ങനെ പതിമൂന്നാം വയസ്സിൽ എസ്.എസ്.എൽ.സി.പരീക്ഷ എഴുതാൻ ആദ്യം ഒബ്ജഷൻ ഉണ്ടായെങ്കിലും അന്നത്തെക്കാലവും അല്പം സ്വാധീനവും ഒക്കെ ചേർന്നപ്പോൾ എ


Kudajadri Homes
An Astro- Ayurvedic- Yoga Village
Samooha Madom Road
Near Thrikkariyoor Maha Deva Temple
Thrikkaariyoor, Kothamangalam, Ernakulam(Dist)
Kerala (state) India. Pincode : 686692
Phone : +91 4852824800, +91 8075312614
Web : www.kudajadrihomes.com
Email : info@kudajadrihomes.com





**കുട്ടികൾ ദിനചര്യയിൽ കൂടുതൽ ശ്രദ്ധ കൊടു ക്കേണ്ടതാണ്. വെളിച്ചാ യാലും കിടന്നുറങ്ങുന്ന ശീലം നല്ലതല്ല..**





സ്.എസ്.എൽ.സി വലിയ ബുദ്ധിമുട്ടില്ലാതെ പാസ്സായി.

കോളേജിൽ പോകാൻ ഒരുപാട് വാശി പിടിച്ചെങ്കിലും അന്നത്തെ ഓർത്ത ഡോക്സ് ചിന്താഗതി കാരണം വാശി വിജ യിച്ചില്ല. അതു കൊണ്ട് ഡോക്ടറാകാനുള്ള മോഹവും നടന്നില്ല. ഇനി ഒരവസരം കിട്ടി യാൽ ഞാൻ ആ മോഹമാവും സാക്ഷാൽ ക്കരിക്കാൻ ശ്രമിക്കുക." ലഭിക്കാവുന്ന ഏ റ്റവും വലിയ വിദ്യാഭ്യാസം നേടണം എന്ന് പറയായതെ പറയുന്നു അവർ.

? എന്താവണം ഇന്നത്തെ പെൺകു ട്ടികളുടെ ലക്ഷ്യം.

> പെൺകുട്ടിയായി ജനിച്ചതുകൊണ്ട് ഇന്ന് ഒരു മാറ്റവുമില്ല. ശരിയാണ് എന്ന പൂർണ്ണ ബോധ്യമുള്ളവ ചെയ്യുക തന്നെ വേണം. എങ്കിലും പെൺകുട്ടികൾ പാ ലിക്കേണ്ട ചില കാര്യങ്ങൾ പ്രബലമായി തന്നെ സൂക്ഷിക്കണം. ഒരു പക്ഷേ പുരു ഷൻമാരേക്കാൾ പലതും ചെയ്യാൻ പറ്റുന്നത് സ്ത്രീകൾക്കാണ്.

? വിദ്യാഭ്യാസ നിലവാരത്തെ കുറിച്ച്

.>എല്ലാവരും വിദ്യാഭ്യാസം നേടുകയും ജോലി സമ്പാദിക്കുകയുമൊക്കെ ചെയ്യു ന്നുണ്ട്. എന്നാൽ,ജോലിക്കു വേണ്ടി മാത്ര മാകുന്നില്ലേ പഠിത്തം എന്ന് തോന്നുന്നു. ഇപ്പോൾ നേടുന്ന വിദ്യാഭ്യാസം മറ്റ് മൂല്യ ങ്ങൾക്ക് പ്രയോജനപ്പെടുന്നുണ്ടോ എന്ന് സംശയമാണ്.

? ഭക്ഷണം

> നമ്പൂതിരി സമുദായത്തിന്റെ കാര്യ ത്തിൽ നമ്മൾ ഇതുവരെ ശീലിച്ചു വരുന്ന രീതി തന്നെയാണ് നല്ലത്. നോൺ വെജ് ആ വശ്യമേയില്ല. നോൺ കഴിക്കാതിരുന്നതുകൊ ണ്ട് പൂർവ്വികർക്ക് ആരോഗ്യക്കുറവ് ഉണ്ടാ യിരുന്നില്ല. അപ്രകാരം തന്നെ ഇന്നത്തെ തലമുറയ്ക്കും തുടരാവുന്നതേയുള്ളൂ.

? ചെറുപ്പക്കാരുടെ ദിനചര്യ

> ഇന്നത്തെ കുട്ടികൾ ദിനചര്യയിൽ കൂടുതൽ ശ്രദ്ധ കൊടുക്കേണ്ടതാണ്. വെളി ച്ചായാലും കിടന്നുറങ്ങുന്ന ശീലം നല്ലതല്ല.. ചിട്ടയായ ഭക്ഷണക്രമം, ഉറക്കം, പ്രാർത്ഥന, മറ്റു കാര്യങ്ങൾ എന്നിവയെല്ലാം കുട്ടികൾ ശ്രദ്ധിച്ച് ചെയ്യണം.

? വസ്ത്രധാരണം

> ഓരോ വ്യക്തിയുടെയും ഇഷ്ടവും സൗകര്യവുമാണ്. പഴയകാലത്തെ വസ് ത്രധാരണം മികച്ചത് ഇന്ന് മോശം എന്ന അഭിപ്രായമില്ല. എങ്കിലും മറയ്ക്കേണ്ടത് മറച്ചുതന്നെ ആകണം.

പതിമൂന്നാം വയസ്സിൽ 'ഒരു പക്ഷിയുടെ മരണ'മെന്ന കഥയിലൂടെ തന്റെ സാന്നിദ്ധ്യമറിയിച്ചു. മലപ്പുറം ജില്ലയിൽ കരിക്കാട്ട് ഗ്രാമത്തിൽ വണ്ടൂരിനടുത്ത് വെള്ളക്കാട്ട് മനയിലെ ബാല്യം. വി.എം.സി എന്ന് ചുരുക്കപ്പേരിൽ അറിയപ്പെ ടുന്ന വെള്ളക്കാട്ട് മന ചെറിയ നാരായണൻ ഭട്ടതിരിപ്പാടിന്റെയും കൂടല്ലൂർ ഗൗരി അന്തർജ്ജനത്തിന്റെയും മകളായി ജനനം. പതിനാറാം വയസ്സിൽ പാലക്കാടു ജില്ലയിലെ കൂറ്റനാടിനടുത്ത് കൂടല്ലൂർ മനയിലെ ബ്രഹ്മദത്തൻ നമ്പൂതിരിപ്പാടിന്റെ ആത്തേമ്മാരായുള്ള മാറ്റം. അമ്മാത്തേക്കു തന്നെ വേളികഴിച്ചു. മൂന്ന് മക്കൾ. മൂത്തയാൾ ബ്രഹ്മദത്തൻ. ഭാര്യ തനൂജ. രണ്ടാമത്തെയാൾ ലത. മൂന്നാമത്തെ മകൻ നാരായണനും ഭാര്യ ദീപ്തിക്കുമൊപ്പം തൃപ്പൂണിത്തുറ പൂർണ്ണത്രയീശ ന്റെ മുന്നിലുള്ള തൃപ്പാദം അപ്പാർട്ട്മെന്റിൽ താമസം. വയസ്സു വകവയ്ക്കാതെ ഒരു നോവലിന്റെ പണിപ്പുരയിലാണ് ഇപ്പോൾ. കെടാതെ സൂക്ഷിക്കുന്ന ആ ഊർജ്ജമാണ് ചെറുപ്പക്കാർക്ക് നൽകാനുള്ള സന്ദേശം.

? എങ്ങനെയായിരുന്നു കുട്ടിക്കാലം?

> സ്വാതന്ത്ര്യവും, സാഹചര്യവും ഒരു പരിധിയിലധികം ലഭിക്കുന്ന ഇന്നത്തെ തല മുറയ്ക്ക് പഴയ കാലഘട്ടം സങ്കൽപ്പത്തിനുമ പ്പുറമാവും. നിലത്തെഴുത്തിലൂടെ അക്ഷരപ ഠനം, മുകുന്ദാഷ്ടകം, ഗണാഷ്ടകം എന്നിവ വായിക്കാൻ പഠിച്ചത്, അക്ഷരശ്ലോക പ ഠനം. ഇത്രയൊക്കെയാണ് അന്ന് ചെറുപ്ര ായത്തിൽ പഠിച്ചിരുന്നത്. അത് സ്കൂളിൽ പോകാതെ ഇല്ലത്തിരുന്നുതന്നെ. ഗണാഷ്ട കവും മുകുന്ദാഷ്ടകവുമൊക്കെ അന്ന് പ ഠിക്കുമ്പോൾ അതിന്റെ ഗൗരവമൊന്നും ഉണ്ടായിരുന്നില്ല. പക്ഷേ, ഇന്ന് ആലോ ചിക്കുമ്പോൾ തോന്നാറുണ്ട്, അതെല്ലാം കുട്ടികൾ പഠിച്ചിരിക്കേണ്ടത് തന്നെയെന്ന്. നിരവധി പുസ്തകങ്ങൾ ഇല്ലത്ത് ഉണ്ടായി ട്ടും അവയെടുത്തു വായിക്കാൻ അനുവാ ദം ഉണ്ടായിരുന്നില്ല. കാര്യസ്ഥന്റെ മകളും കളിക്കൂട്ടുകാരിയുമായിരുന്ന ശാന്തയും അ വരുടെ സഹോദരന്മാരും നൽകിയ പുസ് തകങ്ങളാണ് വായനയുടെ വിശാലമായ ലോകം തുറന്നിട്ടത്.

? സ്വന്തം ഇല്ലത്തേയും വേളികഴി ഞ്ഞെത്തിയ ഇല്ലത്തെയും യഥാസ്ഥിതിക സാഹചര്യങ്ങളിൽ നിന്ന് എഴുത്തുകാരി ആയതിലേക്ക്.

> ശാന്തയും സഹോദരന്മാരും ന ൽകിയ പുസ്തകങ്ങളിലെ അക്ഷരങ്ങൾ സമ്മാനിച്ച 'മനോരാജ്യ'ങ്ങളിലൂടെയാണ് ഞാൻ എഴുത്തിന്റെ ലോകത്തെത്തിയത്. മരിച്ചുവീണുകിടക്കുന്ന ഒരു കക്ഷിയെ കണ്ട് മനസ്സ് സഞ്ചരിച്ച വഴികളാണ് ആദ്യ കഥയ്ക്ക് തുടക്കമിട്ടത്. അങ്ങനെ എഴുതി ത്തുടങ്ങി.

? ഇന്നത്തെ യുവതലമുറയുടെ സാമൂ ഹികമായ ഇടപെടലുകളെക്കുറിച്ച്

> ഇവർക്ക് സാമൂഹ്യഇടപെടലുകൾ ധാരാളമായുണ്ട്. അതിനുള്ള സാഹചര്യവുമു ണ്ടല്ലോ. വളരെ നല്ല കാര്യം. പക്ഷേ നമ്മുടെ സ്വന്തം സമുദായത്തെ കുറിച്ച് അല്പം കൂടി അറിയാൻ ശ്രമിക്കുന്നത് നന്നായിരിക്കും.

? പുതുതലമുറക്ക് വായന കുറഞ്ഞു വോ

>ഇപ്പഴത്തെ കുട്ടികൾക്ക് വായിക്കേ ണ്ട ആവശ്യമില്ലല്ലോ. എല്ലാം അവരുടെ കൺമുന്നിലും വിരൽത്തുമ്പിലുമുണ്ടല്ലോ.

?അന്നത്തെയും ഇന്നത്തെയും കുടും ബബന്ധങ്ങൾ

>ദൃഢബന്ധങ്ങൾ കുറയുന്നു. വിവാ ഹശേഷം ഒരു കുടുംബത്തിലേക്കെത്തുന്ന കുട്ടികൾക്ക് അവിടവുമായി യോജിച്ചു പോ കാൻ വളരെയധികം ബുദ്ധിമുട്ട് കാണു ന്നുണ്ട്. അച്ഛനും അമ്മയും കുട്ടികളും മാ ത്രമായി വളരുന്ന ഇന്നത്തെ സാഹചര്യം കൊണ്ടാകാം അത്. സ്നേഹപൂർണ്ണവും ആരോഗ്യപരവുമായ ഉപദേശങ്ങൾ നൽകി അച്ഛനമ്മമാർ തന്നെ അവരെ തിരുത്തിയെ ടുക്കുകയാണ് വേണ്ടത്. സുഹൃദ് വലയ ങ്ങൾ അനവധി ഉണ്ടെങ്കിലും ആഴം കൂടിയ സുഹൃദ് ബന്ധം കുറഞ്ഞിരിക്കുന്നു.

(കുടുംബത്തോടുള്ള സ്വയം സമർപ്പണം കെ.ബി. ശ്രീദേവിയുടെ ജീവിത ത്തിലെ ഓരോ തീരുമാനങ്ങളിലും ഉണ്ടായി



**വിദ്യാഭ്യാസത്തിൽ വളരെയധികം ശ്രദ്ധയുണ്ട് ചെറുപ്പക്കാർക്ക്. പഠിപ്പ് നേടാനുള്ള ആവേശം. അവരുടെ ആ മനോഭാവത്തെ ബഹുമാനിക്കേണ്ടതാണ്.**



രുന്നു. തന്നെ വേളി കഴിക്കാൻ പോകുന്നത് ആരാണ് എന്ന് പോലുമറിയാതെ ക്രിയയുടെ ഭാഗമായ മുഖദർശനത്തിന്റെ സമയത്ത് മാത്രമാണ് തന്റെ പുരുഷൻ ആരാണ് എന്നവർ അറിയുന്നത്. ഇത്രക്ക് സ്വാതന്ത്ര്യമില്ലായ്മ പെൺകുട്ടികൾക്ക് വയ്യ എന്ന ബോധം മനസ്സിലുണ്ടായിരുന്നെങ്കിലും അന്നത്തെ സാമൂഹ്യ വ്യവസ്ഥിതിയേയും കുടുംബ ബന്ധങ്ങളേയും മാനിക്കുകയായിരുന്നു. തന്റെ ഭർത്താവിന്റെ നിശബ്ദമായ പിൻതുണയേക്കാൾ ശ്രീദേവിക്ക് ബലം നൽകിയത് പുരോഗമന ചിന്തയുള്ള അദ്ദേഹത്തിന്റെ അച്ഛന്റെ ചില നിർബന്ധബുദ്ധിയോടു കൂടിയുള്ള പ്രോത്സാഹനങ്ങളായിരുന്നു. കൂടല്ലൂരിൽ വച്ച് രൂപീകരിച്ച മഹിളാസമാജത്തിന്റെ മീറ്റിംഗുകൾക്കും മറ്റ് പ്രവർത്തനങ്ങൾക്കും പോകുവാനുള്ള അനുവാദം ചോദിക്കുമ്പോൾ ''ശ്രീദേവി പോകുന്നതിനൊന്നും കുഴപ്പമില്ല. എനിക്ക് ഉണ്ണാറാകുമ്പോഴേക്ക് വിളമ്പിത്തരാൻ തിരിച്ചെത്തണം.'' അച്ഛന്റെ ഈ നിർബന്ധം കേൾക്കുമ്പോൾ എന്താപ്പോ അച്ഛന് ഒന്ന് വിളമ്പിയുണ്ടാൽ എന്ന ചോദ്യം മനസ്സിൽ പൊങ്ങിയില്ല. ആ നിർബന്ധത്തിലെ സ്നേഹ വാൽസല്യങ്ങളാണ് അവർ കണ്ടെത്തിയത്. എവിടെ പോയാലും അച്ഛന് ഊണ് വിളമ്പിക്കൊടുക്കാൻ ഈ മകൾ ഇല്ലത്തെത്തുമായിരുന്നു. യാത്രകൾ എഴുത്തിന് പ്രയോജനപ്രദമെങ്കിലും ധാരാളം യാത്ര ഇഷ്ടപ്പെട്ടിരുന്നുവെങ്കിലും കൂടുതൽ യാത്ര ചെയ്യാൻ പറ്റിയിട്ടില്ല .അതിൽ സങ്കടവുമില്ല. അന്നത്തെ സാഹചര്യങ്ങൾക്ക് ഒതുങ്ങി കുടുംബബന്ധങ്ങൾക്ക് പ്രാധാന്യം നൽകുകയായിരുന്നു )

? ഇന്നത്തെ ചെറുപ്പക്കാരിൽ ബഹുമാനം തോന്നിയ കാര്യം

> വിദ്യാഭ്യാസത്തിൽ വളരെയധികം ശ്രദ്ധയുണ്ട് ചെറുപ്പക്കാർക്ക്. പഠിപ്പ് നേടാനുള്ള ആവേശം. അവരുടെ ആ മനോഭാവത്തെ ബഹുമാനിക്കേണ്ടതാണ്.

?അനുകരണീയം എന്ന് തോന്നിയത്.

> ഇന്നത്തെ ചെറുപ്പക്കാർക്ക് വിശാലമായ കാഴ്ചപ്പാടുണ്ട്. ആളുകളുടെ സ്വഭാവം തിരിച്ചറിഞ്ഞു പെരുമാറാനുള്ള വിശേഷബുദ്ധിയുണ്ട്. അത് പെൺകുട്ടികളെക്കാളുണ്ട് ആൺകുട്ടികൾക്ക് .

?തിരുത്തപ്പെടേണ്ടത്

> പുതിയ കുട്ടികൾക്ക് ക്ഷമാശക്തി

**?ചെറുപ്പക്കാരിൽ അനിഷ്ടം തോന്നിയത്?**

**>അഹങ്കാരം കൂടിയിട്ടുണ്ട്. വിനയം ഇല്ലാതായി. ആരോടും എന്തും പറയാം എന്നുള്ള ഒരു സ്വഭാവം വന്നു ചേർന്നിട്ടുണ്ട്. എല്ലാവരും അങ്ങനെ എന്നല്ല. എങ്കിലും പൊതുവിൽ കണ്ടുവരുന്നത് പറഞ്ഞു എന്ന് മാത്രം**

വളരെ കുറവാണ്.എന്ത് കാര്യങ്ങൾക്കും നല്ല വശവും ചീത്ത വശവും ഉണ്ടാവും. അതിൽ ചീത്ത വശത്തിനെ മാറ്റി നിർത്തി നല്ലതിനെ ഉൾക്കൊള്ളാൻ പുതിയ തലമുറ കൂടുതൽ തയ്യാറാകേണ്ടിയിരിക്കുന്നു. അനാവശ്യ ചിന്തകൾ ഒഴിവാക്കി ടെൻഷനുകൾ കുറക്കുക. അതിൽ രക്ഷിതാക്കൾക്കും നല്ല ഉത്തരവാദിത്വമുണ്ട്.

?ചെറുപ്പക്കാരിൽ അസഹ്യമായി തോന്നിയത്?

>ആധുനിക ലോകത്തിന്റെ പുറം മോടികളോടുള്ള അഭിനിവേശം.

?പുതുതലമുറയുടെ അച്ചടക്കം

>ധിക്കാരം കൂടിയിട്ടുണ്ട് . ക്ഷമ കുറവും. അത് അച്ചടക്കത്തെ ബാധിക്കും.

( തന്റെ കഥ നാടകമായി അവതരിപ്പിക്കുന്നതറിഞ്ഞ് അത് കാണാൻ വാശിപിടിച്ച് ഇല്ലത്ത് സമരം നടത്തിയപ്പോഴും അതിൽ പരാജയം സമ്മതിച്ചപ്പോഴും സമപ്രായക്കാരായ സുഹൃത്തുക്കളും ബന്ധുക്കളും ചേർന്ന് രഹസ്യമായി കൈയ്യെഴുത്തു മാസിക പുറത്തിറക്കിയപ്പോഴും ശ്രീദേവിയിൽ ഒരു നവോത്ഥാന നായിക ഉണ്ടായിരുന്നു. പക്ഷേ ധിക്കാരം കൊണ്ടല്ല ഒന്നും നേടിയതും പരിഹരിച്ചതും)

?ഇതരസമുദായക്കാരുമായുള്ള വിവാഹം.

>ഒരാൾക്ക് മറ്റൊരാളോട് അനുരാഗം തോന്നുന്നത് തെറ്റല്ല. പക്ഷേ വളരെ ആലോചിച്ച് തീരുമാനമെടുക്കുക. സംസ്ക്കാരത്തിലുള്ള വ്യത്യാസം ജീവിതത്തെ പല നിലയിൽ ബാധിക്കും.

?പഴയ കാലത്തെ അപേക്ഷിച്ച് നമ്പൂതിരിമാർക്കിടയിൽ എഴുത്തുകാർ കുറഞ്ഞു എന്ന് തോന്നിയോ?

> കുറഞ്ഞു എന്നൊന്നും തോന്നിയില്ല. എങ്കിലും സൃഷ്ടികൾക്ക് മൂല്യം കുറഞ്ഞിട്ടുണ്ട് . പ്രശസ്തരായ എഴുത്തുകാരുടെ പട്ടികയിലേക്ക് പഴയ പോലെ നമ്പൂതിരിമാരും അന്തർജനങ്ങളും എത്തുന്നില്ല എന്നതും സത്യമാണ്. ഈ കാര്യത്തിലഷള്ള ഉത്സാഹക്കുറവും വിദ്യാഭ്യാസരീതിയും ജീവിതരീതിയും ജോലിത്തിരക്കുകളും ഒക്കെ തന്നെയാവാം കാരണം.

?പുതു തലമുറയിലെ എഴുതുന്ന കുട്ടികളോട് പറയാൻ.

>നമ്മുടെ ആശയങ്ങൾ പൂർണ്ണമായും അവതരിപ്പിക്കുവാനുള്ള ധൈര്യം ഉണ്ടാകണം. ബാഹ്യ ഇടപെടലുകൾ നമുക്കുള്ളിലെ സത്യസന്ധമായ ആശയത്തെ അവതരിപ്പിക്കുന്നതിൽ തടസ്സമാവരുത്. ധൈര്യം കാത്തു സൂക്ഷിക്കുക തന്നെ വേണം. സമസൃഷ്ടി സ്നേഹം എഴുത്തുകാർക്ക് അത്യാവശ്യമായിട്ടുള്ള ഒരു കാര്യമാണ്. ഒരു പുസ്തകം പ്രസിദ്ധീകരിക്കുമ്പോഴേക്ക് താൻ വലിയ നിലയിലെത്തി എന്നുള്ള ഭാവം ഉണ്ടാവരുത്. നമ്മൾ എഴുതുന്നത് പദ്യരൂപത്തിലുള്ളതാണെങ്കിൽ അത് നിലനിൽക്കണമെങ്കിൽ ഈണവും വൃത്തവും ഒക്കെ ഉണ്ടാവുന്നതാണ് നല്ലത്. അല്ലാത്തത് മനസ്സിൽ നിൽക്കാതെ വായിച്ചു തള്ളുന്ന ഫലമേ തരൂ. ''ആരു വാങ്ങുമിതാരു വാങ്ങുമിതാരാമത്തിന്റെ രോമാഞ്ചം'' എന്ന വരികൾ കേട്ടു നോക്കൂ. ആ രോമാഞ്ചം കേൾക്കുമ്പോൾ തന്നെ അനുഭവിക്കാൻ കഴിയുന്നില്ലേ. എത്ര കാലം കഴിഞ്ഞിട്ടും ആ വരികൾ മനസ്സിൽ നിന്ന് മായുന്നുമില്ല. ഗദ്യ രൂപത്തിലുള്ളവയുടെ കാര്യത്തിലും വളരെ ശ്രദ്ധിക്കേണ്ടതുണ്ട്. അർത്ഥം അറിഞ്ഞ് എഴുതണം. അക്ഷരത്തെറ്റുകൾ ഉണ്ടാകാതെ ശ്രദ്ധിക്കണം. എനിക്ക് പരിശോധിക്കാൻ തരുന്ന പല സൃഷ്ടികളിലും ധാരാളം അക്ഷരത്തെറ്റുകൾ കാണാറുണ്ട്. അത് ശ്രദ്ധയിൽപ്പെടുത്തിയാൽ പലരും ചോദിക്കും അതിലിപ്പോ എന്താ.. കാര്യം മനസ്സിലായാപ്പോരേന്ന്. അതായത് അക്ഷരത്തെ വില വയ്ക്കുന്നില്ല. ഈ രീതി ശരിയെന്ന് തോന്നുന്നില്യ എനിക്ക്.

എന്താവണം നമ്പൂതിരിയുടെ രാഷ്ട്രീയം. ഇ.എം.എസിന്റെ സഹോദരപുത്രൻ ഇ.എം.വി നമ്പൂതിരിപ്പാട് നിർദ്ദേശിക്കുന്നു. അടുത്ത പേജിൽ.











6

കെ.എം.പരമേശ്വരൻ

ഇ.എം.എസിന്റെ സഹോദരപുത്രൻ പറയുന്നു

# എന്താവണം നമ്പൂതിരിയുടെ രാഷ്ട്രീയം

**അധികാരമോ പണമോ പ്രശസ്തിയോ ഒന്നും പ്രതിഫലമായി കിട്ടാനില്ലാത്ത ഒരു രാഷ്ട്രീയത്തിലാണ് എൺപതുകാരനായ ഇ.എം.വി. നമ്പൂതിരിപ്പാട് പ്രവർത്തിക്കുന്നത്.**

സി.പി.എം ജനറൽ സെക്രട്ടറിയായിരുന്ന ഏലംകുളം മനയ്ക്കൽ ശങ്കരൻ നമ്പൂതിരിപ്പാടിൻെറ സഹോദരപുത്രനാണ് പാലക്കാട് മണപ്പുള്ളിക്കാവിൽ താമസിക്കുന്ന ഇ.എം. വാസുദേവൻ നമ്പൂതിരിപ്പാട്. അധികാരമോ പണമോ പ്രശസ്തിയോ ഒന്നും പ്രതിഫലമായി കിട്ടാനില്ലാത്ത ഒരു രാഷ്ട്രീയത്തിലാണ് എൺപതുകാരനായ ഇ.എം.വി. നമ്പൂതിരിപ്പാട് പ്രവർത്തിക്കുന്നത്. പെയിൻ ആൻഡ് പാലിയേറ്റീവ് പ്രവർത്തനം.

സ്വന്തമായി ഒരു പാലിയേറ്റീവ് കെയർ കേന്ദ്രത്തിന് തുടക്കമിട്ട അദ്ദേഹം സ്വയം വളണ്ടിയറായി. രാജ്യം മുഴുവൻ സഞ്ചരിച്ച് പാലിയേറ്റീവ് പാഠങ്ങൾ പഠിച്ചു. ഇപ്പോൾ വേറെയും നമ്പൂതിരിമാരും അന്തർജനങ്ങളും അതിൽ വളണ്ടിയർമാരായി പ്രവർത്തിക്കുന്നു. ഹോം കെയറിനു പോവുന്നു. വീടുകളിൽച്ചെന്ന് രോഗീപരിചരണം നടത്തുന്നു.മരണത്തെ നേരിൽ കാണുന്ന രോഗികളുടെ മുഖത്തു പോലും പ്രകാശം പരത്തുന്നു. ഒറ്റ വരിയേ അതേപ്പറ്റി ഇ.എം.വി. നമ്പൂതിരിപ്പാടിന് പറയാനുള്ളൂ.

'' ഇങ്ങനെയൊരു രംഗത്ത് എത്തിച്ചേരാൻ കഴിഞ്ഞത് മഹാഭാഗ്യമായി കരുതുന്നു ''

നമ്പൂതിരി യുവാക്കളുടെ രാഷ്ട്രീയം എന്തായിരിക്കണം എന്ന അജണ്ടയിലാണ് ഇ.എം.വി. നമ്പൂതിരിപ്പാടിനോട് സംസാരിക്കാൻ തുടങ്ങിയത്. അത് എത്തിച്ചേർന്നത് ആ വലിയ മനുഷ്യന്റെ ഒട്ടും അറിയപ്പെടാത്ത സേവനകാര്യങ്ങളിലേക്ക്.

? നമ്പൂതിരിമാരുടെ പുതിയ തലമുറ രാഷ്ട്രീയത്തിൽ നിന്ന് അകലുന്നുവോ

> പഴയ കാലത്തെ അത്ര താല്പര്യം കാണുന്നില്ല

? രാഷ്ട്രീയത്തിൽ ഇടപെടേണ്ടത് ആവശ്യമല്ലേ

> തീർച്ചയായും. എന്നാൽ ഇന്ന് എല്ലാ പാർട്ടികളിലും ആത്മാർത്ഥതയും സത്യസന്ധതയും കുറഞ്ഞതായി തോന്നുന്നു. സ്ഥാനമോഹമാണ് എല്ലാവരിലും.അതുകൊണ്ടാവും പലരും രാഷ്ട്രീയത്തിൽ വരാൻ മടിക്കുന്നത്.

? നമ്പൂതിരി യൂത്ത് ഏറ്റവും പരിഗണന നൽകേണ്ടത് എന്തിനാണ്

> സംശയമില്ല, വിദ്യാഭ്യാസം. നമ്മുടെ ബ്ളഡിൽ ആത്മാർത്ഥതയും സത്യസന്ധതയും കുറെയൊക്കെ ഇപ്പോഴും ശേഷിക്കുന്നു. അതിനാൽ രാഷ്ട്രീയത്തിൽ നമ്പൂതിരിക്ക് ശോഭിക്കാനാവില്ല. എന്നാൽ വിദ്യാഭ്യാസത്തിൽ നന്നായി ശോഭിക്കാൻ കഴിയും.

? രാഷ്ട്രീയ പാർട്ടികളിൽ നമ്പൂതിരിമാരുടെ പ്രാതിനിധ്യം കുറഞ്ഞു വരികയാണോ

> വളരെ കുറഞ്ഞു വരുന്നു.ഇ.എം.എസിനെപ്പോലെ അഖിലേന്ത്യാ നേതാവ് പോട്ടെ ജില്ലാ തലത്തിൽപ്പോലും ഒരു പാർട്ടിയിലും നമ്പൂതിരിമാർ നേതൃസ്ഥാനത്ത് ഇല്ലാതായി.

? പുരോഗമന പ്രസ്ഥാനങ്ങളിൽ നിന്ന് നമ്പൂതിരിമാർ അകന്നു പോ



**മനുഷ്യനെ വീണ്ടും നമ്പൂതിരി ആക്കണ മെന്ന പക്ഷക്കാരുണ്ട്. അങ്ങനെ തോന്നലുണ്ടോ നമ്പൂതിരി നമ്പൂതിരിയായും നായർ നായ രായും. ഒരു മാറ്റത്തിൻെറ ആവശ്യമുണ്ടെന്ന് തോന്നുന്നില്ല.**



വുന്നുണ്ടോ

> കുറച്ചൊക്കെ.

? ജാതി സമുദായ സംഘടനക ളിൽ നിന്നോ

> എസ്.എൻ.ഡി.പി. പോലെയോ എൻ.എസ്.എസ് പോലെയോ നമുക്കിട യിൽ അത്ര തീവ്രമായ ജാതി ചിന്താഗ തികളില്ല.അങ്ങനെയൊന്ന് വേണമെന്ന് ആർക്കുമില്ല. യോഗക്ഷേമ സഭപോലു ള്ള സംഘടനകൾ ഒത്തു ചേരാനുള്ള ഒരു വേദി മാത്രമാണ്.പലരും ഗെറ്റ് ടു ഗദറിനുള്ള വേദി മാത്രമായി അതിനെ കാണുന്നു.

? യോഗക്ഷേമസഭയെപ്പറ്റി.

> വി.ടി.യും ഇ.എം.എസും പ്രവർ ത്തിച്ചിരുന്ന കാലത്ത് നമ്പൂതിരിമാരുടെ ഉന്നമനത്തിന് യോഗക്ഷേമസഭ ആവ ശ്യമായിരുന്നു. ഇന്ന് ആ അർത്ഥത്തിൽ അതിൻെറ ആവശ്യമുണ്ടെന്ന് തോന്നു ന്നില്ല. കൂട്ടായ്മ എന്ന നിലക്ക് ഇങ്ങ നെയൊന്ന് ഉണ്ടായ്ക്കോട്ടെ എന്നേ ആളുകൾ കരുതുന്നുള്ളൂ. ഇങ്ങനെ യൊരു സഭയുടെ അനിവാര്യത ആർ ക്കും ബോദ്ധ്യമില്ല.

? സഭ ശരിയായ ദിശയിൽ പോവാ ത്തതു കൊണ്ടാവില്ലേ അത്.

> ചിലപ്പോൾ അതായിരിക്കാം.മാ ത്രമല്ല, മുമ്പ് നടത്തിയ സാമൂഹ്യപ രിഷ്കാരങ്ങൾക്ക് ഇപ്പോൾ പ്രസക്തി യില്ലല്ലോ. പുതിയ കാലത്ത് പുതിയ പ്രശ്നങ്ങളും വിഷയങ്ങളുമാവും. അ തുകൊണ്ടാവും സഭാപ്രവർത്തനത്തിൽ വേണ്ടത്ര പങ്കാളിത്തം ഉണ്ടാവാതെ പോവുന്നത്.

? കൂട്ടായ്മ എന്ന നിലയിൽ ചില തൊക്കെ ചെയ്യുന്നില്ലേ

> തീർച്ചയായും. പറളിയിൽ ഒരു നമ്പൂതിരി സഭയുണ്ട്. മുപ്പതോളം ഇല്ല ങ്ങൾ. എല്ലാമാസവും മീറ്റിംഗ് ചേരും. കൊല്ലത്തിൽ ഒരു ടൂർ. വിശേഷങ്ങൾ ക്ക് പരസ്പരം സഹായിക്കും. കഴിഞ്ഞ മാസം അമ്മ മരിച്ചപ്പോൾ അവരെത്തി .എല്ലാ സഹായത്തിനും. ഞങ്ങളെ സം ബന്ധിച്ച് വലിയ സഹായമായിരുന്നു അത്.

? അങ്ങ് സഭയിൽ ഉണ്ടോ

**വി.ടി.യും ഇ.എം.എ സും പ്രവർത്തിച്ചിരുന്ന കാലത്ത് നമ്പൂതിരി മാരുടെ ഉന്നമനത്തിന് യോഗക്ഷേമസഭ ആവ ശ്യമായിരുന്നു. ഇന്ന് ആ അർത്ഥത്തിൽ അതിൻെറ ആവശ്യമുണ്ടെന്ന് തോ ന്നുന്നില്ല. കൂട്ടായ്മ എന്ന നിലക്ക് ഇങ്ങനെയൊന്ന് ഉണ്ടായ്ക്കോട്ടെ എന്നേ ആളുകൾ കരുതുന്നുള്ളൂ. ഇങ്ങനെയൊരു സഭയുടെ അനിവാര്യത ആർക്കും ബോദ്ധ്യമില്ല.**

> വരിസംഖ്യ നൽകാറുണ്ട്.സജീവ പ്രവർത്തനമൊന്നുമില്ല

? വി. ടി. നമ്പൂതിരിയെ മനുഷ്യനാ ക്കി. മനുഷ്യനെ വീണ്ടും നമ്പൂതിരി ആ ക്കണമെന്ന പക്ഷക്കാരുണ്ട്. അങ്ങനെ തോന്നലുണ്ടോ

> എങ്ങനെയാണോ അങ്ങനെ കഴി ഞ്ഞാൽ മതി. നമ്പൂതിരി നമ്പൂതിരിയാ യും നായർ നായരായും. ഒരു മാറ്റത്തി ൻെറ ആവശ്യമുണ്ടെന്ന് തോന്നുന്നില്ല.

? പൊതു സമൂഹത്തിൽ യാഥാ സ്ഥിതിക ചിന്ത തിരിച്ചു വരുന്നുണ്ടോ? പ്രത്യേകിച്ച് ഇതരമത വിഭാഗങ്ങളിൽ.

> ഉണ്ട് ധാരാളമായി. അവർക്ക് മത കാര്യങ്ങളിലെ നിഷ്കർഷ കൂടി വരുന്നു. നമ്പൂതിരിക്ക് നിഷ്കർഷ കു റയുകയും ചെയ്യുന്നു

? നിരീശ്വരവാദം കൂടിവരുന്നുണ്ടോ

> ഈശ്വര വിശ്വാസമാണ് കൂടു ന്നത്. നശിച്ചു പോയ ക്ഷേത്രങ്ങളെല്ലാം നന്നാക്കി നല്ല രീതിയിൽ നടക്കുന്നു.ഏ തെങ്കിലും അമ്പലം ഇപ്പോൾ പൊളി ഞ്ഞു കിടക്കുന്നുണ്ടോ?

? ശാന്തിക്കാരായ നമ്പൂതിരിമാരോട് പറയാനുള്ളത്.

> ഏത് പ്രവൃത്തി ആയാലും ആ ത്മാർത്ഥതയോടും സത്യസന്ധതയോ ടും കൂടി ചെയ്യുക. പണത്തിനു വേണ്ടി തട്ടിപ്പ് നടത്തരുത്. ഒരാൾ പൂജാരിയെ തേടിയെത്തുന്നത് വിശ്വാസത്തോടെ യാണ്. ആദ്യമേ ദക്ഷിണ പറയുന്ന ചിലരുണ്ട്. അത് ശരിയല്ല. ആത്മാർ ത്ഥമായി പ്രവൃത്തി ചെയ്താൽ പ്രതി ഫലം കിട്ടാതിരിക്കില്ല.

? വിവാഹം സ്വസമുദായത്തിൽ നിന്നായാൽ

> ഗുണകരമാണ്. ഇ.എം.എസി ൻെറ നാലുമക്കളും നമ്പൂതിരിമാരെ ത്തന്നെയാണ് വിവാഹം ചെയ്തത്.

? ഇ.എം.എസിൻെറ കുടുംബാംഗം ആയതിൽ

> അഭിമാനം തോന്നുന്നു

? നമ്പൂതിരിയെ കൈകാര്യം ചെയ്യു ന്നതിൽ ഇ.എം.എസിന് എന്തെങ്കിലും വീഴ്ച വന്നിട്ടുണ്ടോ

> ഇല്ല.

? ഭൂപരിഷ്കരണത്തിൽ പോലും

> ഭൂപരിഷ്കരണം കൊണ്ട് തല്കാ ലം കുറച്ച് ബുദ്ധിമുട്ട് ഉണ്ടായെങ്കിലും പിന്നീട് ഗുണം കിട്ടി. പാട്ടം കിട്ടി അല സരായി പണിയെടുക്കാതെ കഴിഞ്ഞു പോന്നവർ പഠിക്കണമെന്നും ജോലിക്ക് പോവണമെന്നും ചിന്തിക്കാൻ തുടങ്ങി. ചിലർ ബിസിനസ് രംഗത്തേക്കും വന്നു.

? താങ്കളും ബിസിനസിൽ ഇല്ലേ

> ഉണ്ടായിരുന്നു. ഇപ്പോൾ ഇല്ല.

? ഇ.എം.എസിനെ അങ്ങ് എന്താ ണ് വിളിച്ചിരുന്നത്.

> അച്ഛന്റെ നേരെ അനിയനല്ലേ. അപ്ഫനെന്ന്. വേറെ അപ്ഫന്മാർ ഇല്ലാത്തത് കൊണ്ട് പേര് കൂട്ടി വിളി ക്കേണ്ടി വന്നിട്ടില്ല.

? അദ്ദേഹവുമായുള്ള ബന്ധം.

> കുട്ടിക്കാലം മുതൽ നല്ല കോൺ ടാക്ട് ആണ്, അപ്ഫന് ഞങ്ങളോടും ഞങ്ങൾക്ക് അപ്ഫനോടും. അപ്ഫൻ ഇവിടേം വരാറുണ്ടായിരുന്നു.ഞാൻ മഞ്ചേരി താമസിച്ചിരുന്ന കാലത്ത് അവിടെയും വരാറുണ്ട്.

? അങ്ങ് ഏതെങ്കിലും പാർട്ടിയിൽ

> ഒരു പാർട്ടിയിലും മെമ്പറല്ല. എന്നാൽ ഇടതു പക്ഷമാണ്.



**ഭൂപരിഷ്കരണം കൊണ്ട് തല്കാലം കുറച്ച് ബുദ്ധിമുട്ട് ഉണ്ടായെങ്കിലും പിന്നീട് ഗുണം കിട്ടി. പാട്ടം കിട്ടി അലസരായി പണിയെടുക്കാതെ കഴിഞ്ഞു പോന്നവർ പഠിക്കണമെന്നും ജോലിക്ക് പോവണമെന്നും ചിന്തിക്കാൻ തുടങ്ങി. ചിലർ ബിസിനസ് രംഗത്തേക്കും വന്നു.**



## ഇ.എം. എസിൻെറ കുടുംബത്തിൽ നിന്ന് ഇങ്ങനെയും

നമ്പൂതിരിമാർ അത്രയ്ക്കൊന്നും പ്രവേശിക്കാത്ത മേഖലയാണ് സാന്ത്വനചികിത്സാ രംഗം. കഴിഞ്ഞ 15 കൊല്ലമായി ഇ.എം.വി നമ്പൂതിരിപ്പാടിന് ഈ ഒറ്റ മേഖലയേ ഉള്ളൂ. അത്യാഹ്ളാദത്തോടെ അതിൽ മുഴുകി പ്രവർത്തിക്കാൻ കഴിയുന്നത് മഹാഭാഗ്യമായി കരുതുകയും ചെയ്യുന്നു. കുറെ പണം നൽകി സഹായിക്കലല്ല, മറിച്ച് കിടപ്പ് രോഗികളെ വീട്ടിൽച്ചെന്ന് പരിചരിച്ച് സാന്ത്വനിപ്പിക്കുകയെന്ന വലിയ പ്രവൃത്തിയാണ് എൺപതാം വയസ്സിലും ഇ.എം.വി ചെയ്യുന്നത്.

ഇദ്ദേഹത്തോടൊപ്പം ദീർഘകാലം പ്രവർത്തിച്ച ഡോ. വി. പി. ബാലചന്ദ്രൻെറ ( പ്രമുഖ കാൻസർ ചികിത്സകൻ വി.പി. ഗംഗാധരൻെറ സഹോദരൻ ) സ്മരണാർത്ഥം തുടങ്ങിയ പാലിയേറ്റീവ് കെയറിൻെറ എല്ലാമെല്ലാമാണ് വളണ്ടിയർ കൂടിയായ ഇ.എം.വി. ഡോക്ടറും നഴ്സും. ചികിത്സാ കേന്ദ്രവും മരുന്നും എല്ലാമുണ്ട്. വീടുകളിൽ ചെന്ന് പരിചരിക്കാൻ വളണ്ടിയർമാരും.

പാലിയേറ്റീവ് കെയർ സംബന്ധിച്ച് ഡെൽഹി, ഹൈദരാബാദ്, ചെന്നൈ, ഒഡിഷ, തൃശ്ശിനാപ്പള്ളി.ബാംഗളൂർ തുടങ്ങി വിവിധ സ്ഥലങ്ങളിലെ ദേശീയ സെമിനാറുകളിൽ പങ്കെടുത്തിട്ടുണ്ട്. വിദേശികളായ ഡോക്ടർമാരുടെ ക്ളാസുകൾ, വിദഗ്ദ്ധരുടെ വളണ്ടിയർ പരിശീലനങ്ങൾ തുടങ്ങി ധാരാളം അനുഭവങ്ങൾ. രശീതിയുമായി ഒരിടത്തും പിരിവിന് പോവാറില്ല. വലിയ ഓഫറുകളും തുകയും സ്വീകരിക്കാറുമില്ല. പ്രവർത്തനം കണ്ട് ആരെങ്കിലും നൽകുന്ന ചില്ലറ സഹായങ്ങൾ മാത്രം.

ഒരു നമ്പൂതിരി ഉണ്ടെങ്കിലേ ഇത്തരം മേഖലയിലേക്ക് വേറെ നമ്പൂതിരി വരൂ. ഞങ്ങളുടെ കേന്ദ്രത്തിൽ നമ്പൂതിരിമാർ മാത്രമല്ല അന്തർജനങ്ങളും ധാരാളമുണ്ട്. സംസാരിക്കാൻ പോലുമാളില്ലാതെ വീടുകളിൽ ഒറ്റപ്പെട്ടു കഴിയുന്ന രോഗികളുണ്ട്. അവർ പറയുന്നത് കേൾക്കാൻ ഒരാളു ചെന്നാൽ പോലും അവർക്ക് വലിയ സന്തോഷമാണ്. പാവപ്പെട്ടവന്റെ വീടുകളിൽ ചെന്ന് രോഗീപരിചരണം ആഢ്യബ്രാഹ്മണർക്ക് സങ്കല്പിക്കാൻ പോലും പറ്റുമായിരുന്നില്ല. പക്ഷേ, ഇ.എം.വി നമ്പൂതിരിപ്പാട് സേവനത്തേക്കാൾ വലിയ രാഷ്ട്രീയം വേറെയില്ലെന്ന് വിശ്വസിക്കുന്നു.

**വിളിക്കാം: 9400696490**

? സി.പി.എം അല്ലേ

> അല്ല. എൽ.ഡി. എഫിൻെറ എല്ലാ പരിപാടികളോടും യോജിപ്പില്ല. കോൺഗ്രസിനോടും ബി ജെ പിയോടും വിരോധവുമില്ല. അവരുടെയും എല്ലാ കാര്യങ്ങളോടും യോജിപ്പില്ല.

? വോട്ട് ചെയ്യാറില്ലേ

> ഉണ്ട് . അത് പാർട്ടി നോക്കിയല്ല. ആളെ നോക്കിയാണ്. അസംബ്ളിയിൽ സി.പി.എമ്മിനും മുനിസിപ്പാലിറ്റിയിൽ ബി.ജെ.പിയ്ക്കും വോട്ട് ചെയ്തിട്ടുണ്ട്. വ്യക്തിഗതമാണ് അത്.

? ഭാരവാഹിത്വം എന്തെങ്കിലും

> എല്ലാവരും ചേർന്ന് നിർബന്ധിച്ചപ്പോൾ പാലിയേറ്റീവ് കെയറിൻെറ സെക്രട്ടറി ആയിരുന്നിട്ടുണ്ട്. അല്ലാതെ മറ്റൊരു ഭാരവാഹിയും ആയിട്ടില്ല.

? പാർട്ടി നേതാക്കളുമായി

> ഒരു ബന്ധവുമില്ല.

? തിരഞ്ഞെടുപ്പിൽ

> മത്സരിച്ചിട്ടില്ല, വോട്ടു ചെയ്തിട്ടേയുള്ളൂ

? എന്തായിരിക്കണം നമ്പൂതിരി യുവാക്കളുടെ രാഷ്ട്രീയം

> അവരവർ വേണം അത് തീരുമാനിക്കാൻ.


# പാണിഗ്രഹണം

പുനർവിവാഹം ബാധ്യതകൾ ഇല്ല
സാമ്പത്തികം ഉണ്ട്.
വാസുണ്ണി നമ്പൂതിരി
കിഴിയേടത്ത് ഇല്ലം
പടിഞ്ഞാറെ നട
ഗുരുവായൂർ 04872 556394
0487 2550050, 8547200050

| | സ | | | ച | |
|---|---|---|---|---|---|
| | ബു ര ഭൃ | മ കു മാ | | | |
| | സ | ഗ്രഹസ്ഥിതി | | | ബു |
| ഗു | | അംശകം | | ല ശി ച | മ ര കു |
| ഭൃ | | | ഗു | | ല മാ ശി |


രക്ഷപ്പെടാൻ എന്താണ് വഴി. യോഗക്ഷേമസഭാ ജനറൽ സെക്രട്ടറി അഴിയിടം വിജയൻ നമ്പൂതിരി സംസാരിക്കുന്നു.അടുത്ത പേജിൽ.



**നമ്പൂതിരി എന്നത് മോശപ്പെട്ട ഒന്നാണെന്ന് ഒരുപാട് സുനിൽ പി ഇളയിടങ്ങൾ പറഞ്ഞു കൊണ്ടിരിക്കുന്ന ലോകത്താണ് പുതു തലമുറ ജീവിക്കുന്നത്.**





**യോഗക്ഷേമസഭ സംസ്ഥാന ജനറൽ സെക്രട്ടറി അഴിയിടം വിജയൻ നമ്പൂതിരിയുമായി ടീം സ്വസ്തി നടത്തിയ അഭിമുഖം**

# രക്ഷപ്പെടാൻ ഒറ്റ വഴിയേയുള്ളൂ

കുടുമ മുറിക്കലും പൂണൂൽ പൊട്ടിക്കലും കുറി മായ്ക്കലും നമ്പൂതിരിയെന്ന വാൽ തന്നെ ഉപേക്ഷിക്കലും . ഇതൊക്കെയായിരുന്നു ഒരു കാലത്ത് വിപ്ളവം. ഇത്രയൊക്കെ ചെയ്തിട്ടും നമ്പൂതിരി ഇല്ലാതായില്ല. ആ ചെയ്തതു കൊണ്ട് എന്തെങ്കിലുമൊരു പുരോഗതി ഉണ്ടായതുമില്ല . എങ്ങനെ കാണുന്നു ഈ നിരീക്ഷണത്തെ

> നമ്പൂതിരി ആണെന്നു പറയുന്നത് മോശമാണ് എന്നു വന്നപ്പോഴാണ് നമ്പൂതിരിത്തത്തിൻെറ പ്രകടനപരതയായ ഇവയെല്ലാം ഉപേക്ഷിച്ചത്. ഇന്ന് ആർജ്ജിതബ്രാഹ്മണർ ഉണ്ടായി വരുന്ന കാലമാണ്. നമ്പൂതിരി ആവാൻ ഇതര ജാതിക്കാർ ശ്രമിക്കുന്ന കാലം. എങ്കിലും നമ്പൂതിരിയെ പൊതുവിൽ അപഹസിക്കുന്നതിൽ ഒട്ടും കുറവ് വന്നിട്ടില്ല.

? ഒരു പരിഹാസ്യ കഥാപാത്രമായി സിനിമകളിലും സാഹിത്യങ്ങളിലും പൊതു സമൂഹത്തിലും നമ്പൂതിരിയെ ചിത്രീകരിക്കുന്നതിൻെറ ദുരനുഭവം സമുദായം നേരിടുന്നുണ്ടോ . പ്രത്യേകിച്ച് ചെറുപ്പക്കാർ.

> തീർച്ചയായും. ചെറുപ്പക്കാരായ നമ്പൂതിരിമാർക്ക് നമ്പൂതിരിത്തത്തോട് നന്നെ പുച്ഛമുണ്ട്. നമ്പൂതിരി ആയതിൽ അവമതിപ്പ് കാണുന്ന ധാരാളം പേർ ഉണ്ട്.

? അത് ചെറുപ്പക്കാരുടെ കുഴപ്പമോ മുതിർന്ന നമ്പൂതിരിമാരുടെ കുഴപ്പമോ പൊതു സമൂഹത്തിൻെറ കുഴപ്പമോ

> മുതിർന്ന തലമുറയുടെ കുഴപ്പമാണ്. താൻ ചെയ്യേണ്ട കാര്യങ്ങൾ ചെയ്യാതെ തൻെറ മക്കളെക്കൊണ്ട് അവ ചെയ്യിക്കാൻ ശ്രമിക്കുന്നതിലാണ് കുഴപ്പം. ചെയ്തു മാതൃക കാണിക്കുകയാണ് മുതിർന്നവർ വേണ്ടത്.നമ്പൂതിരി എന്നത് മോശപ്പെട്ട ഒന്നാണെന്ന് ഒരുപാട് സുനിൽ പി ഇളയിടങ്ങൾ പറഞ്ഞു കൊണ്ടിരിക്കുന്ന ലോകത്താണ് പുതു തലമുറ ജീവിക്കുന്നത്. അവരുടെ മുന്നിൽ നല്ല മാതൃകകൾ ഉണ്ടാവുകയാണെങ്കിൽ നമ്പൂതിരി ആവുന്ന



**ഇ.എം.എസ് പതിനാലാം വയസ്സിൽ ഉപസ ഭാ സെക്രട്ടറി ആയ ആളാണ്. വി.ടിയും ഇ.എം.എ സും. എം.ആർ.ബിയും മറ്റും പ്രവർത്തിച്ച കാല ത്ത് അന്നത്തെ യുവാക്കളായിരുന്നു അവർ. സമുദായ ത്തെ തിരുത്താനായിരുന്നു ശ്രമിച്ചത്.**



തിൽ അവർ അഭിമാനിക്കുക തന്നെ ചെയ്യും.

? അതായത് തിരുത്തേണ്ടത് യുവാക്കളല്ല, അവരുടെ കാരണവന്മാരാണെന്ന്.

> അതേ. യുവാവേ നീ ശരിയല്ല എന്നു പറഞ്ഞ് അവൻറെ നേരെ വിരൽ ചൂണ്ടുമ്പോൾ നാലു വിരലുകൾ നമ്മിലേക്ക് ചൂണ്ടുന്ന കാര്യം തിരിച്ചറിയണം. നമ്മുടെ മദ്ധ്യ വയസ്കർക്കാണ് തകരാറ്. സ്വന്തം മക്കളുടെ ഉപനയനവും സമാവർത്തനവും ഒറ്റ ദിവസം കൊണ്ട് നടത്തിയവരാണ് അവർ. എന്നിട്ട് ആ കുട്ടികൾക്ക് നിഷ്ഠ പോരെന്ന് പറയുന്നു. ചിലരാണെങ്കിൽ അതു പോലും ചെയ്യാത്തവരാണ്. ഉപനയനം ഉണ്ടായിട്ടില്ലാത്ത മകന്റെ വിവാഹം വേളിച്ചടങ്ങോടു കൂടി നടത്തിയ ആളെ എനിക്കറിയാം. വേളിച്ചടങ്ങ് അയാളുടെ സുഹൃത്തുക്കളെ കാണിക്കണം . അതിനു വേണ്ടി മാത്രം.

? കേരളത്തിനു പുറത്തുള്ള മറ്റു ബ്രാഹ്മണസമുദായങ്ങൾ എത്ര ഉയർന്ന പൊസിഷനിലെത്തിയാലും നിത്യകർമ്മങ്ങൾ മുടക്കാറില്ല.

> പല്ലു തേയ്ക്കുന്ന പോലെ , അല്ലെങ്കിൽ ഭക്ഷണം കഴിക്കുന്ന പോലെ ലളിതമായ ഒരു കാര്യമാണത്. മുടക്കേണ്ട ഒന്നല്ല. നിത്യകർമ്മങ്ങൾ നടത്തുന്ന മുതിർന്നവർ ഉള്ള ഇല്ലങ്ങളിൽ കുട്ടികളിലും ഈ നിഷ്ഠ കാണാം. പുറത്തുള്ള ബ്രാഹ്മണസമുദായങ്ങൾ ഇക്കാര്യത്തിൽ നിഷ്ഠയുള്ളവരാണ്.

? കുടുമയും കുറിയും വാലും ഇല്ലാഞ്ഞിട്ടും നമ്പൂതിരി നില നിന്നു. ഭൂപരിഷ്കരണത്തിലൂടെ ഭൂമി നഷ്ടപ്പെട്ടിട്ടും നമ്പൂതിരി നില നിന്നു. ഇനിയിപ്പോൾ നിത്യകർമ്മങ്ങൾ ഇല്ലാതെയും വെജിറ്റേറിയൻ എന്ന നിഷ്ഠയില്ലാതെയും ഒരു തലമുറ വളർന്നു വന്നാലും നമ്പൂതിരി എന്ന ജാതി പരിണാമങ്ങളോടെ നില നിൽക്കില്ലേ.

> ഗാന്ധിസം ഒരു നല്ല പ്രസ്ഥാനമാണ്. ഒരു കാലത്ത് ധാരാളം ആളുകൾ അത് പിന്തുടർന്നു. എന്നാൽ പിന്നീട് ഗാന്ധിയന്മാർ എന്ന പേരിൽ നമ്മുടെ മുന്നിൽ കണ്ടുവന്നത് കള്ളത്തിരുമാലികളെയാണ്. മുന്നിൽ മാതൃകകൾ ഉണ്ടെങ്കിലേ പിന്നിൽ ഫോളോവേഴ്സ് ഉണ്ടാവൂ. നമ്പൂതിരിയുടെ കാര്യത്തിലും അങ്ങനെയാണ്.

**പല്ലു തേയ്ക്കുന്ന പോലെ, അല്ലെങ്കിൽ ഭക്ഷണം കഴിക്കുന്ന പോലെ ലളിതമായ ഒരു കാര്യമാണത്. മുടക്കേണ്ട ഒന്നല്ല. നിത്യകർമ്മങ്ങൾ നടത്തുന്ന മുതിർന്നവർ ഉള്ള ഇല്ലങ്ങളിൽ കുട്ടികളിലും ഈ നിഷ്ഠ കാണാം. പുറത്തുള്ള ബ്രാഹ്മണസമുദായങ്ങൾ ഇക്കാര്യത്തിൽ നിഷ്ഠയുള്ളവരാണ്.**

? ഇനിയിപ്പോൾ മാതൃകകളെ ഉണ്ടാക്കി പുതിയ തലമുറയെ നേർവഴിക്ക് നടത്തലെല്ലാം സാദ്ധ്യമാവുമോ. 24 മണിക്കൂറുള്ള ഒരു ദിവസത്തിൽ നമ്പൂതിരിയ്ക്ക് വേണ്ടി എത്ര മിനുട്ടുകൾ പുതു തലമുറ മാറ്റി വയ്ക്കുന്നുണ്ട്. മുമ്പ് നാലും അഞ്ചു മണിക്കൂർ മാറ്റി വച്ചിരുന്നല്ലൊ. സന്ധ്യാവന്ദനം, ആചമനം, ക്ഷേത്രദർശനം, നിത്യകർമ്മങ്ങൾ, ഭക്ഷണം കഴിക്കുമ്പോഴത്തെ കുടിക്കു നീർ വീഴ്ത്തൽ തുടങ്ങി നമ്പൂതിരി എന്ന വിഷയത്തിൽ ദിവസം ഒരു മിനുട്ട് പോലും ചെലവഴിക്കാത്തവരാണ് പുതുതലമുറയിലെ മിക്കവരും.

> ചില മാറ്റങ്ങൾ വരുന്നുണ്ട്. വെട്ടിക്കളഞ്ഞ വാല് തുന്നിച്ചേർക്കാൻ തുടങ്ങിയിട്ടുണ്ട് പലരും.പൊതു സമൂഹത്തിലെ മറ്റെല്ലാ ജാതികളും ( മതങ്ങളും) പൂർവാധികം ശക്തിയോടെ പ്രകടനപരതയിലേക്ക് വന്നിരിക്കുന്നു. അത് സ്വാഭാവികമായും നമ്പൂതിരി ചെറുപ്പക്കാരിലേക്കും പടരുന്നുണ്ട്.

? വാട്സ് അപ്പ് പോലുള്ള സോഷ്യൽ മീഡിയകൾ അവരെ സ്വാധീനിക്കുന്നു എന്നാണോ

> തീർച്ചയായും. ഇയ്യിടെ വാട്ട്സ് അപ്പിൽ വൈറലായ ഒരു വീഡിയോ ഉണ്ട്. ഞങ്ങളിലില്ലാ ഹൈന്ദവ രക്തം ഞങ്ങളിലില്ലാ മുസ്ലീം രക്തം എന്നൊക്കെ മുദ്രാവാക്യം മുഴക്കുന്ന പെൺകുട്ടികൾ . അവർ മത ചിഹ്നമായ ശിരോവസ്ത്രം ഏറ്റവും വെടിപ്പായിത്തന്നെ ധരിച്ചിരിക്കുന്നു.എന്നിട്ടാണ് ഞങ്ങളിലില്ലാ മുസ്ലീം രക്തം എന്ന് മുദ്രാവാക്യം മുഴക്കുന്നത്. അതിനെ വിമർശിച്ചു കൊണ്ട് ധാരാളം കമൻറുകളും കണ്ടു. ഇതെല്ലാം പുതു തലമുറ നിരീക്ഷിക്കുന്നുണ്ട്.

? മതചിഹ്നത്തോടെ പ്രത്യക്ഷപ്പെടുന്ന പെൺകുട്ടികളുടെ എണ്ണം കഴിഞ്ഞ പത്തു വർഷം കൊണ്ട് പത്തിരുപത് ഇരട്ടിയായി എന്നു തോന്നുന്നു.

> ഇതെല്ലാം നമ്മുടെ കുട്ടികളെയും സ്വാധീനിക്കും. നല്ലതും ചീത്തയും തിരിച്ചറിയാൻ മികച്ച ശേഷിയുള്ളവരാണ് പുതുതലമുറ.അവർ നമ്പൂതിരിയിലെ നല്ല കാര്യങ്ങൾ തിരിച്ചു പിടിക്കും എന്നാണ് പ്രതീക്ഷിക്കുന്നത്.

? യോഗ ക്ഷേമസഭ അതിന്റെ ആരംഭകാലത്ത് ചെറുപ്പക്കാരായ നമ്പൂതിരിമാരുടെ സഭയായിരുന്നു. എന്നാൽ ഇന്ന് വയസ്സൻ ക്ളബ്ബായി അത് മാറിയോ

> ശരിയാണ്. ഇ.എം.എസ് പതിനാലാം വയസ്സിൽ ഉപസഭാ സെക്രട്ടറി ആയ ആളാണ്. വി.ടിയും ഇ.എം.എസും. എം. ആർ.ബിയും മറ്റും പ്രവർത്തിച്ച കാലത്ത് അന്നത്തെ യുവാക്കളായിരുന്നു അവർ. സമുദായത്തെ തിരുത്താനായിരുന്നു ശ്രമിച്ചത്.

? അന്നത്തെ വിഷയങ്ങൾക്ക് ഇപ്പോൾ പ്രസക്തിയില്ലല്ലൊ. വിധവാ വിവാഹം, സ്ത്രീ വിദ്യാഭ്യാസം , സംബന്ധം തുടങ്ങി മിക്ക കാര്യങ്ങളിലും മാറ്റം വന്നു. മറ്റു മനുഷ്യർക്കില്ലാത്ത എന്തെങ്കിലും പ്രശ്നങ്ങൾ ഇന്നത്തെ നമ്പൂതിരിക്കുണ്ടോ

> അടിസ്ഥാനപരമായി ഡെസ്പറേറ്റ് ആണ് നമ്പൂതിരി യുവത്വം. ഭാവിയെ ഓർത്ത് നല്ല പേടിയുണ്ട് അവർക്ക് . ജോലിയുടെ കാര്യം വരുമ്പോൾ സംവരണം എന്ന കടമ്പയിൽ തട്ടി വീഴുന്നു.ഭരണഘടന ഉടച്ചു വാർത്ത ശേഷം ജോലി കിട്ടുക എന്നത് നടക്കുന്ന കാര്യമല്ല. കാലഹരണപ്പെട്ട ജാതി സംവരണം ഇല്ലാതാക്കാനായി



**ഇപ്പോഴും നമ്പൂതിരിയുടെ ബ്രെയിൻ നല്ല ബ്രെയിനാണ്. അതാണ്, അതു മാത്രമാണ് കൈമോശം വന്നു പോവാത്ത ഒന്ന്. ആ ബ്രെയിൻ നമ്മൾ പ്രയോജനപ്പെടുത്തണം . അതു ചെയ്താൽ നഷ്ടപ്പെട്ടതെല്ലാം തിരിച്ചു വരും.**



**ആർജിത ബ്രാഹ്മണരെ ഇല്ലാതാക്കാൻ നമുക്ക് കഴിയില്ല. എന്നാൽ രാജീവ് ഭട്ടതിരിയെന്നും സുകുമാരൻ പോറ്റിയെന്നും നമ്മുടെ ജാതിപ്പേര് പേരിനൊപ്പം ഉപയോഗിച്ച് തട്ടിപ്പ് നടത്തുന്നവരുണ്ട്. അത്തരം കേസുകൾ കണ്ടെത്തി മുഖ്യമന്ത്രിക്കും ഡി.ജി.പിക്കും പരാതി നൽകി.**

യോഗക്ഷേമ സഭ മുഖ്യമന്ത്രി പിണറായി വിജയനെ കണ്ട് നിവേദനം കൊടുത്തു. അദ്ദേഹം ഞങ്ങളുടെ മുഖത്തു നോക്കി പറഞ്ഞത് ജാതി സംവരണം കാലഹരണപ്പെട്ടിട്ടില്ലെന്നാണ്. അത് വേറെ രാഷ്ട്രീയമാണ്. ജാതി സംവരണത്തിന്റെ അനുഭവസ്ഥരും ഗുണഭോക്താക്കളും വല്ലാതെ ശക്തിയാർജിച്ചു കഴിഞ്ഞു.

? ഇതു തന്നെയാണ് യുവാക്കളുടെ പ്രശ്നം. എന്നാൽ സഭ പൊതുവിൽ അഡ്രസ് ചെയ്യുന്നത് ശാന്തിക്കാർക്ക് വേളികഴിക്കാൻ പെൺകുട്ടികളെ കിട്ടാത്തതും അബ്രാഹ്മണർ ശാന്തിവൃത്തിയിലേക്ക്ഇടിച്ച്കയറി വരുന്നതുമാണ്. പ്രശ്നത്തെ ഐഡൻറിഫൈ ചെയ്തു കഴിഞ്ഞാൽ അതു പരിഹരിക്കാനുള്ള മാർഗ്ഗമാണ് സഭ കാണേണ്ടത്.

> ആർജിത ബ്രാഹ്മണരെ ഇല്ലാതാക്കാൻ നമുക്ക് കഴിയില്ല. എന്നാൽ രാജീവ് ഭട്ടതിരിയെന്നും സുകുമാരൻ പോറ്റിയെന്നും നമ്മുടെ ജാതിപ്പേര് പേരിനൊപ്പം ഉപയോഗിച്ച് തട്ടിപ്പ് നടത്തുന്നവരുണ്ട്. അത്തരം കേസുകൾ കണ്ടെത്തി മുഖ്യമന്ത്രിക്കും ഡി.ജി.പിക്കും പരാതി നൽകി. ഇതിന്റെ അടിസ്ഥാനത്തിൽ ചിലരെ പിടികൂടാനും കേസ് ചാർജ് ചെയ്യാനും പറ്റി.

? തിരുവിതാംകൂർ ദേവസ്വം ബോർഡിൽ 220 ശാന്തി ഒഴിവുകൾക്ക് അപേക്ഷക്ഷണിച്ചപ്പോൾ നമ്പൂതിരിമാരായ 40 പേർ മാത്രമേ അപേക്ഷകരായി ഉണ്ടായുള്ളൂ. മേശാന്തി തസ്തിക ക്ളാസ് വൺ ഓഫീസറുടെ ശമ്പളത്തിനു തുല്യമായാൽ ഈ അവസ്ഥ ഉണ്ടാവുമായിരുന്നോ

> നാലഞ്ചു കൊല്ലം കൊണ്ട് മിക്ക അമ്പലങ്ങളിലും ആർജിത ബ്രാഹ്മണരാവും ശാന്തിക്കാർ. അപ്പോൾ മേശാന്തി തസ്തിക ക്ളാസ് വൺ ഓഫീസറുടെ പദവിയിലെത്തുകയും ചെയ്യും.

? അങ്ങനെ ക്ളാസ് വൺ ഓഫീസറുടെ പദവിയിലുള്ള അബ്രാഹ്മണ ശാന്തിക്കാരനെ കല്യാണം കഴിക്കാൻ നമ്പൂതിരി പെൺ കുട്ടികൾ തയ്യാറാവുകയും ചെയ്യും.

> ഇപ്പോഴും ശാന്തിക്കാരനായി എന്നതല്ല വേളി തരാവാത്തതിനു കാരണം. വിദ്യാഭ്യാസമില്ലാത്തതാണ്.തിരിച്ചറിയേണ്ടത് അതാണ്.

? നമ്മുടെ യുവാക്കളുടെ ശരാശരി വിദ്യാഭ്യാസം സ്റ്റേറ്റ് ആവറേജിനു താഴെയാണോ

> ആണെന്നു തോന്നുന്നില്ല. യുവാക്കളിൽ 25 ശതമാനത്തിൽ താഴെ പ്പേർ മാത്രമേ ശാന്തി ഉപജീവനമാർഗ്ഗമായവരുള്ളൂ. അവരുടെ വിദ്യാഭ്യാസം സ്റ്റേറ്റ് ആവറേജിനു താഴെ ആയേക്കാം. പത്താം ക്ളാസ് എന്ന നിലയിലേക്ക് ചുരുങ്ങിയെന്ന് വരാം. എന്നാൽ നമ്മുടെ മറ്റ് യുവാക്കളും പെൺകുട്ടികളും സ്റ്റേറ്റ് ആവറേജിനും മുകളിൽത്തന്നെയാണ്. പ്രശ്നവും അതു തന്നെയാണ്. അവർക്ക് ഉചിതമായ ജോലി ലഭിക്കുന്നില്ല. ഇതിന്റെ ഫസ്ട്രേഷൻ മറി കടക്കാൻ അവർ സമൂഹത്തിലെ മറ്റു കാര്യങ്ങളിൽ ഇടപെടുന്നു. ചാരിറ്റി, സോഷ്യൽ വർക്ക് തുടങ്ങിയ മേഖലകളിൽ വളരെ മുന്നിൽ നിന്ന് പ്രവർത്തിക്കുന്നു. അതിലൂടെ സമൂഹത്തിൽ മാന്യമായ സ്ഥാനവും അംഗീകാരവും നേടിയെടുക്കുന്നു. സമൂഹജീവി എന്ന നിലയിൽ പുതിയ തലമുറയിലെ യുവാക്കൾ മുൻ തലമുറയിലുള്ളവരേക്കാൾ സ്വീകാര്യത നേടിയിരിക്കുന്നു.

? മുമ്പ് മുഖ്യധാരയിൽ നിന്ന് മാറി നിന്നു കൊണ്ടാണ് നമ്പൂതിരി വ്യതിരിക്തനായത്. ബ്രാഹ്മണ്യം, പൗരോഹിത്യം, പ്രഭുത്വം, പണം, ഭൂസ്വത്ത്, അധികാരം തുടങ്ങി പലതും ഉള്ള കാലത്തായിരുന്നു അത്. ആ നമ്പൂതിരിയാണ് പിൽക്കാലത്ത് ഇല്ലാതായതും പരിഹാസ്യനായതും. മികവ് കാണിക്കുന്ന നമ്പൂതിരിയെ ഇന്നും സമൂഹത്തിന് വേണം . ശരിയാണോ ഈ നിരീക്ഷണം.

>സംവരണം എന്ന അനീതി കാരണം തൊഴിൽ കിട്ടാത്തതിൻെറ നിരാശയും പഠിച്ചിട്ടും പരിഗണിക്കപ്പെടാത്തതിൻെറ ഫ്രസ്ട്രേഷനും. ഇതാണ് നമ്പൂതിരി യുവത്വത്തിന്റെ പ്രശ്നം . അത് പുറമെ നിന്ന് ഒരാളും പരിഹരിച്ചു തരികയുമില്ല. ഒറ്റ വഴിയേയുള്ളൂ

? അതെന്താണ്.

> വിദ്യാഭ്യാസം. ഇപ്പോഴും നമ്പൂതിരിയുടെ ബ്രെയിൻ നല്ല ബ്രെയിനാണ്. അതാണ്, അതു മാത്രമാണ് കൈമോശം വന്നു പോവാത്ത ഒന്ന്. ആ ബ്രെയിൻ നമ്മൾ പ്രയോജനപ്പെടുത്തണം. അതു ചെയ്താൽ നഷ്ടപ്പെട്ടതെല്ലാം തിരിച്ചു വരും.

? പറയാൻ എളുപ്പം. യുവാക്കൾ ആ ബ്രെയിൻ ഉപയോഗിച്ചു മുന്നേറാൻ എന്താണ് വഴി

> നേരത്തെ ചോദിച്ചല്ലോ. ദിവസത്തിൽ എത്ര മിനുട്ട് പുതുതലമുറ നമ്പൂതിരിക്കു വേണ്ടി ചെലവഴിക്കുന്നു എന്ന്?. തിരിച്ചു ചോദിക്കാം. ഒരു ദിവസത്തിൽ എത്ര മിനുട്ട് പുതു തലമുറ നല്ല കരിയറിൽ എത്താനായി മാറ്റി വയ്ക്കുന്നു. വളരെ കുറവാണ്.സിവിൽ സർവീസ് സ്വപ്നം കാണുന്ന എത്ര പേരുണ്ട് നമ്മുടെ യുവജനങ്ങളിൽ.അങ്ങനെയൊരു സ്വപ്നം നേടാനായി എത്ര മിനുട്ട് മാറ്റി വയ്ക്കുന്നു.

? ഐ.എ.എസ് ലഭിച്ച ഗായത്രിയെക്കുറിച്ച് ഇത്തവണ സ്വസ്തിയിൽ നൽകുന്നുണ്ട്.

> ഗായത്രിക്ക് ശേഷം ഒരു ഗായത്രിയും പിന്നീട് ഉണ്ടായില്ല.

? ഗായത്രി 2010 സെപ്തംബർ ഒന്നിനാണ് സിവിൽ സർവീസ് എഴുതാൻ തീരുമാനിച്ചത്. 2013 മേയ്മാസത്തിൽനേടുകയുംചെ



**മറ്റെന്ത് ഉപേക്ഷിച്ചാലും നമ്പൂതിരിത്തത്തെ നില നിർത്തുന്ന ഒന്നാണ് വെജിറ്റേറിയനിസം. അത് ഉപേക്ഷിക്കരുത്. മാത്രമല്ല ലോകം പൊതുവിൽ അതിൻറെ മികവ് അംഗീകരിച്ച് പ്രൊപ്പഗാണ്ട തുടങ്ങിയിട്ടുമുണ്ട്. വെജിറ്റേറിയനിസത്തെ പ്രൊമോട്ട് ചെയ്യാൻ ഏറ്റവും കൂടുതൽ അർഹതയുള്ളത് നമുക്കാണ്.**



യ്തു. വെറും രണ്ടര വർഷം കൊണ്ട്.

> 2013 കഴിഞ്ഞിട്ട് ആറു വർഷമായി . പിന്നീട് ഒരാൾ പോലും ഉണ്ടായില്ല. മറ്റു സമുദായങ്ങളിൽ നിന്ന് അങ്ങനെയല്ല. നമ്മുടെ ഇടയിൽ നിന്ന് ഒരു ഗാർഗിയേ വിമാനം പറത്തിച്ചുള്ളൂ. ഒരു ഗായത്രിയേ ഐ.എ.എസുകാരിയായി ഉണ്ടായുള്ളൂ.

? യോഗക്ഷേമസഭയ്ക്ക് ഇതിൽ എന്തു ചെയ്യാനാവും.

> നല്ല മാതൃകകളെ ഉയർത്തിക്കാട്ടുക. വിദ്യാഭ്യാസത്തിനായി, ഉന്നതവും മികച്ചതും ആയ വിദ്യാഭ്യാസത്തിനായി, ഓരോ ഉപസഭയിലും കാമ്പെയിൻ നടത്തുക.

? ഭരണഘടന തിരുത്തുക, സർക്കാറിനെ വരച്ച വരയിൽ നിർത്തുക തുടങ്ങി അസാദ്ധ്യമായ കാര്യങ്ങൾക്ക് ഊർജം ചെലവഴിക്കേണ്ടെന്ന് അർത്ഥം

> അതിനു പകരം സിവിൽ സർവീസിലും അതുപോലുള്ള മികച്ച ഇടങ്ങളിലും കയറിക്കൂടാൻ ശ്രമിക്കുക. ജില്ലാ കളക്ടറായ നമ്പൂതിരിയെ ഒരാളും പരിഹസിക്കില്ല. മാത്രമല്ല അത്തരക്കാരുള്ള സമുദായത്തെ മറ്റുള്ളവർ ബഹുമാനിക്കുകയും ചെയ്യും.

? സർക്കാരിനെ തിരുത്തണമെങ്കിൽ വോട്ട് ബാങ്കുകൾക്കേ കഴിയൂ. നമ്പൂതിരി ജനസംഖ്യ എത്ര വരും

> മൂന്നര കോടി മലയാളികൾക്കിടയിൽ കഷ്ടിച്ച് മൂന്നര ലക്ഷം മാത്രം.അതിൽ തന്നെ യോഗക്ഷമ സഭയിൽ അമ്പതിനായിരത്തിൽ താഴെ മാത്രം. ഒരു വാർഡിൽപ്പോലും ജയിക്കാനുള്ള സാന്ദ്രതയും സാദ്ധ്യതയുമില്ല.

? നമ്പൂതിരി യൂത്ത് സോഷ്യൽ വർക്കിൽ ധാരാളം ഇടപെടുന്നുണ്ടല്ലോ.അവരെ ഉന്നത വിദ്യാഭ്യാസത്തിലേക്ക് നയിക്കാൻ എന്താണ് തടസ്സം.

> ഒരു തടസ്സവുമില്ല. അതാണ് ഇനി യോഗക്ഷമ സഭ ചെയ്യാനിരിക്കുന്നത്. രണ്ടര വർഷം കൊണ്ട് ഗായത്രിക്ക് നേടാമെങ്കിൽ അഞ്ചു വർഷം കൊണ്ട് 150 ഗായത്രിമാരെ സിവിൽ സർവീസിൽ എത്തിക്കാൻ നാം പ്രതിജ്ഞയെടുക്കുക. അതിനായി ഓറിയൻ്റേഷൻ നൽകുക. അങ്ങനെയുള്ള 150 പേർ വിചാരിച്ചാൽ നമ്പൂതിരിക്ക് പ്രസക്തി കൂടും. പ്രൊഫഷണൽ ഡിഗ്രിയിൽ പോലും നമ്മുടെ സമുദായം സ്റ്റേറ്റ് ആവറേജിന് താഴെയാണ്.

? പുറമെ ആരുടെയും സഹായം ഇതിന് വേണ്ട. ഭരണഘടന തിരുത്തേണ്ടതുമില്ല.

> വേണ്ട. 200 ഏക്കർ ഭൂമി ഒറ്റയടിക്ക് ഇല്ലാതായിട്ടുണ്ടാവാം. എന്നാൽ തലമുറകളിലൂടെ കൈമാറി വന്ന പഠിക്കാൻ ശേഷിയുള്ള നമ്മുടെ തലച്ചോറ് ഇപ്പോഴും കൈമോശം വന്നിട്ടില്ല.

? യൂത്തിനോട് എന്താണ് പറയാനുള്ളത്.

> മറ്റെന്ത് ഉപേക്ഷിച്ചാലും നമ്പൂതിരിത്തത്തെ നില നിർത്തുന്ന ഒന്നാണ് വെജിറ്റേറിയനിസം. അത് ഉപേക്ഷിക്കരുത്. മാത്രമല്ല ലോകം പൊതുവിൽ അതിന്റെ മികവ് അംഗീകരിച്ച് പ്രൊപ്പഗാണ്ട തുടങ്ങിയിട്ടുമുണ്ട്. വെജിറ്റേറിയനിസത്തെ പ്രൊമോട്ട് ചെയ്യാൻ ഏറ്റവും കൂടുതൽ അർഹതയുള്ളത് നമുക്കാണ്. ആ വെജിറ്റേറിയനിസമാണ് നമ്പൂതിരിയെ എംപതിയുള്ള ആളാക്കുന്നത്. സിംപതിയേക്കാൾ വളരെ മുകളിലാണ് അതിന്റെ സ്ഥാനം. വിദ്യാഭ്യാസത്തിൽ മറ്റുള്ളവരെ പിന്നിലാക്കുക. എംപതിയുള്ള നല്ല മനുഷ്യനാവുക. മറ്റെല്ലാം പിറകെ വരും

എല്ലാം പിറകെ വന്നിട്ടും പഴയതൊന്നും ഉപേക്ഷിക്കാത്ത ഒരു യുവാവ്. സഹസ്രാവൃത്തിയുള്ള സ്ക്വാഡ്രൻ ലീഡർ. അടുത്ത പേജിൽ.



# ശ്രമിക്കാം

**വിജയാരാജീവൻ**

ഒരു ചെറുചിരിയാൽ നിറച്ചിടാമീ
ഇരുളുകൾ തിങ്ങിനിറഞ്ഞ
മാനസങ്ങളിൽ
കവിതകൾ പലതും കുറിച്ചിടാമിനി
വിടരട്ടേ പുതുപുത്തനാശയങ്ങളായ്..

പലവിധമായ വേഷമാടുവാനായ്
പരനീശനേകിയൊരീ ജീവിതത്തെ
അതിരസമോടെയാടിടാം നമുക്കാ
അനിവാര്യമാം,വിധിയെത്തിടുംവരെ...

അരുതരുതു പരനിന്ദ തെല്ലുപോലും..
കരുതാം സ്നേഹമിയൂഴിയിലെന്നുമെന്നും..
പരനിന്ദ ചെയ്തു നാളുനീക്കുവോർക്കും
പകരാം സ്നേഹമതൊന്നുമാത്രമെന്നും..

അതുമാത്രം മതിയീ ജഗത്തിലായ്
മതിവരുവോളമാസ്വദിക്കുവാൻ
കൊതിതീരുംവരെ കണികണ്ടിടാമീ
പ്രകൃതീ..! നിൻ സുന്ദരഭാവമെല്ലാം..

കിറുകൃത്യതയോടെയെന്നുമെന്നും
തുടരുന്നൂ ഹാ! മടിയേതുമെന്യേ
പലതും കണ്ടു പഠിച്ചിടാനായ്
തുടരുന്നീ നടനങ്ങളൂഴിയിൽ..

തുടരാമൊരു ചെറുശ്രമം നമുക്കും
പ്രകൃതിയൊടൊത്തു ഗമിച്ചിടാമിനി
പ്രകൃതിയിലേയ്ക്കു ലയിച്ചിടേണ്ടവൻ നീ
മറക്കരുതേ മനുജാ, അതാണു സത്യം..



**ഇന്ത്യയിലെ ഏറ്റവും മികച്ച പത്തു കോളേജുകളിൽ ഒന്നായ ബിറ്റ്സ് പിലാനിയിൽ നിന്ന് സോഫ്റ്റ് വെയർ സിസ്റ്റത്തിൽ മാസ്റ്റർ ബിരുദം. എയർഫോഴ്സ് ടെക്നിക്കൽ കോളേജിൽ നിന്ന് എയ്റോനോട്ടിക്കൽ എൻജിനീയറിംഗിൽ പി.ജി. ഡിപ്ളോമ.**



**സഹസ്രാവൃത്തിയെന്നാൽ എന്തെന്ന് പഴയ നമ്പൂതിരിമാർക്ക് അറിയാം. ന്യൂജെൻ പിള്ളേർക്ക് വേണ്ടി അതെന്താണെന്ന് പറയാം 1008 ഗായത്രി ജപം. സംഗതി എളുപ്പമല്ല , ഒന്നൊന്നര മണിക്കൂർ വേണം. നിത്യകർമ്മം ചിട്ടപ്പെടുത്തിയത് 108 ഗായത്രിയുടെ കണക്കിലാണ്. അത് ഒപ്പിക്കാൻ വയ്യാത്തവർ 48ലേക്ക് ചുരുക്കി. അതും പ്രയാസമെന്ന് കരുതിയവർ 24 എന്ന് അല്പം കൂടി താഴ്ത്തി പുതിയ നിയമമുണ്ടാക്കി. അതും വേണ്ട പത്തു ഗായത്രിയെങ്കിലും ജപിച്ചാൽ മഹാഭാഗ്യം എന്ന നിലവാരത്തിലാണ് ഇന്നത്തെ നമ്പൂരിത്തം. ഇങ്ങനെയുള്ള കാലത്താണ് ഈ ഉണ്ണി നമ്പൂതിരി ദിവസവും സഹസ്രാവൃത്തി നടത്തുന്നത്. വേറെ ഒരു പണിയും ഇല്ലാഞ്ഞിട്ടല്ല.**



8

# സഹസ്രാവൃത്തിയുള്ള സ്ക്വാഡ്രൺ ലീഡർ

ഇന്ത്യൻ എയർഫോഴ്സിൽ സ്ക്വാഡ്രൻ ലീഡർ ആണ് വൈത്തല എടക്കാട്ട് കൃഷ്ണൻ നമ്പൂതിരി (38 ). സഹസ്രാവൃത്തിയുള്ള നമ്പൂതിരിമാരുടെ പ്രൊഫൈലുമായി ഒരു പൊരുത്തവും ഇയാൾക്കില്ല. ചിലത് പറയാം.

ഇന്ത്യയിലെ ഏറ്റവും മികച്ച പത്തു കോളേജുകളിൽ ഒന്നായ ബിറ്റ്സ് പിലാനിയിൽ നിന്ന് സോഫ്റ്റ് വെയർ സിസ്റ്റത്തിൽ മാസ്റ്റർ ബിരുദം. എയർഫോഴ്സ് ടെക്നിക്കൽ കോളേജിൽ നിന്ന് എയ്റോനോട്ടിക്കൽ എൻജിനീയറിംഗിൽ പി.ജി. ഡിപ്ളോമ. കേരളത്തിലെ നമ്പർ വൺ സ്ഥാപനമായ തിരുവനന്തപുരം സി.ഇ.ടിയിൽ നിന്ന് എം.ബിഎ പൂർത്തിയാക്കി. ഇപ്പോഴാകട്ടെ മുംബയ് യൂണിവേഴ്സിറ്റിയിൽ നിന്ന് എന്തെങ്കിലും അഡീഷണൽ കോഴ്സ് പഠിക്കാമോ എന്ന ആലോചനയിലുമാണ്. ഇത് പഠനത്തെപ്പറ്റി.

ആദ്യം ജോലി ചെയ്ത സ്ഥാപനം ഇന്ത്യയിലെ ഏറ്റവും മികച്ച ബിസിനസ് സ്കൂളായ ഇന്ത്യൻ ഇൻസ്റ്റിട്യൂട്ട് ഓഫ് മാനേജ്മെൻറ്. കോഴിക്കോട് ഐ.ഐ.എമ്മിലെ എക്സിക്യൂട്ടീവ് മാനേജ്മെൻറ് എഡ്യുക്കേഷൻ പ്രോഗ്രാമിൻെറ ടെക്നിക്കൽ ഇൻ ചാർജ്. അതു കഴിഞ്ഞാണ് ഇന്ത്യൻ എയർഫോഴ്സിലെത്തുന്നത്.

അവിടെയോ? ഹൈദരാബാദ്. കർണ്ണാടക, തമിഴ്നാട്, കേരളം എന്നിവ അടങ്ങുന്ന സതേൺ എയർ



**നമ്പൂതിരി ആയതിൽ ഒട്ടും അവമതിപ്പ് വേണ്ടെന്നും ബാക്കിയുള്ളവരെപ്പോലെ ആവുകയല്ല നല്ല നമ്പൂതിരി ആവുകയാണ് വേണ്ടതെന്നും ഗുണദോഷിച്ചു. അതായിരുന്നു തുടക്കം.**



കമാൻഡിന്റെ ഇൻഫർമേഷൻ വാർഫെയറിന്റെ ഇൻചാർജ്. നേരിട്ട് ആയുധം ഉപയോഗിച്ചുള്ളതല്ല ഈ യുദ്ധമുറ. ഐ.ടി വന്നതോടെ വികസിച്ച ഒന്നാണ് ഇൻഫർമേഷൻ വാർഫെയർ സെക്യൂരിറ്റി. ബാംഗളൂർ, ഹൈദരാബാദ്, ബിക്കാനീർ, ഝാർക്കണ്ട്, തിരുവനന്തപുരം എന്നിങ്ങനെ സ്ഥലം മാറ്റങ്ങൾ. ഇപ്പോൾ രണ്ടുമാസമായി മുംബയിൽ കമാൻഡിംഗ് ഓഫീസർ.

ഇനിപ്പറയൂ. ദിവസവും സഹസ്രാവൃത്തി കഴിക്കുന്ന ഒരാളായി ഇയാൾ തുടരുന്നുവെങ്കിൽ അതിനെ എന്തു വിളിക്കണം? മുജ്ജന്മ സുകൃതം!

കുറച്ച് ഈ ജന്മത്തിലെ സുകൃതവുമുണ്ട്.

മൂന്ന് കൊല്ലം ബ്രഹ്മചാരി ആയിരുന്നിട്ടുണ്ട്. മുടി വെട്ടാതെയുള്ള കടുകട്ടി വ്രതങ്ങൾ. കണിശക്കാരനായ പുളിയശ്ശേരിയുടെ കീഴിൽ വേദപഠനം. പിന്നെ ശ്രീരുദ്രം, പൂജ ,പുണ്യാഹം ,ഹോമാചാരം അങ്ങനെ നമ്പൂതിരിയുടെ പഴയ വഴികൾ. 99ൽ മമ്മിയൂരിൽ നടത്തിയ അതിരുദ്രത്തിൽ പങ്കാളിയായി. അതല്ലാതെ നിരവധി ഏകാദശരുദ്രങ്ങൾ ,ധാര, പരികർമ്മം,മുട്ടുശാന്തികൾ......ഏറ്റവുമൊടുവിൽ ഇക്കഴിഞ്ഞ പൂജാ അവധിക്കാലത്ത് നാട്ടിലെത്തിയപ്പോഴും കിട്ടി ഒരു മുട്ട്. അച്ഛനു പകരക്കാരനായി ഒരു മില്ലിലെ ദശമി പൂജ!!

പ്രമുഖ തന്ത്രിയും തന്ത്രവിദ്യാപീഠം വർക്കിംഗ് പ്രസിഡണ്ടുമായ മുല്ലപ്പള്ളി കൃഷ്ണൻ നമ്പൂതിരിക്കൊപ്പം തിരുവനന്തപുരം രാജ കൊട്ടാരത്തിലെ ശ്രീചക്രപൂജ ഉൾപ്പെടെയുള്ള പൂജകളിലും പങ്കാളിയായിട്ടുണ്ട്.

ഇനിയും പറയാം വേറെ ചിലത്.

പേരിന്റെ പിന്നിൽ വാലുള്ള നമ്പൂതിരിയാണ് എല്ലാ റിക്കാർഡിലും. ഹൈസ്കൂളിൽ പഠിക്കുമ്പോൾ കുട്ടികളെല്ലാവരും നമ്പൂര്യേ എന്നാണ് വിളിച്ചിരുന്നത്. അക്കാലത്ത് വല്ലാത്ത അസ്ഥിത തോന്നി. അതിനാൽ നോട്ടുബുക്കിലെ പേര് കൃഷ്ണൻ എൻ. വി എന്ന് ചുരുക്കി. ബാക്കിയുള്ള കുട്ടികളെ പോലെ ആവാനായിരുന്നു അത്.

മുത്തശ്ശൻ ഇത് കണ്ടു പിടിച്ചു.

**ഫെയർവെൽ സമയത്ത് നടക്കുന്ന ആചാരപരമായ മദ്യപാനം. ഉയർന്ന ഉദ്യോഗസ്ഥർ മറ്റു റാങ്കിലുള്ളവരെ ഹസ്തദാനം ചെയ്ത് ഡ്രിങ്ക് കൈമാറും. മനുഷ്യരാരും അത് നിഷേധിക്കാറില്ല.**

നമ്പൂതിരി ആയതിൽ ഒട്ടും അവമതിപ്പ് വേണ്ടെന്നും ബാക്കിയുള്ളവരെപ്പോലെ ആവുകയല്ല നല്ല നമ്പൂതിരി ആവുകയാണ് വേണ്ടതെന്നും ഗുണദോഷിച്ചു. അതായിരുന്നു തുടക്കം. അതിൽ പിന്നീട് വാല് മുറിച്ചിട്ടില്ല. എത്ര ഉയരത്തിലായാലും വിലങ്ങത്തിലായാലും ഉപേക്ഷിക്കേണ്ട ഒന്നല്ല നമ്പൂരിത്തം എന്നും ബോദ്ധ്യപ്പെട്ടു.

ഇന്നു വരെ പൂണൂൽ അഴിച്ച് ആണിയിൽ തൂക്കിയിട്ടില്ല. മദ്യം , മാംസം, മുട്ട ഇവയൊന്നും കഴിച്ചു നോക്കിയിട്ടില്ല. സാമ്പിൾ നോക്കാൻ ഉദ്ദേശിക്കുന്നുമില്ല.

കൊല്ലത്തിൽ രണ്ടു ചാത്തമുണ്ട്. അമ്മാത്തെ മുത്തശ്ശന്റെയും മുത്തശ്ശിയുടെയും. രണ്ടും ഊട്ടാറുണ്ട്. മുടങ്ങിയാൽ ആവർത്തിക്കാറുമുണ്ട്.വിഷ്ണു ശിവൻ, ദദ്രകാളി തുടങ്ങി ഒരു വിധം എല്ലാ പൂജയുമറിയാം. വാവിന് അന്ത്യാസ്കാരം ,കൊല്ലത്തിലൊരിക്കൽ കളമെഴുത്തുപാട്ട്...അതിനെല്ലാം പുറമെ ഇല്ലത്തെ മുറ്റത്ത് കുടുംബക്ഷേത്രവും. ഝാർക്കണ്ടിൽ നിന്ന് ഈ സ്ക്വാഡ്രൻ ലീഡർ വന്നില്ലെങ്കിൽ മുടങ്ങിപ്പോവുന്നതൊന്നുമല്ല വൈത്തല എടക്കാട്ടെ കളമെഴുത്തുപാട്ട്. എങ്കിലും കൊല്ലത്തിലൊരിക്കൽ ഇല്ലത്തു നടക്കുന്ന ആചടങ്ങിന്റെ അനുഗ്രഹം വേണ്ടെന്നു വച്ചിട്ടില്ല ഇന്നു വരെ.

ഇതെല്ലാം പരമ പിന്തിരിപ്പൻ ഏർപ്പാടാണെന്ന് തോന്നീട്ടുമില്ല .രാവിലത്തെ സഹസ്രാവൃത്തിക്കു പുറമെ സന്ധ്യയ്ക്ക് ലളിതാസഹസ്രനാമവും ഉപാസിക്കാറുണ്ട്. ഏതു വലിയ വാർഫെയറിലും ഇങ്ങനെ ചിലത് സൂക്ഷിക്കുന്നത് നല്ലതെന്നു ഉത്തമബോദ്ധ്യവുമുണ്ട്.

വ്യോമസേനയിൽ ചക് ലക് എന്നൊരു ചടങ്ങുണ്ട്. ഒരു യൂണിറ്റിന്റെ ഫെയർവെൽ സമയത്ത് നടക്കുന്ന ആചാരപരമായ മദ്യപാനം. ഉയർന്ന ഉദ്യോഗസ്ഥർ മറ്റു റാങ്കിലുള്ളവരെ ഹസ്തദാനം ചെയ്ത് ഡ്രിങ്ക് കൈമാറും. മനുഷ്യരാരും അത് നിഷേധിക്കാറില്ല. ആ ഡ്രിങ്ക് വേണ്ടെന്ന് വച്ചാൽ ഉയർന്ന ഉദ്യോഗസ്ഥനെ അപമാനിച്ച പോലെ കണക്കാക്കിയെന്നു വരും. ലോകത്ത് കിട്ടുന്ന ഏറ്റവും മുന്തിയ തരം മദ്യമായതിനാൽ ആരും ഉപേക്ഷിക്കാറുമില്ല. പക്ഷേ, ഈ സ്ക്വാഡ്രൻ ലീഡർ അതും വേണ്ടെന്നു വച്ചു.

യൂണിറ്റിൽ ചിലർക്ക് പരിഭ്രമമായി. ഇനി എന്തെങ്കിലും സംഭവിച്ചാലോ? സംഭവിച്ചത് മറ്റൊന്നായിരുന്നു. ആ മുതിർന്ന ഉദ്യോഗസ്ഥന്റെ വക കൃഷ്ണൻ നമ്പൂതിരിക്ക് ഒരു സ്പെഷ്യൽ ഗിഫ്റ്റ്! മദ്യപിക്കില്ല എന്ന നിശ്ചയദാർഢ്യത്തിന്!!

ഒരു ചോദ്യം ചോദിക്കാം ഈ വ്യോമസേനക്കാരനോട്. എവിടന്ന് കിട്ടുന്നു സഹസ്രാവൃത്തിക്കൊക്കെ സമയം?

ഝാർക്കണ്ടിലും മറ്റും ആവുമ്പോൾ രാവിലെ 5.50ന് യൂണിറ്റിൽ യോഗ പ്രാക്ടീസുണ്ട്. അതിനു മുമ്പ് നാലു മണിക്ക് എണീക്കും. ഒരു മണിക്കൂറും ഇരുപത് മിനിട്ടുമാണ് സഹസ്രാവൃത്തിക്ക് എടുക്കാറ്. കിഴക്കോട്ട് തിരിഞ്ഞു നിന്ന്. ഇനിയത് നമസ്കാരത്തോടു കൂടി ആക്കാനാണ് ആലോചന.

പത്നി സ്മിത കോഴിക്കോട് എൽ.ഐ.സിയിൽ ഉദ്യോഗസ്ഥ. രണ്ടു കുട്ടികൾ.

വിളിക്കാം: 9447262696, 8928555188
വാട്ട്സ് ആപ് 9497491519

ഈ സഹസ്രാവൃത്തി പോലെ ഒന്നാണ് കാട്ടുമാടത്തെ മന്ത്രവാദവും. ഡോക്ടർ ആയിട്ടും ഒന്നും ഉപേക്ഷിച്ചിട്ടില്ല. അടുത്ത പേജിൽ





കാട്ടുമാടം കൃഷ്ണകുമാർ നമ്പൂതിരിപ്പാട്

**ബ്രഹ്മശ്രീ കാട്ടുമാടം കൃഷ്ണകുമാർ നമ്പൂതിരിപ്പാട്**

# ഈ മാന്ത്രികചികിത്സകന്റെ മക്കൾ ഡോക്ടറും എഞ്ചിനീയറുമാണ് !

9

- മാന്ത്രിക ചികിത്സ ഒട്ടും മോശപ്പെട്ട ഏർപ്പാടല്ല, ഉത്തമത്തിൽ നന്മയ്ക്കു വേണ്ടി മന:ശാസ്ത്രപരമായി ചെയ്യുന്ന ചികിത്സ ഗുണപ്രദമാണ്.
- ന്യൂജെൻ പിള്ളേർക്കും സ്കോപ്പ് ഉണ്ട്

ഈ ചികിത്സാരീതിയെ കുറിച്ച് പഠിക്കാനായി മാത്രം ജനീവയിൽ നിന്ന് ഒരു മദാമ്മ കാട്ടുമാടത്തെത്തി. പിന്നീട് സ്ഥിരമായി എല്ലാ വർഷങ്ങളിലും അവർ വരുന്നു.ഒന്നും കാണാതെ അത്തരക്കാർ വരുമോ? കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ ഇ എം എസ് ഹാളിൽ സൈക്കോളജി വിദ്യാർത്ഥികൾക്കായി സെമിനാർ നടത്താൻ കാട്ടുമാടത്തെ ക്ഷണിച്ചുവെങ്കിൽ അത് അന്ധവിശ്വാസം പടർത്താനാവില്ലല്ലോ!

മറ്റൊന്ന് പറയാം, കോട്ടക്കൽ ഗവൺമെൻറ് ആയുർവേദ കോളേജിൽ ചികിത്സ സംബന്ധിയായ ഒരു സെമിനാർ. അതിന് വിളിച്ചത് കാട്ടുമാടത്തെ! വൈദ്യശാസ്ത്രം പഠിക്കുന്ന കുട്ടികൾക്കാണ് മനയ്ക്കലെ ഈ ചികിത്സക ന്റെ ക്ളാസ്. !! അതായത് ഈ ചികിത്സ മോശമല്ലെന്നർത്ഥം.!!!

ഇദ്ദേഹവും ഒട്ടും മോശക്കാരനല്ല.വളാഞ്ചേരി എം.ഇ.എസ് ഹയർ സെക്കണ്ടറി സ്കൂളിൽ പ്രിൻസിപ്പലായിരുന്നു . 2016 ൽ റിട്ടയർ ചെയ്തു.

തിരുപ്പതി സർവകലാശാലയിൽനിന്നും എം.എ ഇംഗ്ലീഷ്.

മുബൈ ഡൽഹി ചെന്നൈ തുടങ്ങിയ മഹാനഗരങ്ങളിൽ മാത്രമല്ല വിദേശരാജ്യങ്ങളിലും മന:ശാസ്ത്ര പരമായ മാന്ത്രിക ചികിത് കൾ :

ഒരു വശത്ത് അന്ധവിശ്വാസമെന്ന് പലരും കരുതുന്ന പാരമ്പര്യ ചികിത്സ, മറുവശത്ത് ഭൗതികവിദ്യാഭ്യാസത്തിന് നേതൃത്വം നൽകുന്ന സ്ഥാപനത്തിലെ പ്രിൻസിപ്പൽ. ഈ വൈരുദ്ധ്യത്തെപ്പറ്റി സംസാരിക്കുന്നു ബ്രഹ്മശ്രീ കാട്ടുമാടം കൃഷ്ണകുമാർ നമ്പൂതിരിപ്പാട്.

''പൂർവികമായ വിശ്വാസപ്രമാണങ്ങളും ആചാരങ്ങളും മുറുകെപിടിക്കുക. അതോടൊപ്പം ആധുനിക വിദ്യാഭ്യാസത്തിന്റെ നന്മകളും കൂട്ടിച്ചേർക്കുക. ഇതൊരു ജനസേവന പ്രവൃത്തിയായി കാണുക. പുതിയ തലമുറ ചെയ്യേണ്ടത് അതാണ്. ആഴത്തിലുള്ള പഠനങ്ങൾക്ക് ശേഷമായിരിക്കണം കർമ്മങ്ങൾ ചെയ്യേണ്ടത്. ഈശ്വര വിശ്വാസത്തോടെ വേണം കർമ്മങ്ങൾ ചെയ്യുന്നത്.. പുതിയ തലമുറയിലെ പെൺകുട്ടികൾ ഭൗതിക വിദ്യാഭ്യാസത്തിൽ മുന്നേറുമ്പോൾ ആൺകുട്ടികൾ മത ഭൗതിക വിദ്യാഭ്യാസം സമന്വയിപ്പിച്ച് വേണം ഉയരങ്ങൾ കീഴടക്കാൻ. ഏതെങ്കിലും ഒന്നിൽ മാത്രമായി ശ്രദ്ധിക്കുമ്പോഴാണ് ന്യൂജെൻ നമ്പൂതിരി തലമുറ പ്രതിസന്ധിയിലാവുന്നത്.ഗണപതി നിവേദ്യം പോലും അറിയാത്ത ഒരു തലമുറയായി നമ്പൂതിരി യുവാക്കൾ മാറരുത്. മതഭൗതിക സമന്വയ വിജ്ഞാന സംരംഭങ്ങൾ ഉയരേണ്ടതുണ്ട്. ഇതിന് നമ്മുടെ നേതൃത്വത്തിലുള്ളവർ ശ്രദ്ധിക്കുകയും വേണം''.

അദ്ദേഹത്തിൻെറ രണ്ടു മക്കളും ഉന്നത വിദ്യാഭ്യാസം നേടിയവരാണ്. ഒരാൾ ഡോക്ടർ. മറ്റേയാൾ എഞ്ചിനീയറും.

? ഇതൊരു തൊഴിലാക്കി എടുക്കാനാവുമോ

> ഇത് ഒരു തൊഴിലായി തന്നെ ഏറ്റെടുത്താലും തെറ്റില്ല. പക്ഷേ, അതിന്റെ ശരിയായ അർത്ഥത്തിൽ എടുത്ത് ചിട്ടവട്ടങ്ങളോട് കൂടി കൈകാര്യം ചെയ്യണം. മറ്റുള്ളവർക്ക് ഉപദ്രവം ചെയ്യാതെ മാനസികമായ വെല്ലുവിളികളെ ചികിത്സിക്കാനും അതിജീവിക്കാനും വേണ്ടി ഉപകരിക്കുന്ന രീതിയിൽ ഇത് ഒരു തൊഴിലായി തന്നെ ഏറ്റെടുക്കാം. പണമുണ്ടാക്കാനോ പ്രശസ്തിക്കോ വേണ്ടി ആകരുത് എന്ന് മാത്രം .നന്മ മാത്രം പ്രതീക്ഷിക്കുക: പ്രതിഫലത്തിനായി കർമ്മം ചെയ്യാതിരിക്കുക. പ്രവൃത്തികൊണ്ട് ഫലം ഉണ്ടാവണമെന്ന് നന്നായി പ്രാർത്ഥിക്കുക. ആചാരഅനുഷ്ഠാനങ്ങൾ പാലിക്കുക,അഞ്ചായാലും അൻപതായാലും ഒരു പോലെ മാത്രം കാണുക. കാര്യങ്ങൾ ഈശ്വരാർപ്പണത്തോടെ വിശ്വാസത്തോടെ മാത്രം ചെയ്യുക.

ഇവിടെ മന്ത്രവാദമെന്നല്ല മറിച്ച് കാട്ടുമാടം പാരമ്പര്യം എന്നാണ് പറയാറ്. മന ശാസ്ത്ര മാന്ത്രിക ചികിത്സാചരിത്രത്തിൽ അദ്വിതീയ സ്ഥാനം ആണ് കാട്ടുമാടം മനക്കുള്ളത്. മലപ്പുറം ജില്ലയിൽ വളാഞ്ചേരിക്ക് അടുത്ത ഇരിമ്പിളിയത്താണ് മന. ഏകദേശം ആറ് നൂറ്റാണ്ടുകൾക്കപ്പുറം കണ്ണൂർ ജില്ലയിൽ പള്ളിക്കുന്നിന് സമീപമുള്ള കാട്ടുമാടം മനയിൽ രണ്ട് സഹോദരങ്ങൾ അവിടെ നിന്നും ഇവിടേക്ക് യാത്ര പുറപ്പെട്ടു അവർ രണ്ടു സ്ഥലത്തായി താമസം തുടങ്ങി. മൂത്തയാൾ താമസിച്ചിടം എന്നർത്ഥത്തിൽ മൂത്തേടത്ത് കാട്ടുമാടവും ഇളയയാൾ താമസിച്ചിടം എന്നർത്ഥത്തിൽ ഇളയേടത്ത് കാട്ടുമാടവും.

കണ്ണൂരിൽ നിന്നും യാത്ര പുറപ്പെടുമ്പോൾ തങ്ങളുടെ പരദേവതയായ മഹി



**രോഗികളായി വരുന്നവരുടെ ബാധ ഒഴിപ്പിക്കലിന് പുറമേ ആയുർവേദവിധിപ്രകാരമുള്ള ചികിത്സാരീതികളും ഇതോടൊപ്പം ഇവിടെ ചെയ്തുവരുന്നു.**





ഷാസുരമർദ്ദിനി ഭാവത്തിലുള്ള ദുർഗ്ഗാദേവിയേയും കുട്ടിച്ചാത്തൻ മാരേയുംകൂടെ കൂട്ടിയിരുന്നു വെള്ളവും അഗ്നിയും നന്നായി കൂടി യോജിക്കുന്നിടത്ത് കുടിയിരിക്കാമെന്ന് അശരീരി ഉണ്ടാവുകയും തുടർന്ന് തൂതപ്പുഴക്ക് സമീപം ഇപ്പോൾ താമസിക്കുന്ന സ്ഥലത്ത് ഒരു പ്ലാവിൻ ചുവട്ടിൽ അഗ്നി കാണുകയുംഅവിടെ കുട്ടിച്ചാത്തന്മാരെ പ്രതിഷ്ഠിക്കുകയും ചെയ്തു എന്നുമാണ് ഐതിഹ്യം.

ചികിത്സക്കൊന്നും ഫലമില്ലാതെ വരുമ്പോഴാണ് പലരും ഇവിടെ എത്തുന്നത് സമാവർത്തനം കഴിഞ്ഞ് അച്ഛനിൽ നിന്നും മുത്തപ്ഫനിൽ നിന്നും പൂജ മാന്ത്രിക താന്ത്രിക ചടങ്ങുകൾ അഭ്യസിച്ചു. സദ് മന്ത്രവാദം ആണ് ഇവിടത്തെ പാരമ്പര്യം. മറ്റുള്ളവർക്ക് ദോഷം വരുത്തണമെന്ന ഉദ്ദേശത്തോടുകൂടി ചെയ്യുന്നതാണ് ദുർമന്ത്രവാദം. ആഭിചാരം. ഉച്ചാടനം അധമത്തിലും മധ്യമത്തിലും ചെയ്യുന്ന ക്രിയകളാണ് ഇവ ഒന്നും കാട്ടുമാടത്ത് പതിവില്ല.

തികച്ചും ഉത്തമമായ രീതിയിൽ സത്വഗുണ പ്രതീകമായ ദ്രവ്യങ്ങളാൽ മാത്രം തനിക്കും മറ്റുള്ളവർക്കും നല്ലത് വരുത്തണമെന്ന ഉദ്ദേശത്തോടെ തനിക്ക് ബാധിച്ചതായ കാര്യങ്ങളെ ഒഴിവാക്കുന്നതിനായി ചെയ്യുന്നതാണ് ഇവിടുത്തെ രീതി. മറ്റുള്ളവർക്ക് ദോഷം വരുത്തണമെന്ന ഉദ്ദേശത്തോടെ ആരും വരാറില്ല .

ജ്യോതിഷ പ്രകാരമുള്ള ചാർത്തുകൾ ആയിട്ടോ അല്ലാതെയോ വരുന്നവർക്ക് നിശ്ചിത ദിവസത്തെ കാലപരിധിക്കുള്ളിൽ വേണ്ടതായ പരിഹാരക്രിയകൾ ചെയ്തുകൊള്ളാമെന്ന് കൂടിയ ഉറപ്പോടെ ഒരു അടക്കം കൊടുക്കുന്നതാണ് പതിവ്. ഇതിനായി രോഗികളുടെ പേരും നാളും സ്ഥലത്തിന്റെ പേരും എല്ലാം ഉൾപ്പെടുത്തി ജപിച്ച ചരട് പ്രത്യേകം തയ്യാറാക്കിയ ഭസ്മത്തോടൊപ്പം നൽകും. തുടർന്ന് ഓരോ വ്യക്തിയുടെയും പ്രശ്നങ്ങൾക്ക് അനുസരിച്ച് ദേഹരക്ഷ, ബാധ ഒഴിപ്പിക്കൽ, ഗുരുതി ഹോമം തുടങ്ങിയവയും ചെയ്തുവരുന്നു. കൂടാതെ നിത്യവും അനേകംപേർ ബ്രഹ്മ രക്ഷസിന് പാൽപ്പായസം വഴിപാട് കഴിക്കാനും എത്താറുണ്ട്.

രോഗികളായി വരുന്നവരുടെ ബാധ ഒഴിപ്പിക്കലിന് പുറമേ ആയുർവേദവിധിപ്രകാരമുള്ള ചികിത്സാരീതികളും ഇതോടൊപ്പം ഇവിടെ ചെയ്തുവരുന്നു. ഇവിടെ തന്നെ തയ്യാറാക്കിയ പ്രത്യേകം ഘൃതങ്ങൾ കൈവിഷ പരിഹാര ഗുളികകൾ തുടങ്ങി ഒട്ടേറെ ആയുർവേദ മരുന്നുകളും നൽകുന്നുണ്ട്. അതായത് ചികിത്സ ശരീരത്തിനും മനസ്സിനുമാണ്. ഇവയുടെ സുസ്ഥിതിയാണ് ആരോഗ്യം. മാന്ത്രിക ചികിത്സയെപ്പറ്റി പഠിക്കാൻ യൂറോപ്പിൽനിന്നും ഉത്തരേന്ത്യയിൽ നിന്നും പലരും വരുന്നു. ഈ ചികിത്സാ രീതിയെ കുറിച്ച് ഗവേഷണം നടത്തുന്ന പലർക്കും ഒരു ആധികാരിക സ്ഥലം കൂടിയാണ് കാട്ടുമാടം മന ഇപ്പോൾ ഈ ഇല്ലത്തെ കാരണവരായ ബ്രഹ്മശ്രീ മാന്യൻ നമ്പൂതിരിപ്പാട് തൊട്ട് ഏറ്റവും ഇളം തലമുറ വരെ കർമ്മമണ്ഡലങ്ങളിൽ സജീവമായിട്ടുണ്ട്.

തൃശ്ശൂർ, പാലക്കാട് ജില്ലകളിലെ അതി പ്രശസ്ത കുട്ടിച്ചാത്തൻ വിഷ്ണുമായ ക്ഷേത്രങ്ങളിൽ വർഷംതോറും നടത്തിവരാറുള്ള കളംപാട്ട് ഉത്സവത്തിൽ പാടുന്ന പാട്ടുകളിൽ കാട്ടുമാടം മനയെ കുറിച്ചും ഇവിടത്തെ കുട്ടിച്ചാത്തൻമാരെ കുറിച്ചും വളരെ വിശദമായി ഉണ്ട്. അതിനാൽ തന്നെ മിക്കയിടങ്ങളിൽ

**ഈ ചികിത്സാ രീതിയിൽ കുറിച്ച് ഗവേഷണം നടത്തുന്ന പലർക്കും ഒരു ആധികാരിക സ്ഥലം കൂടിയാണ് കാട്ടുമാടം മന**

നിന്നും ഉത്സവത്തിനു മുമ്പ് ഇവിടെ വന്ന് പ്രാർത്ഥിച്ച് വഴിപാട് നടത്തി പോകാറുണ്ട് .ചാത്തൻമാരുടെ അടിസ്ഥാനം കാട്ടുമാടത്താണ് എന്നാണ് വിശ്വസിക്കപ്പെടുന്നത് . പണ്ടൊരിക്കൽ ഇവിടുത്തെ നമ്പൂതിരിമാർ എല്ലാം പൂജാദികാര്യങ്ങൾക്കായി പോയ സമയത്ത് വളരെ വിഷമിച്ച് അപസ്മാരം ബാധിച്ച ഒരാളെ കൂട്ടി ഇല്ലത്തെത്തി. അപ്പോൾ ഇല്ലത്തെ അന്തർജനം കുറച്ച് ഭസ്മമെടുത്ത് ഉണ്ണിയെ കൊണ്ട് കൊടുപ്പിച്ചു. ഈശ്വരേച്ഛ എന്നവണ്ണം ആ രോഗിക്ക് വളരെയേറെ സുഖമായി. അതായത് ഇവിടുത്തെ ഓരോ ആൺതരിക്കും പ്രത്യേക പ്രാധാന്യമുണ്ട്, എന്നും ഈശ്വരാധീനം ഉണ്ടെന്നും പാരമ്പര്യത്തിന് മഹത്വം ഉണ്ടെന്നും ഇത് സൂചിപ്പിക്കുന്നു.

കുട്ടിച്ചാത്തൻ മാരുടെ അനുഗ്രഹങ്ങൾ നേരിട്ട് തന്നെ അനുഭവിക്കാൻ ഇടയായ ഒരു സന്ദർഭവും അദ്ദേഹം ഓർത്തെടുത്തു പുതുതായി പണികഴിപ്പിച്ച മനയിലെക്ക് ഒരു പശുവിനെ വാങ്ങി. തൽക്കാലം ഒരു തൊഴുത്തും കെട്ടി. രണ്ടാം ദിവസം തൊട്ട് പാലിന് അതിഭയങ്കര കയ്പ്പ്. ചെയ്യാത്ത ചികിത്സകൾ ഇല്ല .പശുവിനെ പറമ്പുകളിൽ മേയാൻ വിടുന്നത് നിർത്തി. പ്രത്യേകം പച്ചപ്പുല്ലും പിന്നീട് വൈക്കോലും നൽകി. എന്തുതന്നെയായാലും ഒരു മാറ്റവുമില്ല. കയ്പ് തന്നെ. അങ്ങനെ ഒരു ജ്യോതിഷിയെ കണ്ടു .രാശി നോക്കിയപ്പോഴാണ് ഇല്ലത്തെ ചൈതന്യവത്തായ പ്ലാവിന്റ നേർ ഖണ്ഡത്തിലാണ് തൊഴുത്ത് നിൽക്കുന്നത് എന്ന് അറിഞ്ഞത്. പിറ്റേന്നുതന്നെ തൊഴുത്തു മാറ്റി പണിയുകയും തുടർന്ന് പാലിനുള്ള കയ്പ് മാറുകയും ചെയ്തു.

ഭസ്മം കൊണ്ട് സുദർശനചക്രം വരച്ച് അതിൽ രോഗിയെ പായയിൽ ഇരുത്തിയാണ് ബാധ ഉഴിഞ്ഞെടുക്കൽ. തൃസന്ധ്യ നേരത്തും നട്ടപ്പാതിര നട്ടുച്ച എന്നീ സമയങ്ങളിലും പതിവില്ല. ഏകദേശം അരമണിക്കൂറോളം നീണ്ടു നിൽക്കുന്ന ഈ കർമത്തിന് ഇടയിൽ അപൂർവമായി ചിലർ താനാരാണെന്നും എന്തിനാണ് വന്നതെന്നും മറ്റും ഒട്ടേറെ കാര്യങ്ങൾ പറയാറുണ്ട്.


നവരാത്രി കാലത്തും കർക്കിടകത്തിൽ ആദ്യത്തെ 12 ദിവസങ്ങളിലും വളരെ വിശേഷപ്പെട്ടതാണ് .അക്കാലത്ത് ധാരാളം ഭക്തർ ഇവിടേക്ക് എത്തിച്ചേരും. കൂടാതെ വിശേഷമായ കളിയാട്ടവും നടന്നുവരുന്നു രണ്ടായിരത്തി ഒന്നിലാണ് അവസാനമായി കളിയാട്ടം നടന്നത്.

വളാഞ്ചേരിക്ക് സമീപം തിരുമംഗലത്ത് ഇല്ലത്തെ മകൾ ഗിരിജയാണ് സഹധർമ്മിണി. സ്കൂൾ അധ്യാപികയാണ് .രണ്ടുമക്കൾ. ശ്രീമനു കാട്ടുമാടം ഖത്തറിൽ എൻജിനീയറായി ജോലി ചെയ്തുവരുന്നു. എൻജിനീയറാണെങ്കിലും ഇല്ലത്ത് എത്തുമ്പോൾ കാട്ടുമാടത്തെ മാന്ത്രിക ചികിത്സകനാണ്. മകൾ സ്മൃതി കോട്ടയ്ക്കൽ ആര്യവൈദ്യശാലയിൽ ഡോക്ടറാണ്. നമ്പർ 94477930 22.

തയ്യാറാക്കിയത്:
**ജയൻ പഴങ്ങോട്ടുപൊറ്റ**

എഴുപത് കഴിഞ്ഞ വാദ്ധ്യാന്മാർ പോലും സപിണ്ഡിയിൽ പിന്നിലാവും.എന്നാൽ പതിമൂന്നാം വയസ്സിൽ സപിണ്ഡി കഴിപ്പിച്ച ആളാണ് ജയകൃഷ്ണൻ. അടുത്ത പേജിൽ.

**ഒരു ചിരി മാത്രം മറുപടിയായി നൽകി അയാൾ ഇറങ്ങിയോടി; തന്നെ കാത്ത് കിടക്കുന്ന മൃതദേഹത്തിനരികിലേക്ക്. സംസ്കാരകർമ്മങ്ങൾ സ്വധർമ്മമാണ് എന്ന് തിരിച്ചറിയുന്നു ഈ ഓയ്ക്കൻ.**



10

# സ്റ്റൈലിൽ ന്യൂ ജെൻ ചിട്ടയിൽ പഴം ജെൻ

- പതിമൂന്നാം വയസ്സിൽ സപിണ്ഡി കഴിപ്പിച്ച ഓയ്ക്കൻ
- തന്ത്രശാസ്ത്രത്തിൽ പി.എച്ച്.ഡി ആണ് അടുത്ത ലക്ഷ്യം



**പുടയൂർ ജയനാരായണൻ**

എം.എ ക്ലാസിലാണ് പഠിക്കുന്നത്. തേവാരവും പൂജയും കഴിഞ്ഞ് കോളേജിലേക്ക് ഇറങ്ങിയപ്പോൾ നേരം വൈകി. എൻഫീൽഡ് ബുള്ളറ്റെടുത്ത് പറന്നു. കൃത്യ സമയത്ത് കോളേജിലെത്തി. ബെല്ലടിക്കുന്നത് കേൾക്കാം. പോക്കറ്റിലിരുന്ന് വിറയ്ക്കുന്ന മൊബൈൽ ഫോൺ കോൾ അവഗണിച്ച് ചാടിയിറങ്ങി ബൈക്ക് സ്റ്റാൻറിലിട്ടു.

അദ്ധ്യാപകൻ വരുന്നതിന് മുമ്പ് ക്ലാസിൽ എത്തണം. ധൃതിപ്പെട്ട് ഓടി. ഫോൺ നിർത്താതെ അടിക്കുന്നുണ്ട്; അതിന് ശ്രദ്ധ കൊടുക്കാതെ ക്ലാസിലേക്ക് പാളി നോക്കി. ഇല്ല; അദ്ധ്യാപകൻ എത്തിയിട്ടില്ല.സമാധാനമായി. കൂട്ടുകാരുടെ തമാശകൾക്കിടെ ക്ലാസിൽ കയറിയിരുന്നു. ഫോൺ അപ്പോഴും റിങ്ങ് ചെയ്യുന്നു. എടുത്ത് നോക്കിയപ്പോൾ പരിചയമില്ലാത്ത ഒരു നമ്പർ. അധ്യാപകൻ എത്തിയിട്ടില്ല എന്ന് ഉറപ്പാക്കി കോൾ അറ്റന്റ് ചെയ്തു.

ഒരു മരണവാർത്തയാണ്. മരിച്ചു എന്ന വിവരമറിയിക്കൽ അല്ല, സംസ്കാരം കഴിപ്പിച്ച് കൊടുക്കണം. അതാണ് ആവശ്യം. എം. എ ക്ലാസിലിരിക്കുന്ന ഉണ്ണി നമ്പൂതിരിയോടാണ് അഭ്യർത്ഥന.കഴിപ്പിക്കാമെന്നേറ്റയാൾക്ക് അസൗകര്യം. അടിയന്തരമായി എത്തണം. ഒരു ഓയ്ക്കനു വേണ്ടി കാത്തിരിക്കുകയാണ് ആ മരണവീട്ടുകാർ.

പുറത്ത് വരാന്തയിലൂടെ അദ്ധ്യാപകൻ വരുന്നത് കാണാം. ക്രിയ പഠിപ്പിച്ച ഗുരുനാഥന്റെ വാക്കുകൾ ഓർത്തു; ഇത്തരം ഘട്ടത്തിൽ മറ്റെന്തും ഒഴിവാക്കി പോകണം. സംസ്കാരം വൈകിക്കരുത്. പിന്നൊന്നും ആലോചിച്ചില്ല; ബാഗ് എടുത്ത് പുറത്തേക്ക് നടന്നു. നേരെ അദ്ധ്യാപകന് മുന്നിൽ വട്ടം നിന്നു.

''സാർ; ഒരു അടിയന്തര ആവശ്യമുണ്ട്.. ഒരു മരണം നടന്നു സംസ്കാരം കഴിപ്പിക്കാൻ ആളില്ലാതെ കാത്ത് നിൽക്കുന്നു. പോകാൻ അനുവദിക്കണം.''

''ജയ കൃഷ്ണാ ഇത് ഈ മാസം തന്നെ നാലാമത്തേതാണ്. ഇങ്ങിനെയായാൽ ശരിയാവില്ല...''

''പക്ഷേ മാഷേ, ഒരു നിവൃത്തിയുമില്ല.. ആളുകളുടെ മരണം നമുക്ക് കണക്കാക്കാനാകില്ലല്ലോ.''

''ഉം... ശരി.. ഇത് തന്നെയല്ലെ കഴിഞ്ഞ തവണയും പറഞ്ഞത്.''

ഒരു ചിരി മാത്രം മറുപടിയായി നൽകി അയാൾ ഇറങ്ങിയോടി; തന്നെ കാത്ത് കിടക്കുന്ന മൃതദേഹത്തിനരികിലേക്ക്. സംസ്കാരകർമ്മങ്ങൾ സ്വധർമ്മമാണ് എന്ന് തിരിച്ചറിയുന്നു ഈ ഓയ്ക്കൻ.

കേരളീയ വൈദിക സപര്യയിലേക്ക് വളരെ ചെറുപ്പത്തിലെ എത്തിയ അപൂർവ്വം യുവാക്കളിൽ ഒരാളാണ് കുന്നം ജയകൃഷ്ണൻ. കാസർകോട് കണ്ണൂർ ജില്ലകളുടെ അതിർത്തിയിലുള്ള കൊടക്കാട് എന്ന ഗ്രാമത്തിലെ വൈദിക, താന്ത്രിക, മാന്ത്രിക പാരമ്പര്യമുള്ള കുന്നത്ത് ഇല്ലത്തെ ഇളം തലമുറക്കാരൻ . കാസർക്കോട് മായിപ്പാടി രാജവംശത്തിന്റെ തന്ത്രി സ്ഥാനവും പൗരോഹിത്യവും കൊടക്കാട് ശ്രീധർമശാസ്താ ക്ഷേത്രം തുടങ്ങിയ അനവധി ക്ഷേത്രങ്ങളിലും കൊടക്കാ



**സ്കൂൾ വിട്ടാൽ നേരെ ട്യൂഷൻ ക്ളാസിലേക്കാണ് മറ്റു കുട്ടികൾ പോയിരുന്നതെങ്കിൽ ജയകൃഷ്ണൻ നിത്യവും 3 കിലോമീറ്റർ അകലെയുള്ള ഗുരുനാഥന്റെ ഇല്ലത്തേക്ക് സൈക്കിൾ ചവിട്ടി. വൈകീട്ട് 7.30 വരെ വേദപഠനം അത് കഴിഞ്ഞ് തിരിച്ച് ഇല്ലത്തേക്കും.**



ട് ,ആലപ്പടമ്പ, കുറുവേലി, തുടങ്ങിയ ദേശങ്ങളിലെ ഇല്ലങ്ങളിലെല്ലാം പൗരോഹിത്യവും കുന്നത്തിനാണ്.. ഇവരുടെ ധർമ്മദൈവവും മന്ത്രമൂർത്തിയും കവടിയങ്ങാനത്ത് രക്തേശ്വരിയും, ഉപാസന മൂർത്തി ശ്രീചക്രാരൂഢയായ ശ്രീ രാജരാജേശ്വരിയും ആണ്.

അഞ്ചാമത്തെ വയസിലായിരുന്നു ഉപനയനം. മുത്തഫൻ സുബ്രഹ്മണ്യൻ നമ്പൂതിരിയാണ് ഉപനയിച്ചത്. അച്ഛൻ സുബ്രഹ്മണ്യൻ നമ്പൂതിരിക്ക് പകരം മുത്തഫനായ സുബ്രഹ്മണ്യൻ നമ്പൂതിരിയാൽ ബ്രഹ്മോപദേശം. സമാവർത്തനം കഴിഞ്ഞതോടെ മന്ത്രമാർഗ്ഗത്തിലേക്ക് പ്രവേശിച്ചു. ഇല്ലത്തെ പരദേവതാ സാന്നിദ്ധ്യങ്ങളുടെ പൂജകൾക്ക് അർഹത ലഭിക്കാൻ വിശേഷമായ മന്ത്രസിദ്ധികൾ ആവശ്യമാണ്. കുന്നത്തെ പാരമ്പര്യമനുസരിച്ച് സമാവർത്തനം കഴിഞ്ഞ ശേഷമെത്തുന്ന ആദ്യനവരാത്രിയിലെ വിജയദശമിയിലാണ് മഹാമന്ത്രോപദേശം . സങ്കീർണ്ണ മന്ത്രസാധനയായ ശ്രീവിദ്യോപാസനയുടെ ആദ്യ പടിയായ 'ബാലാ' മന്ത്രോപദേശം ഇല്ലത്തെ ശ്രീ രാജരാജേശ്വരീ സവിധത്തിൽ വച്ച് . ഏഴാം വയസിൽ ജയകൃഷ്ണൻ ആ പടി ചവിട്ടി!ഒരു പക്ഷേ ആ പ്രായത്തിൽ ദേവീ ഉപാസനയുടെ സങ്കീർണ്ണതലത്തിലേക്ക് കടന്ന അപൂർവ്വം ചിലരിലൊരാൾ.!!

നിയോഗങ്ങൾ ചിലരെ തേടി വരും. പല രൂപത്തിലും പല ഭാവത്തിലും.അങ്ങനെയൊന്ന് ഇവിടെയും. വേദപണ്ഡിതനും നിരവധി ഇല്ലങ്ങളുടെ പൗരോഹിത്യവും ഉള്ള വാച്ച വാധ്യാൻ മാധവൻ നമ്പൂതിരിയുടെ ഇല്ലത്ത് വച്ച് രണ്ട് വേദപഠന ക്യാമ്പുകൾ നടന്നു. ശ്രീരുദ്രം, ചില വിശേഷ സൂക്തങ്ങൾ ഇവ സ്വരസഹിതം 41 ദിവസം കൊണ്ട് പഠിപ്പിക്കുന്നതായിരുന്നു ആദ്യക്യാമ്പ്. ജയകൃഷ്ണൻ അതിൽ മാത്രമല്ല അതിന്റെ തുടർച്ചയായി നടത്തിയ ക്യാമ്പിലും അംഗമായി. നാൽപതിലേറെ കുട്ടികൾ ആദ്യ ക്യാമ്പിൽ ഉണ്ടായപ്പോൾ, രണ്ടാമത്തേതിൽ 25 ആയി ചുരുങ്ങി. അക്കൂട്ടത്തിലെ മൂന്ന് കുട്ടികൾ തിരുമാനമെടുത്തിരുന്നു ഇത്

## ജയകൃഷ്ണനെപ്പറ്റി ഒരു മുക്തകം

പ്രശസ്ത ഭക്തകവിയും പണ്ഡിതനുമായ കാരക്കാട് കേശവൻ നമ്പൂതിരി ജയകൃഷ്ണനെക്കുറിച്ച് എഴുതിയ ഒരു ശ്ലോകം .

**ശ്രീ** ബൗധായന ഗൃഹ്യസൂത്ര വിഹിതേ പൂർവ്വോദിതേ വിശ്രുതേ
സംസ്കാരേ ച തദീയ മന്ത്രനിവഹേ ശ്രദ്ധായുത: സാത്വികഃ
ശാന്തഃ ശ്രീ മധുരാക്ഷരോ ഗുരുജനൈഃ സമ്മോദിതോ നിർമ്മലോ
ജീയാത് ഛത്രവനസ്ഥശൈല ജയകൃഷ്ണാഖ്യ സുധീർ ഭൂസുരഃ

അർത്ഥം: ബൗധായന ഗൃഹ്യസൂത്രങ്ങളിൽ പ്രതിപാദിച്ചവയും, പണ്ട് തന്നെ പറയപ്പെട്ടവയും, പേര് കേട്ടവയുമായ സംസ്കാരങ്ങളിലും അവയുടെ മന്ത്രങ്ങളിലും ശ്രദ്ധയുള്ളവനും, സാത്വികനും, ശാന്തനും, മധുരമായ അക്ഷര ശുദ്ധിയുള്ളവനും, ഗുരുക്കൻമാരായ പൂർവ്വികരുടെ അനുഗ്രഹമുള്ളവനും നിർമ്മലനുമായ കൊടക്കാട് കുന്നം ജയകൃഷ്ണൻ നമ്പൂതിരി ജയിക്കട്ടെ. കാരക്കാട് കേശവൻ നമ്പൂതിരിയുടെ മകന്റെ വേളി കഴിപ്പിക്കാൻ ചെന്നപ്പോൾ ജയകൃഷ്ണനെന്ന യുവ ഓയ്ക്കന്റെ നിഷ്കർഷയാർന്ന വൈദികനിഷ്ഠ കണ്ടപ്പോൾ അദ്ദേഹം എഴുതിയ വരികളാണ് ഇത്. വൈദിക സപര്യയോടുള്ള ഈ യുവാവിന്റെ അടങ്ങാത്ത പ്രതിബദ്ധതയ്ക്കുള്ള അംഗീകാരം കൂടിയാണ് ഈ വരികൾ..

തുടരണം എന്ന്. സ്ഫുടം ചെയ്ത് എടുത്ത മൂന്ന് കുഞ്ഞുങ്ങളിൽ ഒരാൾ ജയകൃഷ്ണനായിരുന്നു. മറ്റൊന്ന് ജയകൃഷ്ണന്റെ സഹോദരൻ തന്നെയായ രാധാകൃഷ്ണനും, ഗുരുനാഥന്റെ പൗത്രൻ മാധവനും.

സ്കൂൾ വിട്ടാൽ നേരെ ട്യൂഷൻ ക്ളാസിലേക്കാണ് മറ്റു കുട്ടികൾ പോയിരുന്നതെങ്കിൽ ജയകൃഷ്ണൻ നിത്യവും 3 കിലോമീറ്റർ അകലെയുള്ള ഗുരുനാഥന്റെ ഇല്ലത്തേക്ക് സൈക്കിൾ ചവിട്ടി. വൈകീട്ട് 7.30 വരെ വേദപഠനം അത് കഴിഞ്ഞ് തിരിച്ച് ഇല്ലത്തേക്കും.

ഇത് മൂവരുടേയും ദിനചര്യയായി മാറുകയായിരുന്നു പിന്നെ. യജുർവ്വേദ സംഹിത. പാഠം പക്ഷേ 7 പർച്ചത്തിൽ നിന്നുവെങ്കിലും യജുർവേദ ശാഖയിലെ വളരെ പ്രധാനപ്പെട്ട അശ്വമേധം എന്ന ഓത്ത് പഠിക്കുന്നതിലേക്കായി പിന്നെ മൂവരുടേയും ശ്രദ്ധ. ഇന്ന് കേരളത്തിൽ അശ്വമേധം ഓത്ത് പൂർണ്ണമായും ഹൃദിസ്ഥമായ വിരലിൽ എണ്ണാവുന്ന ആളുകളിൽ ഒരാളാണ് ജയകൃഷ്ണൻ. നിത്യവും രണ്ടര മണിക്കൂർ വേദപഠനത്തിന് മാറ്റി ട്യൂഷന് പോവാതെ .മുഴുവൻ വിഷയങ്ങളിലും എ പ്ലസ് നേടാൻ കഴിഞ്ഞു. പത്താം ക്ളാസിൽ മാത്രമല്ല പ്ളസ് ടുവിലും.

ഏഴാം ക്ലാസിൽ പഠിക്കുന്ന സമയത്താണ് മുത്തഫന്റെ മരണം. അതോടെ കുന്നത്ത് ഇല്ലത്തിന്റെ വൈദിക പാരമ്പര്യത്തിന് തുടർച്ചക്കാരില്ല എന്ന ഘട്ടം വന്നു. ഗുരുനാഥൻ മറ്റൊന്നും ആലോചിച്ചില്ല; വേദം സംഹിതാ പാഠം നിർത്തി വൈദിക ക്രിയാ ഭാഗത്തേക്ക് മൂന്ന് കുട്ടികളേയും വഴിതിരിച്ച് വിട്ടു. അങ്ങിനെ പുതിയ സപര്യ ആരംഭിച്ചു.

ഒറ്റയ്ക്ക് വേളിയും സപിണ്ഡിയും കഴിപ്പിച്ച് പൗരോഹിത്യത്തിന്റെ പടി കയറുന്നത് 13ാം വയസിൽ. പിന്നെ കേരളത്തിലങ്ങോളം ഇങ്ങോളം ഒയ്ക്കന്റെ വേഷത്തിൽ . കഴിഞ്ഞ 12 വർഷക്കാലത്തെ പൗരോഹിത്യ ജീവിതത്തിനിടെ കേരളത്തിലെ 14 ജില്ലകളിലും വേളി, ഉപനയനം, സപിണ്ഡി തുടങ്ങിയ ക്രിയകൾ കഴിപ്പിക്കാൻ ചെന്നിട്ടുണ്ട്. താൻ വേളി കഴിപ്പിച്ചവരുടെ തന്നെ കുഞ്ഞുങ്ങളുടെ ഉപനയനം കഴിപ്പിക്കാനും ഒരു വ്യാഴവട്ട കാലത്തെ അനുഭവമുള്ള ഈ ഇരുപത്തഞ്ചുകാരന് യോഗമുണ്ടായി.



**25 വയസിലേക്ക് പ്രവേശിക്കുന്നേയുള്ളൂ. ഒട്ടും പഴഞ്ചൻ അല്ല, എൻഫീൽഡ് ബുള്ളറ്റും, അപ്പാച്ചെയും പോലുള്ള ബൈക്കുകളിൽ കറങ്ങി നടക്കാൻ ഇഷ്ടപ്പെടുന്ന ന്യൂ ജൻ. തന്ത്രവും മന്ത്രവാദവും മാത്രമല്ല, സിനിമകളും, യാത്രകളും, സുഹൃത്തുക്കളൊത്തുള്ള കറക്കങ്ങളും എല്ലാമുണ്ട്..**



# ന്യൂ ജൻ ആണ് ഈ ഓയ്ക്കൻ

**പൗ**രോഹിത്യം, തന്ത്രം, മന്ത്രവാദം, ശ്രീ വിദ്യോപാസന, പ്രായശ്ചിത്താദി ദാനവിഷയം തുടങ്ങിയവ പാരമ്പര്യമായി പരിപാലിച്ച് വരുമ്പോഴും 25 വയസിലേക്ക് പ്രവേശിക്കുന്നേയുള്ളൂ. ഒട്ടും പഴഞ്ചൻ അല്ല, എൻഫീൽഡ് ബുള്ളറ്റും, അപ്പാച്ചെയും പോലുള്ള ബൈക്കുകളിൽ കറങ്ങി നടക്കാൻ ഇഷ്ടപ്പെടുന്ന ന്യൂ ജൻ. തന്ത്രവും മന്ത്രവാദവും മാത്രമല്ല, സിനിമകളും, യാത്രകളും, സുഹൃത്തുക്കളൊത്തുള്ള കറക്കങ്ങളും എല്ലാമുണ്ട്.. കാലടി സംസ്കൃത സർവകലാശാല പയ്യന്നൂർ പ്രാദേശിക കേന്ദ്രത്തിൽ നിന്ന് സംസ്കൃത സാഹിത്യത്തിൽ ബിരുദാനന്തര ബിരുദം നേടിയിട്ടുണ്ട്. പ്ലസ്ടു വരെ പഠിച്ച, ഇഷ്ട വിഷയവും, A+ കിട്ടുകയും ചെയ്ത കൊമേഴ്സിനെ തഴഞ്ഞ് സംസ്കൃതത്തെ തെരഞ്ഞെടുത്തതും നമ്മുടെ സംസ്കൃതിയോടുള്ള പ്രണയം നിമിത്തമാണ്.

കാഞ്ഞങ്ങാട് നെഹ്റു കോളേജിൽ മെറിറ്റിൽ കിട്ടിയ ബി.കോം സീറ്റ് ഉപേക്ഷിച്ചാണ് സംസ്കൃത സാഹിത്യ പഠനത്തിനിറങ്ങിയത്.. തന്ത്രശാസ്ത്രത്തിൽ പി.എച്ച്.ഡി ആണ് അടുത്ത ലക്ഷ്യം. എലങ്കുളത്തിനടുത്ത് പാലത്തോൾ മഹാവിഷ്ണു ക്ഷേത്രം മേൽശാന്തി കുന്നം സുബ്രഹ്മണ്യൻ നമ്പൂതിരിയുടേയും, കിഴക്കേ പേർകുണ്ടി വാദ്ധ്യാൻ ഇല്ലത്തെ മഹൾ ഗൗരി അന്തർജനത്തിന്റെയും മകനായ ജയകൃഷ്ണൻ നമ്പൂതിരി ഗാർഹസ്ഥ്യത്തിലേക്ക് കടക്കാനൊരുങ്ങുകയാണ്. അടുത്ത വർഷത്തോടെയാണ് വേളി.

(അമൃത ടെലിവിഷനിലെ ഡെൽഹി റിപ്പോർട്ടറായിരുന്ന പുടയൂർ ജയനാരായണൻ മിനിസ്ക്രീനിലെ താരപരിവേഷം അഴിച്ചു വച്ച് തന്ത്രിവൃത്തി ഏറ്റെടുത്ത ആളാണ്. തന്ത്രിസമാജത്തിന്റെ ഉത്തരമേഖലാ സെക്രട്ടറി കൂടിയാണ്. ഫോൺ: 9544075519 ) ❐




## അതും ഒരു ഉൾവിളി

**മു**ത്തഫൻ സുബ്രഹ്മണ്യൻ നമ്പൂതിരിയുടെ മരണത്തിന് ഒരാഴ്ച മുമ്പേ, ജയകൃഷ്ണന്റെ മൂത്ത ജ്യേഷ്ഠനും നിലവിൽ കുന്നത്തെ മന്ത്രവാദ പാരമ്പര്യത്തിന്റെ അമരക്കാരനുമായ മുരളീകൃഷ്ണൻ നമ്പൂതിരിയോട് ഒരു നിർദ്ദേശം നൽകി. ജയകൃഷ്ണനെക്കൊണ്ട് വലിയ ഗുരുതി കഴിപ്പിക്കണം. അതിന്റെ ഉപദേശം കൊടുക്കണം. ആറാം വയസ് മുതൽ 'ബാലാ' മന്ത്രവും പിന്നാലെ അടുത്ത ഘട്ടങ്ങളും ആവർത്തിച്ച് ഉരുക്കഴിച്ചതിന്റെ ശക്തിയാവാം; 12 വയസിൽ പക്വതയാർജ്ജിച്ച മഹാമാന്ത്രികനെപ്പോലെ ആ ഗുരുതിക്കളത്തെ സമ്പുഷ്ടമാക്കാൻ ജയ കൃഷ്ണന് സാധിച്ചത്.

തന്ത്രത്തിലും ആദ്യ ഗുരു മുത്തഫൻ തന്നെ. ജ്യേഷ്ഠൻ മുരളീകൃഷ്ണൻ നമ്പൂതിരി, തന്ത്രരത്നം ഗോവിന്ദ ഭട്ട്, വെള്ളിക്കുന്നം മാധവൻ നമ്പൂതിരി എന്നിവർക്ക് ശേഷം തന്ത്രപണ്ഡിതനായ പെരിങ്ങോട് ശങ്കരൻ നമ്പൂതിരി എന്നിവരുടെ കീഴിൽ ചിട്ടയാർന്ന പരിശീലനം തന്ത്രരംഗത്തും ജയകൃഷ്ണനെ ഏറെ പക്വമതിയാക്കി. പതിനെട്ടാം വയസ്സിൽ പെരളശ്ശേരിക്കടുത്ത് കോട്ടം ധർമ്മശാസ്താക്ഷേത്രത്തിൽ നവീകരണ കലശം ചെയ്തു, ഈ പ്രായത്തിൽ നവീകരണ കലശം നടത്തിയ തന്ത്രിമാർ അപൂർവമായേയുള്ളൂ.പിന്നെ നിരവധി ദേവാലയങ്ങളിലും ഭൂതാലയങ്ങളിലും ചെറുതും വലുതുമായ പ്രതിഷ്ഠകൾ.

*Wish you a happy married life*



**ഹൃഷികേശ്**

S/o നീലകണ്ഠൻ നമ്പൂതിരി &
കെ.പി.ശശികല

പേരൂരില്ലം, വട്ടപ്പറമ്പ്,
കോട്ടക്കൽ, മലപ്പുറം

**പാർവ്വതി**

D/o പി.വി.നന്ദകുമാർ നമ്പൂതിരിപ്പാട്
& കെ.ജയ

പെരിഞ്ഞേരിമന (സോപാനം), പുത്തനമ്പലം,
കൊല്ലം

ആശംസകളോടെ: ബന്ധുമിത്രാദികൾ

# ലക്ഷം 'കടം'കഥകൾക്ക് കോടി ഉത്തരങ്ങൾ

- **പ**ടയോട്ടങ്ങൾ ഉണ്ടായേടത്തെല്ലാം പലായനങ്ങളുമുണ്ട്. മൈസൂരിൽ നിന്നെത്തിയ ഹൈദരാലിയും മകൻ ടിപ്പുവും മലബാർ ഭരിച്ചിരുന്ന കാലം .സർവത്ര കൊള്ളകളും ക്ഷേത്ര ധ്വംസനങ്ങളും ഭീഷണികളും മതം മാറ്റങ്ങളും.വിധേയരാവത്തവരിൽ നിന്ന് ഭീമമായ പിഴയൊടുക്കലുകളും . പണ്ട് പണ്ടൊന്നുമല്ല 1788 ൽ. മലബാറിൽ നിന്നു മാത്രം 30000 ബ്രാഹ്മണ കുടുംബങ്ങൾ സകലതുമുപേക്ഷിച്ച് തിരുവിതാംകൂറിലേക്ക് പലായനം ചെയ്തു.

- **അ**ക്കാലം പുത്തനത്താണിക്കും തിരുനാവായ്ക്കും ഇടയ്ക്കുള്ള കുറുമ്പത്തൂർ (ഇന്നത്തെ മലപ്പുറം ജില്ല ) വാണിരുന്നത് പാക്കം പാഴിയോട് എന്നീ ഇല്ലങ്ങൾ .ശുകപുരം ഗ്രാമത്തിലെ ഭട്ടതിരിമാർ .ഇല്ലം രണ്ടെങ്കിലും പത്തുപുലക്കാരായ സപിണ്ഡന്മാരാണ് ഇരുവരും.ടിപ്പുവിന്റെ ആക്രമണകാലത്ത് ഇവരും അഭയാർത്ഥികളായി തിരുവിതാംകൂറിലേക്കു പലായനം ചെയ്തു .

- **കു**ട്ടികൾ സ്ത്രീകൾ വൃദ്ധരായ രോഗികൾ. അതികഠിനമായ യാത്ര. കാൽനടയായിട്ടും തോണിയിലും. പട്ടിണി മാറ്റാൻ വഴിയമ്പലങ്ങൾ . പോരാത്തതിന് പ്രകൃതിദുരന്തങ്ങളും .സർവ്വവും തേവരിൽ അർപ്പിച്ച ദിനരാത്രങ്ങൾ. കോളറ പിടിപെട്ട് സംഘാംഗങ്ങളിൽ മിക്കവരും അകാലത്തിൽ മരിച്ചു.

- **പു**റംദേശങ്ങളെ ആക്രമിച്ച് ടിപ്പു മുന്നേറുമ്പോൾ , മൈസൂരിലെ തലസ്ഥാനത്ത് ഇംഗ്ലീഷുകാർ ഭീഷണി ഉയർത്തി. അങ്ങനെ ടിപ്പുവിന് കൊച്ചിയിൽ നിന്നും തിരിച്ചുപോവേണ്ടി വന്നു. പരാജിതനായ ടിപ്പു തന്റെ സാമ്രാജ്യത്തിലെ മലബാർ പ്രദേശം ഇംഗ്ലീഷുകാർക്കു നൽകിക്കൊണ്ട് ഉടമ്പടിയിൽ (ശ്രീരംഗപട്ടണം ഉടമ്പടി 1792 മാർച്ച് 18 ) ഒപ്പു വെച്ചു.മലബാറിൽ നിന്ന് തിരുവിതാംകൂറിലെത്തിയ അഭയാർത്ഥികളെ, അവരുടെ സ്വത്തുക്കൾ സഹിതം പുനരധിവസിപ്പിക്കാൻ ഈസ്റ്റ് ഇന്ത്യാ കമ്പനി ഏർപ്പാടും ചെയ്തു.

**ഇനി വായിക്കാം,**
**പാക്കം പാഴിയോട് ഇല്ലപ്പെരുമ**




# പടയോട്ടത്തിനു
# 10 വയസ്സിനു
# മൂന്ന് ക

ടിപ്പുവിന്റെ കലാപത്തിൽ തിരുവിതാംകൂറിലേക്ക് പലായനം ചെയ്ത സംഘത്തിൽ പാഴിയോടെ മുഴുവൻ കുടുംബാംഗങ്ങളുമുണ്ടായിരുന്നു. പലർക്കും പകർച്ചവ്യാധി.ചിലരെല്ലാം മരിച്ചു. രക്ഷപ്പെട്ടവർ മാസങ്ങളോളം തിരുവിതാംകൂറിൽ താമസിച്ചു . ഉടമ്പടി പ്രകാരം ഇംഗ്ലീഷുകാർക്ക് ടിപ്പു തിരിച്ചു നൽകിയ മലബാറിലേക്ക് അഭയാർത്ഥികൾ മടക്കയാത്ര ആരംഭിച്ചപ്പോൾ പാഴിയോട്ട് ഇല്ലത്തേതായി അവശേഷിച്ചവർ 10 വയസ്സിനു താഴെയുള്ള മൂന്ന് കുട്ടികൾ മാത്രമായിരുന്നു .ശിവോത്തമൻ ,ദാമോദരൻ എന്നീ ജ്യേഷ്ഠാനുജന്മാരും അനിയത്തി ശ്രീദേവിയും.

ഉറ്റോരും ഉടയോരുമില്ലാത്ത ആ മൂന്നു കുട്ടികൾ മടക്കയാത്രാ സംഘത്തോടൊപ്പം വെള്ളിനേഴിയിലെ ഒളപ്പമണ്ണ മനയിലെത്തി. ഈ കുഞ്ഞുങ്ങളെ ഒളപ്പമണ്ണയിൽ സംരക്ഷിച്ചു . അവർക്ക് പാഴിയോടിന്റെ പെരുമ പണ്ടേ അറിയാമായിരുന്നു . അവർ




പാക്കത്ത് മന

പാഴിയോടെ മൂന്നാം തലമുറയിൽപ്പെട്ടവർക്കും ആക്രമണങ്ങളുടെ പുതിയ പതിപ്പുകളെ നേരിടേണ്ടി വന്നു. ആദ്യം ടിപ്പുവെങ്കിൽ പിന്നീട് 1921 ലെ മലബാർ കലാപമായിരുന്നു വില്ലൻ.

# ശഷം തിരിച്ചെത്തിയത്

# താഴെയുള്ള

# ുട്ടികൾ



**വിനോദ് മങ്ങത്തായ**

**പാക്കം പാഴിയോടു മന**

ഗ്രാമം: ശുകപുരം
ഗൃഹം: കുലുക്കല്ലൂർ
വേദം: ഋഗ്വേദം
സൂത്രം: കൗഷീതകൻ
ഗോത്രം: കശ്യപ ഗോത്രം
പ്രവരം: അവത്ഥ്സാരനൈധ്രുവൻ

ഉണ്ണികളെ ഉപനയനമൊക്കെ കഴിച്ച് കുറുമ്പത്തൂരിലെ മൂലസ്ഥാനത്ത് കൊണ്ടുപോയി താമസിപ്പിച്ചു .

ഇവിടെ തുടങ്ങുന്നു പാഴിയോട്ട് ഇല്ലത്തെ അറിയപ്പെടുന്ന ഒന്നാം തലമുറ.

പത്തു വയസ്സിൽ താഴെയുള്ള ആ കുട്ടികൾ തിരുവിതാംകൂറിൽ നിന്ന് ഇങ്ങനെ ഭദ്രമായി തിരിച്ചെത്താൻ മറ്റൊരു കാരണം കൂടി ഉണ്ടായിരുന്നു കോഴിക്കോട് സാമൂതിരി കോവിലകത്തെ വിദുഷിയായിരുന്ന മനോരമത്തമ്പുരാട്ടി . അവരും ടിപ്പുവിന്റെ ആക്രമണകാലത്ത് തിരുവിതാംകൂറിൽ അഭയം തേടിയിരുന്നു. പാക്കത്ത് ഭട്ടതിരിപ്പാടിന്റ ധർമ്മപത്നി കൂടിയായിരുന്ന അവർക്ക് തന്റെ ഭർത്താവിന്റെ ഇല്ലക്കാരായ ആ കുഞ്ഞുങ്ങളെ സംരക്ഷിക്കേണ്ടത് സ്വന്തം കടമയായി തോന്നി. ആ മൂന്നു കുട്ടികളിലെ ശ്രീദേവിയെന്ന പെൺകുട്ടിയെ മുണ്ടായ തെക്കിനിയേടത്തേക്കു വേളി കഴിച്ചു കൊടുത്തു .അവരുടെ സന്തതിപരമ്പര ഇന്നുമുണ്ട്.

നമുക്ക് ആ ഉണ്ണികളിലേക്ക് വരാം.

ഇല്ലം സംരക്ഷിക്കേണ്ടത് അവരാണല്ലൊ.

ജ്യേഷ്ഠൻ ശിവോത്തമൻ 20ാം വയസ്സിൽ അകാലത്തിൽ മരിച്ചു . ഈ സംഭവം അനുജനായ ദാമോദരനെ എറെ തളർത്തി .ചെറു പ്രായത്തിൽ ഏറ്റു വാങ്ങിയ സങ്കടങ്ങൾ അത്രയും ഹൃദയഭേദകമായിരുന്നു. വിരക്തനായി സംന്യാസജീവിതത്തിലേക്കു തിരിയാൻ ആ ഉണ്ണി തീരുമാനിച്ചു .

ഇവിടെയും ആ മനോരമത്തമ്പുരാട്ടി ദീർഘദർശിയായി.

പാഴിയോട് ഇല്ലം നിലനിൽക്കണമെങ്കിൽ ദാമോദരൻ ഗൃഹസ്ഥാശ്രമിയായേ തീരൂ എന്ന് അവരാണ് നിർബന്ധിച്ചത് .അതു പ്രകാരം ദാമോദരൻ മൂർക്കന്നൂരിൽ നിന്നും സർവ്വസ്വ ദാനമായി വേളി കഴിച്ചു .അതിലെ പരമ്പരയാണ് മൂന്നു തലമുറ നിന്നത് . ദാമോദരൻ ഭട്ടതിരിപ്പാട് ഒഴുകിൽ നിന്ന് രണ്ടാമതൊരു വേളി കൂടി കഴിച്ചെങ്കിലും അതിൽ പുരുഷ



പാക്കത്തെ പരേതനായ വാസുദേവൻ ഭട്ടതിരിപ്പാട്



*ജയദേവ് കൃഷ്ണൻ ( ഭട്ടാചാര്യയുടെ രണ്ടാമത്തെ മകൻ കോട്ടക്കൽ ആര്യവൈദ്യശാല ) മകൾ നീരജ. താഴെ: ശാന്ത അന്തർജനം (ഉപ്പിലാപ്പറ്റ മഹൾ ,ഭട്ടാചാര്യയുടെ സഹധർമ്മിണി ) ,ജിതമന്യു ( ഭട്ടാചാര്യയുടെ പേരക്കുട്ടി (ഉണ്ണി ) ജയദേവിന്റെ മകൻ, ഭട്ടാചാര്യ*

സന്തതികളില്ല.

വിധിയുടെ ക്രൂരതകൾ അവസാനിച്ചില്ല .

പാഴിയോട്ടെ മൂന്നാം തലമുറയിൽപ്പെട്ടവർക്കും ആക്രമണങ്ങളുടെ പുതിയ പതിപ്പുകളെ നേരിടേണ്ടി വന്നു. ആദ്യം ടിപ്പുവെങ്കിൽ പിന്നീട് 1921 ലെ മലബാർ കലാപമായിരുന്നു വില്ലൻ. കൊള്ളയടികൾ ,ധനനഷ്ടം, മാനനഷ്ടം ,ദേഹോപദ്രവം .1921 ലെ ഒരു കാളരാത്രിയിൽ ഇല്ലക്കാർ തിരുനാവായ അമ്പലത്തിലെ പത്തായപ്പുരയിൽ കഴിച്ചുകൂട്ടി . പിറ്റേന്ന്

ഗൃഹനാഥനായ ദാമോദരൻ ഭട്ടതിരിപ്പാട് കുടുംബവുമായി ഒറ്റപ്പാലത്ത് മായന്നൂരിലേക്ക് പലായനം ചെയ്തു .അഞ്ചാറു വർഷം എല്ലാവരും അവിടെത്തന്നെ. ഇതിനിടെ 1942 ൽ പാഴിയോട്ടെ അവസാന പുരുഷപ്രജയായ പരമേശ്വരൻ ഭട്ടതിരിപ്പാട് (കിഴക്കേടത്തു മരുമകൻ)

## പാഴിയോട്ട് വംശാവലി

1 ദാമോദരൻ ( മൂർക്കന്നൂർ വേളി)
2 നാരായണൻ (പനമന വേളി)
3 ദാമോദരൻ (കിഴക്കേടത്ത് വേളി)
4 പരമേശ്വരൻ (അവിവാഹിതൻ) 26 വയസ്സിൽ മരിച്ചു
5 അവുഞ്ഞിക്കാട് ശങ്കരനാരായണൻ. (ഇനി മുതൽ പാഴിയോട് ശങ്കരനാരായണൻ ഭട്ടതിരിഎന്ന എസ്. എൻ ഭട്ടാചാര്യ, ഉപ്പിലാപ്പറ്റ വേളി. രാജീവ് ചിത്രഭാനു, ജയദേവ് കൃഷ്ണൻ മക്കൾ.)

26 ാം വയസ്സിൽ മരിച്ചു.

സന്തതിപരമ്പരകൾ അവസാനിച്ചപ്പോഴും ഇല്ലം നില നിന്നു. അതാണ് പാഴിയോട് ഇല്ലത്തെ പെരുമയും. ഇന്ന് പാഴിയോട് താമസിക്കുന്ന എസ് .എൻ ഭട്ടാചാര്യ (ശങ്കരനാരായണൻ ഭട്ടതിരിപ്പാട് ) സ്വസ്തി വായനക്കാർക്ക് സുപരിചിതനാണ്. അദ്ദേഹം ഭട്ടാചാര്യ ആയ സംഭവത്തെപ്പറ്റി മുമ്പൊരു ലക്കത്തിൽ വിസ്തരിച്ചിട്ടുണ്ട്.

അദ്ദേഹത്തിന്റെ വാക്കുകളിലേക്ക് .

'പാഴിയോട് വേണ്ടത്ര ഭാഗ്യം ഉണ്ടായിരുന്നില്ല. ആദ്യം ടിപ്പു .തിരുവിതാംകൂറിലേക്കുള്ള പലായനം ,പിന്നെ മലബാർ കലാപം .മായന്നൂർക്കുള്ള പലായനം .വല്ലാണ്ടെ കഷ്ടപ്പെട്ടിട്ടുണ്ടാകും ഈ ഇല്ലക്കാർ .ഞാൻ അവുഞ്ഞിക്കാട്. എന്റെ അമ്മാത്താണ് പാഴിയോട് .പുരുഷ സന്തതികളില്ലാതെ അന്യം നിൽക്കുമായിരുന്ന ഇല്ലവും പറമ്പും സംരക്ഷിക്കാനാണ് പാഴിയോട്ടെ മുത്തശ്ശി (എന്റെ അമ്മയുടെ അമ്മ ) അവുഞ്ഞിക്കാട് ശങ്കരനാരായണനായ എന്നെ പാഴിയോടിന്റെ പ്രതിനിധിയായും പാഴിയോടായും നിയമിച്ചത് .ഇങ്ങനെ എന്നെ പാഴിയോട്ടേക്ക് പറിച്ചു നട്ടതിന് മറ്റൊരു കാരണം കൂടി മുത്തശ്ശി പറഞ്ഞിരുന്നു .തിരുനാവായക്കും കാടാമ്പുഴക്കും വരുന്ന വഴിപോക്കർക്ക്, ഇടക്ക് തങ്ങാനും സംഭാരമെങ്കിലും നൽകാനുമായി പാഴിയോട് നിലനിന്നേ തീരൂ '

ഏറെ പരിശ്രമിച്ച് തയ്യാറാക്കിയ പാഴിയോടെ വംശാവലി പുസ്തകം നിവർത്തി ഭട്ടാചാര്യ പറയുന്നു. തായ് വഴിയിലെ അമ്മാത്ത്, നിയമവഴിയിൽ ഇല്ലമായ കഥ.

മുംബയിൽ ഇന്ത്യൻ എയർലൈൻസിലായിരുന്നു ജോലി. ആ ജോലി കാരണം ഭട്ടതിരിപ്പാടായ താൻ ഭട്ടാചാര്യയായി. ഇതിനിടയിൽ ഇല്ലവും പറമ്പും നോക്കി നടത്താനായി ജോലി ഉപേക്ഷിച്ചു . ഇല്ലത്തു നിന്ന് അമ്മാത്തേക്ക് കൂടുമാറി. ഇപ്പോൾ അശീതി കഴിഞ്ഞു.

തന്നെ ഏറെ പ്രചോദിപ്പിച്ചത് ഒരു വായനാനുഭവമാണ്. ഇത്തരമൊരു തീരുമാനമെടുക്കാൻ ശക്തി തന്നത് അതാണ് . ഒരു അമേരിക്കൻ കഥ.

വികസനത്തിനു വേണ്ടി അമേരിക്കയിലെ റെഡ് ഇന്ത്യൻസിന്റെ വാസസ്ഥലം





*പാഴിയോട് ഇല്ലം*

**അക്കാലത്താണ് ഒന്നാം ലോകമഹായുദ്ധവും കുടിയാൻ സമരങ്ങളും . പട്ടേരി വമ്പൻ കടബാദ്ധ്യതയിലായി . കടം തീർക്കാനായി വ്യാപാര വ്യവസായ പ്രമുഖനായി രുന്ന എ.കെ. ടി. കെ. എം (ദേശമംഗലം) നമ്പൂതിരിപ്പാട ന്മാർ വലിയൊരു തുക പട്ടേരിക്ക് നൽകി സഹായിച്ചു . എന്നാൽ ദേശമംഗലം മനയിലേക്കുള്ള ആ കടം തിരിച്ചടക്കാനുള്ള പദ്ധതിയെല്ലാം പാളി.**

വിലക്കു ചോദിച്ച് അന്നത്തെ യു.എസ് പ്രസിഡണ്ട് ഒരു കത്തെഴുതി. അതിന് സിയാറ്റിൽ മൂപ്പൻ നൽകിയ മറുപടി ഇതാണ്.ഈ ഭൂമി ഞങ്ങളുടേതല്ല ,ഞങ്ങൾ ഭൂമിയുടേതാണ് .പ്രകൃതിക്ക് ,പുഴക്ക് ,ഭൂമിക്ക് ,ജീവജാലങ്ങൾക്ക് വിലയിടാൻ ഞങ്ങൾക്ക് യാതൊരു അവകാശവുമില്ല .

ഭട്ടാചാര്യ ഇതിനെ ഇങ്ങിനെ വായിച്ചു .

ഈ ഇല്ലം ഞങ്ങളുടേതല്ല, ഞങ്ങൾ ഇല്ലത്തിന്റേതാണ്,

ഇദം ന മമ

കലാപങ്ങളിൽ എല്ലാം നശിച്ചപ്പോഴും തിരി കെടാതെ പൂർവ്വികർ നെഞ്ചോട് ചേർത്ത് സംരക്ഷിച്ച കുഞ്ഞു ദീപം അണയാതിരിക്കണമെങ്കിൽ സംസ്ക്കാരത്തിന്റെ അനുസ്യൂത പ്രവാഹത്തിനായി വ്യവസ്ഥകൾക്കു വിധേയമായി നാം മാറേണ്ടതുണ്ടെന്ന് ഓർമ്മിപ്പിക്കുകയാണ് ഭട്ടാചാര്യ.

അവുഞ്ഞിക്കാടായി, പാഴിയോടായി, ഭട്ടതിരിയായി

മൂല്യങ്ങളും സംസ്ക്കാരവും സംരക്ഷിക്കാനുള്ള ഇച്ഛാശക്തിയുടെ ജീവിക്കുന്ന മാതൃകയാവുന്നു 143 കൊല്ലം പഴക്കമുള്ള പടിഞ്ഞാറ്റ ഉൾക്കൊള്ളുന്ന ഇന്നത്തെ പാഴിയോട് മനയും ഇന്നത്തെ അന്തേവാസികളും .

പാഴിയോട് തറവാട്ടിൽ നിന്നും 500 വർഷങ്ങൾക്കു മുമ്പ് ഒരു ഭാസ്ക്കരൻ വേറെ പോയി മറ്റൊരു മന അഥവാ ഇല്ലം സ്ഥാപിച്ചത്രെ. ഈ പുതിയ വസതിയെ ഭാസ്ക്കരന്റെ ഇല്ലത്ത് എന്നു വിളിച്ചു. അത് ലോപിച്ച് പാക്കത്ത് ആയി. ഇങ്ങനെയാണ് പൊതുവേ വിശ്വസിക്കുന്നത്. പാക്കം പാഴിയോട് രണ്ടായി വേർതിരിക്കാനാവാത്ത ബ്രഹ്മാലയം .

പാഴിയോട് വിഭാഗം ദുരന്തങ്ങളേറ്റുവാങ്ങിയും ആൺ സന്തതികളില്ലാതെയും ഏറെ പ്രയാസപ്പെട്ടും അന്യംനിൽക്കുന്ന അവസ്ഥ അതിജീവിച്ചപ്പോൾ തലമുറകൾക്കു മുമ്പ് പാഴിയോട് നിന്ന് വേറെ താമസിച്ച ഭാസ്ക്കരന്റെ ഇല്ലമായ പാക്കത്തു മനയും അതിജീവന പ്പെരുമയിൽ നിലകൊള്ളുന്നു .

ഏകം സദ് വിപ്രാ

ബഹുധാ വദന്തി .

**സ്വസ്തി പാക്കം പാഴിയോട് ഇല്ലപ്പെരുമ തുടരുന്നു**

പാഴിയോടു നിന്ന് 2 ഫർലോങ്ങ് മാത്രം ദൂരത്തിലാണ് പുതുക്കിപ്പണിത പാക്കത്തു മന. അത്യന്താധുനിക സൗകര്യങ്ങളുള്ള എട്ടുകെട്ട്. പാഴിയോട്ട് കാരണവർ ശങ്കരനാരായണൻ ഭട്ടതിരിപ്പാടെങ്കിൽ പാക്കത്തെ കാരണവർ ശങ്കരൻ ഭട്ടതിരിപ്പാട്. കോഴിക്കോട് നെടുങ്ങാടി ബാങ്കിൽ ദീർഘകാലം ഓഫീസർ ആയിരുന്നു പി. എം.എസ് ഭട്ടതിരിപ്പാട് .

ജോലി സംബന്ധമായ സൗകര്യങ്ങൾക്കായി അദ്ദേഹം കോഴിക്കോട് തിരുവണ്ണൂരിലും വീടു വെച്ചിട്ടുണ്ട് .പുത്രന്മാരും പേരക്കുട്ടികളുമായി ബാംഗ്ളൂരിലും വിദേശത്തും, കോഴിക്കോട്ടെ വസതിയിലും, ഇടയ്ക്ക് കുറുമ്പത്തൂർ പുതുക്കിപ്പണിത പാക്കത്ത് മനയിലുമായി ജീവിതം. ദേശമംഗലത്തു മനയിലെ മരുമകനായ ഇദ്ദേഹത്തിന്റെ സഹോദരിമാർ ഓട്ടൂർ, ഒളപ്പമണ്ണ, വരിക്കാശ്ശേരി ,കുട്ടമശ്ശേരി, എളങ്കുളത്തു കുറൂർ എന്നീ പ്രശസ്ത തറവാടുകളിൽ മുത്തശ്ശിമാരും മുതുമുത്തശ്ശിമാരുമായി കഴിയുന്നു.

പാക്കത്തു മനയും പണ്ടു പണ്ടേ അതിപ്രശസ്തവും ഗംഭീരവുമായിരുന്നു. സാമൂതിരിപ്പാടു മായി ബന്ധം. വിദൂരദേശങ്ങളിൽ നിന്നു പോലും ബന്ധുക്കളും വഴിപോക്കരുമായി ഒട്ടനവധി ആളുകൾ എത്തിയിരുന്നതായി മഹളായ ഓട്ടൂർ മുത്തശ്ശി പറഞ്ഞു.ആഴ് വാഞ്ചേരി തമ്പ്രാക്കൾ തന്റെ മന പൊളിച്ച് അറ്റകുറ്റപ്പണികൾ നടത്തുന്ന കാലം. താൽക്കാലികമായി താമസിക്കാനാണെങ്കിലും തമ്പ്രാക്കൾക്ക് പെരുമയുള്ള വസതി തന്നെ വേണം. യാതൊരു സംശയവുമില്ലാതെ തമ്പ്രാക്കൾ തെരഞ്ഞെടുത്തത് പാക്കത്ത് മനയാണ്. പ്രശസ്തിയുടെ വെള്ളിവെളിച്ചത്തിൽ സമൂഹം കൊണ്ടാടിയപ്പോഴും വന്നു ചേർന്ന പ്രതിസന്ധികൾ അതിശക്തമായി തന്നെ അതിജീവിച്ച കഥയാണ് പാക്കത്തെ ഇല്ലപ്പെരുമ.

ഇപ്പോഴത്തെ കാരണവർ പി. എം. എസ്. ഭട്ടതിരിപ്പാടിന്റെ മുത്തച്ഛൻ നാരായണൻ ഭട്ടതിരിപ്പാട് കൂടലാറ്റുപുറത്തു നിന്നാണ് വേട്ടത്. നല്ലൊരു സംരംഭകനാ



ഭട്ടാചാര്യ
പാഴിയോട് ഇല്ലത്തെ
കാരണവരായി



*സീമ, (ശ്രീകൃഷ്ണപുരം മേലേടത്ത് മന) രാജീവ് ചിത്രഭാനു, മെക്കാനിക്കൽ എഞ്ചിനീയർ, ഋത്വിക് ശങ്കർ, ഗൗരിശ്രീ (കുടുംബം കാനഡയിൽ*

യിരുന്നു . പന്തീരായിരക്കണക്കിൽ പറ നെല്ല് പാട്ടം കിട്ടുന്ന ഒന്നാന്തരം ജന്മി യും കൃഷിക്കാരനും. അക്കാലത്താണ് ഒന്നാം ലോകമഹായുദ്ധവും കുടിയാൻ സമരങ്ങളും. പട്ടേരി വമ്പൻ കടബാദ്ധ്യ തയിലായി. കടം തീർക്കാനായി വ്യാപാര വ്യവസായ പ്രമുഖരായിരുന്ന എ.കെ.ടി. കെ. എം (ദേശമംഗലം) നമ്പൂതിരിപ്പാട ന്മാർ വലിയൊരു തുക പട്ടേരിക്ക് നൽ കി സഹായിച്ചു . എന്നാൽ ദേശമംഗലം മനയിലേക്കുള്ള ആ കടം തിരിച്ചടക്കാ നുള്ള പദ്ധതിയെല്ലാം പാളി. നെല്ലിന് വല്ലാത്ത വിലയിടിവ്. വേറെ വരുമാനമില്ല. വളർന്നു വരുന്ന പെൺമക്കൾ പട്ടേരിയു ടെ ആധി കൂട്ടി .

ഭീമമായ തുകയുടെ പലിശ കൊ ടുക്കാൻ പോലും പാട്ടം വരവ് തികയാ തെയായി .ആ മുത്തശ്ശൻ ഭട്ടതിരി ആധി താങ്ങാനാവാതെ മരിച്ചു.

ഒരേ ഒരുണ്ണിയായ വാസുദേവൻ ഭട്ടതിരിപ്പാടിന് (പി.എം.എസ് ഭട്ടതിരിപ്പാടി ന്റെ പിതാവ്) പ്രായം വെറും 14 വയസ്സ്. ഗൃഹനാഥന്റെ രക്തസാക്ഷ്യം ദുരിതത്തി ലാക്കിയ കുടുംബത്തെ 1921 ലെ മലബാർ കലാപം കൂടുതൽ സങ്കടത്തിലാക്കി. വി ളക്കുകളും ഉരുളികൾ അടക്കമുള്ള ഓ ട്ടുപാത്രങ്ങളും മാത്രമല്ല തേവരേയും കിണറ്റിലൊളിപ്പിച്ച് ജീവരക്ഷാർത്ഥം പലായനം ചെയ്ത ദക്ഷിണ മലബാറി ലെ ബ്രാഹ്മണ കുടുംബങ്ങളിൽ പാക്ക ത്തെ പരിജനങ്ങളും കാരണവരായി മീശ മുളക്കാത്ത വാസുദേവൻ ഭട്ടതിരിപ്പാടും ഉണ്ടായിരുന്നു.

അമ്മാത്തായ കൂടലാറ്റുപുറത്തെ ആദ്യവസാനത്തിൽ പാക്കത്തെ പെൺ കുട്ടികളെ യഥാക്രമം മുണ്ടായ പെരുമ നത്തേക്കും ചളവറ പൊരുതയിലേക്കും വിവാഹം കഴിച്ചു കൊടുത്തു. അതിനിടക്ക് 17 തികഞ്ഞ വാസുദേവൻ ഭട്ടതിരിപ്പാടിന് ദേശമംഗലത്തു നിന്ന് വിവാഹം. മലബാർ കലാപമൊക്കെ ഒതുങ്ങി 1922ൽ കുറുമ്പ ത്തൂരിലെ പാക്കത്ത് തിരിച്ചെത്തുമ്പോൾ ബാധ്യതകളുടെ യഥാർത്ഥ വിവരം മെല്ലെ മെല്ലെ വാസുദേവൻ ഭട്ടതിരിപ്പാട് അറി ഞ്ഞു തുടങ്ങുകയായിരുന്നു .

നോക്കൂ അതി പ്രശസ്തമാ യ അമ്മാത്ത്. അതിലും കേമത്തമുള്ള സമൃദ്ധിയുടെ ഈറ്റില്ലമായ ദേശമംഗല ത്ത് നിന്ന് വേളി. അവിടത്തെ കന്യക ക ടക്കെണിയിൽ പെട്ട പാക്കത്തെ കുഞ്ഞാ ത്തോലായി വന്നു.

തീർത്താൽ തീരാതെ പെരുകി വരുന്ന കടം. പ്രൗഢിയുള്ള ഇല്ലമായതി നാൽ കേമപ്പെട്ട നിത്യനിദാനങ്ങൾക്ക് കുറവു വരുത്തിക്കൂടാ .ആശ്രിതർ ,വാ ല്യക്കാർ ,ഇരിക്കണമ്മമാർ.

ആഘോഷിക്കുന്ന ആട്ടപ്പിറന്നാളു

**അതി പ്രശസ്തമായ അമ്മാത്ത്. അതിലും കേ മത്തമുള്ള സമൃദ്ധി യുടെ ഈറ്റില്ലമായ ദേശമംഗലത്ത് നിന്ന് വേ ളി. അവിടത്തെ കന്യ ക കടക്കെണിയിൽ പെട്ട പാക്കത്തെ കുഞ്ഞാ ത്തോലായി എത്തിയാ ലത്തെ കഥ നോക്കൂ . തീർത്താൽ തീരാതെ പെരുകി വരുന്ന കടം**



**പാക്കത്തെ കുടുംബം**

പിറകിൽ ഇടതു നിന്ന്: ദീപക് ഭട്ടതിരിപ്പാട്, പ്രിയ കുറൂർ , വേദിക, ശ്രുതി, നിവേദിത, അരുൺ ഭട്ടതിരിപ്പാട്, ശങ്കരൻ ഭട്ടതിരിപ്പാട്, ലീല, അനിക ഭട്ടതിരിപ്പാട്, പ്രണവ് ഭട്ടതിരിപ്പാട്

കൾ ,ശ്രാദ്ധമഹാമഹങ്ങൾ .

ആന മെലിഞ്ഞാലും തൊഴുത്തിൽ കെട്ടരുതല്ലോ. കടപ്പെട്ടിരിക്കുന്നത് ഭാര്യാഗൃഹമായ ദേശമംഗലത്തിനോടാണല്ലോ എന്ന സത്യവും വാസുദേവൻ ഭട്ടതിരിപ്പാടിനെ ഏറെ അലട്ടി. ലക്ഷമാണ് ബാധ്യത . 95 വർഷങ്ങൾക്കു മുമ്പ് .ഇന്നത്തെ നിലയിൽ കോടികൾ .ആഢ്യ ഗൃഹത്തിലെ മീശ മുളക്കാത്ത വാസുദേവൻ ഭട്ടതിരിപ്പാട് സധൈര്യം അത് നേരിട്ടു .ഇല്ലത്ത് അതികർശനമായ സാമ്പത്തിക നിയന്ത്രണങ്ങൾ നടപ്പാക്കി .ഓരോ അണയും കണക്കു വെച്ചു.

എതിർപ്പുകൾ ആവോളമുണ്ടായി. ദേശമംഗലത്തെ മരുമകനായ സ്വന്തം കുട്ടിയുടെ ചോറൂണിന് മനയിലെ അന്നോളമുള്ള എല്ലാ കീഴ് വഴക്കങ്ങളും തെറ്റിച്ച് വെറും അഞ്ചു നാഴി അരിയുടെ നേദ്യച്ചോറ്! നാഴൂരിപ്പാലു കൊണ്ട് പായസവും!! .പാക്കത്ത് മനയുടെ പെരുമ നശിപ്പിക്കുന്ന രീതിയിലുള്ള പരിഷക്കാരങ്ങളിൽ പ്രതിഷേധിച്ച് പരിണതപ്രജ്ഞനായ കാര്യസ്ഥൻ കൃഷ്ണവാര്യർ മനയിലെ ജോലി തന്നെ ഉപേക്ഷിച്ചു. ( വാര്യർ പിന്നീട് ദേശമംഗലത്തെ കാര്യസ്ഥനായി വീണ്ടും പാക്കത്ത് വന്നെന്നും പാട്ടം വരവ് നോക്കിയിരുന്നെന്നും കഥകൾ. കർക്കശക്കാരനായ പട്ടേരി നേർവഴിക്കു തന്നെയല്ലേ എന്ന് ദേശമംഗലത്തെ നിർദ്ദേശമനുസരിച്ച് സദുപദേശേണ ശ്രദ്ധിക്കാനുമാകാം !!)

ഒരു നാൾ കൊയ്ത്തും മെതിയും കഴിഞ്ഞ് സാധാരണ പോലെ പാട്ടമളക്കുമ്പോൾ ഭട്ടതിരിപ്പാട് തന്റെ അമ്മയെ വിളിച്ച് ഇതു നോക്കൂ എന്നു പറഞ്ഞത്രെ .

ഇന്നെന്താണ് ഒരു പ്രത്യേകത? എന്നു ചോദിച്ച അമ്മയോട് മകൻ പറഞ്ഞത് ഇങ്ങിനെ: .

'ഇപ്രാവശ്യം നെല്ലെല്ലാം പാക്കത്തെ പത്തായങ്ങളിലേക്കാണ് .ദേശമംഗലത്തെ കടമെല്ലാം വീട്ടിക്കഴിഞ്ഞു അമ്മേ '

ഒരു ജന്മം മുഴുവൻ വാസുദേവൻ ഭട്ടതിരിപ്പാട് കാത്തത് ,ജീവിച്ചത് ഈ നിമിഷത്തിനു വേണ്ടിയായിരുന്നിരിക്കണം . ഇങ്ങനെ ഒരു വലിയ കടം വീട്ടുക മാത്രമല്ല അതിലും വലിയൊരു കരുതൽ സൂക്ഷിക്കുക കൂടി ചെയ്താണ് അദ്ദേഹം 25 വർഷങ്ങൾക്കു മുമ്പ് ഭഗവദ്പദം പൂകിയത്. ആ കരുതലിന്റെ കഥയാണ് ടീം സ്വസ്തിയെ ഈ ഇല്ലത്ത് എത്തിച്ചത്.

അതിങ്ങനെ:

കടം വേണ്ടത്ര ഉണ്ടായിരുന്ന ആളാണ് വാസുദേവൻ ഭട്ടതിരിപ്പാട്. അച്ഛൻ വരുത്തി വച്ച കടം. ഇല്ലം വരുത്തി വച്ച കടം. കാര്യസ്ഥൻവരുത്തിവച്ചകടം.എന്തിന്ഭാര്യാഗൃഹത്തിൽ പോലും കടം. ഇല്ലം പൊളിച്ച് വിറ്റാൽ പോലും തീർക്കാനാവാത്ത കടം. ഭൂതകാലത്തെ കടങ്ങളെല്ലാം കഠിനാധ്വാനത്തിലൂടെ വീട്ടിയെങ്കിലും ഭാവിയെയോർത്തു നന്നായി കരുതി ഭട്ടതിരിപ്പാട്. ഇതെല്ലാം നശിച്ച് തന്റെ അനന്തര തലമുറകൾ പണത്തിനു വേണ്ടി കടക്കാരനായി മാറേണ്ട ദുരവസ്ഥ ഇനിയുമുണ്ടാവരുത്.അതായിരുന്നു ആഗ്രഹം. അതുകൊണ്ടാണ് തന്റെ കാലശേഷം മാത്രമേ അറിയിക്കാവൂ എന്ന നിബന്ധനയോടെ പുത്രന് ലഭിക്കാനായി വലിയൊരു തുക രാജ്യത്തെ കേന്ദ്ര ബാങ്കായ റിസർവ് ബാങ്കിൽ കരുതിവെച്ചത്. ബാങ്കിൽ മാനേജറായ മകനേക്കാൾ ദീർഘവീക്ഷണമുള്ള ബാങ്കറായി ആ ഋഷിവര്യൻ. പിതാവിന്റെ മരണശേഷം റിസർവ് ബാങ്കിൽ നിന്ന് അറിയിപ്പു വരുമ്പോഴാണ് അച്ഛന്റെ നിക്ഷേപത്തെപ്പറ്റി മകൻ അറിയുന്നത്. ഇല്ലത്തെയും വരും തലമുറയെയും സംരക്ഷിക്കാനായി അച്ഛൻ നടത്തിയ കരുതൽ. ആ കടപ്പാടാണ് എട്ടുകെട്ട് പുതുക്കിപ്പണിയാൻ ഈ മകനെ പ്രേരിപ്പിച്ചത്. അമ്മാത്തായ ദേശമംഗലം മന പൊളിച്ച് വിറ്റപ്പോഴും പെരുമയോടെ നിലനിൽക്കുന്നു ശങ്കരൻ ഭട്ടതിരിപ്പാടിൻെറ പാക്കത്ത് മന.

വാർധക്യസഹജമായ അസുഖങ്ങളോടെ വാസുദേവൻ ഭട്ടതിരിപ്പാടും സഹധർമ്മിണി നങ്ങേമ അന്തർജനവും ഇടക്കാലത്ത് മക്കളുടെ കൂടെ കോഴിക്കോട്ടും മറ്റും താമസിക്കാൻ നിർബന്ധിതരായെങ്കിലും തനിക്ക് സ്വന്തം ഇല്ലത്തു നിന്ന് വിട്ടു പോരാൻ വയ്യെന്ന് എപ്പോഴും പറയുമായിരുന്നത്രെ .

ജനനീ ജന്മഭൂമി ശ്ച
സ്വർഗ്ഗാദപി ഗരീയ സി

അതങ്ങിനെയല്ലേ ആയിക്കൂടൂ .കാത്തു വെച്ചതും തലമുറകളുടെ തേവാരവും പുണ്യവും പട്ടേരി ഈടുവെച്ചതും പാക്കത്ത് ഇല്ലം നിലനിർത്താനായിരുന്നല്ലോ. അതിവിശാലമായ ഇല്ലപ്പറമ്പിൽ സമൃദ്ധിയുടെ എട്ടുകെട്ട് പുതുക്കിപ്പണിയുമ്പോൾ മകനായ പി.എം.എസ് ഭട്ടതിരിപ്പാട് അക്ഷരാർത്ഥത്തിൽ നടപ്പാക്കിയത് പൈതൃക സംരക്ഷണം തന്നെയായിരുന്നു. ആദരവിന്റെ പിതൃകടം അറിയുന്ന മകന്റെ യജ്ഞം. പാക്കത്തെ ഇല്ലപ്പെരുമകൾ അവസാനിക്കുന്നില്ല.

പ്രണാമങ്ങളോടെ ടീം സ്വസ്തി

❐



*പാക്കത്തെ പരേതരായ വാസുദേവൻ ഭട്ടതിരിപ്പാടും പത്നി നങ്ങേമ അന്തർജനവും*

പാക്കം ശങ്കരൻ ഭട്ടതിരിപ്പാട്, സീനിയർ മാനേജർ (റിട്ടയേർഡ് ) നെടുങ്ങാടി ബാങ്ക്. 9847005195
പാഴിയോട് ശങ്കരനാരായണൻ ഭട്ടതിരിപ്പാട് എന്ന എസ്. എൻ ഭട്ടാചാര്യ (ഇന്ത്യൻ എയർലൈൻസ് (റിട്ടയേർഡ്) 9446648792



താമരക്കുളം ദിവാകരൻ നമ്പൂതിരി

# മുത്തശ്ശന്റെ അനുഗ്രഹവും ശ്രീകൃഷ്ണന്റെ വിഗ്രഹവും

**അമേരിക്കയിലെ നോർത്ത് കരോലിന യൂനിവേഴ്സിറ്റിയിൽ പോസ്റ്റ് ഡോക്ടറൽ റിസർച്ചർ ആയി 35 ലക്ഷം രൂപ പ്രതിഫലത്തിൽ പ്രവർത്തിക്കുന്ന വിജയ് മോഹൻ കെ നമ്പൂതിരി യുടെ വിശേഷങ്ങൾ**



അമേരിക്കയിലെ ബാൾട്ടിമോറിലുള്ള ജോൺസ് ഹോപ്കിൻസ് സർവകലാശാല. ലോകത്തിലെ ഏറ്റവും മികച്ച മെഡിക്കൽ യൂനിവേഴ്സിറ്റികളിലൊന്നാണത്. അവിടത്തെ ന്യൂറോ സയൻസ് ഡിപ്പാർട്ട്മെൻറിലെ പി എച്ച് ഡിക്കാരുടെ ഓപ്പൺ സെഷൻ നടക്കുന്ന സമയം. ടൈം പെർസെപ്ഷൻനാണ് വിഷയം. ആ വിഷയത്തിൽ തന്റെ തിയറി അവതരിപ്പിക്കുകയാണ് ഒരു യുവാവ്.

ഓപ്പൺ സെഷന്റെ അവസാന ഭാഗം അക്നോളഡ്ജ്മെന്റാണ്. തന്നെ ഗവേഷണത്തിൽ സഹായിച്ചരെ നന്ദിപൂർവം ഓർക്കുന്നതിനുള്ള ഇടം. തോളിൽ തോർത്തുമുണ്ടിട്ടു നിൽക്കുന്ന വന്ദ്യവയോധികനായ ഒരു പൂണൂൽധാരി ബ്രാഹ്മണന്റെ ചിത്രം സ്ക്രീനിൽ തെളിഞ്ഞു. ടൈം പെർസെപ്ഷനിൽ ഇയാൾക്കെന്തു കാര്യം? എന്ത് സിദ്ധാന്തമാണ് ഇയാൾ കണ്ടുപിടിച്ചത്. സായിപ്പൻമാരായ പ്രൊഫസർമാരും മറ്റു വിദ്യാർത്ഥികളും അദ്ഭുതപ്പെട്ടു നിൽക്കുമ്പോൾ ആ യുവാവ് പറഞ്ഞു. ’ ഈ തീസിസ് എന്റെ അമ്മയുടെ അച്ഛൻ ഭവദാസൻ ഭട്ടതിരിപ്പാടിന് സമർപ്പിക്കുന്നു. മുത്തശ്ശനാണ് എന്റെ ഏറ്റവും വലിയ പ്രചോദനം. എല്ലാറ്റിനും ഒന്നാമനാകണമെന്നാണ് അദ്ദേഹം പറയാറ്. ചിലപ്പോഴൊക്കെ എനിക്ക് മുത്തശ്ശനെ നിരാശപ്പെടുത്തേണ്ടി വന്നിട്ടുണ്ട്. പ്ളസ് ടു പരീക്ഷക്ക് സി.ബി.എസ്സിയുടെ മൂന്നാം റാങ്ക് കിട്ടിയപ്പോൾ മുത്തശ്ശൻ പറഞ്ഞു. ഒന്നാം റാങ്ക് വാങ്ങാമായിരുന്നു .കേരള എഞ്ചിനീയറിംഗ് എൻട്രൻസ് പരീക്ഷയിൽ എനിക്ക് ഒമ്പതാം റാങ്ക് കിട്ടി. അപ്പോഴും മുത്തശ്ശൻ ചിരിച്ചുകൊണ്ടു പറഞ്ഞു . വാശി പിടിച്ചാൽ ഫസ്റ്റ് വാങ്ങാമായിരുന്നു ‘ വിവരണം തീർന്നില്ല.

സദസ്സിൽ നിലക്കാത്ത കരഘോഷം! അപൂർവമായ അഭിമാനാദരം!!

അമേരിക്കയുടെ സ്ക്രീനിൽ കേവലം നാലാം ക്ളാസുകാരനായ ഒരു സാധു ബ്രാഹ്മണന്റെ ചിത്രം കാണിച്ചതിന് ആ യുവാനിന് സ്റ്റാൻഡിംഗ് ഒവേഷൻ!!! ടൈം പെർസെപ്ഷന്റെ പേരിലല്ല, അത്തരമൊരു ഇടത്തിലേക്ക് മോട്ടിവേറ്റ് ചെയ്ത മുത്തശ്ശനെ ഓർമ്മിച്ചതിന്. അമ്മാത്തെ മുത്തശ്ശനെ സ്ക്രീനിലൂടെ അമേരിക്കയിലെത്തിച്ച ആ യുവാവിന്റെ പേര് പറയാം  വിജയ് മോഹൻ കെ നമ്പൂതിരി. സ്വസ്തി വായനക്കാരിൽ പലരും അറിയുന്ന ഇല്ലത്തെയാണ് ആൾ. കോഴിക്കോട് മുക്കത്തിനടുത്തുള്ള കുളങ്ങരക്കരാട് ഇല്ലത്തെ കേശവൻ നമ്പൂതിരിയുടേയും പൊറക്കൊടിഞ്ഞത്ത് ശ്രീദേവിയുടേയും മകൻ. കേശവൻ നമ്പൂതിരി സെൻട്രൽ എക്സൈസിൽ നിന്ന് സൂപ്രണ്ട് ആയി വിരമിച്ച ആളാണ്. തൃശ്ശൂരിൽ സ്ഥിര താമസക്കാരൻ. തൃശൂർ കേരളവർമ്മ കോളേജിലെ ഫിസിക്സ് വിഭാഗം റിട്ട. പ്രൊഫസറാണ് അമ്മ ശ്രീദേവി.

‘ഒരു മിനിറ്റ് വെയ്റ്റ് ചെയ്യൂ’ എന്ന് നിങ്ങളോടാരെങ്കിലും പറഞ്ഞാൽ നിങ്ങൾക്കത് കൃത്യമായി ചെയ്യാൻ കഴിയും. എന്നാൽ , ആ പറഞ്ഞ കാര്യം നിങ്ങളുടെ തലച്ചോറിന് എങ്ങനെ തിരിച്ചറിയാൻ കഴിയും? അതായിരുന്നു എന്റെ വിഷയം. വോൾട്ടേജ് സിഗ്നലുകൾ ഉപയോഗിച്ചു എലികളിൽ നടത്തിയ പരീക്ഷണങ്ങളിലൂടെ അവയുടെ തലച്ചോറിൽ നടക്കുന്ന മാറ്റങ്ങൾ പഠനവിധേയമാക്കിയാണ് ഞാൻ ഈ തീസീസിലെത്തിയത്.‘ വിജയ് മോഹൻ കെ നമ്പൂതിരി പറയുന്നു.

**യുവജനങ്ങളോട് പറയാനുള്ളത്.**

**’ചെയ്യുന്ന കാര്യം ഇഷ്ടപ്പെടുക. ഇഷ്ടപ്പെടുന്ന കാര്യം ചെയ്യുക. നമുക്ക് ഏറ്റവും സന്തോഷം തരുന്ന കാര്യം ചെയ്താൽ നമ്മൾ അതിൽ വളരെ മുന്നേറും. ഏതു ഫീൽഡ് ആയാലും നമ്മൾ ഏറ്റവും ബെസ്റ്റ് ആണെങ്കിൽ നമുക്ക് നല്ല പ്രതിഫലം കിട്ടും. അതുകൊണ്ട് സന്തോഷമാണ് ഏറ്റവും പ്രധാനം.‘**

പഠിക്കുമ്പോൾ തന്നെ ചില്ലറക്കാരനല്ല. തൃശൂർ കേന്ദ്രീയ വിദ്യാലയത്തിൽ നിന്ന് സി.ബി.എസ്.ഇ പന്ത്രണ്ടാം ക്ളാസിൽ മൂന്നാം റാങ്ക് .2004 ലെ കേരള എഞ്ചിനീയറിംഗ് എൻട്രൻസിൽ ഒമ്പതാം റാങ്ക്. അഖിലേന്ത്യാ എഞ്ചിനീയറിംഗ് എൻട്രൻസിൻ 73ാം റാങ്ക്. 2002 ലെ സ്വദേശി ശാസ്ത്ര പ്രതിഭാ അവാർഡ്. 2003ൽ നാഷണൽ അസ്ട്രോണമി ഒളിമ്പ്യാഡ് ക്യാമ്പിലേക്ക് ഇന്ത്യയിൽ നിന്ന് 20 പേർ തിരഞ്ഞെടുക്കപ്പെട്ടപ്പോൾ അതിലൊരാൾ. നാഷണൽ ടാലന്റ് സ്കോളർഷിപ്പ്. പെയിൻറിംഗിലും പെൻസിൽ ഡ്രോയിംഗിലും നിരവധി സമ്മാനങ്ങൾ. ഒരിക്കൽ ജില്ലാ കലക്ടർ സ്കൂളിൽ വന്നപ്പോൾ കാരിക്കേച്ചർ വരച്ചുകൊടുത്തു അന്നത്തെ കൊച്ചു പയ്യൻ . പരന്ന വായനക്കാരൻ, ക്രിക്കറ്റ് ഭ്രാന്തൻ. അതിലുമുപരി നല്ലൊരു ഗായകൻ.സമയക്കുറവുകൊണ്ട് ക്ലാസിക്കൽ പഠിക്കുവാൻ സാധിച്ചില്ലെന്ന വിഷമവുമുണ്ട്.

'സ്കൂൾ വിട്ടു വന്നാൽ ഒറ്റ ഓട്ടം, ക്രിക്കറ്റ് കളിക്കാൻ . എല്ലാറ്റിലുമുണ്ട്. നല്ല വായനയും. ന്നാൽ പുസ്തകപ്പുഴു ഒന്നുമല്ല ട്ടോ. കൃത്യമായ ഓറിയന്റേഷനാണ് അവന്റെ വിജയം . കുട്ടികൾക്ക് പഠിക്കാനുള്ള സാഹചര്യം ഒരുക്കിക്കൊടുക്കുക മാത്രമേ ഞങ്ങൾ ചെയ്തിട്ടുള്ളൂ.' അച്ഛനും അമ്മയും ഒരേ സ്വരത്തിൽ.

'2004 മുതൽ 2008 വരെ ബോംബെ ഐ.ഐ.ടിയിലെ പഠനമാണ് ശരിക്കും എന്റെ ജീവിതവീക്ഷണത്തിനും ലക്ഷ്യത്തിനും ദിശാബോധമുണ്ടാക്കിയത്. എഞ്ചിനീയറിംഗ് ഫിസിക്സ് ആയിരുന്നു വിഷയം.ആസ്ട്രോ ഫിസിക്സും ഇലക്ട്രിക്കൽ എഞ്ചിനീയറിംഗും കമ്പൈൻ ചെയ്ത ഒരു കോഴ്സ്. അന്ന് ഐ.ഐ.ടികളിൽ മാത്രമുള്ളത്. അമ്മയുടെ സ്വാധീനമാകാം അത്തരമൊരു വിഷയം തിരഞ്ഞെടുക്കുവാൻ കാരണം.''

2006 ൽ രാമൻ റിസർച്ച് ഇൻസ്റ്റിട്യൂട്ടിലെ ഡോ ദീപാങ്കർ ഭട്ടാചാര്യയുടെ കീഴിൽ ഹൈ എനർജി ആസ്ട്രോ ഫിസിക്സിൽ ഇൻടേൺഷിപ്പ് ചെയ്യാനുള്ള ഭാഗ്യമുണ്ടായി. ആ സമയത്താണ് മനുഷ്യരുടേയും മറ്റു ജീവികളുടേയും ബോധതലങ്ങളെപ്പറ്റി പഠിക്കാൻ താൽപര്യമുണ്ടായതും ന്യൂറോ സയൻസ് പഠിക്കുവാനുള്ള തീരുമാനമെടുത്തതും. 2007 ൽ ഇറ്റലിയിലെ എസ്.ഐ.എസ്.എസ്.എ യൂനിവേഴ്സിറ്റിയിലെ അലക്സാണ്ടർ തെരേസിനു കീഴിൽ ഭാഷ മനസ്സിലാക്കുവാനുള്ള മനുഷ്യ മസ്തിഷ്ക്കത്തിന്റെ കഴിവുകളെപ്പറ്റിയുള്ള പഠനത്തിൽ അവതരിപ്പിച്ച തീസിസ് ന്യൂ ജേർണൽ ഓഫ് ഫിസിക്സിൽ പ്രസിദ്ധീകരിക്കപ്പെട്ടു. ഈ പേപ്പറാണ് ജോൺസ് ഹോപ്കിൻസ് സർവകലാശാലയിലെ ഫെല്ലോഷിപ്പ് ലഭിക്കുവാനുള്ള അടിത്തറയിട്ടത്.



അമ്മാത്തെ
മുത്തശ്ശൻ ഭവദാസൻ
ഭട്ടതിരിപ്പാട്

**അമേരിക്കയിലായിട്ടും**

**ഒരു ശ്രീകൃഷ്ണ വിഗ്രഹം കൂടെത്തന്നെയുണ്ട്. വിളക്ക് കൊളുത്താറുണ്ട്. ഇടക്ക് അമ്പലത്തിലും പോവാറുണ്ട്.**


ഐ.ഐ.ടിയിലെ ബിരുദം കഴിഞ്ഞ് ഒരു രണ്ട് മാസമായിക്കാണും. വിജയ് മോഹന് ഒരു വി.ഐ.പി കോൾ വന്നു. അങ്ങേതലക്കൽ ജോൺസ് ഹോപ്കിൻസിലെ ന്യൂറോ സയൻസ് തലവൻ . വിജയ് മോഹന്റെ ന്യൂറോ സയൻസിലെ അവഗാഹത്തെക്കുറിച്ചും അത് കരിയർ ആയി സ്വീകരിക്കുന്നതിലുള്ള താൽപ്പര്യത്തേക്കുറിച്ചും ഒരു ടെലിഫോണിക് ഇൻറ്റർവ്യൂ. അടുത്തത് അവിടത്തെത്തന്നെ പ്രൊഫസറുടെ ടെലഫോണിക് ഇൻറർവ്യൂ . 3 ദിവസങ്ങൾക്കുള്ളിൽ ഫെല്ലോഷിപ്പ് ലഭിച്ചതായ അറിയിപ്പ്!. 2008 മുതൽ 2015 വരെ 29000 ഡോളർ വാർഷിക അവാർഡും ഫ്രീ പഠനവുമായി പി.എച്ച്. ഡി പ്രോഗ്രാം .

ഇപ്പോൾ നോർത്ത് കരോലിന യൂനിവേഴ്സിറ്റിയിൽ പോസ്റ്റ് ഡോക്ടറൽ റിസർച്ചർ ആയി 50000 ഡോളർ (എതാണ്ട് 35 ലക്ഷം രൂപ ) പ്രതിഫലത്തിൽ ജോലി ചെയ്യുന്നു. ഈ നവമ്പർ മുതൽ സിയാറ്റിൽ ആണ് താമസം. നാസയുടെ സ്പേസ് മ്യൂസിയം, ആമസോണിന്റെ ആസ്ഥാനം എന്ന നിലയിലെല്ലാം പ്രശസ്തമാണ് സിയാറ്റിൽ.

20 ഓളം പേപ്പറുകൾ 7 ഇൻറർനാഷനൽ ജേർണലുകളിലായി പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഏറ്റവും പ്രശസ്തമായ ശാസ്ത്രമാസികയായ നാചറിന്റെ എഴുത്തുകാരിലൊരാളാണ് വിജയ് മോഹൻ ദിവസവും 1516 മണിക്കൂർ ജോലി .

**പ്രസിദ്ധീകരിച്ച പ്രബന്ധങ്ങൾ**

1 New Journal of Physics. Jan 2008
2 Proceedings of the natural Academi of science. Jun 2014. Aug 2015
3 Frontiers of Behaviour Neuro science. Feb 2014
4. Frontiers In integrative neuroscience Oct 2014, Jul 2015
5 Timing and time perception review. 2014
6 BioRxiv. Jan 2015
7 Neuropsychopharmacology. Dec 2015, Feb 2017
8. Nature Protocols Mar 2016
9 Current Biology. Oct 2016
10 Neural Computation. Jan 2016
11 Cell. Sep 2016
12. Current opinion in Neurobiology. Oct 2016
13 International Journal of Neuro psychopharmacology. Jun 2016
14 Journal of Neuroscience Sep 2011.
15 Nature. Mar 2017



വല്ലപ്പോഴും ഒരു ഫുൾ ഹോളിഡേ. അതാണ് ഈ നമ്പൂതിരിയുടെ ദിന ചര്യ. കായംകുളത്തെ കളിക്കൽ മഠത്തിലെ ഡോ ദേവികയാണ് ഭാര്യ എം.ബി.ബി.എസ്. ഡിസ്റ്റിംഗ്ഷനോടെ പാസായ ശേഷം അമേരിക്കയിൽ മെഡിക്കൽ ലൈസൻസിംഗ് പാസായി ഉപരി പഠനത്തിന് തയ്യാറെടുക്കുന്നു. ഒരു വയസ്സുള്ള കുട്ടി ജിയ നമ്പൂതിരി. എസൻസ് ഓഫ് ലൈഫ്, ബ്യൂട്ടിഫുൾ എന്നൊക്കെയാണ് സംസ്കൃത വാക്കായ ജിയയുടെ അർത്ഥം .

പേരു പോലെ നല്ല നമ്പൂതിരിയായി ത്തന്നെ ജീവിക്കുന്നു. ഉപനയനം, ചമതയിടൽ, സമാവർത്തനം, ക്രിയകളോടെയുള്ള വേളി എല്ലാമുണ്ടായി. നിത്യ കർമ്മമന്ത്രങ്ങൾ , ഭാഗ്യസൂക്തം, പുരുഷസൂക്തം, ഗണപതിഹോമം, പൂജ എല്ലാം ഹൃദിസ്ഥം. നാട്ടിൽ വരുമ്പോൾ ഗണപതിഹോമം, പൂജ എന്നിവയെല്ലാം ചെയ്യാറുണ്ട്. നാട്ടിലെത്തിയാൽ കേരളീയ വേഷമായ മുണ്ടും ഷർട്ടും മാത്രം. അനിയത്തി ഇന്ദുവിന് ബി.ടെക്കിന് മൂന്നാം റാങ്കും കോഴിക്കോട് എൻ.ഐ.ടിയിൽ നിന്ന് എം.ടെക്കിന് ഫസ്റ്റ് റാങ്കും ഗോൾഡ് മെഡലും. ഇപ്പോൾ ഐ.എസ്.ആർ.ഒ യിൽ ജോലിക്ക് ചേർന്നു. ഭർത്താവ് പാറമന ഇല്ലത്ത് വൈശാഖ് ബാംഗളൂരിൽ എഞ്ചിനീയർ.

ചെറിയ ക്ലാസുമുതൽ തന്നെ ടീച്ചർമാരോട് നല്ല അറ്റാച്ച്മെന്റ് ആണ് രണ്ടു പേർക്കും . കേന്ദ്രീയ വിദ്യാലയത്തിലെ ഉഷ മേനോൻ എന്ന ബയോളജി ടീച്ചറാണ് ബയോളജിയിൽ താൽപര്യമുണ്ടാക്കിയത്. വരുമ്പോൾ എല്ലാവരേയും കാണും, അല്ലെങ്കിൽ അവർ ഇങ്ങോട്ടുവരും. ഗുരുത്വം അതു തന്നെയല്ലേ ഇവരുടെ ഉയർച്ചക്കാധാരം? ❐



*ഭാര്യ ഡോ.ദേവികക്കും പുത്രി ജിയക്കുമൊപ്പം*

# ശ്രാദ്ധത്തലേന്ന്



**കെ.പി. പുരുഷോത്തമൻ നമ്പൂതിരി**

"അച്ഛനെന്താണ് ഫോണിൽ വിളിച്ചാലെടുക്കാത്ത'
തല്പമുത്ക്കണ്ഠാപൂർവം ചോദിപ്പതെന്തേ മകൾ?
''മറ്റന്നാളല്ലേ നമുക്കമ്മതൻ ശ്രാദ്ധം ഞങ്ങ
ളെത്തിടുമതിന്നായിട്ടിത്തിരിക്കാലേത്തന്നെ'.
ശ്രാദ്ധമിതെത്രാമത്തെ? ഓർത്തുവയ്ക്കുവാൻ പാടായ്
ശ്രദ്ധയോ ഓർമ്മത്തെറ്റോ വർദ്ധിച്ചിടുന്നൂ നിത്യം.
എങ്കിലുമോർക്കുന്നു ഞാനിന്നെന്ന പോലെന്നുള്ളിൽ
എൻപ്രിയതമയ്ക്കൊപ്പം കഴിഞ്ഞ ദിനങ്ങളെ !
ഓർമ്മയായ്...സംവത്സരമെത്രയോ കഴിഞ്ഞിട്ടും
ഓർമ്മയിലിന്നും നോവിൻ നൊമ്പരം പടർത്തുന്നൂ.

ദാരിദ്ര്യരേഖക്കടുത്താണെന്റെയില്ലം, ശാന്തി
ക്കാരനാണച്ഛനപ്ഫന്മാരവർ കൃഷിക്കാരും.
പാതി മെയ്യായിട്ടെന്റെ പർണ്ണശാലയിൽ ഭദ്ര
ദീപമായവൾ വന്ന നാളിന്നുമോർത്തീടുന്നു.
ലജ്ജതൻ മന്ത്രകോടിപ്പുതപ്പിൽ ശരക്കോലും
ലാജഹോമവും കയ്യിൽ ഓട്ടു കണ്ണാടിത്തുമ്പും.
ദർഭയാൽ പരസ്പരം തൊട്ടു തൊട്ടിരുന്നപ്പോൾ
അർത്ഥഗർഭമായ് മീട്ടീ ആത്മാവിലേതോ രാഗം.
ധർമ്മമെപ്പോഴും നന്നായാചരിക്കേണം സഹ
ധർമ്മത്തിലല്ലോ ചരിക്കേണ്ടതെന്നോതിക്കനും.
ഏഴു ചോടുകൾ, പാണിഗ്രഹണം, മന്ത്രങ്ങളും
ഹോമധൂമത്താൽ കൺകൾ കലങ്ങിച്ചുവന്നതും
ദാനവും മുഹൂർത്തവും ആർപ്പുമാരവങ്ങളും
വാനിലേറുന്നൂ, കുടിക്കൊള്ളലിൻ കുതൂഹലം!

ഓർമ്മയായ് സംവത്സരം പലതും കഴിഞ്ഞിട്ടും
ഓർമ്മയിലിന്നും പുതു പുത്തനായ് തിളങ്ങുന്നൂ.

ഋതുപർണ്ണങ്ങൾ സദാ പൊഴിക്കും മഹാവൃക്ഷ
ത്തണലിൽ കുടുംബമായ് സന്താനസൗഭാഗ്യമായ്
വളരുന്നുണ്ടോ കുഞ്ഞിക്കാലുകൾ, കണ്ണിൽ നോട്ടം
തെളിയുന്നുണ്ടോ, ബുദ്ധിയെന്നു നോക്കിയും പിന്നെ,
കൊഞ്ചിച്ചു താരാട്ടിൻെറ ശ്രുതിയാലുറക്കുവാൻ
നെഞ്ചോടു ചേർത്തും, പിന്നെ രാപ്പകലുകൾതാണ്ടീ
ട്ടിനിയും, നേടാനുണ്ടാമേറെയെന്നാശിച്ചും കൊ
ണ്ടൊരുപാടോടിത്തളർന്നായുസ്സു കിതയ്ക്കവേ,
ജരയും നരയുമായ് മുന്നറിയിപ്പും കിട്ടീ
ക്കരകേറീലാ ഭവസാഗരം ഭയാപഹം !
പെട്ടെന്ന് യാത്രാമൊഴി പോലുമേ പറയാതെ
കൂട്ടിലേകയായാശുപത്രിയിൽ എൻപാതിയും
ഓർമ്മയായ്ത്തീർന്നൂ, വർഷമെത്രയോ കഴിഞ്ഞിട്ടും
ഓർക്കുവാതിരിക്കുവാൻ വയ്യെനിക്കിന്നും തീരെ.
ഓർമ്മതൻ ശ്രദ്ധാഞ്ജലി പാർവതിക്കർപ്പിക്കുമ്പോൾ
ഓർമ്മയിലിന്നും ഇറ്റു കണ്ണുനീർ പടർത്തുന്നൂ ❐

കീഴാറ്റുപുറത്ത് ഇല്ലം ,
പി.ഒ.നടേരി ,കൊയിലാണ്ടി.വഴി
ഫോൺ 919526767507

# ആദ്യം കണ്ടത് ചാത്തൂനെ

**ഉമ . കെ.ആർ**



അക്കിത്തത്തെ ഇരുപതാം നൂറ്റാണ്ടിന്റെ ഇതിഹാസത്തിലൂടെ അറിയുന്നതിന് മുമ്പ് അറിഞ്ഞത് ചാത്തൂനെ ആയിരുന്നു. അപ്പോൾ ചോദിക്കും ആരാ ഈ ചാത്തൂന്? മുത്ത്യേമ്മയോട് ചോദിക്കണം ആരാ ഈ ചാത്തൂന്? കേൾക്കുന്നവർ വിചാരിക്കും ആരാ ഈ ചാത്തൂം മുത്ത്യേമ്മയും എന്ന്.

ഇവര് രണ്ടാളും ഹൃദയത്തിൽ പതിഞ്ഞുപോയ കുറച്ചുദിവസങ്ങൾ ഉണ്ടായിരുന്നു . രണ്ടായിരത്തിൽ ടി ടി സി ക്ക് പഠിക്കുന്ന കാലത്ത് ഡി.പി.ഇ പി പുസ്തകത്തിൽ അക്കിത്തത്തിന്റെ 'ചാത്തൂനെ കണ്ടോ കുട്ട്യോളെ' എന്ന കവിതാഭാഗം ഉണ്ടായിരുന്നു. ടീച്ചിങ്ങ് പ്രാക്ടീസിന് എനിക്ക് കിട്ടിയ ഭാഗം ഇതായിരുന്നു.



**കാലം കഴിഞ്ഞു. ഈ സംഭവമെല്ലാം മറന്നു തുടങ്ങിയെങ്കിലും കഴിഞ്ഞദിവസം അക്കിത്തത്തെ കാണാൻ ചെന്നപ്പോൾ വീണ്ടും ആ പഴയ ക്ലാസ് മുറിയിൽ എത്തി. എന്താണ് ചോദിക്കേണ്ടത്, എന്താണ് പറയേണ്ടത് എന്നറിയാതെ ഒരു നിമിഷം നിന്നുപോയി**



*ഉമയും കുട്ടികളും അക്കിത്തത്തോടൊപ്പം*

ഒരു പരിചയമില്ലാത്ത സ്ഥലം. ടീച്ചിങ്ങ് പ്രാക്ടീസെന്ന് എന്ന് പറയുമ്പോൾ തന്നെ കുതിര കളിക്കാൻ തയ്യാറായി നിൽക്കുന്ന കുട്ടികൾ . അവിടേക്കാണ് ചാത്തൂനേം കൊണ്ടു കയറുന്നത്. വാഴനാരുകൊണ്ട് അടിച്ചതിന് പിണങ്ങിപ്പോയ ചാത്തൂന്റെ നിഷ്കളങ്കത പടുവികൃതികളായ അവരെ ബോധ്യപ്പെടുത്താനാവാതെ വിയർത്തൊലിച്ച് ഞാൻ നിന്നു. ചാത്തൂനെ കാണാത്തതിൽ മുത്ത്യേമ്മക്ക് ഉണ്ടായതിനേക്കാൾ വേവലാതിയായിരുന്നു എനിക്ക്.

കാലം കഴിഞ്ഞു. ഈ സംഭവമെല്ലാം മറന്നു തുടങ്ങിയെങ്കിലും കഴിഞ്ഞദിവസം അക്കിത്തത്തെ കാണാൻ ചെന്നപ്പോൾ വീണ്ടും ആ പഴയ ക്ലാസ് മുറിയിൽ എത്തി. എന്താണ് ചോദിക്കേണ്ടത്, എന്താണ് പറയേണ്ടത് എന്നറിയാതെ ഒരി നിമിഷം നിന്നു പോയി .ഒത്തിരി സ്നേഹിക്കുന്നവർ ഇത്തിരി വേദനിപ്പിച്ചാൽ ഉണ്ടാകുന്ന വേദന . കുട്ടികളുടെ നിഷ്കളങ്കത. അതെല്ലാം കവിതയിൽ ചാലിച്ച കവിയാണല്ലൊ മുന്നിൽ. ഒരുകഥയോ കവിതാഭാഗമോ പറയുമ്പോഴും അത് എഴുതാനുണ്ടായ സന്ദർഭം അദ്ദേഹത്തിന് ഇന്നും ഓർമ്മയുണ്ട്.

അഞ്ചാം ക്ലാസ്സിലെ അബ്ദുറഹ്മാൻ സാഹിബിനെ പറ്റിയുള്ള മരണമില്ലാത്ത മനുഷ്യൻ എന്ന കവിത പഠിപ്പിക്കുമ്പോൾ മനസ്സിൽ വന്നത് കുട്ടി രാമമേനോൻ മാഷായിരുന്നു . അക്കിത്തത്തിന്റെ മലയാളം അദ്ധ്യാപകനായിരുന്നൂത്രെ കുട്ടി രാമമേനോൻ . ' ഇവിടെ ഉണ്ട് മാഷ്ടെ ഫോട്ടോ 'എന്ന് ഓർത്തു പറയുന്നു അക്കിത്തം. ബിന്ദു ഏടത്തി കുറെ തിരഞ്ഞെങ്കിലും കണ്ടെത്താനായില്ല. ഒന്നോ രണ്ടോ പുസ്തകങ്ങൾക്കിടയിൽ നിന്നാണെങ്കിൽ കണ്ടെത്താം ,ഇത് ഒരു ഗ്രന്ഥാലയം തന്നെയാണ്. എത്ര പരിചയമുള്ളവർക്കും സമയമെടുക്കും തിരഞ്ഞ് കണ്ടെത്താൻ. ഏടത്തി കണ്ടെത്തി കാണിച്ചത് നമ്പീശൻ മാഷുടെ ഫോട്ടോ ആയിരുന്നത്രെ. തിരിച്ചുപോരുമ്പോൾ മനസ്സിൽ അക്കിത്തവും കുട്ടി രാമമേനോൻ മാഷും ആയിരുന്നു. ചാത്തൂനേം അക്കിത്തത്തേയും മനസ്സിൽ നിറച്ചാണ് ഞങ്ങൾ അവിടെ നിന്നും തിരിച്ചു പോന്നത്. ഈവർഷം അഞ്ചിൽ ക്ലാസെടുക്കാൻ ഇല്ലെങ്കിലും അഞ്ചിലെ മക്കളുമായി ഈ അനുഭവം പങ്കുവയ്ക്കാതിരിക്കാൻ എനിക്കാവില്ല. ടീച്ചറല്ലേ ഞാൻ!

*(പഴങ്ങോട്ടു പൊറ്റ ഇല്ലത്തെ ഉമ മൊറയൂർ കീഴ്മുറി എ.എം.എൽ.പി സ്കൂൾ അദ്ധ്യാപികയാണ്. മൊബൈൽ 8086721402)*

# ന്യൂ ജനറേഷനിൽ വേദപഠനവും ഉൾപ്പെടും



**ഇത്തവണ പത്താം ക്ളാസ് പരീക്ഷ എഴുതാനിരിക്കുന്ന വേദസ് ജാതവേദന്റെ മനസ്സിൽ മെഡിസിനും എൻജിനീയറിംഗുമൊന്നുമല്ല. കഴിഞ്ഞ ഏഴു കൊല്ലം കൊണ്ട് ഋഗ്വേദം ഏതാണ്ട് മുഴുവൻ ഹൃദിസ്ഥമാക്കിയ വേദസ് ന്യൂ ജെനറേഷനിലെ വേറിട്ട മുഖമാണ്. ന്യൂഡൽഹിയിലെ ഇന്ദിരാഗാന്ധി നാഷണൽ സെന്റർ ഫോർ ആർട്ടിൽ നിന്ന് വേദം റിക്കാർഡ് ചെയ്യാൻ ക്ഷണം ലഭിച്ച വിദ്യാർത്ഥികളിൽ ഒരാൾ.**

**വേദസ് ജാതവേദൻ**

**2011**ലാണ് വേദപഠനത്തിനായി തൃശൂർ ബ്രഹ്മസ്വം മഠത്തിലെത്തിയത്.ഇല്ലത്തിനു സമീപമുള്ള സ്കൂളിൽ നാലാം ക്ളാസ് കഴിഞ്ഞ സമയത്താണ് അച്ഛൻ ഇവിടെ കൊണ്ടു ചേർത്തത്. അഞ്ചാം ക്ളാസിന് പകരം വീണ്ടും നാലിൽ തന്നെ. അതോടെ സാധാരണ രീതിയിലുള്ള സ്കൂൾ പഠനത്തിനു പകരം വേദപഠനത്തിന്റേതായി വഴി.

കാലത്ത് അഞ്ച് മണിക്ക് എണീക്കണം. പല്ലു തേപ്പ്, കുളി തുടങ്ങിയവ. കൃത്യം ആറുമണിക്ക് വേദമന്ത്രങ്ങൾ കൊണ്ട് സൂര്യനമസ്കാരം. ഏഴു മണി വരെ. അതു കഴിഞ്ഞ് അരമണിക്കൂർ ഈശ്വരസേവ. ഏഴര മുതൽ എട്ടുവരെ പ്രഭാത ഭക്ഷണം. എട്ടുമുതൽ കാൽ മണിക്കൂർ പത്രം വായന. പിന്നെ എട്ടേകാൽ മുതൽ ഉച്ചക്ക് പന്ത്രണ്ട് വരെ വേദപഠനം. പന്ത്രണ്ടിന് ഊണ്. വീണ്ടും ഒന്നു മുതൽ മൂന്നു വരെ വേദപഠനം.

മൂന്നു മുതൽ അഞ്ചേകാൽ വരെ സ്കൂൾ വിഷയങ്ങളുടെ ട്യൂഷൻ. പിന്നെ ആറു മണി വരെ കളിക്കാം. വൈകീട്ട് ആറു മുതൽ ആറേമുക്കാൽ വരെയുള്ള സമയം കുളി , സന്ധ്യാവന്ദനം , ജപം , തുടങ്ങിയവയ്ക്കാണ്. ആറേമുക്കാൽ മുതൽ ഏഴേമുക്കാൽ വരെ വേദപഠനം. അതു കഴിഞ്ഞാൽ എട്ടു മണിക്ക് അത്താഴം.എട്ടര മുതൽ ഒമ്പതര വരെ സ്കൂൾ വിഷയങ്ങൾ പഠിക്കാം. ഒമ്പതരക്ക് കിടക്കുക.

ഏഴാം വയസ്സിൽ മഠത്തിൽ ചേരുന്ന ഉണ്ണിയുടെ ആദ്യഅഞ്ചു വർഷത്തെ ചിട്ടയാണ് മുകളിൽ പറഞ്ഞത്. പുറംലോകത്തെപ്പറ്റി അക്കാലത്ത് അധികം അറിയില്ല. വേദം മാത്രമാവും ലോകം.ഇപ്പോൾ മഠത്തിൽ ഋഗ്വേദവും യജുർവേദവുമാണ് പഠിപ്പിക്കുന്നത്. ഋഗ്വേദത്തിൽ ഏഴ് അദ്ധ്യാപകരും 22വിദ്യാർത്ഥികളും. യജുർവേദത്തിൽ ഒരദ്ധ്യാപകനും 13 വിദ്യാർത്ഥികളും.

സ്കൂൾ സിലബസും വയസ്സും വച്ച് നോക്കിയാൽ രണ്ടു വർഷം മുമ്പ് പത്താം ക്ളാസ് കഴിയേണ്ടതാണ്. ആ അർത്ഥത്തിൽ പറഞ്ഞാൽ രണ്ടു വർഷം നഷ്ടം. എന്നാൽ ഇത്തരമൊരു ഗുരുകുലത്തിൽ നിന്ന് വേദം പഠിക്കാനാവുന്നത് ഭാഗ്യമാണ്. അതാണ് നേട്ടം.

പുറമെയുള്ള സ്കൂളിൽ പോവാതെ വേദം മാത്രമായി അഞ്ചു കൊല്ലം. അതാണ് പ്രത്യേകത. പരീക്ഷ എഴുതാൻ വേണ്ടി മാത്രമേ സ്കൂളിൽ പോവാറുള്ളൂ. എട്ടാം ക്ളാസ് മുതലാണ് പുറമെയുള്ള സ്കൂളിൽ പോയിത്തുടങ്ങുക. അപ്പോൾ ചിട്ട വീണ്ടും മാറും. ഇവിടെ അടുത്തുള്ള ഹൈസ്കൂളിൽ തന്നെയാണ് പഠനം. ഇപ്പോൾ ഇവിടത്തെ 23 പേർ പുറത്ത് സ്കൂളിലും പോവുന്നവരാണ്.

**ഗുരുവും ശിഷ്യനും മുഖാമുഖം നോക്കിയിരുന്നാണ് ശിക്ഷണം.ശിഷ്യൻറെ തല പിടിച്ച് സ്വരമുറപ്പിക്കലാണ് പ്രാഥമിക ഘട്ടം. ഉദാത്താനുദാത്ത സ്വരിതങ്ങൾക്കനുസരിച്ച് മുകളിലേക്കും താഴേക്കും വശങ്ങളിലേക്കും തല പിടിച്ചു കുലുക്കി പദമായും അന്തമായും ചൊല്ലിക്കുന്നത് ശിഷ്യൻ കണക്കു പിടിച്ച് ആവർത്തിച്ച് ഹൃദിസ്ഥമാക്കുന്നു.**

എട്ടാം ക്ളാസ് മുതൽ സ്കൂളിൽ പോവുന്നതോടെ വേദ പഠനത്തിന് സമയം കുറയും .

ന്യൂഡൽഹിയിലെ ഇന്ദിരാഗാന്ധി നാഷണൽ സെന്റർ ഫോർ ആർട്ടിൽ നിന്ന് ഞങ്ങൾക്ക് ക്ഷണം കിട്ടി. ഭക്ഷണം, യാത്ര, താമസം തുടങ്ങിയവയെല്ലാം അവരുടെ ചെലവിൽ. അവിടെ പോയി വേദം ചൊല്ലാൻ. ഒരാഴ്ചയായിരുന്നു ആ പരിപാടി. ചങ്ങത, പദം, ക്രമം, ജട, രഥ തുടങ്ങിയവയാണ് അവിടെ സ്റ്റുഡിയോയിൽ വച്ച് ഷൂട്ട് ചെയ്തത്.ഇത്തരമൊരു പരിപാടിയിൽ പങ്കെടുക്കാനായത് വലിയ ഭാഗ്യമായി കരുതുന്നു. അതുപോലെ കടവല്ലൂർ അന്യോന്യത്തിലും പങ്കെടുത്തു.



## അല്പാഹാരം ജീർണ്ണ വസ്ത്രം
## വിദ്യാർത്ഥി ലക്ഷണം

**മ**ഠത്തിലെ കടു കട്ടി ദിനചര്യയിൽ മറ്റു കുട്ടികൾ അനുഭവിക്കുന്ന ഒട്ടു മിക്ക കാര്യങ്ങളും ത്യജിക്കേണ്ടി വരും.കോണകവും തോർത്തുമുണ്ടും ആണ് ഈ ഗുരുകുലത്തിലെ യൂണിഫോം.കഴിഞ്ഞ ഏഴു കൊല്ലത്തിനുള്ളിൽ ഏറ്റവുമധികം സമയം കഴിഞ്ഞു കൂടിയത് തോർത്തുടുത്തുകൊണ്ടാണ്. ഒരാൾ പൊക്കത്തിൽ ആറടിയിലേക്ക് വളർന്നിട്ടും തോർത്തിൽ നിന്ന് വലിയ മുണ്ടിലേക്ക് കടന്നിട്ടില്ല ഈ പത്താം ക്ളാസുകാരൻ. ഒരു നൂറ്റമ്പതോളം തോർത്ത് ഇക്കാലം കൊണ്ട് ഉപയോഗിച്ചിട്ടുണ്ടാവും.




**ഒ**രു വരി ഒരുപാദം. രണ്ടു വരി ഒരന്തം. നാലു വരി ഒരു ഋക്ക്. അങ്ങനെ10472 ഋക്കുകൾ അടങ്ങുന്നത് ഋഗ്വേദം. ഋഗ്വേദത്തിൽ ആകെ 2006 വർഗ്ഗം. ജപവും ഉരുവിടലുമായി ഓരോ സൂക്തവും ദിവസവും 110 ഉരു ചൊല്ലണം

അഞ്ചു സൂക്തങ്ങൾ പാദമായും അഞ്ചു സൂക്തങ്ങൾ അന്തമായും എന്ന മുറയ്ക്ക് മുമ്മൂന്ന് ഉരു വീതം ചൊല്ലിക്കുന്നതാണ് ഓതിക്കൽ.

ഓതിക്കൽ കഴിഞ്ഞാൽ ആറ് സൂക്തം പത്ത് ഉരു വീതം, നാല് സൂക്തം അഞ്ച് ഉരു വീതം, പത്ത് സൂക്തം ഓരോ ഉരുവും ജപമായും ചൊല്ലിക്കുന്നു. ഓതിക്കലും ജപവും വലിയ മാത്രയിലും അഞ്ച് തവണ ഉരുവിടുന്നത് ദ്രുതഗതിയിലും

സ്വരമുറച്ചാൽ പിന്നെ ഗുരുവിന്റെ കൈ ചലിക്കുന്നത് നോക്കി ചൊല്ലാറാവും.പിന്നെ പാദത്തിനനുസരിച്ചുള്ള വേദമുദ്രകളെക്കുറിച്ചും ധാരണയാവും.

ദ്വിതീയ മുതൽ അഷ്ടമി ഒഴിച്ച് പ്രദോഷം വരെയുള്ളവ സ്വാദ്ധ്യായ ദിവസങ്ങൾ. അനദ്ധ്യായ ദിവസങ്ങളിൽ അദ്ധ്യയനം പാടില്ല.

മൂന്നു പക്ഷം കൊണ്ട് രണ്ടദ്ധ്യായം പൂർത്തിയാവുന്ന വിധമാണ് പഠനം. സംഹിതാ പഠനത്തിനുശേഷം രണ്ടു വർഷം കൊണ്ട് പദം പഠിക്കുന്നു. അപ്പോഴേക്കും അക്ഷരസന്ധികൾ ഹൃദിസ്ഥമാവും. അങ്ങനെ വർഷങ്ങൾ നീണ്ട പഠനം. ജാതവേദൻ ഇപ്പോൾ ഏഴു വർഷം പിന്നിട്ടു.

പഴയ സമ്പ്രദായത്തിലുള്ള വേദ പരീക്ഷയാണ് അന്യോന്യം. ഇത്തവണ പത്താം ക്ളാസ് പരീക്ഷയും എഴുതാനിരിക്കുകയാണ്. പത്തു കഴിഞ്ഞാൽ ഇവിടെത്തന്നെ താമസിച്ച് പഠിക്കാനാണ് ആഗ്രഹം. വേദത്തിൽ ബിരുദത്തിനും ഗവേഷണത്തിനും എല്ലാം സാദ്ധ്യതയുണ്ട്. വേദത്തിൽ ഉന്നത പഠനം നേടിയാൽ ജോലിയെപ്പറ്റി ആശങ്കയേ വേണ്ട. വളരെ കുറച്ച് പേർക്ക് മാത്രം പഠിക്കാൻ കഴിയുന്ന ഗ്രന്ഥമാണ് വേദം. എനിക്ക് ഇത്രയും വലിയൊരു സൗഭാഗ്യം ലഭിച്ചത് അച്ഛനമ്മമാർ കാരണമാണ്. അവർ ഇവിടെ ചേർക്കാൻ തീരുമാനിച്ചതു കൊണ്ട് മാത്രമാണ് ഈ ഭാഗ്യം സിദ്ധിച്ചത്.

അവസാനം കണ്ട സിനിമയേത് ഏറ്റവുമൊടുവിൽ ഐസ് ക്രീം കഴിച്ചതെന്ന് എന്നൊക്കെ ചോദിച്ചാൽ ഓർത്തെടുക്കാൻ പ്രയാസം. ഏറ്റവുമൊടുവിൽ സന്ധ്യാവന്ധനം മുടങ്ങിപ്പോയതെന്ന് എന്നു ചോദിച്ചാലും അങ്ങനെത്തന്നെ. ആദ്യത്തേത് അത്യപൂർവം മാത്രം! രണ്ടാമത്തേതാകട്ടെ അപൂർവം പോലുമില്ല!!

താരതമ്യേന വെളിച്ചം കുറവുള്ള ഹാൾ. തോർത്തെന്ന യൂണിഫോം. കഴുകി കമിഴ്ത്തി വച്ച ഗ്ളാസുകളും പിഞ്ഞാണങ്ങളും . നിലത്ത് പായ വിരിച്ചുള്ള കിടപ്പ്. മഞ്ഞായാലും മഴയായാലും തണുപ്പത്ത് എണീറ്റുള്ള കുളി. നിറപ്പകിട്ടുള്ള കുട്ടിക്കാലത്ത് നിന്ന് ആദ്യമായി മഠത്തിലെത്തുന്നവർക്കും അവരുടെ ബന്ധുക്കൾക്കും ഒട്ടും ഹിതകരമാവില്ല മഠത്തിലെ കാഴ്ചകൾ.

വെള്ളി, ശനി ഞായർ ദിവസങ്ങളിൽ രാത്രി എട്ടര മുതൽ ഒമ്പതര വരെ എല്ലാവർക്കും ടി. വി. കാണാം. ഞായറാഴ്ച വൈകീട്ട് ഒരു മണിക്കൂർ യോഗയുമുണ്ട്. ശനിയാഴ്ച രണ്ടു മുതൽ നാലു വരെ ഹിന്ദി ഇംഗ്ളീഷ് ട്യൂഷൻ.ഞായർ രാത്രി രണ്ടു മണിക്കൂർ കണക്ക് ട്യൂഷനും.

*” ഇല്ലത്തെ ഒരാളെങ്കിലും ഓത്തു പഠിക്കണമെന്ന് അച്ഛൻ പറയുമായിരുന്നു. എനിക്ക് അതിന് സാഹചര്യമുണ്ടായില്ല. മകനെങ്കിലും പഠിക്കട്ടെയെന്ന് തീരുമാനിച്ചു.'*

**അച്ഛൻ സുബ്രഹ്മണ്യൻ നമ്പൂതിരി**

❒

( കാവുങ്ങൽ ഇല്ലത്ത് സുബ്രഹ്മണ്യൻ നമ്പൂതിരിയുടെയും ബീനയുടെയും മൂത്ത മകനാണ് . താഴെ രണ്ടു അനിയന്മാർ കൂടിയുണ്ട്.)





**ആയിരക്കണക്കിന് വിദ്യാർത്ഥികൾക്കിടയിൽ നടത്തിയ എഴുത്തു പരീക്ഷയും ഇന്റർവ്യൂവും കഴിഞ്ഞ് കലാമണ്ഡലത്തിൽ എട്ടാം ക്ളാസിൽ പ്രവേശനം നേടിയ <u>പി.എം.ശ്രീഭദ്ര</u> അതേപ്പറ്റി എഴുതുന്നു**

# ആ ഇന്റർവ്യൂ

## എന്നെ കലാമണ്ഡലത്തിലെത്തിച്ചു

ഏഴാം ക്ലാസ് കഴിഞ്ഞപ്പോൾ എന്റെ മേഖല സംഗീതമാണെന്ന് ഉറപ്പിച്ചിരുന്നു.അതിന് നല്ലത് കലാമണ്ഡലമാണെന്ന് അച്ഛനുമമ്മയും പറയുകയും ചെയ്തു. അമ്മ അതിനെക്കുറിച്ച് നെറ്റിൽ സെർച്ച് ചെയ്തു. പ്രവേശനം ലഭിക്കാൻ എൻട്രൻസും ഇൻറർവ്യൂവും ഉണ്ടെന്ന് മനസ്സിലായി. അച്ഛൻ ഒരുദിവസം കലാമണ്ഡലത്തിൽ പോയി. കലാമണ്ഡലത്തെക്കുറിച്ചുള്ള ഒരു പുസ്തകം കൊണ്ടു വന്നു. അത് വായിച്ചപ്പോൾ അവിടെ പഠിക്കാനുള്ള ആഗ്രഹം കൂടി.അമ്മ എൻട്രൻസിന് പഠിക്കാൻ പുറകെ നടന്നു പറയും,അച്ഛനാണെങ്കിലോ പാട്ട് പഠിക്കാനും.ഞാനാണെങ്കിൽ ആകെ ടെൻഷനിലായി.

അങ്ങനെ ഒരു വിധം എൻട്രൻസ് കഴിഞ്ഞു.

റിസൽട്ട് വരുന്ന ദിവസം. ഈശ്വരനെ മനസ്സിൽ പ്രാർത്ഥിച്ചു .എൻെറ കണ്ണുകൾ 3089 എന്ന നമ്പർ തേടി. അതായിരുന്നു എന്റെ നമ്പർ. ഈശ്വരാ ഇത്രയും പേരോ. വെറും എട്ടു സീറ്റേയുള്ളൂ. ആശ്വാസമായത് റിസൽട്ട് കണ്ടപ്പോഴാണ്. നാലാം സ്ഥാനത്തോടെ പാസായി.

പക്ഷേ ,സന്തോഷിക്കാറായില്ല.ഇനി ഇൻറർവ്യൂ കൂടി കഴിയണം.

വെബ് സൈറ്റിലെ എൻട്രൻസ് റിസൽട്ടിനു താഴെ ഓരോ വിഭാഗത്തിന്റെയും ഇൻറർവ്യൂ ഡേറ്റ് കൂടി കൊടുത്തിരുന്നു. മെയ് 17.അന്നാണ് ഇൻറർവ്യൂ.

'ഇൻറർവ്യൂവിന് പാടാനുള്ള കഴിവാണ് പ്രധാനമായും വേണ്ടത്'. അവിടെ അദ്ധ്യാപകനായ രജു അമ്മാമനാണ് അത് പറഞ്ഞത്.അച്ഛനും അമ്മയും കൂടിയുള്ള പാട്ടു പഠിപ്പിക്കലായി പിന്നെ..

ആദ്യമായാണ് ഇൻറർവ്യൂവിന് പോവുന്നത്. എങ്ങനെയായിരിക്കും?ഒരു നിശ്ചയവുമില്ല! പാട്ട് പാടാമെന്ന ആത്മവിശ്വാസമുണ്ട്.എന്നാലും ഒരു ഭയം .

അമ്മ തലേദിവസം ഗുരുവായൂർ പോയി. അവിടെയാണ് അമ്മാത്ത്.ഞാനും അച്ഛനും ഇല്ലത്ത് നിന്ന് രാവിലെ 6:30ന് പുറപ്പെട്ടു. ഇറങ്ങുന്നതിനുമുൻപ് ഇല്ലത്തെ വേട്ടേക്കരനെ തൊഴുതു. ഗുരുവായൂരപ്പനെ പ്രാർത്ഥിച്ചു.മുത്തശ്ശീടെ കാൽ തൊട്ടു വന്ദിച്ചു. മുത്തശ്ശി പറഞ്ഞു .ഒക്കെ നേരേആവും ട്ടോ.



ഒരു ലളിത ഗാനവും, ശ്രീ രാഗത്തിൽ ഉള്ള ശ്രീ വരലക്ഷ്മി എന്ന കീർത്തനവും .രണ്ടും പഠിച്ചിരുന്നു. ട്രെയിനിലിരിക്കുമ്പോൾ പലതവണ ആരും കേൾക്കാതെ മൂളിക്കൊണ്ടിരുന്നു.അമ്മ ഇടയ്ക്കിടെക്ക് അച്ഛന് ഫോൺ ചെയ്തു എവിടെത്തീ എന്ന് ചോദിക്കുന്നുണ്ട്. പേടിക്കാതെ പാടണം.ആദ്യം ശ്രുതി നല്ലോണം കേട്ടിട്ടേ തൊടങ്ങാവൂ.താളം ശ്രദ്ധിക്കണം.അച്ഛന്റെ ഉപദേശങ്ങൾ.

ഞങ്ങൾ കലാമണ്ഡലം ഗേറ്റിനു മുൻപിൽ ബസിറങ്ങി. അമ്മ അവിടെ കാത്തു നിന്നിരുന്നു.

ഓഫീസിൽ അന്വേഷിച്ചു. അവർ ഒരു ക്ലാസ് മുറിയിലേക്ക് കൊണ്ടു പോയി.അച്ഛനും അമ്മയും ക്ലാസിനു പുറത്തു നിന്നു .ധാരാളം കുട്ടികളുണ്ട്.അവരുടെ കൂടെ വന്നവരും. ആകെ തിരക്ക്.കർണാടക സംഗീതത്തിനു മാത്രം 80ഓളം കുട്ടികൾ ഉണ്ടായിരുന്നു. കേരളത്തിൻെറ പലഭാഗത്തനിന്നും വരുന്നവർ.അതിൽ നിന്നാണ് 8 പേരെയാണ് തെരഞ്ഞെടുക്കുക.ഒരു ഫോം തന്നു.അത് പൂരിപ്പിച്ച് കൊടുത്തു. കർണ്ണാടക സംഗീതത്തിനുള്ളവരെ ഒന്നിച്ചിരുത്തി.മുകളിലാണ് ഇൻറർവ്യൂ..

11മണിക്ക് ഇൻറർവ്യൂ തുടങ്ങി. ടെൻഷൻ കൊണ്ട് കൈയൊക്കെ തണുക്കാൻ തുടങ്ങി.ഫോം കൊടുത്ത ക്രമത്തിൽ ഓരോരുത്തരെ വിളിക്കാൻ തുടങ്ങി. നാലു പേരെ വിളിച്ചു . അവർ മുകളിലേക്ക് പോയി.അഞ്ചാമതായി വിളിച്ചു .ശ്രീഭദ്ര പി.എം! ആദ്യമായി പേടി തോന്നി. കലോത്സവങ്ങൾക്കു ലഭിച്ച സർട്ടിഫിക്കറ്റുകൾ മാർക്ക് ലിസ്റ്റ് ഇതൊക്കെ ഉള്ള ഫയൽ കൈയിൽ പിടിച്ച് മുകളിലേക്കുള്ള പടി കയറി .പേടികൊണ്ട് ടക് ടക്...എന്ന് മിടിക്കുന്നുണ്ടായിരുന്നു.മുകളിൽ ചെന്നു ഇൻറർവ്യൂ മുറിക്കുപുറത്ത് കാത്തു നിന്നു .മുൻപത്തെയാൾ അകത്തുണ്ട്.അതിലെ പോയ ഒരാൾ എന്നോടു ചോദിച്ചു.നല്ല ടെൻഷനുണ്ട് ല്ലേ.പേടിക്കേണ്ട മോൾക്ക് ഇവിടെ കിട്ടും ഓൾ ദ ബസ്റ്റ്.

ഞാൻ ചിരിച്ചു.താഴേക്ക് നോക്കിയപ്പോൾ അമ്മയും അച്ഛനും മറ്റാരോടോ സംസാരിച്ചു നിൽക്കുന്നു.അമ്മ എന്നെ നോക്കി ചിരിച്ചു . എന്നെ വിളിച്ചു ഞാൻ മുറിയിലേക്ക് ചെന്നു.വല്ലാത്ത നിശ്ശബ്ദത. മൂന്ന് പേർ ഇരിക്കുന്നു.എച്ച് ഒ ഡി രാജീവ് സർ,പ്രസിദ്ധ സംഗീതജ്ഞൻ മണ്ണൂർ രാജകുമാരനുണ്ണി സർ , മൂന്നാമത്തെ ആളുടെ പേരറിയില്ല.

കേറിയപ്പോൾ ടെൻഷൻ കൊണ്ട് ചെരുപ്പഴിച്ചുവെക്കാൻ മറന്നു പോയി.പെട്ടെന്ന് തന്നെ തിരിഞ്ഞോടി ചെരുപ്പ് പുറത്തു വെച്ച് വന്നു.

രാജീവ് സർ ഇരിക്കാൻ പറഞ്ഞു.. ഞാൻ നിലത്ത് വിരിച്ച പായയിൽ ഇരുന്നു. ഗീതം പഠിച്ചിട്ടുണ്ടോ? രാജകുമാരനുണ്ണി സർ ചോദിച്ചു. ഉണ്ട്.ഞാൻ പറഞ്ഞു. ഞാൻ ഗീതം പഠിച്ചിരുന്നു പക്ഷെ പ്രാക്ടീസ് ചെയ്തിരുന്നില്ല.എന്നാലും അറിയാം.മലഹരി ഗീതം പാടി.ഒരു കീർത്തനം കൂടി പാടിച്ചു.......

കഴിഞ്ഞപ്പോൾ രാജകുമാരനുണ്ണി സർ ചോദിച്ചു

ഇവിടെ രാവിലെ 4മണിക്ക് എഴുന്നേൽക്കണം പറ്റോ?

എത്ര മണിക്കായാലും എണീക്കാം. ഞാൻ പറഞ്ഞു

അവർ ചിരിച്ചു

ശരി പൊയ്ക്കോളൂ. രാജീവ് സർ പറഞ്ഞു.

മുറിയിൽ നിന്നും പുറത്ത് കടന്നു .തെറ്റാതെ പാടാൻ കഴിഞ്ഞല്ലോ എന്ന സന്തോഷം തോന്നി. എന്നാലും കിട്ടുമോ എന്നൊരു ഭയവും.അച്ഛനും അമ്മയും ആകാംക്ഷയോടെ നോക്കി. നന്നായി പാടിയോ അമ്മ ചോദിച്ചു .ഞാൻ തലയാട്ടി. ഇനി ഒക്കെ ഗുരുവായൂരപ്പൻ നോക്കട്ടെ. അമ്മ പറഞ്ഞു.ഞങ്ങൾ തിരിച്ചു പോന്നു.പിന്നെ കുറച്ചു ദിവസം ഇതു മാത്രമായിരുന്നു ചിന്ത. അഡ്മിഷൻ കിട്ടോ... ഇല്ലെങ്കിൽ സേവാമന്ദിരം സ്കൂളിൽ ചേരാം.എന്നിട്ട് പ്ലസ്ടു വിന് വീണ്ടും ശ്രമിക്കാം. 22 നു ശേഷം റിസൽട്ട് വരുമെന്നാണ് പറഞ്ഞിരുന്നത്.എല്ലാ ദിവസവും ഇടക്കിടക്ക് അമ്മ കലാമണ്ഡലം വെബ്സൈറ്റ് നോക്കും .ഒരു ദിവസം നോക്കിയപ്പോൾ അതാ റിസൽട്ട് .എൻെറ റജിസ്റ്റർ നമ്പറും അതിലുണ്ട്.സന്തോഷവും ആശ്വാസവും ഒരുമിച്ചു തോന്നി.എന്നേക്കാൾ സന്തോഷം അച്ഛനും അമ്മക്കും ആണെന്നറിഞ്ഞപ്പോൾ വല്ലാത്തൊരഭിമാനം കൂടിത്തോന്നി. ❐

*(ഫറോക്ക് ഉപസഭയിലെ പുളിയപ്പിലാശ്ശേരി ഇല്ലത്ത് ഗോവിന്ദൻ നമ്പൂതിരിയുടെയും ഗുരുവായൂർ മേച്ചേരി ഇല്ലത്ത് ദേവിയുടെയും പുത്രിയാണ്*

***ഫോൺ:9946685461/ 9846479428)***



# ജീവിതത്തിൻ താളപ്പകിട്ടിൽ

**തീർത്ഥാരാജ് പി.കെ.**

ജീവിതത്തിൻ താളപ്പകിട്ടിൽ
മതിമറന്നാസ്വദിച്ചൊരാത്മാവ്
ഞാൻ
ജീവിത്തിൻ വീഥിയിലൂടെ
നടന്നുനീങ്ങും വേളയിൽ
തെന്നിവീണു ലഹരിയിൽ മുങ്ങി
മദ്യത്തിൻ രുചിയറിഞ്ഞു ഞാൻ
കരകയറാൻ കഴിയാതെ
ഭാര്യയെ പിച്ചിച്ചീന്തിയവൻ ഞാൻ
ജീവിതരേഖ തീർന്നതറിയാതെ
നീന്തി നീന്തി കൈകൾ കഴച്ചു
എത്തിപ്പെട്ടതോ മരണചക്രത്തിൻ മുമ്പിൽ
എന്തെന്നോ, ഏതെന്നോ അറിയാതെ
ചവിട്ടി കയറാൻ ശ്രമിച്ചെങ്കിലും
നിലകിട്ടാതെ മുങ്ങിത്താണു ഞാൻ
ജീവിതമധുരം നുണയാൻ കഴിയാതെ
കാലൻ പിടിച്ച ജീവിതമായെന്റെ
മദ്യമൊരു കാലനായ് മാറ്റിയെടുക്കും
നമ്മെ (2)
ഉണങ്ങാ മുറിവായ് മനസ്സിലെന്നും...
വേദനയെന്തെന്നറിയുന്നിപ്പോൾ
മരണമെന്തെന്നറിയുന്നിപ്പോൾ
മനസ്സിനെ കുത്തിനോവിപ്പിക്കും
ഈ ജീവിതത്തിലൂടെ നടന്നിടുമ്പോൾ
❐

*(മുക്കം ഉപസഭയിലെ പാതിരാമറ്റം ഇല്ലത്ത് കേശവൻ നമ്പൂതിരിയുടെയും ജലജകുമാരിയുടെയും പുത്രിയാണ്)*



# ടോട്ടോച്ചാൻെറ സ്കൂൾ

**ആര്യ എൻ.**

എൻെറ പേര് ആര്യ.രണ്ടാം ക്ളാസി ലാണ് പഠിക്കണത്. എനിക്ക് ഏറ്റ വും ഇഷ്ടംള്ള പുസ്തകം ഏതാ ന്നറിയോ? ടോട്ടോച്ചാൻ. എന്തുകൊണ്ടാ ടോട്ടോച്ചാൻ ഇഷ്ടം ന്നറിയോ ? ടോട്ടോ ച്ചാൻെറ തമാശകളൊക്കെ കേക്കാൻ ഇ യ്ക്ക് ഭയങ്കരിഷ്ടാ. ടോട്ടോച്ചാൻെറ അതേ പോലെള്ള സ്കൂൾ ള്ല് പഠിക്കണം ന്ന് ഇനിയ്ക്ക് ഭയങ്കരാഗ്രഹണ്ട്.

പക്ഷേ, അമ്മേടട്ത്ത് ഞാനെത്ര പറഞ്ഞി ട്ടും അമ്മ പറയാണ് അതൊക്കെ വേറെ സ്ഥലത്താണ്. ഇവിട്യൊന്നും അങ്ങ നത്തെ സ്കൂളില്യ, അതുകൊണ്ട് നിന ക്ക് അങ്ങനത്തെ സ്കൂളിൽ പഠിക്കാൻ പറ്റില്യാന്ന്. ഞാൻ ഓകെന്ന് പറഞ്ഞു.

എനിയ്ക്ക് ടോട്ടോച്ചാൻെറ സ്കൂള് ഇഷ്ടാ യേൻെറ കാരണം ന്താന്നറിയോ? ടോ ട്ടോച്ചാൻെറ സ്കൂള് ഭയങ്കര രസാണ്. നമ്മളൊരു ട്രെയിനില് ഇരിയ്ക്കണ പോ ലെ. ട്രെയിന്റെ കമ്പാട്ടോമെൻറ് ആയി ട്ടാണ് ഓരോ ക്ളാസും. നമ്മളാ ക്ളാസ് മുറീല് ഇരിക്കമ്പം ട്രെയിനില് ഇരിക്കണ പോലെ നല്ല രസായിട്ടാണ് തോന്നഅ. പിന്നെ അവിടെ നീന്തൽക്കൊളംണ്ട്. നീന്തിക്കുളിക്കാം. നമ്മളെ ഡ്രസ്സൊക്കെ അഴിച്ചിട്ട് നീന്താം. പിന്നെ, എനിക്ക് ഇപ്പ ഴും ഡ്രസ്സൊക്കെ അഴിച്ചിട്ട് ഷഡ്ഡി മാത്രട്ട് നടക്കാനൊക്ക്യാണ് ഇഷ്ടം.

അവടെ എങ്ങനത്തെ ഡ്രസ്സാണ്ന്നറിയോ? എൻറെ സ്കൂളൊക്കെ ള്ള പോലത്തെ ഷർട്ട്, അതിൻറെ മേല് വീണ്ടും ഒരു ഡ്രസ്സ്, ടൈ. ബെൽറ്റ്, സോക്സ്, ഷൂസ് റിബ്ബൺ, അങ്ങനെ കൊറേ സാധനങ്ങള്. ഇതെല്ലാം കൂടി എനിക്ക് താങ്ങാൻ പറ്റില്യ. പക്ഷേ, ആ സ്കൂളാണെങ്കിൽ ഫ്രീയായിട്ട് പഴയ ഡേർട്ടായിട്ട്ള്ള വല്ല ഡ്രെസ്സും ട്ട് വന്നാ മതി. ഒരു കൊഴപ്പംല്യ. പിന്നെ അവടെ ചെളീലും മണ്ണിലും ഒക്കെ കളിക്കാമ്പറ്റും. പിന്നെ അവ്ടത്തെ സബ്ജക്കൊക്കെ നമ്മക്ക് ഇഷ്ടള്ള സബ്ജക്ടാവാം. നമ്മക്ക് ഈ മാത്സാണ് ഇഷ്ടം ച്ചാൽ മാത്സ് പ ഠിക്ക്യാം. ഇന്ന സബ്ജക്ട്ന്നൊന്നും ല്യ. പിന്നെ അവ്ടെ എല്ലാ ക്ളാസസ്സും കൂടി ഒരു മുറീലാണ്. ഒരു മുറീല് ഒരു ഡൈ നിംഗ് ടേബിള്ണ്ട്. ആ ഡൈനിംഗ് ടേബി ളിലാണ് എല്ലാ ക്ളാസിലെ കുട്ട്യോളും വന്ന് ഭക്ഷണം കഴിക്കണത്. മാഷ് പറയും എല്ലാരും നല്ല ഭക്ഷണം കൊണ്ടോരണം ന്ന്. ആരെങ്കിലും ചീത്ത ഭക്ഷണം കൊ ണ്ടു വന്ന് കഴിഞ്ഞാൽ മാഷ് മാഷിന്റെ വീട്ടില് ഇണ്ടാക്ക്യേ ഭക്ഷണം മാഷിന്റെ ഭാര്യങ്ങനെ വെളമ്പിക്കൊട്ക്കും. അത് തിന്നോളാൻ പറയും. എനിയ്ക്ക് അമ്മ, ടോട്ടോച്ചാന്റെ പുസ്തകം ല്യേ, ഒന്നാം ക്ളാസിൽ പഠിക്ക്മ്പാണ് വായിച്ച് തന്നത്. എനിക്ക് ഭയങ്കര ഇഷ്ടായിരുന്നു ടോട്ടോ ച്ചാൻ. എനിക്ക് രാവിലെ ണീക്കാൻ ഭയങ്കര മട്യായിർന്നു.അപ്പം അമ്മ എനിക്ക് ഒരു ട്രിക്കിന് വേണ്ട്യാണ് , എന്നെ ഒന്ന് എണീ പ്പിച്ച് മൊഖം കഴികിപ്പിച്ച് എല്ലാം ചെയ്ത് കഴിഞ്ഞിട്ട് ടോട്ടോച്ചാന്റെ കഥ വായിച്ച് തരാം ന്ന് പറഞ്ഞാൽ മതി. അപ്പഴേക്ക് ഞാൻ ചാടി എണീക്കും ഉത്സാഹത്തോടെ മറിഞ്ഞ് എണീക്കും.അങ്ങന്യാണ് എനിക്ക് ടോട്ടോച്ചാനെ ഭയങ്കര ഇഷ്ടായത്. ❐

(ഫറോക്ക് ഉപസഭയിലെ നാറാണിയാട് ശ്രീ ജിത്തിൻെറയും ശ്രീഭയുടെയും പുത്രിയായ ആ ര്യ തിരുവനന്ത പുരം കവടിയാർ നിർമ്മലഭവ നിലെ രണ്ടാം ക്ളാസ് വിദ്യാർ ത്ഥിനിയാണ്. 9447276760 )









# അതിൽപ്പിന്നെ അമ്മയുടെ കൈ വിടാറില്ല

**ആര്യകൃഷ്ണ.പി**




രണ്ട് വർഷം മുമ്പാണ്. ഞാനും അമ്മയും അച്ഛനും അപ്പേട്ടനും ശ്രീപ്രിയമ്മായിയും മനോജമ്മാവനും മുത്തശ്ശനും മുത്തശ്ശിയും കുട്ടേട്ടനും അമ്മിണിയും ബാപ്പുജിയും എല്ലാരും കൂടി കാറിൽ ഊട്ടിക്ക് പോയി. നല്ല രസായിരുന്നു. വഴിയിൽ കാരറ്റുകൾ മറ്റും വാങ്ങി തിന്ന്.അങ്ങനെ ഞങ്ങൾ ഊട്ടിയിലെത്തി. ഇവിടെത്തെ പോലെ ചൂടൊന്നും ഇല്ല. നല്ല തണുപ്പാ. ഞങ്ങൾ ചായ കുടിക്കാൻ കയറിയ ഹോട്ടലിലെ ടാപ്പ് തുറന്നപ്പോൾ വന്ന വെള്ളത്തിന്റെ തണുപ്പ് :...അമ്മേ,, വല്ലാത്ത തണുപ്പ്. ഐസ് വാട്ടർ പോലെ. ഗാർഡനിൽ എത്രമാത്രം റോസ് പൂക്കളാണെന്നോ..... അമ്മിണിയും ഞാനും പുല്ലിൽ കളിച്ചങ്ങനെ നടന്നു.അവിടെ നല്ല ഭംഗിയുള്ള ആനയും പീരങ്കിയും പാമ്പ് പാർക്കും ഒക്കെയുണ്ട് . കണ്ണാടിക്കൂട്പോലെള്ള വീടും ഉണ്ട്. കൈതച്ചക്ക സുർക്കേലിട്ടതും കേരറ്റും കഴിച്ച് അപ്പേട്ടന്റെയും കുട്ടേട്ടന്റെയും ഒപ്പം നടന്നു.

കുറച്ചു കഴിഞ്ഞപ്പോൾ ഞങ്ങൾ തടാകത്തിലെ ബോട്ടിൽ ചുറ്റിയടിച്ചു. ഞങ്ങൾക്കൊക്കെ ഇടാനായി യൂണിഫോം പോലെയുള്ള ഓറഞ്ച് നിറമുള്ള നീന്തൽ ജാക്കറ്റുകൾ തന്നു. തടാകത്തിലെ യാത്ര നല്ല രസം. അങ്ങനെ തിരിച്ച് പോകാനായപ്പോൾ അച്ഛൻ കുറെ കളിപ്പാട്ടങ്ങൾ വാങ്ങിത്തന്നു. നല്ല സൂപ്പർ കളിപ്പാട്ടങ്ങൾ. അതും കൈയ്യിൽ പിടിച്ച് കാറിന്റെ അടുത്തേക്ക് നടന്നു. അപ്പോൾ എന്റെ കയ്യിൽ നിന്ന് ഒരു കളിപ്പാട്ടം നിലത്ത് വീണു.അത് എടുക്കാനായി നിന്നപ്പോഴേക്കും എല്ലാരും കാറിൽ കയറി. കുട്ടികളെല്ലാവരും ബാക്കിൽ കയറി.അച്ഛൻ വിചാരിച്ചു ഞാൻ അമ്മയുടെ കൂടെ ഉണ്ടാവുംന്ന്. അമ്മ, വിചാരിച്ചു അച്ഛന്റെ കൂടെ ഉണ്ടാവുംന്നും .പക്ഷേ ഞാൻ പുറത്തായിരുന്നു. കളിപ്പാട്ടമെടുത്ത് അവിടെ എത്തിയപ്പോഴേക്കും എന്നെ കയറ്റാതെ വണ്ടി സ്റ്റാർട്ടാക്കി. ഞാൻ പേടിച്ചു കരഞ്ഞു.രണ്ട് വാതിലിലും മുട്ടി. പക്ഷെ ആരുംഎന്നെ കണ്ടില്ല. എന്റെ കരച്ചിൽ കേട്ടതുമില്ല. എനിക്ക് പേടിയായി.ഉറക്കെ കരഞ്ഞു. പിന്നെയും ഞാൻ ഉറക്കെ വാതിലിൽ മുട്ടിയപ്പോൾ ശ്രീപ്രിയമ്മായി എന്നെ കണ്ടു .വേഗം വാതിൽ തുറന്നു. ഞാൻ കാറിൽ കയറിയപ്പോൾ അമ്മ എന്നെ കെട്ടിപ്പിടിച്ച് കരഞ്ഞു ഞാനും.കുറെ കരഞ്ഞു.അന്ന് ഒന്നിൽ പഠിക്കുമ്പോൾ ഉണ്ടായ ആ കാര്യം ഓർമയിൽ വരുമ്പോൾ ഇപ്പോഴും എനിക്ക് കരച്ചിൽ വരും''

അതിന് ശേഷം ഞങ്ങൾ ന്യൂഡെൽഹി, ആഗ്ര, മൂകാംബിക ,മൈസൂർ, തിരുവനന്തപുരം ,തുഷാരഗിരി മലമ്പുഴ ,ഇങ്ങനെ കുറേ സ്ഥലത്തേക്കൊക്കെ ടൂർ പോയിട്ടുണ്ട്. അപ്പോഴൊക്കെ അമ്മയുടെ കൈ പിടിവിടാതെ സൂക്ഷിച്ചിട്ടുണ്ട്. സ്കൂൾ പൂട്ടിയാൽ ഇനിയും ഊട്ടിയിലേക്ക് പോവണം.. ❐

(കിഴിശ്ശേരി ജി.എൽ.പി സ്കൂളിലെ മൂന്നാം ക്ളാസ് വിദ്യാർത്ഥിയായ ആര്യകൃഷ്ണ പഴങ്ങോട്ടുപൊറ്റ ഇല്ലത്തെ ജയൻ ഉമ ദമ്പതികളുടെ പുത്രിയാണ് )

# എങ്ങോട്ടാണ് ഈ യാത്ര



**പി. സാവിത്രി**


ഹേ, മനുഷ്യപുത്രാ ഒന്നു നിൽക്കൂ,
ജീവിതയാത്രയിൽ നിന്ന്
ചൊല്ലുക നീ എന്തു പഠിച്ചു?
വിദ്യാലയ ചുറ്റുമതിലിനുള്ളിൽ
തുടങ്ങിയ നിൻ കളിചിരികൾ
ഇന്നെങ്ങുപോയി മറഞ്ഞു?
അമ്മതൻ ഉണ്ണിയായി വളർന്ന നീ
അമ്മയെന്ന വാക്കിനെയും
ഒടുവിൽ ഭേദിച്ചിടുന്നു.
ഒന്നിൽ നിന്നു തുടങ്ങി
ഒടുവിൽ ഒന്നുമല്ലാതാകുന്ന
ആയിരം അഭയാർത്ഥികളുടെ
വേദനാപൂർണ്ണമായ നിലവിളികൾ
എന്റെ ചെവിയിൽ ആഴ്ന്നിറങ്ങുന്നു.
കാമ്പസിലൂടെ നടന്നു നീങ്ങുന്ന അവനെ
കഠാര കൊണ്ട് കുത്തിക്കീറുമ്പോൾ,
അവന്റെ ചുടുരക്തത്തിൻ ഗന്ധം
എന്നിലുംപൈശാചികത തീർക്കുമ്പോൾ,
ഹേ, മനുഷ്യപുത്രാ എന്തു നേടി നീ?
കുഞ്ഞിത്തലോടലുകൾ കൊണ്ട്
നിന്നെ നീയാക്കിയ അമ്മയ്ക്കു നേരെ,
നിന്റെ കൈകളിലൂടെ ഒലിച്ചിറങ്ങി
പുഞ്ചിരിക്കുന്ന സഹോദരിക്കു നേരെ,
തോളത്ത് കൈയിട്ടു നടന്ന് നിന്നെ
തളരാതെ നോക്കിയ തോഴനു നേരെ,
കനിവു ചുരത്തി നിന്നെ ഊട്ടിയ
അമ്മയായ പ്രകൃതിക്കു നേരെ...
നിർത്തൂ നിന്റെ മതിഭ്രമങ്ങൾ!
ഭാവിയെക്കുറിച്ച് ഓർക്കുമ്പോൾ
വല്ലാത്ത ഭീതിയാണെനിക്ക്.
നിശ്ശബ്ദമായി നീങ്ങുന്ന ഒരു കഥയ്ക്കിടയിൽ
പെട്ടെന്ന് കേൾക്കുന്ന ഗർജ്ജനം പോലെ.
ക്രോധാഗ്നിയല്ലേ, ചുറ്റിലും?
അധികനാളില്ല നിൻ ആധിപത്യം.
മഴയത്ത് നിൻ പ്രതാപം ഒലിച്ചിറങ്ങും.
പ്രകൃതിനിയമത്തിനു മുന്നിൽ
ഒടുവിൽ നീയും കീഴടങ്ങും. ❐

*(അരീക്കോട് ഉപസഭാ ട്രഷറർ പാനാട്ട് കൃഷ്ണൻ നമ്പൂതിരിയുടെ പുത്രിയും ചീക്കോട് ഹൈസ്കൂളിലെ പത്താം ക്ളാസ് വിദ്യാർത്ഥിനിയുമാണ്. ഫോൺ 9048486430 )*



**അച്ഛൻ പത്മം ഇട്ട് പൂജ ചെയ്യുമ്പോൾ തൊഴുതു നിൽക്കുക മാത്രമല്ല ഈ കുട്ടി ചെയ്യുന്നത്. അതിലെ കെമിസ്ട്രി പഠിക്കുക കൂടി ചെയ്യുന്നു.**

# അച്ഛൻ പത്മം ഇടുന്നതിലും കെമിസ്ട്രി



**നീരജ എം. ആർ**

അച്ഛൻ പത്മമിടുന്നത് ഞാൻ നോക്കി നിന്നിട്ടുണ്ട്. മഞ്ഞ നിറമുള്ള മഞ്ഞളും വെളുത്ത നിറമുള്ള ചുണ്ണാമ്പും ചേർത്ത് കടും ചുവപ്പ് പൊടിയുണ്ടാക്കിയാണ് പത്മത്തിന് ഉപയോഗിക്കുന്നത്. അത് ഒരു രാസപ്രക്രിയ ആണെന്ന് അച്ഛൻ പറയാറുണ്ട്. അതുപോലെത്തന്നെ, രാവിലെ വെളുത്തിരിക്കുന്ന പൂവ് ഉച്ചയാവുമ്പോഴേക്ക് ചുവന്ന പൂവാകുന്നു. അത് എന്ത് രാസപ്രക്രിയയാണ്? മോരും മുതിരയും ഒന്നിച്ച് കൂട്ടി ഊണു കഴിക്കാൻ പാടില്ലാത്രെ. രസതന്ത്രത്തിന്റെ ഓരോ കുറുമ്പേ. ഈ രസതന്ത്രത്തെ എനിക്കൊന്ന് പൊളിച്ചടുക്കണം. രസതന്ത്രം ശാസ്ത്രപ്രവർത്തനങ്ങളുടെ ലോകമാണ്. എനിക്ക് രസതന്ത്രത്തിലെ അദ്ധ്യാപിക യാവണം. അതാണ് ആഗ്രഹം.

എന്തുകൊണ്ട് കെമിസ്ട്രിയുടെ ടീച്ചറാവണം എന്ന ചോദ്യത്തിന് ഒറ്റവാക്കിൽ ഉത്തരം പറയാനാവില്ല. എന്റെ മനസ്സിൽ നൂറു നൂറു ചോദ്യങ്ങളുണ്ട്. സമുദ്രത്തിലെ ജലം ആവിയായി പിന്നെ തണുപ്പിച്ചാണത്രെ മഴ പെയ്യുന്നത്. അപ്പോൾ ഇടിയും മിന്നലും എങ്ങനെ? മേഘങ്ങൾ തമ്മിൽ കൂട്ടിമുട്ടിയാണത്രെ മിന്നലുണ്ടാവുന്നത്. പഞ്ഞി പോലുള്ള മേഘങ്ങൾ കൂട്ടിമുട്ടിയാൽ ശബ്ദമുണ്ടാവുമോ? തീയും ഉണ്ടാവുമത്രെ! അതാണ് മിന്നൽ!! കേൾക്കാൻ നല്ല രസംണ്ട്.

ഇരുമ്പിന്റെ കരുത്ത് എന്നൊക്കെ പറയാറുണ്ട്. എന്നാൽ കരുത്തുള്ള ഇരുമ്പ് തുരുമ്പ് പിടിക്കുന്നത് സങ്കടത്തോടെ നോക്കി നിന്നിട്ടുണ്ട്. പക്ഷേ, സ്വർണ്ണം തുരുമ്പ് പിടിക്കില്ലത്രെ. ഇരുമ്പിനറിയാത്ത എന്തു സൂത്രമാണാവോ സ്വർണ്ണത്തിനറിയുന്നത്? അതുകൊണ്ട് സ്വർണ്ണത്തിന് കുറച്ച് അഹങ്കാരം കൂടുതലാ. അതൊന്നറിഞ്ഞ് പാവം ഇരുമ്പിന് പറഞ്ഞു കൊടുക്കണം. ഞാനൊരഹങ്കാരിയൊന്നുമല്ല കേട്ടോ. കെമിസ്ട്രിയെ ഇഷ്ടപ്പെടുന്ന ഒരു പാവം കുട്ടി. ഇതെല്ലാം ഞാൻ പഠിപ്പിക്കുന്ന കുട്ടികൾക്കും പറഞ്ഞു കൊടുക്കണം. പിന്നെ ലോകത്തിനും.അതുകൊണ്ടാണ് കെമിസ്ട്രി ടീച്ചറാവാൻ തോന്നുന്നത്. ഈ ആഗ്രഹം നേടിയെടുക്കാൻ കഠിനാദ്ധ്വാനം ചെയ്യാനും തയ്യാറാണ്. ❐

*(തൃശൂർ അന്നമനടയിലെ മംഗലപ്പിള്ളി രവി നമ്പൂതിരിയുടെ പുത്രിയാണ്. മൊബൈൽ 9074266766)*

**ക്ളാസിൽ പഠിക്കാനുള്ള പുസ്തകം ഇല്ലത്തെ അലമാറയിലുണ്ടെങ്കിലും പല കുട്ടികളും അതൊന്നും മറിച്ചു നോക്കാറില്ല. എന്നാൽ ഈ ഒമ്പതു വയസ്സുകാരി അങ്ങനെയല്ല, വായിക്കൂ ഈ അനുഭവം.**

# എനിക്ക് ഇഷ്ടപ്പെട്ട ഒരു മാല



**നന്ദ .ആർ**

എനിക്ക് ഇഷ്ടപ്പെട്ട ഒരു മാലയെക്കുറിച്ചാണ് എഴുതുന്നത്. കഴുത്തിലിടുന്ന മാലയല്ല അത്. വായിക്കുന്ന പുസ്തകമാണ്. ഐതിഹ്യമാലയെന്നാണ് അതിന്റെ പേര്. ഏതാണ്ട് നാലു വയസ്സു മുതൽ ചെറിയ ചെറിയ പുസ്തകങ്ങൾ വായിച്ചു തുടങ്ങി. അഞ്ചാം ക്ളാസിൽ പഠിക്കുമ്പോൾ ഐതിഹ്യമാലയിലെ ഒരു കഥ പഠിക്കാനുണ്ടായിരുന്നു. അത് എനിക്ക് ഇഷ്ടായി. ഇല്ലത്തെ മുത്തശ്ശന്റെ അലമാറയിൽ ഐതിഹ്യമാലയുണ്ടായിരുന്നു. അതിലെ ചില കഥകൾ വായിച്ചപ്പോൾ ഇനിയും വായിക്കാൻ തോന്നി. അതിൽ അമ്മാത്തെപ്പറ്റിയും ( മംഗലപ്പിള്ളി) ഉണ്ടായിരുന്നു. അതിലെ കഥകൾ വായിച്ച് വായിച്ച് ഐതിഹ്യമാല വല്ലാണ്ട് ഇഷ്ടായി.

കൊട്ടാരത്തിൽ ശങ്കുണ്ണി ആണ് അതെഴുതീത്. വായനക്കാരെ മറ്റൊരു ലോകത്തേക്ക് കൊണ്ടു പോവാൻ കഴിവുണ്ട് ആ പുസ്തകത്തിന്. കായംകുളം കൊച്ചുണ്ണിയെ കേൾക്കാത്തവർ കുറയും. അതുപോലുള്ള മിക്ക ഐതിഹ്യകഥകളും അതിലുണ്ട്. പറയുന്നതെല്ലാം താൻ അങ്ങേയറ്റം വിശ്വസിക്കുന്നതാണ്. തന്റെ ഉള്ളിൽ തട്ടിയിട്ടുള്ളതാണ്. നിങ്ങളും അങ്ങനെത്തന്നെ വിശ്വസിക്കണം എന്ന മട്ടിലാണ് ഓരോ കഥയും എഴുതീട്ടുള്ളത്. പ്രാചീന കാലം മുതൽ കേരളത്തിൽ നിലവിലിരിക്കുന്ന അനേകം ഐതിഹ്യങ്ങൾ തേടിപ്പിടിച്ച് എഴുതിയതാണ് ഐതിഹ്യമാല.

കോഴിക്കോട് ചൂലൂരിലെ കുഴിപ്പുറത്ത് ഇല്ലത്ത് രാജേഷിന്റെ മകളാണ് മാള ഹോളി ഗ്രേസ് അക്കാദമിയിലെ അഞ്ചാം ക്ളാസ് വിദ്യാർത്ഥിയായ നന്ദ. ❐





ഭാവനയ്ക്ക് നിറം പിടിക്കുന്നത് ഇത്തരം കഥാപുസ്തകങ്ങൾ വായിക്കുമ്പോഴാണ്

# പുഴയ്ക്ക് പെയിൻററടിച്ച കുട്ടി

**മഹിത**

നിറങ്ങളെ സ്നേഹിച്ച കുട്ടി എന്നാരു പുസ്തകമുണ്ട്. എനിക്ക് ഏറ്റവും ഇഷ്ടപ്പെട്ടത്. നിറങ്ങൾ ഇഷ്ടമില്ലാത്ത ആരെങ്കിലുമുണ്ടോ?

ഓരോരുത്തർക്കും പല പല നിറങ്ങൾ ഇഷ്ടമാണ്. ഈ കഥാപുസ്തകത്തിൽ ഒരാൺകുട്ടിയുണ്ട്. നിറങ്ങൾ ഇഷ്ടമുള്ള അവൻ തന്റെ തലക്കും കാലിനും നിറം കൊടുക്കുന്നതാണ് കഥ. അതാണ് പുസ്തകത്തിലുള്ളത്.

അവൻ പൂക്കൾക്ക് നിറം കൊടുക്കുന്നുണ്ട്. മരത്തിന് നിറം കൊടുക്കുന്നുണ്ട്. അങ്ങനെയങ്ങനെ എല്ലാറ്റിനും നിറം കൊടുക്കുന്നു.

അവൻ ഒരു പുഴ കണ്ടു. പുഴയ്ക്കും നിറം കൊടുക്കാൻ തോന്നി അവന്. പക്ഷേ, പുഴയിലെ വെള്ളം നിറങ്ങളെ അലിയിച്ചുകളയും.

ആ കുട്ടിക്ക് ഒരു ബുദ്ധി തോന്നി. ആകാശത്തിന് നിറം കൊടുത്താൽ അത് പുഴയിലും തെളിഞ്ഞു കാണും. അവൻ ഉയരത്തിൽ ചാടി നോക്കി. പക്ഷേ, അവന്റെ ബ്രഷ് ആകാശം വരെ എത്തിയില്ല.

പെട്ടെന്ന് ആകാശം കറുത്തു. ആ കറുപ്പ് നിറം പുഴയിലും തെളിഞ്ഞു. അവന് വളരെ സന്തോഷം തോന്നി. പിന്നെ, ആകാശത്തെ കറുപ്പ് മഴയായി പെയ്യാൻ തുടങ്ങി. സന്തോഷം കൊണ്ട് അവൻ മതി മറന്നു തുള്ളിച്ചാടി.

*തൃശൂർ അന്നമനടയിലെ മംഗലപ്പിള്ളി മനയിൽ ശ്രീപതി നമ്പൂതിരിയുടെ പുത്രിയാണ് മഹിത (9)* ***7559960659***

❒

# NIB OF THE PEN

**D.Chittezhath**

I am a nine year old girl. My first book - ‘Clown is Texting and Stories’ was published recently. It is a collection of six English short stories.

Reading is my life. And it’s deep in my blood. I marvel at the thought of reading and entering the world of words.

‘Musicians of the Black Forest’ is a musical story of a mother and baby horse whose owners were killed and were forced to flee for their life. In the end they survive with friendship and music.

‘Shelby- My Turtle’, she never smiles. She went through a tragic life. Once she is mine her fate changes to a fabulous one.


‘The Clown is Texting’ tells us about the greediness of men. Alice was killed by one of these men. The investigation was started and the culprit was found. Why did he kill innocent Alice? Read the story to find out more!

‘True friends’ are rarely found like the Ivory-billed wood pecker. In this story, the animal friends were ready to sacrifice for each other despite their differences.

‘Princess Fairia’ has a charm to bring happiness, goodness and kindness to everything. But when she was trapped in Darkdom, will these qualities help her? Can she escape and make it a better place? Want to know more? Browse through my book. Enjoy reading!

❒

(ദുബായിൽ ജെ.എസ്.എസ്. പ്രൈവറ്റ് സ്കൂളിൽ നാലാം ക്ലാസ് വിദ്യാർത്ഥിയായ ദുർഗ്ഗ മായന്നൂർ ചിറ്റേഴത്ത് രമേശിന്റെയും പെരുമണ്ണ ഉപസഭയിലെ പുല്ലങ്കോട് ദീപയുടെയുടെയും മകളാണ്. ഡി.ചിറ്റേഴത്ത് എന്ന പേരിലാണ് എഴുതുന്നത്.
ഫോൺ: 9061947980)







എൻ. മീരാ കൃഷ്ണൻ, ഏഴാം ക്ലാസ് ജ്യോതി ധാര യു.പി.സ് കൂൾ വാലില്ലാപ്പുഴ.



വിളയിൽ പറപ്പൂർ തെഞ്ചീരി ഇല്ലത്ത് ഹരി രമ്യ ദമ്പതികളുടെ മകൾ ഗൗരി വരച്ചത്.



The painting of 6 year old sreedhar Dinesh T Pune



ഗുരുവായൂർ കൊടക്കാട്ട് വാസുദേവൻ നമ്പൂതിരിയുടെയും ( ഉണ്ണി) പ്രമീളയുടേയും മകൾ ആര്യ വരച്ചത്.

# ആശംസകൾ...



***ഒന്നാം പിറന്നാൾ***
*ആഘോഷിക്കുന്ന ശ്രാവൺ കേശവിന് ആശംസകൾ. മങ്ങത്തായ പ്രശാന്തിന്റെയും മായയുടെയും മകനാണ്*



നരേൻ ദത്ത് (ഉണ്ണിക്കുട്ടൻ). മോഴിക്കുന്നത്ത് ബ്രഹ്മദത്ത് നരേന്ദ്രമോഹന്റെയും രൂപയുടെയും മകനാണ്



*പാർവ്വതി പി. പാലാഞ്ചേരി നവീൻ ശങ്കർ നമ്പൂതിരിയുടെയും എം.വി അമൃതയുടെയും പുത്രിയാണ്*

## ആസ്ട്രേലിയയിൽ നിന്നും



***ഋഷി കൃഷ്ണൻ, റെനീക കൃഷ്ണൻ***
*(മായന്നൂർ പുതുക്കുളി മഠം രാജീവ് കൃഷ്ണന്റെയും ശബ്ന രാജീവിന്റെയും കുട്ടികളാണ്.)*



*ഗൗരിപാർവ്വതി. ജയൻ പുൽപറമ്പിലിന്റെയും ഇന്ദു വി നമ്പൂതിരിയുടെയും (എടക്രമഞ്ചേരി പുൽപറമ്പിൽ ഇല്ലം) മകൾ.*



*രണ്ടാം പിറന്നാൾ ആഘോഷിച്ച ത്രിവിക്രമൻ നമ്പൂതിരി – കളത്തിൽ ഇല്ലം– ബാംഗ്ലൂർ*



*ശ്രിയ കെ.പി. വണ്ടൂർ കടമ്പാറത്ത് പനക്കാട് ശ്രീകാന്തിന്റെയും ശ്രീദേവിയുടെയും മകൾ*



*പാർവതി പി.എൻ. പാക്കത്തില്ലത്ത് നിഥിൻ – മായ ദമ്പതികളുടെ മകൾ താമരശ്ശേരി ഉപസഭ.*



*ഏഷ്യൻ ഗെയിംസ് ഫെഡറേഷൻ ഓഫ് ഇന്ത്യ നടത്തിയ സ്കാത്തത്തോണിൽ സമ്മാ നം നേടിയ പാർവണ. കക്കോടി ചാത്തനാട്ട് ഇല്ലത്തെ ശ്രീജിത്തിന്റെയും ചൂരക്കാട് ഇല്ലത്തെ വിനയയുടെയും മകളാണ്.*



*ആശംസകളോടെ...... പഴങ്ങോട്ടുപറ്റ ഇല്ലത്ത് മനോജിന്റെയും ശ്രീപ്രിയയുടെയും മകൾ അഞ്ജലി കൃഷ്ണ’.പി.*



***പിറന്നാൾ ആശംസകൾ***
*ശ്രീകാന്ത് തളിയിൽ മനയുടെയും വിദ്യാ ശ്രീകാന്തിന്റെയും മകൾ ശിവേന്ദുവും (14.12.2018), അഭിവന്ദും (19.01.2019)*



ആരാധ്യ ഡി.ആർ.
പൂക്കാട് നെച്ചുള്ളി പുതുക്കുടി ഇല്ലത്തെ രാജീവന്റെയും ധന്യയുടെയും മകൾ



പവൻ കൃഷ്ണ, പ്രഹിത് റാം
(കൊയിലാണ്ടിയിലെ എരഞ്ഞോളി ഹനീഷിന്റെയും നിയതയുടെയും മക്കൾ)



അശ്വിനി സരസ്വതിയും
പാർത്ഥിവ് വാസുദേവും
(നീലേശ്വരം തെക്കേ കോറമംഗലം ഇല്ലത്ത് അഭിലാഷ് കൃഷ്ണന്റെയും പൂർണ്ണിമയുടെയും കുട്ടികൾ)



പിറന്നാൾ ആശംസകൾ ശിവറാം കെ.കെ. നമ്പൂതിരി. കോഴിക്കോട് കളത്തിൽ ഇല്ലത്ത് കൃഷ്ണദാസ് നമ്പൂതിരി ആര്യ ദമ്പതികളുടെ മകൻ



ഗൗരി. വിളയിൽ പറപ്പൂർ തെഞ്ചീരി ഇല്ലത്ത് ഹരി രമ്യ ദമ്പതികളുടെ മകൾ




bharatheeyam
The Centre for Performing Arts

ഭരതനാട്യം, യോഗ ഗൗരവമായ പഠനത്തിന്
മുതിർന്നവർക്കും, പരീക്ഷക്കു തയ്യാറെടുക്കുന്നുവർക്കും പ്രത്യേക ക്ലാസ്സുകൾ

DEEPTI PAROL
Director

THE BHARATHEEYAM CENTRE FOR PERFORMING ARTS
7K, Abacus Land Mark World, NH Bypass Rd, Palazhi, Kozhikode
&
Kurungottu, Kambiliparambu, Olavanna, Kozhikode
Mob No:9188496373, 9947176373
9526433442, 0495 - 2430987, Email:deeptipaarol@gmail.com



❒ <u>അനുസ്മരണം</u>

## വിഷമവൃത്തം





# ഒരു പ്രതിഭ കൂടി അസ്തമിച്ചു!

**ടി.സി.നാരായണൻ നമ്പൂതിരി**

അക്ഷരശ്ലോക വിദഗ്ധനായിരുന്ന മങ്ങത്തായ കൃഷ്ണൻ നമ്പൂതിരി!

അന്തരിച്ച മങ്ങത്തായ ദാമോദരൻ നമ്പൂതിരിയുടെയും നങ്ങുനീലി അന്തർജനത്തിന്റെയും ഒടുവിലത്തെ പുത്രനായ കൃഷ്ണൻ നമ്പൂതിരി!

സപ്തതി കൂടി എത്താത്ത ചെറുപ്രായത്തിൽ! മങ്ങത്തായ എന്നു പേരുകേട്ട വൈദിക കുടുംബത്തിൽ കരടുപോലെ ദാരിദ്ര്യാധിഷ്ഠിതമായ ചുറ്റുപാടിൽ ജീവിച്ച് സ്വന്തം പ്രയത്നത്താൽ സുഖജീവിതത്തിലേക്ക് കയറി വന്ന ഭാഗ്യവാൻ!

ക്ഷേത്രങ്ങളിലെ ശാന്തിപ്രവൃത്തി കൊണ്ട് നരകിച്ച് ജീവിച്ച് കരകയറിയ ഒരതിസാഹസികൻ!

ചുരുങ്ങിയ വിദ്യാഭ്യാസത്തിൽ മാറ്റുരച്ച് പല വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും ബിരുദങ്ങൾ സംഘടിപ്പിച്ചെടുത്ത ഒരു പ്രതിഭാശാലി!

കോഴിക്കോട് അക്ഷരശ്ലോക കലാസമിതിയിൽ പേരുകേട്ട ശ്ലോകാലാപകൻ. 'മങ്ങത്തായ' എന്ന ചുരുക്കപ്പേരിൽ അറിയപ്പെട്ടിരുന്ന ഒരു മഹാവ്യക്തിപ്രഭാവം!

രണ്ടരപ്പതിറ്റാണ്ടോളം അക്ഷരശ്ലോക രംഗത്ത് നടമാടി മകുടംചാർത്തിയ കലാകാരൻ! ആകാശവാണിയിലും മറ്റു ശ്ലോകസദസ്സുകളിലും നിറഞ്ഞുനിന്നിരുന്ന അക്ഷരസ്ഫുടത! അവസാനകാലത്ത് ആലാപനം തന്നെ അസാദ്ധ്യമാക്കിയ ശ്വാസകോശ വിഷമതകൾ സഹിച്ച് രോഗത്തിന് അടിയറവ് പറഞ്ഞു മരണത്തിലേക്ക് കൂപ്പുകുത്തിയ ഒരു നിർഭാഗ്യവാൻ!

കേരളത്തിലെ പല അക്ഷരശ്ലോക സദസ്സുകളിലും മത്സരങ്ങളിൽ പങ്കെടുത്ത് വിജയം വരിച്ച വരശ്ലോകി!

ശ്ലോകം പഠിച്ചിരുന്നു. ശ്ലോക സുഹൃത്തുക്കളെ ആകർഷിച്ചിരുന്നു. അവരെ ആദരിച്ചിരുന്നു. അവരുമായിട്ട് ദൃഢസമ്പർക്കത്തിലുമായിരുന്നു!

എത്തുന്ന ദിക്കിലെല്ലാം സുഹൃത്തുക്കൾ! സഹായിക്കാൻ ആളുകൾ! ആദരിക്കാനും!

സരസശ്ലോകങ്ങളുടെ കെട്ടഴിച്ച് അരങ്ങ് കൊഴുപ്പിച്ച സംഭവങ്ങൾ നിരവധി! പുത്തനാശയങ്ങൾ ഉൾക്കൊള്ളുന്ന കവിതകൾ എവിടുന്നെല്ലാമോ പഠിച്ചെടുത്ത് തന്മയത്വത്തോടെ അവതരിപ്പിച്ചിരുന്ന രസിക ശിരോമണി ❒



രോഗികൾക്കൊപ്പം പിറന്നാൾ സദ്യയുണ്ട്, മങ്ങത്തായ കൃഷ്ണൻ നമ്പൂതിരി

കെ.ഇ. അനിൽ
കോഴിക്കോട്

▸ അക്ഷരശ്ലോകവും ഈശ്വര സേവയും പിന്നെ അൽപ്പം ശ്വാസംമുട്ടലുമാണ് മങ്ങത്തായ ഇല്ലത്ത് കൃഷ്ണൻ നമ്പൂതിരിയുടെ ജീവതാളം. മെഡിക്കൽ കോളേജ് ആശുപത്രിയിലെ പാലിയേറ്റീവ് ഇൻസ്റ്റിറ്റ്യൂട്ടിലെത്തിയത് ദീർഘനാളായുള്ള ശ്വാസം മുട്ടലിന് ശമനം തേടിയാണ്.

ഇവിടെ മരുന്നും ഭക്ഷണവും സുമനസ്സുകളുടെ ദയാവായ്പാണെന്ന് പെയിൻ ആൻഡ് പാലിയേറ്റീവ് സൊസൈറ്റി ജീവനക്കാരിൽ നിന്നറിഞ്ഞ കൃഷ്ണൻ നമ്പൂതിരി തന്റെ അറുപത്തിയെട്ടാം പിറന്നാൾ ഇവിടെ ആഘോഷിച്ചു. കൂടെയുള്ള രോഗികൾക്കും മറ്റും ഗംഭീര സദ്യയും ഓരോ കസവ് മുണ്ടും പിറന്നാൾ ... ആഘോഷമായി നൽകി.

...വാസികളും ജീവന ...ത്തിനെത്തി ...

[Photo caption:] ▸ പാലിയേറ്റീവ് ഇൻസ്റ്റിറ്റ്യൂട്ടിൽ മങ്ങത്തായ ഇല്ലത്ത് കൃഷ്ണൻ നമ്പൂതിരി അന്തേവാസികൾക്കൊപ്പം സദ്യ കഴിക്കുന്നു

ക്കാണ് വിഭവസമൃദ്ധമായ സദ്യ നൽകിയത്. രോഗത്തിനും വേദനയ്ക്കും നല്ല ആഹാരവും സാന്ത്വന വചനങ്ങളും ആശ്വാസം പകരുമെങ്കിൽ അതും പുണ്യ... മാണെന്ന് തളി ശിവ...

ഷ്ണൻ നമ്പൂതിരി പറഞ്ഞു.

എല്ലാവർഷവും തന്റെ പിറന്നാളിന് പൂവാട്ട്പറമ്പിലെ മങ്ങത്തായ ...

ന്ന കാവ്യപ്രേമികൾ പങ്കെടുന്ന അക്ഷരശ്ലോകനിശ.

കോഴിക്കോട്ടെ അക്ഷരശ്ലോക സമിതി സെക്രട്ടറി...

മങ്ങത്തായ കൃഷ്ണൻ നമ്പൂതിരിയെപ്പറ്റി മാതൃഭൂമിയിൽ വന്ന വാർത്ത

### ടീം സ്വസ്തിക്ക് അഭിനന്ദനങ്ങൾ

തേവാരത്തിരക്കുകളിലും അടുക്കളയിലും ഒതുങ്ങി ഞെരുങ്ങി കരിപുരണ്ട കുറെ പേരെയെങ്കിലും തിരശ്ശീലക്ക് മുന്നിലെത്തിച്ചതിനു്.

*വിഷ്ണു പുൽപ്പറമ്പിൽ,*
*പൂവാട്ടുപറമ്പ്, ഫോൺ:9562272400*

### അകാരം അത്യുഗ്രം

*ഉമ കെ.ആർ എ.എം എൽ.പി.സ്കൂൾ മൊറയൂർ, കീഴ്മുറി. 8086721402.*

### അ എന്ന അക്ഷരം

സ്വസ്തി കണ്ടു. കവറിലെ അ എന്ന അക്ഷരം ഡിസൈൻ ചെയ്തത് ഇഷ്ടായി.

*എ.വി.സുജാത, ഹെഡ്മിസ്ട്രസ്,*
*ജി.വി.എച്ച് എസ്.എസ് ഹേരൂർ മേപ്രി,*
*കാസർകോട്, ഫോൺ :9496303828*

### നല്ല വായനാനുഭവം

കൈലാസത്തിലെ കണ്ണുനീർ,തുപ്പേട്ടൻ,പ്രളയാനുഭവം,ബ്രഹ്മം. നല്ല വായനാനുഭവം.ആശംസകൾ

ശ്രീധർ എൻ.ആർ 9947700043

### പ്രതിപാദനങ്ങൾ നന്നായി

പ്രളയകാലത്തെ അനുഭവ (ദുരിത) കുറിപ്പുകളുടേയും സേവനങ്ങളുടേയും പ്രതിപാദനങ്ങൾ നന്നായി പ്രചോദനങ്ങൾ.കേരളത്തിലെ ബ്രാഹ്മണ വൈദ്യ പാരമ്പര്യ കുടുംബങ്ങളെക്കുറിച്ച് ഒരു പഠനം നടത്തി ഒരു പതിപ്പിൽ പ്രസിദ്ധീകരിക്കാമോ?ഇപ്രകാരം താന്ത്രിക പാരമ്പര്യം, വൈദിക പാരമ്പര്യംതുടങ്ങിയവരും പഠന വിധേയമാക്കുന്നതും നല്ലതാണ്. ബ്രഹ്മചാരിയെ വലച്ച ബ്രഹ്മം രസകരം. ബ്രഹ്മമേ നീയെന്നെ വല്ലാതെ വലച്ചല്ലോ നിന്നിലല്ലെ ഞാൻ സദാ ചാരിനിൽക്കുന്നു.

*വൈത്തല എടക്കാട്ട് സുബ്രഹ്മണ്യൻ നമ്പൂതിരി.9446633235*

### കണ്ണീരു വരും

സ്വസ്തിയിൽ വന്ന കൈലാസത്തിലെ കണ്ണീർ വായിച്ചു. കണ്ണീരു വരും അതു വായിച്ചാൽ. ഈ വാർത്ത തുണ്ടുകളായി പത്രത്തിലും വാട്ട്സ് അപ് ഫോർവേർഡുകളിലും മാത്രമേ കണ്ടുള്ളൂ അന്ന്

*സവിത കരിയന്നൂർ, മയൂർ വിഹാർ,*
*ദ്രോണാചാര്യ അപാർട്ട്മെൻറ്സ്,*
*ന്യൂഡെൽഹി. 9811133981*

### ആ സുമനസ്സിനു നന്ദി

അയിത്തമാവാത്ത മനസ് എന്ന പേരിൽ സ്വസ്തിയുടെ ഒരു ലക്കത്തിൽ എന്നെക്കുറിച്ച് വന്ന ലേഖനത്തോട് പ്രതികരിച്ച് ചിലർ കത്തയച്ചതായി കാണുന്നു. ഏപ്രിൽ ലക്കത്തിലെ വായനക്കാരുടെ പ്രതികരണത്തിൽ തൃശൂർ ഒല്ലൂരിലെ തൈക്കാട്ടുശ്ശേരി എടക്കുനി ശ്രീരംഗം കോവിലകത്തെ എം. രവിവർമ്മ എന്നെക്കുറിച്ച് പറഞ്ഞ നല്ല വാക്കുകൾക്ക് നന്ദി.ഇങ്ങനെ ചിലരെങ്കിലും പഴമയെ ഓർക്കുന്നതിലും ആദരിക്കുന്നതിലും തൃപ്തി തോന്നി. ആ രവിവർമ്മയെ എന്റെ സന്തോഷം അറിയിക്കൂ

*പുളിയശ്ശേരി കേശവൻ നമ്പൂതിരി, ചൂലൂർ,*
*എൻ.ഐ.ടി ,കോഴിക്കോട് ഫോൺ.*

### സ്വസ്തി ഹൗസ് മാഗസിനല്ല

സ്വസ്തി ഒക്ടോബർ ലക്കത്തിൽ വന്ന കൈലാസത്തിലെ കണ്ണീർ വായിച്ച് കണ്ണു നിറഞ്ഞു പോയി. മലയാളത്തിലെ മറ്റു പ്രസിദ്ധീകരണങ്ങളോട് കിട പിടിക്കുന്ന ഉള്ളടക്കമാണ് സ്വസ്തിയിൽ. ഒരു ഹൗസ് മാഗസിൻ എന്ന നിലയിലല്ല,ഇതിന്റെ കെട്ടും മട്ടും. ന്യൂസ് സ്റ്റാൻഡുകളിൽ വില്പനയ്ക്കു വച്ചാൽ ആളുകൾ വാങ്ങും.

*അഴിയിടം വിജയൻ നമ്പൂതിരി,*
*സംസ്ഥാന ജനറൽ സെക്രട്ടറി,*
*യോഗക്ഷേമസഭ. ഫോൺ 9388988890*

### ഓർമകളിലേയ്ക്ക് കൊണ്ടുപോയി

കെ.എം പരമേശ്വരൻ എഴുതിയ ലേഖനം വായിച്ചു. ഇത് പഴയ ഓർമകളിലേയ്ക്ക് എന്നെ കൊണ്ടുപോയി.ഞാൻ കോട്ടയ്ക്കൽ ആയുർവേദ കോളേജിൽ പഠിയ്ക്കുമ്പോൾ മൂത്താട്ടാണ് താമസിച്ചിരുന്നത്.ലളിതമായ ജീവിതമായിരുന്നു.ചെറിയ ഇല്ലം.എന്റെ അച്ഛനും എംപി യും കമ്യൂണിസ്റ്റ് ചിന്താഗതി ക്കാരായിരുന്നു.എം പിയുടെ പെൺമക്കൾ ആര്യേടത്തിയും സോയയും നല്ല കൂട്ടുകാരായിരുന്നു.അവിടെ ഇടയ്ക്കിടയ്ക്ക് മീറ്റിംഗ് കൂടാറുണ്ട്.പാട്ട് പാടാൻ ഞാനുംസോയയും പട്ടിണിത്തടവുകാരേ എഴുന്നേൽപിൻ നിങ്ങൾ കഷ്ടപ്പെടുന്നവരേ.ഇങ്ങനെയുള്ള പാട്ടാണ്.മാറാക്കരയിൽ എം.എസ് താമസിച്ചിരുന്ന സ്ഥലത്തും പോകാറുണ്ട്. അമ്മുവേടത്തിയേയും ശാന്തേടത്തിയേയുംഅറിയാം.അന്നത്തെ ആ നല്ല കാലം ഇടയ്ക്കിടെ ഓർമിയ്ക്കാറുണ്ട്.നമ്പർ തന്നതിന് നന്ദി.

*ഡോ. സാവിത്രി. ദേശമംഗലത്ത് മന*
*9446231344*

### 'സ്വസ്തി'ക്ക് സ്നേഹപൂർവ്വം

യോഗക്ഷേമസഭ കോഴിക്കോട് ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ മൂന്നു മാസത്തിലൊരിക്കൽ പ്രസിദ്ധീകരിക്കുന്ന 'സ്വസ്തി' ത്രൈമാസികയ്ക്കും പ്രവർത്തകർക്കും എല്ലാ ആശംസകളും നേർന്നുകൊള്ളുന്നു. ഇതിൽ ആത്മാർത്ഥമായി അഭിമാനിക്കുന്നു. ഹൃദയപൂർവ്വം അഭിനന്ദനങ്ങൾ! എന്തെല്ലാം പുതിയ അറിവുകളാണ് 'സ്വസ്തി' സമുദായാംഗങ്ങൾക്ക് പകർന്നു നൽകുന്നത്!!



**സ്വസ്തി കിട്ടാനും രചനകൾ അയക്കാനും**
**9447337337**

swasthithrimonthly@gmail.com എന്ന ഇ-മെയിൽ അഡ്രസ്സിലും യോഗക്ഷേമസഭ ജില്ലാ ആസ്ഥാന മന്ദിരം, കോവൂർ വിഷ്ണു ക്ഷേത്രത്തിന് സമീപം, പി.ഒ. ചേവായൂർ, കോഴിക്കോട്, പിൻ 673017 എന്ന വിലാസത്തിലും 9447337337 എന്ന വാട്സ് ആപ്പ് നമ്പറിലും കത്തുകൾ അയക്കാവുന്നതാണ്. വരിസംഖ്യ പേടിഎം വഴിയും അയക്കാവുന്നതാണ്. നമ്പർ 9447337337.

2018 ഒക്ടോബറിൽ പുറത്തിറങ്ങിയ 'സ്വസ്തി' യിലെ വിഭവങ്ങളെല്ലാം മികവുറ്റതായിരുന്നു.

ശ്രീ. കെ. എം. സേതുമാധവൻ നമ്പൂതിരിപ്പാടിന്റെ 'കൈലാസത്തിലെ കണ്ണീർ' എന്ന അനുസ്മരണം നമ്മുടെയുള്ളിൽ അഗാധമായ ഒരു നിലവിളി ഉയർത്തുന്നു. വരികളിലൂടെ കടന്നുപോകുന്തോറും ഒരു കരച്ചിൽ അനുഭവപ്പെടുത്തുന്നു ഈ ലേഖനം. വായിച്ചു തീർന്നപ്പോൾ വല്ലാതെ ഉള്ളു പൊള്ളിപ്പോയി, ഒപ്പം മനസ്സ് തരിച്ചുപോയി. എം. എൻ. പാലൂരിനുള്ള 'സ്വസ്തി' യുടെ ആദരാഞ്ജലികൾ അർപ്പിക്കുന്ന ലേഖനവും, ജയൻ പഴങ്ങോട്ടു പൊറ്റയുടെ കാന്തക്കര പുല്ലൂർമണ്ണ ഇല്ലത്തേക്കുള്ള പഠനയാത്രാവിവരണവും ശ്രദ്ധേയമായി. അനുഭവങ്ങളുടെ കടലിലെ ആ ഓളങ്ങൾ നമ്മുടെ മനസ്സുകളിലും അലയടിക്കും പോലെ അനുഭവപ്പെടുന്നു 'സഭാപ്രവേശത്തിലെ നമ്പൂതിരിമാരുടെ' 10 അനുഭവക്കുറിപ്പുകൾ.

അച്ചൂര കുബേരൻ നമ്പൂതിരിയുടെ 'ഗൃഹാതുരത്വം' എന്ന കവിത നമ്മുടെ മനസ്സുകൾക്ക് ഒരു സുഖമേകുന്നു, അൽ



**കേമാവ്ണ്ണ്ട്**

സ്വസ്തി കേമാവ്ണ്ണ്ട്ട്ടോ

*കൈതപ്രം ദാമോദരൻ നമ്പൂതിരി. കാരുണ്യം, തിരുവണ്ണൂർ, കോഴിക്കോട് –29*

പ്പനേരം ഓർമ്മകളിലേക്ക് ഒരു മടക്കം, എത്ര മനോഹരം!

*ഡോ. ഗോവിന്ദൻ പുതുമന പുതുമന ഇല്ലം കാഞ്ഞങ്ങാട്.*

### അവിസ്മരണീയമായ ഒരു സംഭവം

ഹൃദ്യമായ വിഭവങ്ങളുമായി സ്വസ്തി ത്രൈമാസിക കൂടുതൽ ആകർഷകമാവുന്നു. ഒക്ടോബർ ലക്കത്തിൽ വന്ന പലരും എനിക്ക് നേരിട്ട് പരിചിതരും ബന്ധുക്കളും പ്രിയപ്പെട്ടവരുമാണ്. ബന്ധുവും സുഹൃത്തും ബഹുമുഖ കലാകാരിയുമായ പ്രീത കോരമ്പറ്റ കവർ പേജിൽ തന്നെയുണ്ട്. അകത്താളുകളിൽ ചെറിയമ്മയും അമ്മായിയും ആയി മാതൃതുല്യയായ കണ്ടമംഗലത്തമ്മയെ കണ്ടു .എൻ.ആർ നമ്പൂതിരിയുടെ ഫോട്ടോ കണ്ടപ്പോൾ അവിസ്മരണീയമായ ഒരു സംഭവം ഓർമയിൽ വന്നു. അദ്ദേഹം പ്രസിഡണ്ടായിരുന്ന കാലത്ത് നടന്ന ജില്ലാ ഭാരവാഹികളുടെ മീറ്റിംഗിൽ ഉപസഭാ പ്രതിനിധിയായി ഞാൻ പങ്കെടുത്തിരുന്നു. എന്റെ കയ്യിലുണ്ടായിരുന്ന സഞ്ജയൻെറ ഹാസ്യ ലേഖനങ്ങളടങ്ങിയ പുസ്തകം കണ്ട അദ്ദേഹം അടുത്ത് വന്നു അത് ചോദിച്ചു വാങ്ങി. മനസ്സിലും ബുദ്ധിയിലും മുഖത്തും ചിരി പടർത്തുന്ന സഞ്ജയന്റെ മൾട്ടി ഡയമെൻഷനൽ ഹാസ്യ ലേഖനങ്ങൾ ഒരു സുപ്രധാന കോടതി വിധി വായിക്കുന്ന ഗൗരവത്തോടു കൂടി അക്ഷോഭ്യനായി അദ്ദേഹം വായിച്ചു പോകുന്നതു കണ്ട് അദ്ഭുതസ്തബ്ധനായി. തിക്തമായ അനുഭവങ്ങളിലൂടെ കടന്നു വന്ന ആ പക്വമതിയുടെ സ്മരണക്കു മുമ്പിൽ ആദരാഞ്ജലികൾ. കൃത്യമായ ചിട്ടപ്പെടുത്തിയ പെരുമാറ്റവും കൃത്യനിഷ്ഠയും കൊണ്ട് കഴിവ് പ്രകടിപ്പിച്ച പാറക്കോട് ശങ്കരൻ നമ്പൂതിരിയെപ്പറ്റിയുള്ള ലേഖനം ചിന്തോദ്ദീപകമായി. ഉപസഭയുടെ കീഴിൽ നടത്തിയ പാർത്ഥസാരഥി വിദ്യാഭ്യാസ സ്ഥാപനത്തിൽ 1980 കളിൽ ഇദ്ദേഹവുമായി സഹകരിച്ചു പ്രവർത്തിച്ചിട്ടുണ്ട്. ഇല്ലപ്പെരുമയിൽ കാന്തക്കര പുല്ലൂർമണ്ണ ഇല്ലത്തെപ്പറ്റിയുള്ള (ബന്ധു ഗൃഹം) ഫീച്ചർ വളരെ നന്നായി. ഇല്ലത്തെ വലിയമ്മയുടെ ഷഷ്ടിപൂർത്തി കാന്തക്കര വെച്ച് കേമമായി 1970 ൽ നടത്തിയതിൽ പങ്കെടുത്തതും സ്മരിക്കുന്നു . ഗായത്രി എന്ന വില്ലേജ് ഓഫീസർ പ്രശ്നങ്ങളെ അതുല്യമായ അവധാനതയോടുകൂടി സമീപിച്ച് കർമരംഗത്ത് നിൽക്കുന്ന ലേഖനം അന്വർത്ഥമായി.

*കൽപ്പള്ളി വാസുദേവൻ നമ്പൂതിരി, ജ്യോത്സൻ, ചാത്തമംഗലം ഫോൺ 9446811487*

### റീഡബിലിറ്റിയിൽ മികവ്

റീഡബിലിറ്റിയുടെ അടിസ്ഥാനത്തിൽ മലയാളത്തിലെ മികച്ച പ്രസിദ്ധീകരണങ്ങളിലൊന്ന്

*പി.എം. നാരായണൻ, ദക്ഷിണേഷ്യൻ റിപ്പോർട്ടർ, ജർമ്മൻ ടെലിവിഷൻ ന്യൂഡെൽഹി ഫോൺ. 9899146665*

### ഹിമാലയൻ യാത്ര നന്നായി

കിടങ്ങഴി വഴിയാണ് സ്വസ്തി കിട്ടിയത്. അമ്മേടെ അമ്മാത്താണ് കിടങ്ങഴി . സേതു ഏട്ടൻ എഴുതിയ ഹിമാലയം ആർട്ടിക്കിൾ (കൈലാസത്തിലെ കണ്ണീർ ) ഹൃദയസ്പർശിയായി. ഈ ഭാഗത്ത് സ്വസ്തിയുടെ ഈ ലക്കത്തിന് നല്ല പബ്ലിസിറ്റി കിട്ടി. ബ്രഹ്മം സൂപ്പറായി.

*അഡ്വ: ഇ.എം. ദാമോദരൻ നമ്പൂതിരി, എറിയാട്ടുമന, പാണ്ടിക്കാട്. ഫോൺ:9447477390*

### ഇതുപോലെ വേണം

ഇതുപോലെ മുഖദർശനത്തിന്റെയും ഒരു വാർഷികപ്പതിപ്പ് ഇറക്കണം. മാത്രമല്ല എനിക്ക് നിർദ്ദേശിക്കാനുള്ളത്, കവിതാമത്സരം അല്ലെങ്കിൽ ഏറ്റവും നല്ല സൃഷ്ടിക്കുള്ള സമ്മാനം ഇതൊക്കെ ഏർപ്പെടുത്തിയാലേ നല്ല സൃഷ്ടികൾ വരൂ.അങ്ങിനെ മാത്രമേ മാസികക്ക് വളർച്ചയുണ്ടാവുയുള്ളൂ

കൃഷ്ണകുമാർ കെ

(അടുത്ത ലക്കം രണ്ടാം വാർഷികപ്പതിപ്പ് ആണെന്നറിയിച്ച് സ്വസ്തി പി.ഡി.എഫ് യോഗക്ഷേമം ഗ്രൂപ്പിൽ പോസ്റ്റ് ചെയ്തപ്പോൾ വന്ന പ്രതികരണം )

### നന്നായിട്ടുണ്ട്

അതേ, സ്വസ്തി മാഗസിൻ നന്നായിട്ടുണ്ട്.

ഇ.എം. ഉണ്ണികൃഷ്ണൻ നമ്പൂതിരി
ശാന്തിഗ്രാം, അരുകിഴായ,
മഞ്ചേരി.9349767519

### ഇതോടൊപ്പം 200 രൂപ

സ്വസ്തി കിട്ടാറുണ്ട്. വരിസംഖ്യ കഴിയാറായി എന്നു തോന്നുന്നു. ഇതോടൊപ്പം 200 രൂപ ഉണ്ട്. എന്നെക്കുറിച്ച് ഒരു പുസ്തകം. ആ പുസ്തകത്തെക്കുറിച്ച് ഒരു പരിചയം കൊടുത്താൽ നന്ന്. ശാന്തിക്കാരെയും നമ്പൂതിരിമാരെയും അടച്ച് ആക്ഷേപിക്കുന്ന ഈ കാലത്ത് ഇങ്ങിനെയും ഒരു ശാന്തിക്കാരൻ ഉണ്ട് എന്നറിയിക്കാമല്ലോ. പുസ്തകം വാങ്ങാൻ എന്റെ വിലാസവും കൊടുക്കാൻ പറ്റുമോ? നമ്പൂതിരിമാരിൽ പലരും അറിയപ്പെടാത്ത എഴുത്തുകാരാണ്. അവരുടെ കൃതികൾ പരിചയപ്പെടുത്തുന്ന ഒരു പരിപാടി. ഞാൻ അങ്ങിനെയാണ് ഉദ്ദേശിക്കുന്നത്. വ്യക്തി പരിചയത്തിലൂടെ ഈ പുസ്തകവും പരിചയപ്പെടുത്താൻ ശ്രമിച്ചാൽ നന്ന്.

*ജയൻ പുതുമന ശ്രീനാരായണപുരം, ഉദയനാപുരം PO, വൈക്കം, കോട്ടയം ജില്ല, 686 143 ഫോൺ: 8330086062*

### വിഭവസമൃദ്ധം

യോഗക്ഷേമസഭയുടെ ഇതര ആനുകാലികങ്ങളേക്കാൾ വായനാവിഭവങ്ങൾ സ്വസ്തിയിലുണ്ട്.

*ഗോപാലിക അന്തർജനം, പനയൂർ മന, 04933 278091*

### അഭിനന്ദനം

Congrats for team swasthy. I cannot walk and talk clearly. Hence this message. Kuttan

*നാരായണൻ നമ്പൂതിരി , എൻജിനീയർ, കക്കാട്ടു മന, ആലങ്ങോട് വഴി. മലപ്പുറം ജില്ല. ഫോൺ 9446456749*

### ഒറ്റയിരിപ്പിന് വായിച്ചു

സ്വസ്തി ഒറ്റയിരിപ്പിന് വായിച്ചു എന്നത് അതിശയോക്തിയല്ല. കൈലാസത്തിലെ കണ്ണീരും പ്രളയമേൽപ്പിച്ച കഷ്ടതകളും നൊമ്പരപ്പെടുത്തുന്ന അനുഭവമായി. പുല്ലൂർമണ്ണ ഇല്ലത്തെക്കുറിച്ച് ധാരാളം കേട്ടിട്ടുണ്ടെങ്കിലും കേൾക്കാത്ത കുറെയധികം കാര്യങ്ങൾ മനസ്സിലാക്കാനായി. നർമ്മത്തിൽ കുതിർന്ന ബ്രഹ്മം അക്ഷരശുദ്ധി നഷ്ടപ്പെട്ടു കൊണ്ടിരിക്കുന്ന ഈ കാലത്തെ കുട്ടികൾ തീർച്ചയായും വായിക്കണം.

സ്മിത ചേരാമംഗലം, ചെറുവക്കാട്ട് ഇല്ലം, പി.ഒ. പന്നിക്കോട്. കോഴിക്കോട് ജില്ല.

### പറയാതെ വയ്യ

വളരെ നന്നായിട്ടുണ്ട് . പറയാതെ വയ്യ. ഇത് നമ്മുടെ സമുദായത്തിനകത്ത് മാത്രം വിതരണം ചെയ്താൽ പോരാ. മറ്റുള്ളവർക്ക് കൂടി വായിക്കാനുള്ളതുണ്ട് ഇതിൽ. നാലഞ്ചു കോപ്പികൾ ഞാൻ പാലക്കാട്ടെ ചില സുഹൃത്തുക്കൾക്ക് നൽകി.

*പുല്പറമ്പിൽ രാമൻ നമ്പൂതിരി, പാലക്കാട്. 9446875834*

# ആദരാഞ്ജലികൾ



ത്രിവിക്രമൻ നമ്പൂതിരി
നടുവിലേടത്ത് ഇല്ലം
ഉച്ചക്കാവ്
ഉപസഭ



ജാതവേദൻ നമ്പൂതിരി
പഴയത്ത് മന
ആവണി, തിരുവച്ചിറ
കോഴിക്കോട് സിറ്റി ഉപസഭ



വിഷ്ണു നമ്പൂതിരി
കമ്പളത്ത് ഇല്ലം,
പന്തീരാങ്കാവ്
ഫറോക്ക് ഉപസഭ



രാധാ അന്തർജനം
നടുകിൽ
വടക്കേപ്പാട് ഇല്ലം
നീലേശ്വരം



എൻ.ടി.പരമേശ്വരൻ
നമ്പൂതിരി, നല്ലൂർ തെഞ്ചീരി
ഇല്ലം, പെരുമുഖം,
ഫറോക്ക് ഉപസഭ




ദേവകി അന്തർജനം
കൊളേരി
ഇല്ലം
മുക്കം ഉപസഭ



സുഭദ്ര അന്തർജനം
കോളോത്ത്
ചെറുവറ്റ ഇല്ലം
വടകര ഉപസഭ



അരക്കുപറമ്പ്
മൂത്തേടത്ത്
വിജയശങ്കരൻ
നമ്പൂതിരി



എളമന ഇല്ലത്ത്
കൃഷ്ണൻ
നമ്പൂതിരി
തിരുവമ്പാടി



തെഞ്ചേരി
കാരണവർ ഉള്ളിയേരി
വടക്കാറമ്പത്ത് വിഷ്ണു
നമ്പൂതിരി



പന്ന്യം വള്ളി ഇല്ലത്ത്
കാരണവർ വാര്യം മഠം
നാരായണൻ ഭട്ടതിരിപ്പാട്
(നാണു പട്ടേരി )



ശ്രീധരൻ
നമ്പൂതിരി
ചിറ്റടി ഇല്ലം
ഒറ്റപ്പാലം

## *Wish you a happy married life*



**രഘു**

S/o ദാമോദരൻ നമ്പൂതിരി
& ഉമാദേവി അന്തർജ്ജനം
പുത്തില്ലത്ത് ഇല്ലം,
ഇരിങ്ങാലക്കുട, തൃശൂർ

**സംഗീത**

D/o ശ്രീധരൻ നമ്പൂതിരി
& Late ലീല അന്തർജ്ജനം,
താമരക്കുളം
മണാശ്ശേരി, മുക്കം, കോഴിക്കോട്

ആശംസകളോടെ: ബന്ധുമിത്രാദികൾ


Wish you a happy married life
കലാമണ്ഡലം വിനീത് നമ്പൂതിരി
S/o നാരായണൻ നമ്പൂതിരി
& പാർവ്വതി അന്തർജ്ജനം
കുന്നത്ത് കണ്ടമംഗലം ഇല്ലം
ചാത്തമംഗലം, കോഴിക്കോട്
ശിവപ്രിയ സി.
D/o ശിവശങ്കരൻ ഉണ്ണി
& സാവിത്രി അന്തർജ്ജനം
ചെറുകഴിഞ്ഞമണ്ണ ഇല്ലം
മലപ്പുറം
ആശംസകളോടെ: ബന്ധുമിത്രാദികൾ

# ശാന്തിക്കാരന്

## ഇങ്ങനെയൊക്കെയും ആവാം

**സമാവർത്തനത്തിനു ശേഷം കോട്ടക്കൽ കോവിലകം വക വേട്ടയ്ക്കൊരുമകൻ ക്ഷേത്രത്തിൽ സഹായിയായി എത്തിയതാണ് വഴിത്തിരിവായത്**

കോട്ടക്കൽ കോവിലകം വക വേട്ടയ്ക്കൊരുമകൻ ക്ഷേത്രത്തിൽ സഹായിയായി എത്തിയതായിരുന്നു പുളിയശ്ശേരി മാധവൻ നമ്പൂതിരി.സാധാരണ നിലയിൽ അങ്ങനെയൊരു നമ്പൂതിരി എത്തിച്ചേരാറുള്ളത് മേൽശാന്തി പദവിയിലാവും. അതാണ് പരമാവധി . എന്നാൽ ഈ നമ്പൂതിരി അങ്ങനെയായിരുന്നില്ല.

ഒരു കാര്യം പറയാം. ഇക്കഴിഞ്ഞ നവംബർ 18ന് അദ്ദേഹത്തിൻറെ ജന്മശതാബ്ദി ആഘോഷം ഉദ്ഘാടനം ചെയ്തത് കേരള നിയമസഭാ സ്പീക്കർ പി. ശ്രീരാമകൃഷ്ണൻ. അതിൽ പങ്കെടുത്തത് എൻ.ഷംസുദ്ദീൻ എം എൽ എ, തുടങ്ങി ഒട്ടേറെ ജനപ്രതിനിധികളും. . സമൂഹത്തിലെ നാനാ തുറകളിൽ പെടുന്നവരുടെയും സ്നേഹസംഗമവേദിയായി അത്.

വേറെ ചിലതു കൂടി പറയാം. .

1935 മുതൽ ഈ എം എസ് നമ്പൂതിരിപ്പാട് ഐ സി പി നമ്പൂതിരിപ്പാട് തുടങ്ങിയവർ നേതൃത്വം നൽകിയ ദേശീയ പ്രസ്ഥാനത്തിൽ പങ്കാളിത്തം. ഇന്നത്തെ ദേശാഭിമാനിയുടെ പ്രാഗ് രൂപമായി ഷൊർണൂരിൽ നിന്ന് 'പ്രഭാതം' പത്രം പുറത്തിറക്കിയിരുന്നു. അതിന്റെ സ്വാധീനശക്തിയിൽ ആകൃഷ്ടനായി കോൺഗ്രസ് സോഷ്യലിസ്റ്റ് പ്രസ്ഥാനത്തിൽ പ്രവർത്തനം.

തീർന്നില്ല, 1939 കോട്ടക്കൽ പറപ്പൂർ ആസാദ് നഗറിൽ നടന്ന കെപിസിസി സമ്മേളനത്തിൽ സജീവ പങ്കാളിത്തം. 1940 സെപ്റ്റംബർ 13 മുതൽ കമ്മ്യൂണിസ്റ്റ് പാർട്ടിയുമായി സഹകരിച്ചുള്ള പ്രവർത്തനം. പാർട്ടി സാഹിത്യം പ്രചരിപ്പിക്കുന്നതിന്റെ ചുമതലക്കാരൻ. ഇക്കാരണത്താൽ അറസ്റ്റ് ചെയ്യപ്പെട്ട് കണ്ണൂർ സെൻട്രൽ ജയിലിൽ 14 ദിവസം റിമാൻഡിൽ. 'നമ്പൂതിരിയെ മനുഷ്യനാക്കുക ' എന്ന പ്രമേയം ചർച്ച ചെയ്ത വിഖ്യാതമായ ഓങ്ങല്ലൂർ സമ്മേളനം മുതൽ നമ്പൂതിരി യോഗക്ഷേമ സഭയുടെ പ്രവർത്തനങ്ങളിലെ മുന്നണി പ്രവർത്തകൻ.

ഒരു ശാന്തിക്കാരൻ എത്തുന്ന വഴികളല്ല ഇതൊന്നും 'പുളിയശ്ശേരി മാധവൻ നമ്പൂതിരിക്ക് മാനവസേവ തന്നെയായായിരുന്നു മാധവസേവ.

അഞ്ച് പതിറ്റാണ്ടോളം കാലം ആരോഗ്യ സംരക്ഷണത്തിനായിസമർപ്പിത ജീവിതം.ആര്യവൈദ്യൻ പി.എം നമ്പൂതിരി എന്ന പുളിയശ്ശേരി മാധവൻ നമ്പൂതിരി



*ആര്യവൈദ്യൻ പി.എം. നമ്പൂതിരി*

യെ ഇങ്ങനെ വിശേഷിപ്പിക്കാം.1918 നവംബർ 18ന് കോഴിക്കോട് ജില്ലയിൽ പ്രശസ്ത ബ്രാഹ്മണഗൃഹമായ പുളിയശ്ശേരി ഇല്ലത്ത് കേശവൻ നമ്പൂതിരിയുടെയും നരിയങ്ങൽ തലപ്പണ ഇല്ലത്തെ സാവിത്രി അന്തർജനത്തിന്റേയും മൂന്നാമത്തെ സന്തതിയായി ജനനം.

സമാവർത്തനത്തിനു ശേഷം കോട്ടക്കൽ കോവിലകം വക വേട്ടയ്ക്കൊരുമകൻ ക്ഷേത്രത്തിൽ സഹായിയായി എത്തിയതാണ് ഒരു വഴിത്തിരിവായത്. സാഹിത്യ പരിഷ്കരണ നവോത്ഥാന പ്രസ്ഥാനത്തിലെ വളരെ പ്രധാനപ്പെട്ട ഒരു കേന്ദ്രമായിരുന്നു അക്കാലത്ത് കോട്ടയ്ക്കൽ: നിരവധി വിദുഷികളും വിദ്വാന്മാരും സാഹിത്യ പണ്ഡിതന്മാരും നിറഞ്ഞു നിന്നിരുന്ന കാലം. അവരുമായി ഇടപഴകാൻ കഴിഞ്ഞതിലൂടെ തന്റെ ജീവിതം കേവലം ശാന്തിവൃത്തിയിൽ തളച്ചിടേണ്ട ഒന്നല്ലെന്ന് തിരിച്ചറിഞ്ഞു. വേറിട്ട ചിന്തയും വേറിട്ട കാഴ്ചപാടും ഉള്ള ഒരു ഉണ്ണിനമ്പൂതിരിയായി അയാൾ രൂപപ്പെട്ടു.

രാവിലെ അമ്പലത്തിൽ ജോലികഴിഞ്ഞ് വൈകീട്ട് വരെയുള്ള ഒഴിവ് സമയം ഇതിനായി മാറ്റി വച്ചു. കോൺഗ്രസ് സോഷ്യലിസ്റ്റ് ധാരകളുമായി അടുത്ത പ്രവർത്തിക്കാൻ സാധിച്ചു. ഇത് പതുക്കെ വളർന്ന് നമ്പൂതിരി നവോത്ഥാന പ്രസ്ഥാനമായ യോഗക്ഷേമസഭ പ്രവർത്തനങ്ങളിലേക്കും വഴിതെളിയിച്ചു .എട്ട് വർഷത്തോളം കോട്ടക്കലിൽ പ്രധാന ദിനപ്പത്രങ്ങളുടെ ഏജൻസി നടത്തി. കോട്ടക്കലിൽ രാധാകൃഷ്ണപ്രസ് സ്ഥാപിക്കുന്നതിലും പങ്കാളിയായി.കോട്ടയ്ക്കൽ ജീവിതത്തിനിടയിൽ ഒരു ദിവസം ഇപ്പോഴത്തെ മാനെജിങ്ങ് ട്രസ്റ്റി പദ്മഭൂഷൺ ,ഡോ :പി.കെ വാരിയരുടെ നിർദ്ദേശ പ്രകാരമാണ് വൈദ്യം പഠിക്കുന്നതിലേക്ക് എത്തിച്ചേർന്നത്. അച്ഛന്റെയും അപ്ഫന്റയും സമ്മതത്തോടെ കോട്ടക്കൽ ആര്യവൈദ്യകോഴ്സ് പൂർത്തിയാക്കി. ആര്യവൈദ്യശാലയുടെ വിവിധഭാഗങ്ങളിൽ പരിശീലനം നേടി. കുറച്ചുകാലം സ്വദേശമായ ചൂലൂരിലും ജോലിനോക്കി.

തുടർന്ന് ആര്യവൈദ്യശാലയുടെ അന്നത്തെ പ്രധാന വൈദ്യനും മാനേജിങ് ട്രസ്റ്റിയുമായിരുന്ന ദിവംഗതൻ ആര്യവൈദ്യൻ പിഎം വാര്യരുടെ കീഴിലെ പരിശീലനം വലിയൊരു മുതൽ കൂട്ടായിരുന്നു. പ്രശസ്ത വിഷചികിത്സകനായിരുന്ന ആവണപ്പറമ്പ് ബ്രഹ്മദത്തൻ നമ്പൂതിരിപ്പാടിന്റെ ശിഷ്യനായും പഠിച്ചു.

1951 തൃശൂർ ജില്ലയിലെ ചെറുതുരുത്തി നെടുമ്പുര കപ്ലിങ്ങാട്ട് മനയിലെ നാരായണൻ നമ്പൂതിരിയുടേയും സാവിത്രി അന്തർജനത്തിനും മകൾ ദേവകി അന്തർജനത്തെ വിവാഹം ചെയ്തു. തുടർന്നാണ് തന്റെ കുടുംബ സുഹൃത്തായ കൈപ്പള്ളി നീലകണ്ഠൻ നമ്പൂതിരി , കുന്തിപ്പാടത്ത് വാസുണ്ണിപ്പണിക്കർ തുടങ്ങിയവരുടെ പ്രേരണ പ്രകാരം കോട്ടക്കൽ ആര്യ. വൈദ്യശാലയുടെ ഏജൻസിയുമായി 1952ൽ മണ്ണാർക്കാട്ട് എത്തിയത്.

വികസനം എത്തി നോക്കാതിരുന്ന ദുർഘടമായ മലയോര പ്രദേശമായിരുന്നു അന്ന് മണ്ണാർക്കാട്. ശാസ്ത്രീയമായ ചികിത്സാസമ്പ്രദായങ്ങൾ വളരെ പരിമിതമായിരുന്നു. അതിനാൽ പടിഞ്ഞാറ്മേലാറ്റൂർ രാമപുരം മുതൽ കിഴക്ക് വേലിക്കാട് വരെയുള്ള ഉൾനാടൻ ഗ്രാമങ്ങളിലൂടെ ബഹുദൂരം കാൽനടയായി സഞ്ചരിച്ച് രോഗികളെ ചികിത്സിക്കേണ്ടി വന്നു.

അതായത് രോഗിയെതേടി വൈദ്യൻ വീടുകളിലേക്ക് എത്തിച്ചേരൽ. ദിവസവും കിലോമീറ്ററുകൾ താണ്ടി രോഗികളെ വീടുകളിൽ പോയി ചികിത്സിച്ചു. വെറുമൊരു രോഗി പരിചരണം മാത്രമായിരുന്നില്ല മറിച്ച് അതായിരുന്നു ശരിക്കും മാധവസേവ'. ഇത് സമൂഹവുമായി ആത്മബന്ധം ഊട്ടിയുറപ്പിക്കാനും വൈദ്യ രംഗത്തിനുള്ള വളർച്ചയ്ക്കായി വേരുകൾ ഉറപ്പിക്കുന്നതിനും സഹായമായി.

1956 കളിൽ അക്കാലത്ത് പടർന്നുപിടിച്ച പകർച്ചവ്യാധികളുടെ ശമനത്തിനായി പ്രതിരോധ പ്രവർത്തനങ്ങൾക്കായി നിര



ന്തരം യാത്ര ചെയ്യുകയും നിരവധിപേരെ മരണവക്ത്രത്തിൽ നിന്ന് രക്ഷിക്കുകയും ഉണ്ടായി. വൈദ്യവൃത്തിയോടൊപ്പം തന്നെ ആയുർവേദ സംഘടനകളിൽ സജീവ പ്രവർത്തകനായിരുന്നു . കോഴിക്കോട് കേരള ആയുർവേദ സഹകരണ സൊസൈറ്റിയുടെ ഡയറക്ടറായി പ്രവർത്തിച്ചു. ഇതോടൊപ്പംതന്നെ ക്ഷീരവികസന സൊസൈറ്റി കോസ്മോപോളിറ്റൻ ക്ലബ് എന്നിവയിൽ പ്രധാനിയും ആയിരുന്നു.

1952 ൽ ആര്യവൈദ്യൻ പി എം നമ്പൂതിരി ആരംഭിച്ച മണ്ണാർക്കാട് ഏജൻസി, കോട്ടക്കൽ ആര്യവൈദ്യശാലയുടെ ഇന്ത്യയിലൊട്ടാകെയുള്ള നൂറുകണക്കിന് ഏജൻസികളിൽ ഏറ്റവും മുൻപന്തിയിലേക്ക് വളർന്ന് വലുതായി. ഇതിന്റെ പിന്നിൽ അദ്ദേഹത്തിന്റെ ആത്മാർത്ഥതയും സമൂഹവുമായുള്ള അടുത്ത ബന്ധവും തന്നെയാണ്. സത്യസന്ധതയും വിനയവും കാര്യങ്ങളിലെ ചടുലതയും കണിശതയും ഒരേസമയം ഒത്തൊരുമിച്ച് കൊണ്ടുപോകാൻ കഴിഞ്ഞു എന്നതുതന്നെയാണ് അദ്ദേഹത്തിന്റെ ജീവിത വിജയം.

പ്രമുഖമായ ഈ ഏജൻസിക്ക് പുറമേ ഈ വൃക്ഷത്തിന് ശാഖോപശാഖകളായി കരിങ്കല്ലത്താണി ഹോസ്പിറ്റൽ ജംഗ്ഷൻ എന്നിവിടങ്ങളിലും ഏജൻസികൾ ഉണ്ട്. സൂര്യ മെഡിക്കൽസ്, രശ്മി ക്ലിനിക്, സൂര്യ ഏജൻസി, ആരോഗ്യ പഞ്ചകർമ്മ കേന്ദ്രം തുടങ്ങി വൈവിധ്യമാർന്ന ഒട്ടേറെ ബിസിനസ് സംരംഭങ്ങൾ നമ്പൂതിരീസ് ആർകേഡിൽ പടർന്നുപന്തലിച്ചു വരുന്നു .

ആര്യ വൈദ്യൻ പിഎം നമ്പൂതിരിയുടെ ശതാഭിഷേകം (2001–2002) ആഘോഷവേളയിൽ പ്രൊഫസർ പി ഇ ഡി നമ്പൂതിരി ചെയർമാനും ഇന്ത്യനൂർ ഗോപി തുടങ്ങി പൗര പ്രമുഖർ അംഗങ്ങളുമായുള്ള സമിതിയുടെ നേതൃത്വത്തിൽ ഒരു വർഷക്കാലം വൈവിധ്യം നിറഞ്ഞ ധാരാളം പരിപാടികളോടെ അരങ്ങേറി. 2001 ഡിസംബറിൽ 'സഹസ്ര പൂർണിമ ' ഉദ്ഘാടനവും ആര്യവൈദ്യൻ നമ്പൂതിരിയുടെ ശതാഭിഷേക മന്ദിരത്തിന്റെ ശിലാസ്ഥാപനവും ആര്യവൈദ്യശാല കോട്ടക്കൽ മാനേജിങ് ട്രസ്റ്റി :പദ്മഭൂഷൺ ഡോക്ടർ പി കെ വാരിയർ നിർവ്വഹിച്ചു.

മണ്ണാർക്കാട് നഗരമധ്യത്തിൽ 16000 ചതുരശ്ര അടിയിലെ ആധുനിക സൗകര്യങ്ങളോട് കൂടെയുള്ള ഷോപ്പിംഗ് കോംപ്ലക്സിന്റെ നിർമ്മാണം പൂർത്തിയാക്കി ഇക്കാലത്ത് നൂറുകണക്കിന് നിർധനർക്ക് ഉപകാരപ്രദമായ സൗജന്യ ആയുർവേദ മെഡിക്കൽ ക്യാമ്പുകൾ, ആരോഗ്യ വിദ്യാഭ്യാസ പ്രദർശനം നടന്നു. വേദപണ്ഡിതനും ജ്യേഷ്ഠ സഹോദരൻ പുളിയശ്ശേരി കൃഷ്ണൻനമ്പൂതിരി തയ്യാറാക്കിയ കൃഷ്ണയജുർവേദം (തൈത്തിരീയ സംഹിത) എന്ന ഗ്രന്ഥം പ്രിന്റ് ചെയ്തത് ഇദ്ദേഹമായിരുന്നു. 2004 ജൂലൈ നാലിന് വിഷ്ണുപാദം പൂകി. മരണത്തിന് ഒരു മാസം മുമ്പ് വരെയും രോഗികളെ പരിശോധിക്കുന്നതിലും മറ്റ് കാര്യങ്ങളിലും സജീവമായി ഉണ്ടായിരുന്നു. മരണാനന്തരം എല്ലാവർഷവും ജൂലൈ നാലിന് അനുസ്മരണ പരിപാടികളും നടത്തിവരാറുണ്ട് .ഡോക്ടർ സതീശൻ, ഹരിദാസൻ, ഡോക്ടർ പ്രകാശൻ, സുമംഗല, പരിമള, സുരേശൻ, സുജാത, അഡ്വക്കേറ്റ് രമേശൻ, ഡോക്ടർ ദിനേശൻ, അഡ്വക്കേറ്റ് ജയകുമാർ എന്നിവർ മക്കളാണ്.

❒

തയ്യാറാക്കിയത്
**ജയൻ പഴങ്ങോട്ടുപൊറ്റ**



*ലിപി പബ്ലിക്കേഷൻ പ്രസിദ്ധീകരിച്ച ഡി.ചിറ്റേഴത്തിൻറെ (ദുർഗ്ഗ) ദ ക്ലൗൺ ഈസ് ടെക്സ്റ്റിംഗ് ആൻഡ് സ്റ്റോറീസ് എന്ന പുസ്തകം കഥാകൃത്ത് ഐസക് ഈപ്പന് കോപ്പി നൽകി മുൻ ചീഫ് സെക്രട്ടറി കെ.ജയകുമാർ പ്രകാശനം ചെയ്യുന്നു.*




യുവജനദിനാശംസകളോടെ

**യോഗക്ഷേമസഭ സംസ്ഥാന യുവജനസഭ**



| Harisankar | Shandanu | Vishnu Prasad | Sreehari | Prasanth |
|---|---|---|---|---|
| President | Vice President | Secretary | Joint Secretary | Treasurer |
| Pathanamthitta | Thiruvananthapuram | Thiruvananthapuram | Malappuram | Thrissur |
| 9496552347 | 9995912258 | 8089156040 | 7293632484 | 9526060123 |

# സഭാ വാർത്തകൾ

## ഉപസഭാ സമ്പർക്കത്തിന്റെ മാസം

### ജില്ലാ കമ്മിറ്റി റിപ്പോർട്ട്

**ഉ**പസഭാ സമ്പർക്ക പരിപാടികളാണ് ഇക്കഴിഞ്ഞ മാസങ്ങളിൽ ജില്ലാ സഭ ലക്ഷ്യമാക്കിയിരുന്നത് . രാമല്ലൂർ, താമരശ്ശേരി, ബാലുശ്ശേരി, കക്കോടി, മുക്കം, നരിക്കുനി, പെരുമണ്ണ, കണ്ണി പറമ്പ്, സിറ്റി എന്നീ ഉപസഭകളിൽ പ്രസിഡണ്ട്, സെക്രട്ടറി, മറ്റു ജില്ലാ ഭാരവാഹികൾ എന്നിവർ പങ്കെടുക്കുകയും പ്രവർത്തനങ്ങൾ വിലയിരുത്തി നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. ജില്ലാ കുടുംബ സംഗമത്തിനു മുന്നോടിയായി പരമാവധി ഉപസഭകളിൽ ജില്ലാ സഭയുടെ പ്രവർത്തകർ എത്തുന്നുണ്ട്. ചാത്തമംഗലം ഉപസഭയിൽ സംസ്ഥാന സഭയുടെ നിർദ്ദേശാനുസരണം മീറ്റിംഗ് നടത്തിയതും, 'പുനരുജ്ജീവനത്തിന്റെ ഭാഗമായി നീലേശ്വരം കൂഴക്കോട് ഉപസഭകളിലെ കുറേപ്പേരെ കാണാൻ കഴിഞ്ഞതും ജില്ലാ സഭാപ്രവർത്തകർ എന്ന നിലയിൽ വളരെ സംതൃപ്തി നൽകുന്നു. ജില്ലാ സഭയുടെ നിർദ്ദേശാനുസരണം സ്വസ്തിയിൽ സ്ത്രീ ജാതകങ്ങൾ ഫ്രീ ആയി കൊടുക്കുവാനുള്ള തീരുമാനവും സ്വസ്തിയുടെ പ്രവർത്തനങ്ങളും ചാരിതാർഥ്യ ജനകമാണ്. ജില്ലാ കുടുംബ സംഗമത്തിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചു കൊണ്ടിരിക്കുന്നു. ജില്ലാ സഭയുടെ പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തുകയും ഉപസഭാ സവർക്ക പരിപാടികളിൽ ഏറെ ദൂരം മുന്നോട്ടു പോകുകയും ചെയ്തതാണ് ജില്ലാ സഭയുടെ പ്രധാന പ്രവർത്തനം.

**മുല്ലപ്പള്ളി കൃഷ്ണൻ നമ്പൂതിരി,**
ജില്ലാ സെക്രട്ടറി

## കുടുംബ സംഗമം

**മു**ക്കം ഉപസഭയുടെ അർധവാർഷിക ജനറൽ ബോഡിയും കുടുംബ സംഗമവും മാമ്പറ്റ താമരക്കുളത്ത് ഇല്ലത്ത് നടന്നു. യോഗക്ഷേമസഭ കോഴിക്കോട് ജില്ലാ പ്രസിഡണ്ട് മധു അരീക്കര ഉദ്ഘാടനം ചെയ്തു. ജില്ലാ സെക്രട്ടറി മുല്ലപ്പള്ളി കൃഷ്ണൻ നമ്പൂതിരി, പാറക്കോട് ശങ്കരൻ നമ്പൂതിരി, മേലേടം ഗംഗാധരൻ നമ്പൂതിരി എന്നിവർ സംസാരിച്ചു. തൊട്ടടുത്ത ഉപസഭകളായ കണ്ണിപറമ്പ്, ചാത്തമംഗലം, ഉച്ചക്കാവ്, നീലേശ്വരം ഉപസഭകളിൽ നിന്ന് കുടുംബ സംഗമത്തിന് പ്രതിനിധികൾ പങ്കെടുത്തു.

പ്രശസ്ത ക്ലിനിക്കൽ സൈക്കോളജിസ്റ്റായ ഡോ. സുരേഷ് മോട്ടിവേഷൻ ക്ലാസെടുത്തു. ഉച്ചക്ക് ശേഷം പാട്ടുകൾ, ഡാൻസുകൾ, കവിതാലാപനം, അക്ഷരശ്ലോകം, 7 വയസ്സു മുതൽ 80 വയസ്സുവരെയുള്ളവരുടെ ക്വിസ് എന്നിവയിൽ മുഴുവൻ ആളുകളും പങ്കാളികളായി.

കുടുംബ സംഗമത്തിൽ പങ്കെടുത്ത മുഴുവൻ പേർക്കും റൈറ്റിംഗ് പാഡ്, മുക്കം ഉപസഭയുടെ പേർ പ്രിൻറ് ചെയ്ത പേന എന്നിവ ഉപഹാരമായി നൽകി.

**കൊല്ലോറ്റ കൃഷ്ണൻ നമ്പൂതിരി**
സെക്രട്ടറി, മുക്കം ഉപസഭ.



*മുക്കം ഉപസഭയുടെ അർധവാർഷിക ജനറൽ ബോഡി*

## രാമല്ലൂർ ഉപസഭ കലാമേള നടത്തി

**രാ**മല്ലൂർ ഉപസഭ 2018 നവംബർ 20 ന് നന്മണ്ട നാഗത്തിങ്കൽ രഞ്ജിത്തിന്റെ ഇല്ലത്ത് വെച്ച് വിപുലമായ രീതിയിൽ ഉപസഭാതല കലാമേള നടത്തി. ഉപസഭാ നിരീക്ഷകൻ വിഷ്ണു നമ്പൂതിരി കളത്തില്ലത്ത് ഉദ്ഘാടനം നിർവ്വഹിച്ചു. താമരശ്ശേരി ഉപസഭാ പ്രസിഡന്റ് അരുൺ, സെക്രട്ടറി ജിത്തു, ബാലുശ്ശേരി ഉപസഭാ സെക്രട്ടറി വേണുനാഥ്, ശ്രീദേവി കളം എന്നിവർ വിവിധ മത്സര പരിപാടികളിൽ മാതൃകാപരമായ രീതിയിൽ ജഡ്ജ്മെന്റ് നിർവ്വഹിച്ച് വിജയികളെ തിരഞ്ഞെടുക്കുന്നതിൽ സഹായിച്ചു. ജില്ലാ സെക്രട്ടറി മുല്ലപ്പള്ളി കൃഷ്ണൻ നമ്പൂതിരി, ജോ. സെക്രട്ടറി ശ്രീകാന്ത് തളിയിൽ മന എന്നിവരുടെ സാന്നിദ്ധ്യം മത്സരാർത്ഥികൾക്കും ഉപസഭാ ഭാരവാഹികൾക്കും മികച്ച പ്രചോദനം നൽകി. ചെറിയ കുട്ടികൾ മുതൽ മുതിർന്ന അംഗങ്ങൾ വരെ ഓരോരുത്തരും വിവിധ പരിപാടികളിൽ പങ്കെടുത്ത് ജില്ലാതല മത്സരങ്ങളിലേക്ക് അർഹത നേടി. ഈയിടെ നിര്യാതരായ പന്ന്യംവള്ളി നാരായണൻ ഭട്ടതിരിപ്പാട്, തെഞ്ചേരി വിഷ്ണുനമ്പൂതിരി എന്നിവരുടെ നിര്യാണാനന്തരം പ്രസ്തുത ഇല്ലങ്ങളിൽ ആവശ്യമായ സഹായങ്ങളും അനുയോജ്യമായ അനുസ്മരണ യോഗങ്ങളും നടത്തി. ജില്ലാതല സ്പോർട്സിനും, കലാമേളക്കും പങ്കെടുക്കാനുള്ള ഉപസഭാതല മത്സരാർത്ഥികളെ തിരഞ്ഞെടുത്ത് പരിശീലനം നൽകിവരുന്നു.

## ചേവായൂർ ഉപസഭ തിരുവാതിര – പുതുവത്സരാഘോഷം നടത്തി

**യോ**ഗക്ഷേമസഭ- ചേവായൂർ പതിവുപോലെ ഡിസംബർ മാസത്തിലെ 2-ാമത്തെ ഞായറാഴ്ച വൈകുന്നേരം 4 മണിക്ക് ബാലകൃഷ്ണൻ മൂസ്സദിന്റെ ഇല്ലത്ത് വെച്ച് കമ്മിറ്റി കൂടി. യോഗത്തിൽ ഉപസഭയുടെ പ്രവർത്തനങ്ങൾ വിലയിരുത്തി. കക്കോടിയിൽ താമസിക്കുന്ന ഈന്നാട്ടില്ലത്ത് നാരായണൻ മൂസതിന് അദ്ദേഹത്തിന്റെ ചികിത്സാ ചെലവിലേക്കായി 5000 രൂപ നൽകി. തിരുവാതിര-പുതുവത്സരാഘോഷം ഡിസംബർ 22 ന് മണിയഞ്ചേരി ഇല്ലത്ത് വെച്ച് നടത്തി. ജീവകാരുണ്യ പ്രവർത്തനത്തിന് കൂടുതൽ മുൻതൂക്കം നൽകി സഭാ നടപടികൾ ഭംഗിയായി മുന്നോട്ടു കൊണ്ടുപോകാൻ തീരുമാനിച്ചു. ജനുവരി മാസത്തിൽ മെമ്പർഷിപ്പ് വിതരണം പൂർത്തിയാക്കും.

സെക്രട്ടറി

# ഒത്തുകൂടൽ

താമരശ്ശേരി ഉപസഭയുടെ ദിഗ്‌വിജയം 2018 എന്ന് പേരിട്ട കുടുംബസംഗമവും കലാമേളയും ഡിസംബർ 2ഞായറാഴ്ച കളത്തില്ലത്ത് ഉണ്ണികൃഷ്ണൻ നമ്പൂതിരിയുടെ ഇല്ലത്തു വെച്ച് നടന്നു. ജില്ലാ സഭാ സെക്രട്ടറി മുല്ലപ്പള്ളി കൃഷ്ണൻ നമ്പൂതിരി പരിപാടി ഉദ്ഘാടനം ചെയ്തു.

സെക്രട്ടറി ഷിജു മങ്ങാട് സ്വാഗതം ആശംസിച്ചു. ഉപസഭാ പ്രസിഡണ്ട് അരുൺ കുമാർ അദ്ധ്യക്ഷത വഹിച്ചു. സ്വസ്തി സർക്കുലേഷൻ മാനേജർ താമരക്കുളം ദിവാകരൻ നമ്പൂതിരി ആശംസ നേർന്നു.

കലാമേളയുടെ വിജയത്തിനായി പ്രവർത്തിക്കണമെന്നും പുതിയ മന്ദിരത്തിന്റെ നിർമാണം ആണ് നമ്മുടെ ലക്ഷ്യം എന്നും പ്രാസംഗികർ ഊന്നിപറഞ്ഞു.

തുടർന്ന് കുട്ടികളുടേയും മുതിർന്നവരുടേയും വിവിധ കലാപരിപാടികൾ അവതരിപ്പിക്കപ്പെട്ടു.വിഭവസമൃദ്ധമായ സദ്യ ഒരുക്കിത്തന്ന ആതിഥേയ ഇല്ലത്തെ നന്ദിയോടെ സ്മരിക്കുന്നു.




*താമരശ്ശേരി ഉപസഭയുടെ ദിഗ്‌വിജയം 2018 കുടുംബസംഗമം*



*താമരശ്ശേരി ഉപസഭയിലെ പന്നിക്കോട്ട് ഇല്ലത്തെ ദേവി നാരായണന്റെ 'എന്റെ ദക്ഷിണാഫ്രിക്കൻ അനുഭവങ്ങൾ' എന്ന പുസ്തകം പുതുമന നാരായണൻ നമ്പൂതിരി സ്വസ്തി ടീമംഗം ഉമശ്രീക്ക് നൽകി പ്രകാശനം ചെയ്യുന്നു*

**അനുമോദനങ്ങൾ അനുമോദനങ്ങൾ അനുമോദനങ്ങൾ അനുമോദനങ്ങൾ**



*വിവിധ മേഖലകളിൽ മികവ് തെളിയിച്ചവർക്ക്* ***സ്വസ്തിയുടെ അനുമോദനങ്ങൾ***



*ധന്വന്തരി ദിനാചരണത്തിന്റെ ഭാഗമായി കേന്ദ്ര ആയുഷ് മന്ത്രാലയം ഏർപ്പെടുത്തിയ ധന്വന്തരി ആയുർവേദ അവാർഡിന് അർഹനായ പാരമ്പര്യ നേത്ര ചികിത്സാ വിദഗ്ധൻ കണ്ണൂർ ഇടൂഴി ഇല്ലത്തെ ഡോ. ഭവദാസൻ നമ്പൂതിരി*



*സംസ്ഥാന യുവജനോത്സവത്തിൽ തുടർച്ചയായി മൂന്നാം വർഷവും ചാക്യാർകൂത്തിൽ ഒന്നാം സ്ഥാനം നേടിയ ഒ.കെ.സുബ്രഹ്മണ്യൻ. പയ്യന്നൂർ ഓണത്താർ കാരക്കാട്ടില്ലത്ത് നാരായണൻ നമ്പൂതിരിയുടെയും മായ അന്തർജനത്തിന്റെയും മകനാണ്*



*മുത്തുമണികൾ എന്ന കവിതാ സമാഹാരത്തിന് ഭാഷാശ്രീ ബാലസാഹിത്യ പുരസ്കാരം ലഭിച്ച സുവർണ മുല്ലപ്പള്ളി. പ്രശസ്ത ജ്യോതിഷ പണ്ഡിതനും ഗാനരചയിതാവുമായ ബ്രഹ്മശ്രീ മുല്ലപ്പള്ളി നാരായണൻ നമ്പൂതിരിയുടെ പുത്രിയാണ്*



*സംസ്ഥാന യുവജനോത്സവത്തിൽ മൃദംഗത്തിൽ എ ഗ്രേഡ് നേടിയ സുദർശൻ വൈത്തല. ഉണ്ണിക്കൃഷ്ണൻ– ബിന്ദു ദമ്പതിമാരുടെ മകനാണ്. കണ്ണിപറമ്പ് ഉപസഭ*



*സംസ്ഥാന കലോത്സവത്തിൽ കഥകളി. ഓട്ടൻ തുള്ളൽ ' സംസ്കൃത പദ്യം എന്നിവയിൽ എ ഗ്രേഡ് നേടിയ ധനഞ്ജയ് കൃഷ്ണൻ. പറളി കക്കാട് മനക്കൽ സന്തോഷ് കുമാറിന്റെയും സീമയുടെയും മകനാണ്.*



*അപർണ പി. സംസ്ഥാന യുവജനോത്സവത്തിൽ ഹയർ സെക്കന്ററി വിഭാഗം സംസ്കൃത പദ്യം ചൊല്ലലിൽ എ.ഗ്രേഡ് നേടി. പാലങ്ങാട് കൃഷ്ണൻ നമ്പൂതിരിയുടെയും രമ അന്തർജനത്തിന്റെയും മകൾ*



*സംസ്കൃതം അക്ഷര ശ്ലോകത്തിൽ എ ഗ്രേഡ് നേടിയ മാനസ കൃഷ്ണൻ. കുഴിപ്പുറത്തില്ലത്ത് കൃഷ്ണൻ നമ്പൂതിരിയുടെയും ജീജയുടെയും മകളാണ്. കുന്ദമംഗലം ഹൈസ്കൂൾ വിദ്യാർത്ഥിനിയാണ്*



*ഒപ്പന, ഓട്ടൻതുള്ളൽ, കഥകളി എന്നിവയിൽ എ ഗ്രേഡ് ലഭിച്ച മേധാ മാധവി. പാതിരിശ്ശേരി ഇല്ലത്ത് മിഥുൻ നാരായണന്റെയും അപർണയുടെയും മകളാണ്. പ്രസന്റേഷൻ സ്കൂൾ വിദ്യാർത്ഥിനിയാണ്*



*സംസ്ഥാന സ്കൂൾ ഗണിത മേളയിൽ നമ്പർ ചാർട്ട് മത്സരത്തിൽ എ ഗ്രേഡ് നേടിയ ആർദ്ര. മങ്ങത്തായ സതീശൻ– ഉമ ദമ്പതിമാരുടെ മകളാണ്. പെരുമണ്ണ ഉപസഭ*

*Wish you a happy married life*



**അർജുൻ പരമേശ്വരൻ**
S/o പരമേശ്വരൻ നമ്പൂതിരിപ്പാട് (Late)
& സുഷ അന്തർജ്ജനം
പുന്നപ്പുറത്ത് മന
കാടാമ്പുഴ, മലപ്പുറം

**സ്വാതി**
D/o പ്രസാദ് മൂസ്സദ്
& ശ്രീകുമാരി അന്തർജ്ജനം,
കറുകമണ്ണ ഇല്ലം
പാണ്ടിക്കാട്, മലപ്പുറം

ആശംസകളോടെ: ബന്ധുമിത്രാദികൾ

*Wish you a happy married life*



**ആനന്ദ്**


S/o ഒ.ടി. ജയശങ്കരൻ നമ്പൂതിരി & അജിത
ശിവം, ഒഴുകിൽ തട്ടയൂർ ഇല്ലം,
കല്ലുരുട്ടി, ഓമശ്ശേരി, കോഴിക്കോട്

**അപർണ**

D/o വി.പ്രസാദ് & കെ.ലീലാമണി
വാധ്യാൻമന, മാറാക്കര,
കാടാമ്പുഴ, മലപ്പുറം

ആശംസകളോടെ: ബന്ധുമിത്രാദികൾ


it's painting time
Rs 18000
Hatch Back Full Body
Rs 24000
Sedan Full Body Exterior
Rs 29000
SUV Full Body Exterior
Rs 45000
Xtra Premium Sedan
Full Body Exterior
SUBROHS
automobile
Kunnamangalam
Make your appointment at
0495 -2800407
SUBROHS
AUTOMOBILE
service@subrohs.com
www.subrohs.com
+917025 798 407
Best compliments from Areekara illam.


സ്മരണാഞ്ജലി
ആര്യവൈദ്യൻ പി.എം. നമ്പൂതിരി
ജന്മശതാബ്ദി
1918-2018
പുളിയശ്ശേരി മന
മണ്ണാർക്കാട്, പാലക്കാട് ജില്ല
കോട്ടക്കൽ ആര്യവൈദ്യശാല ഡീലർ: നമ്പൂതിരീസ് ആർക്കേഡ്, മണ്ണാർക്കാട്
ഹോസ്പിറ്റൽ ജംഗ്ഷൻ, മണ്ണാർക്കാട് | കോഴിക്കോട് റോഡ്, കരിങ്കല്ലത്താണി
ആരോഗ്യ ആയുർവേദിക്സ്, ഹോസ്പിറ്റൽ ജംഗ്ഷൻ,മണ്ണാർക്കാട്
സൂര്യ മെഡിക്കൽസ് | സൂര്യ സർജിക്കൽസ് | രശ്മി ക്ലിനിക്ക്
ആര്യ ക്ലിനിക്കൽ ലബോറട്ടറി | അഞ്ജനം കമ്മ്യൂണിക്കേഷൻസ്
സൂര്യ ക്ലിനിക്ക് | നമ്പൂതിരീസ് ആർക്കേഡ്, മണ്ണാർക്കാട്
www.facebook.com/aryavaidyanpmnamboodirijanmasatabdhi